**നിയമനിർമ്മാണകാര്യം**

## I. 2014- ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിയ്ക്ക് അയയ്ക്കണമെന്ന പ്രമേയവും

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, 2014- ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഇത് വളരെ ചെറിയൊരു ഭേദഗതിയാണ്. എം.എൽ.എ.-മാർക്ക് പേഴ്സണൽ സ്റ്റാഫുകളിൽ രണ്ടു പേരെ നേരിട്ട് നിയമിക്കുന്നതിന് അനുമതി നൽകിയിരുന്നു. പക്ഷെ അവർക്ക് നിശ്ചയിച്ചിരുന്ന ശമ്പളം 7500 രൂപ വീതമാണ്. ഇന്നിപ്പോൾ ദിവസ വേതനാടിസ്ഥാനത്തിൽ എടുക്കുന്നവരുടെപോലും റേറ്റ് വർദ്ധിപ്പിച്ചിരിക്കുന്ന അവസരമാണ്. അപ്പോൾ അത് വളരെ കുറഞ്ഞുപോയി എന്നുള്ള ആക്ഷേപം ഗവൺമെന്റിന് ബോദ്ധ്യമായ സാഹചര്യത്തിലാണ് 7500 രൂപ വീതം രണ്ടുപേർക്ക് എന്നുള്ളത് 12500 രൂപ വീതം രണ്ടുപേർക്ക് എന്ന് മാറ്റിക്കൊണ്ടുള്ള ഭേദഗതിയാണ്. ഇത് പാസ്സാക്കുന്നതിനുവേണ്ട നടപടികൾ പൂർത്തിയാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, സ്റ്റാഫിന് നൽകുന്ന ശമ്പളം വർദ്ധിപ്പിച്ചുകൊടുക്കേണ്ടതാണ്. 12500 രൂപ എന്നതുതന്നെ അധികമല്ല എന്നുള്ളത് വസ്തുതയാണ്. പക്ഷെ നമ്മുടെ പരിമിതിക്കുള്ളിൽനിന്നുകൊണ്ട് ഇത്രയേ കൊടുക്കാൻ സാധിക്കുയെന്നുള്ളതുകൊണ്ടായിരിക്കാം

ഗവൺമെന്റ് ഈ തീരുമാനമെടുത്തിട്ടുള്ളത്. എനിക്ക് ഒരഭിപ്രായം പറയാനുള്ളത്, പേഴ്സണൽ സ്റ്റാഫിൽപ്പെട്ട ഇവർക്ക് ഏത് വർദ്ധനവ് കൊടുക്കുമ്പോഴും, ആക്ടിൽ ഭേദഗതി വരുത്തുന്നതായതുകൊണ്ട് ഈ സഭയിലേക്ക് വരേണ്ടിവരും. ജീവിത വിലസൂചികയിൽ വർദ്ധനവ് വരികയും ചെയ്യും. അപ്പോൾ ആറുമാസം അല്ലെങ്കിൽ ഒരുവർഷം കഴിയുമ്പോൾ വീണ്ടും വർദ്ധനവ് വരുത്തേണ്ടിവരും. എപ്പോഴും ഈ സഭയിലേക്ക് കൊണ്ടുവരുന്നതിനുപകരം ഈ നിയമത്തിനകത്തുതന്നെ ഒരു ക്ലോസ് ഉൾപ്പെടുത്തിക്കൊണ്ട് കാലാകാലങ്ങളിൽ ജീവിത വിലസൂചികയിൽ വരുന്ന വർദ്ധനവനുസരിച്ച് തീരുമാനിക്കാനുള്ള അധികാരം ഗവൺമെന്റ് കൊടുക്കുന്ന വിധത്തിൽ ഒരു ഭേദഗതി കൊണ്ടുവന്നാൽ എപ്പോഴും നിയമസഭയിൽ ആക്ട് ഭേദഗതി ചെയ്യുന്ന അവസ്ഥ ഒഴിവാക്കിയെടുക്കാൻ കഴിയും. എം.എൽ.എ-മാർക്ക് കൂപ്പൺ കൊടുക്കുന്നതിനുള്ള അധികാരം സ്പീക്കർക്ക് കൊടുത്തതുപോലെ സർക്കാരിന് ഒരധികാരം കൊടുക്കുന്നതിനുള്ള തീരുമാനമുണ്ടാക്കുന്നത് ഇതിന്റെ ഭാഗമായിട്ട് ആലോചിക്കുന്നത് നന്നായിരിക്കും എന്നെനിക്ക് തോന്നുന്നു.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞ നിർദ്ദേശം ഗവൺമെന്റിന് സ്വീകാര്യമാണ്. ബിൽ സബ്ജക്ട് കമ്മിറ്റിക്ക് വിടുന്നതിനുള്ള പ്രമേയമാണ് ഇപ്പോൾ അവതരിപ്പിച്ചിരിക്കുന്നത്. സബ്ജക്ട് കമ്മിറ്റിയിൽവച്ച് ഈയൊരു മാറ്റം വരുത്തി നാളെ ഇതവതരിപ്പിക്കാം.

മി. സ്പീക്കർ: 2014-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച XIV-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..............................

പ്രതികൂലിക്കുന്നവർ...............................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

## II. 2011-ലെ കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ (ലോക് ആയുക്തയെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബില്ലിന്റെ അവതരണം

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, 2011-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ലോക് ആയുക്തയെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

## III. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

1. 2013-ലെ കേരള മുനുസിപ്പാലിറ്റി (ഭേദഗതി) ബിൽ

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

<u>ശ്രീ. മഞ്ഞളാംകുഴി അലി:</u> സർ, നഗരസഭകളുടെ പ്രധാന വരുമാനം കെട്ടിട നികുതിയാണ്. നഗരസഭകൾ വസ്തുനികുതി പരിഷ്ക്കരണം നടത്തി യിട്ട് 20 വർഷമായി. 2011-ജനുവരി മാസത്തിൽ അന്നത്തെ സർക്കാർ കെട്ടിട നികുതി പരിഷ്ക്കരിച്ചു. പക്ഷെ അതിനുശേഷം വളരെ വലിയ പരാതികൾ ജനങ്ങളിൽനിന്നുണ്ടായതിന്റെ അടിസ്ഥാനത്തിൽ ഈ സർക്കാർ വന്നതിനുശേഷം ആ നിയമങ്ങൾ സ്റ്റേ ചെയ്തു. പ്രധാനപ്പെട്ട കാര്യങ്ങൾ- ചില നഗരസഭകളിൽ 800 ശതമാനം നികുതി വർദ്ധനവ് വന്നപ്പോൾ ചില നഗരസഭകളിൽ കിട്ടിയിരുന്ന ടാക്സിനേക്കാളും കുറവുവന്നു. അതുപോലെ തന്നെ വാസഗൃഹങ്ങൾക്ക് 60 ശതമാനം വരെയുള്ള ടാക്സ് വർദ്ധനവ് ഒറ്റ സമയത്ത് വരികയുണ്ടായി. അതുപോലെതന്നെ ആറ്റിങ്ങൾ, തിരുവനന്തപുരം എന്നീ മുനിസിപ്പാലിറ്റികളിൽ ഒരേ റേറ്റ്, വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക്, സ്വന്തം ഉപയോഗത്തിനല്ലാതെ മറ്റുള്ളവർക്ക് വാടകയ്ക്ക് കൊടുക്കാനാണ് സാധാരണഗതിയിൽ കെട്ടിടങ്ങൾ നിർമ്മിക്കാറുള്ളത്.

അങ്ങനെയുള്ളതിന് 50 ശതമാനം കൂടുതൽ. അതിൽത്തന്നെ ഫൈവ് സ്റ്റാർ ഹോട്ടലോ മസാജിംഗ് പാർലറോ അല്ലെങ്കിൽ റിസോർട്ടുകളോ ആണെ ങ്കിൽ 75 ശതമാനം നികുതി അധികം. മറ്റൊന്നുള്ളത്, സാധാരണക്കാരായി ട്ടുള്ള ആളുകൾക്ക് റിട്ടേൺ സമർപ്പിക്കുന്നതിനുള്ള ഫോറം ഫിൽ ചെയ്യാൻ കഴിയാത്തവിധം എട്ട് പേജുള്ളതായിരുന്നു. ഒരു ബിൽഡിംഗിൽ 10 റൂമുകളു ണ്ടെങ്കിൽ ആ പത്തു റൂമിനും എട്ട് പേജ് വച്ച് 80 ഫോറം. ആ രീതിയിൽ ഫിൽ ചെയ്യാനുണ്ടായിരുന്നത് ചുരുക്കുക. അതുപോലെ വാടകയ്ക്ക്

നൽകിയ കെട്ടിടങ്ങളിൽ ആരെങ്കിലും ഇന്റീരിയർ ഡെക്കറേഷൻ നടത്തിയിട്ടുണ്ടെങ്കിൽ അതിനും ബിൽഡിംഗ് ഓണർ ടാക്സ് കൊടുക്കേണ്ട സ്ഥിതി ഉണ്ടായിരുന്നു. ഈ രീതിയിലുള്ള പരാതികളാണ് പുറമെനിന്നും വന്നത്. അതിന്റെ അടിസ്ഥാനത്തിലാണ് സർക്കാർ അത് സ്റ്റേ ചെയ്തത്. അതിനുശേഷം ഈ പരിഷ്ക്കരണം സ്റ്റേ ചെയ്യുകയും പരാതികൾ പരിശോധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി ശ്രീ. കുട്ടി അഹമ്മദ് കുട്ടി അധ്യക്ഷനായി കൺസൾട്ടേറ്റീവ് കമ്മിറ്റിയെ ചുമതലപ്പെടുത്തുകയും ചെയ്തു. കമ്മിറ്റി സമർപ്പിച്ച നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ വസ്തു നികുതി പരിഷ്ക്കരണം അഞ്ച് വർഷത്തിലൊരിക്കൽ നടപ്പിലാക്കാൻ തീരുമാനിച്ചു. സർക്കാർ അംഗീകരിച്ച വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ളതും ഹയർ സെക്കണ്ടറി തലം വരെയുള്ളതുമായ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും അവയിലെ വിദ്യാർത്ഥികൾ താമസിക്കുന്ന ഹോസ്റ്റലുകളുടെയും കെട്ടിടനികുതി ഒഴിവാക്കാനാവശ്യമായ വ്യവസ്ഥകൾ ചേർത്തുകൊണ്ട് കേരള മുനിസിപ്പാലിറ്റി ആക്റ്റിന്റെ 233, 235 വകുപ്പുകൾ ഭേദഗതി ചെയ്യാൻ തീരുമാനിക്കുകയുണ്ടായി. ഇതനുസരിച്ച് 2013-ൽ ഓർഡിനൻസ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ 01-04-2013 മുതൽ പ്രാബല്യം നൽകിക്കൊണ്ട് വസ്തുനികുതി ഭേദഗതി ചട്ടങ്ങൾ പരിഷ്ക്കരിക്കുകയുണ്ടായി. അതിൽ പ്രധാനമായിട്ടുള്ള വ്യത്യാസങ്ങളുണ്ടായത്, പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് മിനിമം ഇൻക്രീസ് 25 ശതമാനവും ഏറ്റവും കൂടിയത് 60 ശതമാനവും. അതുപോലെ വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ഏറ്റവും ചെറിയ ഇൻക്രീസ് 25 ശതമാനവും ഏറ്റവും കൂടിയത് 150 ശതമാനവും. അപ്പോൾ 1000 രൂപ കൊടുക്കുന്ന ഒരാൾ 1250 രൂപ അല്ലെങ്കിൽ 2500 രൂപ എന്നൊരു രീതിയിലേക്ക്

അത് ചുരുക്കി. വേറൊന്നുള്ളത് ഓരോ വർഷവും അഞ്ച് ശതമാനമെന്നുള്ള നിരക്കിൽ 5 വർഷം പൂർത്തിയാകുമ്പോൾ 25 ശതമാനം വർദ്ധനവാണ് വരുന്നത്. അതായത് ഓരോ പ്രാവശ്യവും ഇളവുകൾ കൊടുക്കാനുള്ള അധികാരം എടുത്തു കളഞ്ഞു. ടാക്സ് കൂട്ടാനും കുറയ്ക്കാനും പുതുതായി ചുമത്താനുമുള്ള അധികാരം നിയമസഭയ്ക്ക് മാത്രമേയുള്ളൂ. അതുകൊണ്ട് നേരത്തെ നിർദ്ദേശിച്ചപോലെ 5 വർഷം കൂടുമ്പോൾ 25 ശതമാനം. ഓരോ വർഷം 5 ശതമാനം കൂട്ടുക എന്നുള്ള നിലയിൽ 25 ശതമാനം വർദ്ധനവാണ് വരുന്നത്. വേറൊന്നുള്ളത് വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ നികുതി കുറഞ്ഞത് 25 ശതമാനം വർദ്ധിപ്പിക്കേണ്ടതാണ്. എന്നാൽ 150 ശതമാനത്തിൽ അധികരിക്കാൻ പാടില്ലാത്തതാണ്. അതുപോലെത്തന്നെ ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ് ..

ഡോ. ടി. എം. തോമസ് ഐസക്: സർ, അപ്പോൾ നേരത്തെ ഉണ്ടായിരുന്ന നിയമത്തിൽ വ്യവസ്ഥ ചെയ്തിരുന്ന അടിസ്ഥാന നികുതിയിൽ അപാകതകളുണ്ടെന്നൊക്കെ പറഞ്ഞു. അത് സോണായിട്ട് തിരിക്കാം, സോണിൽ പ്ലിന്ത് ഏരിയയും മറ്റ് അഡീഷണൽ ഫെസിലിറ്റീസും നോക്കിക്കൊണ്ട് ഒബ്ജക്റ്റീവായി നിൽക്കുന്നത് കൂടിപ്പോയി എന്നുള്ള വിമർശനം വന്നു. ഇനിയിപ്പോൾ അതില്ലെങ്കിൽ അതിന്റെ പുറത്തല്ലേ 25 ശതമാനം വർദ്ധനവ് വരുന്നത്. അത് എങ്ങനെയാണ്?

ശ്രീ. മഞ്ഞളാംകുഴി അലി: സർ, അതിന്റെ പുറത്തല്ല. പ്ലിന്ത് ഏരിയ കണക്കാക്കി ഓരോരോ കാര്യങ്ങൾ വ്യത്യസ്തപ്പെടുത്തിയിട്ടുണ്ട്. അത് സ്റ്റേ ചെയ്തിരുന്നു. ആ നിയമം വരുന്ന സമയത്ത് കൊടുത്തിരുന്ന സംഖ്യയുടെ മിനിമം 25 ശതമാനവും മാക്സിമം 150 ശതമാനവും. അപ്പോൾ 2011-ൽ ഈ

നിയമം വന്ന കാലത്ത് 1000 രുപയാണ് ടാക്സ് കൊടുത്തിരുന്നതെങ്കിൽ അതിന്റെ 25 ശതമാനം വർദ്ധനവ്, അതായത് 1250 രൂപ. മാക്സിമം 150 ശതമാനം, 2500 രൂപ. അതിനിടയിൽ മാത്രമാണ് കൊടുക്കാൻ കഴിയുക.

ഡോ. ടി. എം. തോമസ് ഐസക്: സർ, പുതിയ ബിൽഡിംഗിനാണെങ്കിൽ എന്തു ചെയ്യും?

ശ്രീ. മഞ്ഞളാംകുഴി അലി: സർ, പുതിയ ബിൽഡിംഗിന് ആ കണക്കനുസരിച്ച് പുതിയ റേറ്റുണ്ട്. പഴയ ബിൽഡിംഗുകൾക്കാണ് ഈ പ്രശ്നം ഉണ്ടായിരുന്നത്. പുതിയ ബിൽഡിംഗിന്, അത് കഴിഞ്ഞ പ്രാവശ്യം വളരെ കോംപ്ലിക്കേറ്റഡായിരുന്നു. അത് നന്നായി പഠിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഈ വ്യത്യാസങ്ങൾ വരുത്തിയത്. അതുപോലെ നികുതി റിട്ടേൺ സമർപ്പിക്കുന്നതിനുള്ള ഫോറം എട്ട് പേജുണ്ടായിരുന്നത് ചുരുക്കി ഏറ്റവും സിംപിളാക്കി. അതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. സാധാരണക്കാരായ ആളുകൾക്ക് അത് വളരെ സഹായകരമായിട്ടുണ്ട്. ഈ മാറ്റങ്ങളെ സംബന്ധിച്ച് സബ്ജക്റ്റ് കമ്മിറ്റിയിൽ കഴിഞ്ഞ പ്രാവശ്യം വളരെ വിശദമായി ചർച്ച ചെയ്തിട്ടുണ്ട്. സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്തതിതിനുശേഷം ആറ് അമെന്റ്മെന്റുകൾകൂടി പുതുതായി വന്നിട്ടുണ്ട്. മറ്റൊന്നുള്ളത്, മുനിസിപ്പാലിറ്റി ആക്ടിലെ 447–ാം വകുപ്പിലുള്ള ഭേദഗതിയാണ്. നഗരസഭ പ്രദേശത്ത് അബ്കാരി ഷോപ്പുകൾ സ്ഥാപിക്കുന്നതിന് ബന്ധപ്പെട്ട നഗരസഭയുടെ മുൻകൂർ അനുവാദം നിർബന്ധമാക്കുന്നതിനും പൊതുതാൽപര്യാർത്ഥം അബ്കാരി ഷോപ്പുകൾ മാറ്റി സ്ഥാപിക്കുവാനോ അടപ്പിക്കുവാനോ അധികാരം നൽകിക്കൊണ്ടുള്ള വ്യവസ്ഥകൾ ചേർക്കുന്നതിനുമാണ് 447–ാം വകുപ്പ്. ഭേദഗതി ചെയ്യുന്നത്. ഈ ബിൽ പരിഗണനക്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ഡോ. ടി.എം. തോമസ് ഐസക്, അങ്ങേയ്ക്ക് 2013-ലെ 39-ാം നമ്പർ ഓർഡിനൻസായ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ഓർഡിനൻസ് നിരാകരിക്കുന്ന പ്രമേയം അവതരിപ്പിച്ച് സംസാരിക്കാം. ഇതിൽ ഒൻപത് പേർ സംസാരിക്കാനുണ്ട്. ബഹുമാനപ്പെട്ട മിനിസ്റ്റർ, ശ്രീ. എസ്. രാജേന്ദ്രനു പകരം ഡോ. ടി.എം. തോമസ് ഐസക്കാണ് സംസാരിക്കുന്നത്.

Dr. T.M. Thomas Isaac: I move that-

"This House resolves to disapprove The Kerala Municipality (Amendment) Ordinance, 2013 (Ordinance No.39 of 2013)"

സർ, ഞാൻ ഈ ബില്ലിന്റെ സത്തയോടുള്ള കടുത്ത വിയോജനം രേഖപ്പെടുത്തുകയാണ്. അതുകൊണ്ടാണ് ഞാൻ ഈ ഓർഡിനൻസ് നിരാകരിക്കണമെന്ന് പറയുന്നത്. എന്തുകൊണ്ടാണ്? ഇന്നത്തെ ബിൽഡിംഗ് ടാക്സിലെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം റെന്റിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിരിക്കുകയാണ്. എത്രയാണ് വാടക കിട്ടുക എന്നുള്ളത് വളരെ ആത്മനിഷ്ഠമായിട്ട് തീരുമാനിച്ചിട്ടുള്ള കാര്യമാണ്. ഓരോരുത്തരുടേയും സ്വാധീനമനുസരിച്ച് ബിൽഡിംഗിന്റെ വലിപ്പമോ, അതിന്റെ ആഢംബരത്വമോ നോക്കാതെ, സത്യം പറഞ്ഞാൽ വസ്തുനിഷ്ഠമായ ഒരു അന്വേഷണം നടത്തിയിട്ടുണ്ടെങ്കിൽ ബിവൽറിംഗാണ്. വലിയ പണക്കാർ ഒരു നികുതിയും കൊടുക്കാതെയിരിക്കുകയും അതേ സമയം സാധാരണക്കാരന്റെ നേരെ വലിയ നികുതി വരികയും ചെയ്യുക. ഇതാണ് ഇന്നത്തെ അവസ്ഥ. ഇപ്പോൾ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിരിക്കുന്നത് അതിന്റെ പുറത്ത് 25 ശതമാനം. അപ്പോൾ ഇതുവരെ നികുതി വെട്ടിക്കാൻ, കൈക്കൂലികൊടുത്തിട്ട് ബിൽഡിംഗ് ടാക്സ് കുറവു ചെയ്യുക

ഇതൊക്കെ സർവ്വ സാധാരണമായിരുന്നു. അവരെല്ലാം രക്ഷപ്പെട്ടു. അവർ ഇനി ശാശ്വതമായി ഈ പറയുന്ന 5 ശതമാനം കൂടുതൽ കൊടുത്താൽ മതി. ഇത് വലിയ അനീതിയാണ്. ഇതു സംബന്ധിച്ച് അങ്ങയുടെ വാദമെന്താണ്? ബഹുമാനപ്പെട്ട മന്ത്രി പറയുന്നത്, നേരത്തെ ഈ വർദ്ധനവ്, ഈ വർദ്ധന എങ്ങനെയാണ്. സോണിംഗ് വേണം. എല്ലാ പ്രദേശത്തും ഒരേ നികുതിയല്ല കൊടുക്കേണ്ടത്. കൊമേഴ്ഷ്യൽ ഏരിയകളിൽ കൂടുതൽ വരും. അങ്ങനെ സോണിംഗുണ്ട്. സോണിംഗിനുള്ളിൽ പ്ലിന്ത് ഏരിയ, തർക്കമില്ല. ആർക്കും അളന്നുനോക്കാവുന്നതാണ്. പ്ലിന്ത് ഏരിയക്കുള്ളിൽ നിങ്ങൾക്ക് അതിന്റെ ആഡംബരത്തിനുള്ള സൂചികകൾ വയ്ക്കാം. അതിന്റെ അടിസ്ഥാനത്തിൽ ഉപഭോക്താവിന് തന്നെ തന്റെ കാര്യം കൃത്യമായിട്ട് നിർണ്ണയിക്കാവുന്നതാണ്. മിനിസ്റ്ററുടെ വാദം ഇതൽപ്പം സങ്കീർണ്ണമായിരുന്നു. ഇതിൽ ചില അശാസ്ത്രീ യകതകളുണ്ട്. അശാസ്ത്രീയതകളുടെ ഫലമായി ഒരു എയർ കണ്ടീഷണർ വച്ചാൽ കൊടുക്കേണ്ടി വരുന്നു, അതല്ലെങ്കിൽ വേറെ എന്തെങ്കിലും... അതിന് അശാസ്ത്രീയമായിട്ടുള്ള വശങ്ങൾ നീക്കം ചെയ്യുകയല്ലേ വേണ്ടത്? നികുതി നിർണ്ണയത്തിലെ ഒബ്ജക്റ്റിവിറ്റി എടുത്തുകളഞ്ഞിട്ട് തന്നിഷ്ടപ്രകാരം അവി ടുത്തെ നികുതി നിർണ്ണയ ഉദ്യോഗസ്ഥൻ റെന്റിൽ നിശ്ചയിച്ചിട്ടുള്ള ഈ അപാകത നീക്കുകയല്ലേ വേണ്ടത്? അങ്ങ് പറയുകയാണ്, തറവിസ്തീർണ്ണം തർക്കിക്കാൻ പറ്റില്ല. പക്ഷേ അതിന്റെ മുകളിലേക്ക് വരുന്ന ആഢംബരങ്ങൾ അതെല്ലാം കൂടി കൂട്ടി വരുമ്പോൾ വലിയ വർദ്ധനവ് വരുന്നുണ്ട്. ശരി. But keep minimum objectivity. ഈ പറയുന്ന.....

ശ്രീ. മഞ്ഞളാംകുഴി അലി: സർ, പ്ലിന്ത് ഏരിയ അനുസരിച്ച് തന്നെ യാണ് കണക്കാക്കുന്നത്. അതുമാത്രമല്ല, എത്രയെന്ന് ഫിക്സ് ചെയ്തുകൊടു

ക്കുന്നില്ല. ഇപ്പോൾ between 10 and 15 / Sq.mtr അല്ലെങ്കിൽ between 20 and 25 / Sq.mtr. അങ്ങനെ ഏരിയക്ക് അനുസരിച്ച് അതേ രീതിയിൽ തന്നെ യാണ് പോകുന്നത്.

ഡോ. ടി.എം. തോമസ് ഐസക്: സർ, അത് പുതിയ ബിൽഡിംഗിനാണ്. അതിനാണ് ഞാനൊരു ക്ലാരിഫിക്കേഷൻ ചോദിച്ചത്. പുതുതായി അടിസ്ഥാന നികുതികൾ നിർണ്ണയിക്കുന്നുണ്ടോ?

ശ്രീ. മഞ്ഞളാംകുഴി അലി: പഴയ കെട്ടിടമാണെങ്കിലും പുതിയ കെട്ടിടമാണെങ്കിലും കഴിഞ്ഞ പ്രാവശ്യം കൊടുത്തിട്ടുള്ളത് ചില സ്ഥലങ്ങളിൽ 800 ശതമാനം ഇൻക്രീസ് ഉണ്ട്. അതിന് കുറേയധികം കാര്യങ്ങളുണ്ടായിരുന്നു. ആ ഒരു രീതി മനസ്സിലാക്കി കൊണ്ട് 800 ശതമാനം നികുതി കൊടുക്കാൻ ആർക്കും കഴിയില്ല. അതുപോലെ തന്നെ ചില സ്ഥലങ്ങളിൽ അത് മൈനസിന് വന്നു. കഴിഞ്ഞ പ്രാവശ്യം ടാക്സ് കൊടുത്തതിനെക്കാളും ഇപ്പോഴത്തെ പുതിയ മാറ്റങ്ങളനുസരിച്ച് കണക്കുകൂട്ടി നോക്കുമ്പോൾ അതിൽ കുറവു വന്നു. അതിന്റെയടിസ്ഥാനത്തിൽ ഒരു 25–150 ശതമാനം എത്തി. അതിൽ അത്രയും പോകാം. മിനിമം 25 ശതമാനമായിരിക്കണം. മാക്സിമം 150 വരെ മാത്രമേ പോകാൻ പാടുള്ളു. 800 വരെ പോകാൻ പാടില്ല. ഇതേ രീതിയിൽത്തന്നെയാണ് എല്ലാകാര്യങ്ങൾക്കും നികുതി കണക്കാക്കുന്നത്. പഴയ കെട്ടിടങ്ങൾക്ക് ചിലപ്പോൾ സ്വാഭാവികമായും കുറവ് വന്നിട്ടുണ്ട്. അതുകൊണ്ടാണ് 150 എന്നുവച്ചത്. പുതിയ കെട്ടിടങ്ങൾ വരുമ്പോൾ 25 ശതമാനം മാത്രമാണ്, അത് ആൾക്കാർക്ക് താങ്ങാൻ കഴിയുമെന്ന് മനസ്സിലാക്കിയതിന്റെയടിസ്ഥാനത്തിലാണ്.

ഡോ. ടി. എം. തോമസ് ഐസക്: നമ്മൾ ഇപ്പോൾ ഭേദഗതി ചെയ്യുന്ന നികുതി വ്യവസ്ഥയ്ക്ക് ഈ പറയുന്ന ചില സങ്കീർണതകളുണ്ട്. അക്കാര്യത്തിൽ യാതൊരു സംശയവുമില്ല. പക്ഷെ ഒരുപാട് ചർച്ചകൾക്ക് ശേഷം രൂപം കൊണ്ടുവന്ന ഒന്നാണ്. കഴിഞ്ഞ സർക്കാർ നടപ്പാക്കാൻ ശ്രമിച്ചു, നടപ്പാക്കിയതിലെ പ്രശ്നങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തെരഞ്ഞെടുപ്പിൽ തിരിച്ചടിക്കിടയായിയെന്നുള്ള ഒരു വിമർശനത്തിന്റെ അടിസ്ഥാനത്തിൽ അന്ന് നിർത്തിവച്ചു. ഇതിനുശേഷം പുതിയ സർക്കാർ വന്നു. അതിൽ എന്തെങ്കിലും റിവിഷൻസ് ഉണ്ടെങ്കിൽ മാക്സിമം വർദ്ധനയുടെ ബാന്റ് വിഡ്ത് കുറച്ചു. നിങ്ങൾ അത് സ്റ്റേ ചെയ്ത് വച്ചു. കുളിപ്പിച്ച് കുളിപ്പിച്ച് കൊച്ചിനെ കളഞ്ഞ മട്ടായി എന്നുള്ളതാണ് എന്റെ വിമർശനം. നിങ്ങളുടെ പുതിയ കെട്ടിടങ്ങൾക്ക് മാനദണ്ഡങ്ങളുണ്ട്. പഴയ കെട്ടിടങ്ങൾക്ക് നേരത്തെ നികുതി വെട്ടിച്ച് ഒരു നികുതിയും കൊടുക്കാത്ത ആളിന് അളക്കുമ്പോൾ നികുതി കൊടുക്കേണ്ടി വന്നാൽ അയാളുടെ നികുതി വർദ്ധനവ് 800 ശതമാനം അല്ല, ഇൻഫിനിറ്റാണ്. നേരത്തെ നികുതി കൊടുത്തിട്ടില്ല. ഇപ്പോൾ കൊടുക്കാൻ പോകുന്നു. അപ്പോൾ അയാളുടെ നികുതിക്ക് വല്ല പെർസന്റേജ് ഇൻക്രീസ് ഉണ്ടോ? ഇൻഫിനിറ്റാണ്. പൂജ്യം കൊണ്ട് ഹരിച്ചുനോക്ക്. അപ്പോൾ 800 ശതമാനമെന്ന് പറഞ്ഞ് നമ്മൾ വിഷമിക്കേണ്ട കാര്യമില്ല. യഥാർത്ഥത്തിൽ നമ്മൾ നോക്കേണ്ടത് ഇതിനൊരു വസ്തുനിഷ്ടമാനദണ്ഡം വേണം. എനിക്കുള്ള അടിസ്ഥാന വിമർശനം അത് എടുത്തുകളയുന്നുവെന്നുള്ളതാണ്. എന്നുവച്ചാൽ പുതിയ കെട്ടിടങ്ങൾക്ക് നിങ്ങൾ വസ്തുനിഷ്ടമായിട്ട് കാര്യങ്ങൾ കണക്കുകൂട്ടും. നിലവിലുള്ള കെട്ടിടങ്ങൾക്ക് നിലവിൽ കൊടുത്തുകൊണ്ടിരിക്കുന്ന നികുതിയേക്കാൾ 25 ശതമാനം കൂടുതലാണ്. നിലവിൽ വലിയ

അനീതി ഈ നികുതിയുടെ കാര്യത്തിലുണ്ട് എന്നുള്ളതാണ് എന്റെ വാദം. ഇതാണ് ഇതിന്റെ അടിസ്ഥാന വിമർശനം.

ശ്രീ. മഞ്ഞളാംകുഴി അലി: സാധാരണ ഗതിയിൽ നല്ല രീതിയിൽ ടാക്സ് കൊടുത്ത ഒരാൾക്ക് മിനിമം 25 ശതമാനമാണ്. അതും മിനിമം 25 ശതമാനം കൊടുത്തേ പറ്റുകയുള്ളു. ഇതുപോലെ എന്തെങ്കിലും വെട്ടിപ്പോ തട്ടിപ്പോ മുൻകാലങ്ങളിൽ നടത്തിയിട്ടുണ്ടെങ്കിൽ അതിനാണ് 150 എന്ന് പറയുന്നത്. അതിന്റെ പ്ലിന്ത് ഏരിയ കണക്കുകൂട്ടിയിട്ട് 150 ആണെങ്കിൽ 150–ലേയ്ക്ക് എത്തും. പക്ഷെ ഇവിടെ ഇല്ലാത്ത കുറേയധികം പ്രശ്നങ്ങളുണ്ട്. അതിന്റെയടിസ്ഥാനത്തിൽ മാക്സിമം 150 എന്നുള്ള നിലയിൽ വച്ചത്. അപ്പോൾ അത് കൃത്യമായി, ഇപ്പോൾ തരക്കേടില്ലാത്ത രീതിയിൽ പോകുന്നു ണ്ട്. ഇതൊരു ഓർഡിനൻസാണ്. ഈ ഓർഡിനൻസ് കുറേമുമ്പ് വന്നതാണ്. ഇപ്പോൾ കളക്ഷൻ തരക്കേടില്ലാത്ത രീതിയിൽ പോകുന്നുണ്ട്. വലിയ പരാതി കൾ മുനിസിപ്പാലിറ്റികൾക്കുമില്ല അതുപോലെതന്നെ പാർട്ടികൾക്കുമില്ല. ഇനി വല്ല പരാതികൾ എവിടെയെങ്കിലും ഉണ്ടെന്നുണ്ടെങ്കിൽ ഒരു സംശയവുമില്ല നമുക്ക് എല്ലാവർക്കും കൂടി.........അങ്ങ് ഇപ്പോൾ ഇതിന്റെ സത്ത പൊതുവെ അംഗീകരിച്ച സ്ഥിതിക്ക് അതിൽ വേണമെങ്കിൽ മാറ്റം വരുത്താവുന്നതാണ്.

ഡോ. ടി. എം. തോമസ് ഐസക്: ശരി സർ. ഞാൻ പ്രസംഗം ദീർഘിപ്പിക്കുന്നില്ല. നിയമസഭയുടെ റെക്കോർഡിൽ വരുന്നതിനുവേണ്ടി ബില്ലിന് പുറത്താണെങ്കിലും രണ്ടു കാര്യങ്ങൾ വളരെ ചുരുക്കി പറയു കയാണ്. ബഹുമാനപ്പെട്ട മന്ത്രി അതിനെക്കുറിച്ച് പ്രതികരിക്കുമെന്ന് ഞാൻ കരുതുകയാണ്. ഒന്നാമത്തെ കാര്യം, നഗരസഭകൾ ഇപ്പോൾ നടപ്പാക്കി കൊണ്ടിരിക്കുന്ന രാജീവ് ആവാസ് യോജനയുടെ നടത്തിപ്പിനുവേണ്ടി ഒരു

സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ കമ്പനി രൂപീകരിക്കുന്നതിന് ഉത്തരവ് ഇറക്കിയിട്ടുണ്ട്. ഈ പ്രവൃത്തി ചെയ്യുന്നതിനുള്ള അധികാരം നഗരസഭകളിൽ നിന്നും തിരിച്ചെടുക്കുന്നതിനുള്ള ശ്രമത്തിൽ നിന്നും അങ്ങ് പിൻമാറണമെന്നാണ് എന്റെ അഭിപ്രായം. നഗരസഭകൾക്ക് ഇത് എങ്ങനെ നടപ്പാക്കാൻ പറ്റുമെന്നതിനെക്കുറിച്ച് ഇൻഡ്യ ഗവൺമെന്റ് അംഗീകരിച്ച ഒരു മാതൃകയുണ്ട്. ആ മാതൃക തിരുവനന്തപുരത്ത് ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രി പോയിട്ടില്ലെങ്കിലും ഞാൻ ഈ കോളനികൾ മുഴുവൻ പോയി കണ്ടു. അതിൽ പോരായ്മകളൊക്കെയുണ്ട്. ഒരു കമ്പനിയും ഈ പോരായ്മകൾ ഇല്ലാതാക്കാൻ പോന്നവയല്ല.

ശ്രീ. മഞ്ഞളാംകുഴി അലി: അങ്ങയുടെ ലേഖനം ഞാൻ ഇന്നലെ രണ്ടു മൂന്നു പ്രാവശ്യം വായിച്ചു. അതിൽ കൃത്യമായിട്ടുള്ള കാര്യം ആർ.എ.വൈ. പദ്ധതിക്ക് മുമ്പുള്ള പദ്ധതി നമ്മൾ 2007-ൽ ആരംഭിച്ചതാണ്. നമ്മൾ 49,000 വീടുകൾ നിർമ്മിച്ചുനൽകാനാണ് പ്ലാൻ ചെയ്തത്. ഇപ്പോൾ 7 കൊല്ലം കഴിഞ്ഞു. ഇതിനിടയിൽ നമ്മൾ എത്ര വീടുകൾ ഉണ്ടാക്കി? 30,000 വീടുകൾ. അതിൽ പലതും ഇപ്പോഴും ഫിനിഷ് ചെയ്യാതെ കിടക്കുകയാണ്. അതുകൊണ്ട് തന്നെ കോസ്റ്റ് ഇപ്പോൾ വളരെ കൂടി. ഇപ്പോൾ ആര് ബാക്കിയുള്ള പണം തരുമെന്നുള്ള പ്രശ്നമുണ്ട്. ഒരു കാരണവശാലും നഗരസഭകളുടെ ഒരു അധികാരവും എടുക്കുന്നില്ല. പക്ഷെ ഇത് ചെയ്തിരുന്നത് കുടുംബശ്രീയായിരുന്നു. കുടുംബശ്രീയിലെ 10-37-ഓളം സ്റ്റാഫ് ഇതിനുവേണ്ടി നടന്നിരുന്നു. എന്നാൽ കൃത്യമായി ആ കാര്യങ്ങൾ നടന്നിരുന്നില്ല. അവരെ കൺട്രോൾ ചെയ്യാൻ, അവരെയൊന്ന് കൂട്ടിയോജിപ്പിക്കാൻ നഗരസഭയ്ക്ക് കുറച്ച് കൂടുതൽ കാര്യങ്ങൾ ചെയ്ത് കൊടുക്കുക എന്നുള്ളതിന്റെ അടിസ്ഥാന

ത്തിൽ മാത്രമാണ്. അല്ലാതെ അതിനുള്ള അവരുടെ അധികാരം കവർന്നെടുക്കുന്നതല്ല. വേറൊരു കാര്യം ജൻറം ബസ്സുകളുടെ പദ്ധതിയെ സംബന്ധിച്ച് കേന്ദ്ര സർക്കാർ ഇൻസിസ്റ്റ് ചെയ്യുന്നത് നിങ്ങൾക്ക് ഒരു എസ്.പി.വി. വേണമെന്നാണ്. ഇത് ഫാസ്റ്റല്ല എന്നുള്ളതാണ് കാരണം. ഫാസ്റ്റാകുന്നതിനു വേണ്ടി മാത്രമാണ് ഇത് കൊണ്ടുവരുന്നത്. തിരുവനന്തപുരം, എറണാകുളം നഗരസഭകളുടേതുപോലെയുള്ള ഇൻഫ്രാസ്ട്രക്ച്ചർ ഫെസിലിറ്റീസ് മറ്റു പല നഗരസഭകൾക്കും ഇല്ല. അപ്പോൾ സ്വാഭാവികമായും മറ്റുള്ള ചെറിയ നഗരസഭകളെ സഹായിക്കാൻ വേണ്ടി മാത്രമാണ് എസ്.പി.വി. ഉണ്ടാക്കുന്നത്. അല്ലാതെ ഒരു കാരണവശാലും നഗരസഭകളുടെ അധികാരം കവർന്നെടുക്കാൻ സർക്കാർ ആഗ്രഹിക്കുന്നില്ല. അങ്ങനെ ചെയ്യുകയുമില്ല.

ഡോ. ടി. എം. തോമസ് ഐസക്: ബഹുമാനപ്പെട്ട മന്ത്രീ, ഒന്ന് തിരിഞ്ഞുനോക്കിയാൽ അറിയാം. നമ്മുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റവും കാര്യക്ഷമമായി ചെയ്തത് എന്തെന്ന് ചോദിച്ചാൽ എല്ലാവരും പറയും പാർപ്പിടമാണ്. ഈ അധികാരവികേന്ദ്രീകരണം ആരംഭിച്ചതിനുശേഷം ഏതാണ്ട് പത്തുലക്ഷം വീടുകൾ കേരളത്തിലെ പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കൂടി പണിതിട്ടുണ്ട്. എന്താണ് സംശയം? ഇതിന് മുമ്പുള്ള കാലമെടുത്ത് നോക്കു. വീട് പണിയുന്നതിന് എന്തെങ്കിലും ......... ഇപ്പോൾ എന്താണ്? നേരത്തെ ഐ.എച്ച്.ഡി.പി. ആയാലും വി.എസ്.യു.പി. ആയാലും ഒരു പുതിയ കമ്പോണന്റ് വന്നു. ഇത് ഫ്ളാറ്റ് അടിസ്ഥാനത്തിലാണ്. 2007-ൽ ഒന്നുമില്ല, ഇപ്പോഴാണ് ഇതൊക്കെ നടക്കുന്നത്. അതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം കോർപ്പറേഷനിൽ പണിഞ്ഞ ഫ്ളാറ്റുകൾക്ക് എന്താണ് ഒരു പോരായ്മ? കൊഞ്ചിറവിളയ്ക്ക് അടുത്തായി ഞാൻ പോയി കണ്ടത് 500

ഫ്ളാറ്റുകളാണ്. ബാക്കി കരിമഠം കോളനി, കണ്ണമ്മൂല, നാലാഞ്ചിറ, എന്നിവിട ങ്ങളിലെല്ലാം ഫ്ളാറ്റ് നിർമ്മിച്ചിരിക്കുന്നു. ഇതുകണ്ടിട്ട് ഇന്ത്യാ ഗവൺമെന്റ് ഇങ്ങനെയാണ് കെട്ടിടം പണിയേണ്ടതെന്നുപറഞ്ഞ് അവാർഡ് കൊടുത്തു. വലിയ കമ്പനി വരേണ്ട പ്രശ്നമൊന്നുമില്ല. ഇവർക്ക് ടെണ്ടർ വിളിച്ച് ഐ. എൽ.എഫ്.എസ്.–നോ ലാറ്റക്സിനോ കോസ്റ്റ്ഫോർഡിനോ കൊടുക്കാവുന്ന കാര്യമേയുള്ളു. കേരളത്തിലുള്ള മുഴുവൻ മുനിസിപ്പാലിറ്റികളിലെയും വീടു വെയ്പ്പിന്റെ ചുമതല ഒരു കമ്പനി വഴിയാക്കിയാൽ എവിടെപോയി നിൽക്കു മെന്ന് അറിയാമോ? രണ്ടാമതായി ഇത് ചേരിപ്രദേശത്താണ് വയ്ക്കേണ്ടത്. ചേരിപ്രദേശത്ത് നിലവിലുള്ള വീടുകൾ പൊളിച്ച് അവിടെ വേണം ഫ്ളാറ്റ് പണിയേണ്ടത്. ഇത് വലിയ സോഷ്യൽ എഞ്ചിനീയറിംഗാണ്. ആരെങ്കിലും വീട് പൊളിക്കാൻ സമ്മതിക്കുമോ? വീട് പൊളിക്കാൻ ചെന്നുകഴിയുമ്പോഴാണ് ഓരോ സ്ഥലത്തും തർക്കം വരാൻ പോകുന്നത്. അയാളുടെ വീടിനെക്കാൾ വലിയ വീട് എന്റേതാണ്, അതുകൊണ്ട് എനിക്ക് രണ്ട് വീട് വേണം. വേറെ ഒരാൾ പറയും എന്റെ മക്കൾ കഴിഞ്ഞ വർഷമാണ് കല്ല്യാണം കഴിച്ചുപോയത്. അവർക്കുകൂടി ഫ്ളാറ്റ് വേണം. ചെറിയ തർക്കമല്ല ഒരു കമ്പനിക്കൊന്നും  ഇത് കൈകാര്യം ചെയ്യാൻ പറ്റില്ല. ഇത് ജനപ്രതിനിധി കൾ, അവിടെയുള്ള കുടുംബശ്രീ പോലെയുള്ള സംവിധാനങ്ങൾ അതിലൂടെ യുള്ള സോഷ്യൽ മൊബിലൈസേഷനിലൂടെ മാത്രം ചെയ്യാൻ പറ്റുന്ന കാര്യ മാണ്. ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് പറയുന്നത് അങ്ങ് ഈ കോള നികളിൽ ചെല്ലണം. ചെന്നിട്ട് അവിടെയുള്ള ഏതെങ്കിലും പോരായ്മ നിങ്ങ ളുടെ പുതിയ കമ്പനി കൊണ്ട് പരിഹരിക്കാൻ പറ്റുമെങ്കിൽ ആകാം. ഞാൻ വരുന്നില്ല. ആരെയെങ്കിലും കൂട്ടികൊണ്ട് പോകാം. അവിടെയുള്ള ഭരണപ്രതി പക്ഷ എം.എൽ.എ.–മാരെ കൂട്ടിക്കൊണ്ടുപോകാം. പോയതിനുശേഷം

ഇവിടെ ചെയ്തതിനെക്കാൾ മെച്ചപ്പെട്ട രീതികൾ കമ്പനി കൊണ്ടുവ ന്നാൽ........... നിങ്ങൾ ഇപ്പോൾ ജൻറം പദ്ധതിയിലെ കുടിവെള്ള പ്രോജ ക്ടിനെക്കുറിച്ചോ അല്ലെങ്കിൽ വൻകിട സ്വീവേജിനെക്കുറിച്ചോ പറഞ്ഞാൽ എനിക്ക് മനസ്സിലാക്കാം. This is simple. മുനിസിപ്പാലിറ്റിയോ കോർപ്പറേ ഷനോ ഇപ്പോൾ പണിയുന്ന ശരാശരി വലിപ്പമുളള കെട്ടിടങ്ങൾ പണിയാൻ വേണ്ടി എന്തിനാണ് നമ്മൾ ഇത് കൊണ്ടുവരേണ്ടത്? കേന്ദ്രം പറയുന്നുവെ ന്നാണ് പറയുന്നതെങ്കിൽ ഞാനും കേന്ദ്ര സർക്കാരിനോട് സംസാരിച്ചിട്ടുണ്ട്. അവർക്ക് ഒരു ശാഠ്യവുമില്ല. ഇനിയിപ്പോൾ ഇത് ചെയ്യാൻ പോകുകയാണെ ങ്കിൽ വേറെയൊന്നും വേണ്ട ഇലക്ഷൻ കാലമാണ് ഞങ്ങൾ ഡൽഹിയിൽ ഒരു സമരം നടത്തിയാൽ........ രാഹുൽജി ആണെങ്കിൽ ഇപ്പോൾ കുറച്ച് സെൻസിറ്റീവാണ്. ആം ആദ്മി ആകാൻ വേണ്ടി നോക്കിക്കൊണ്ടിരിക്കുകയാ ണ്. അതുകൊണ്ട് ഒന്നും നടക്കില്ല. ഈ പരിപാടി തീരുമാനമെടുക്കുന്നത് അങ്ങ് കുട്ടയിലെറിയാം എന്നല്ലാതെ നടപ്പാക്കാൻ പറ്റുമെന്ന് കരുതണ്ട. കേരള ത്തിലെ ഏതെങ്കിലും മേയർ, ഏതെങ്കിലും മുനിസിപ്പൽ ചെയർമാൻ ഈ കമ്പ നിക്ക് അവരുടെ അധികാരം വിട്ടുതരുമെന്ന് കരുതുന്നുണ്ടോ? എന്തിനാണ് ഈ വയ്യാവേലിക്ക് പോകുന്നത്? നടന്നുകൊണ്ടിരിക്കുന്ന നല്ല കാര്യം മാത്രം ചെയ്താൽ പോരെ. ഇത് കേരളത്തിൽ ഒരു മുനിസിപ്പാലിറ്റിയും, ഞാൻ ഭരണ കക്ഷി പ്രതിപക്ഷ വ്യത്യാസമില്ലാതെയാണ് പറയുന്നത്. നിങ്ങൾ ഇവിടത്തെ മേയർ ചേംബർ വിളിച്ചാൽ എറണാകുളം മേയർ സമ്മതിക്കുമെന്ന് പറ യുമോ? തൃശ്ശൂർ മേയർ സമ്മതിക്കുമെന്ന് പറയുമോ? എന്തിനാണ് ഈ ഉത്ത രവ് 2013-ൽ ഇറക്കിയിട്ട്.........

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: ഡോ. ടി. എം. തോമസ് ഐസക്, അങ്ങ് തെറ്റിദ്ധരിക്കണ്ട, മുനിസിപ്പാലിറ്റിയുടെയോ കോർപ്പറേഷന്റെയോ അധികാര മെടുക്കുന്നില്ല, അധികാരങ്ങൾ അവിടെത്തന്നെ നിലനിൽക്കും. പക്ഷേ കുടുംബശ്രീയുമായി ബന്ധപ്പെട്ട് കുറച്ച് ആൾക്കാർ പ്രവർത്തിക്കുന്നുണ്ട്. അവരെ സ്ട്രീംലൈൻ ചെയ്യുക എന്നത് മാത്രമാണ് ഇതിലൂടെ ഉദ്ദേശിക്കു ന്നത്. കുടുംബശ്രീ കൃത്യമായി കാര്യങ്ങൾ നടത്തിയിരുന്നെങ്കിൽ ഇങ്ങനെ വരില്ലായിരുന്നു. 6–7 വർഷം മുമ്പ് ആരംഭിച്ച പദ്ധതിയാണ്, 49000 വീടുക ളിൽ 30000 വീടുകൾപോലും ഇതുവരെ പൂർത്തിയാക്കിയിട്ടില്ല, വർക്ക് നടന്നുകൊണ്ടിരിക്കുകയാണ്. അത് പൂർത്തിയാക്കുകയെന്ന ഉദ്ദേശം മാത്രമേ യുള്ളൂ. അല്ലാതെ മുനിസിപ്പാലിറ്റിയുടെ അധികാരങ്ങളൊന്നും എടുക്കുന്നില്ല. ബാക്കിയുള്ള കാര്യങ്ങൾ ഓരോന്നായി പറയുന്നില്ല. എല്ലാംകൂടി അവസാനം പറയാം.

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, ബഹുമാനപ്പെട്ട മന്ത്രിയോട് ഇത് ചെയ്യരുതെന്നാണ് പറയുന്നത്. രണ്ടാഴ്ചയ്ക്കുമുമ്പാണ് അധികാര വികേ ന്ദ്രീകരണത്തെക്കുറിച്ചുള്ള അന്തർദ്ദേശീയ സെമിനാർ നടന്നത്. വിമർശനങ്ങ ളൊക്കെ ഞാനും പറയും. എന്തൊക്കെ പറഞ്ഞാലും കേരളത്തിലുള്ള അധികാരവികേന്ദ്രീകരണ പ്രക്രിയ അത്ഭുതത്തോടെയാണ് പുറത്തുള്ളവർ കണ്ടിരിക്കുന്നത്. അധികാരവികേന്ദ്രീകരണം ശക്തിപ്പെടുത്തണമെന്നല്ലാതെ ഇതിൽനിന്ന് എന്തെങ്കിലും മാറ്റണമെന്ന് ഒരാളുപോലും പറയില്ല. അതു കൊണ്ട് ബഹുമാനപ്പെട്ട മന്ത്രിയോട് ഒരു അഭ്യർത്ഥനയാണുള്ളത്, ചെയ്യാൻ ധാരാളം കാര്യങ്ങളുണ്ട്, ഈ വയ്യാവേലി തല്ലുപിടിത്തം വേണ്ട. നമുക്കും ഇതിൽ താല്പര്യമില്ല. നിങ്ങൾ ചെയ്യുന്ന നല്ല കാര്യങ്ങളോട് സഹകരിക്കാ

നാണ് ഞങ്ങൾക്കും താല്പര്യം. അല്ലാതെ നിങ്ങളെ confront ചെയ്യാൻ ഒരു താല്പര്യവുമില്ല. പക്ഷേ ഇത് നടപ്പാക്കിയാൽ ഞങ്ങൾക്ക് എതിർക്കേണ്ടി വരും. അതുപോലെ കേരളത്തിലുടനീളം സാനിറ്റേഷൻ പ്രോഗ്രാം നന്നായി നടപ്പാക്കാൻ ശ്രമിക്കുന്നുണ്ട്. സർക്കാരിന്റെ നടപടികൾക്ക് പൂർണ്ണ പിന്തു ണയും അത് ഉപയോഗപ്പെടുത്താൻ സന്നദ്ധതയും പ്രകടിപ്പിക്കുകയാണ്. പക്ഷേ ഇതിന്റെ നടപടിക്രമങ്ങൾ ലഘൂകരിക്കേണ്ടതാണ്. ഒരു വർഷം മുമ്പ് സ്ഥാപിച്ച ബയോഗ്യാസ് പ്ലാന്റുകളുടെ സബ്സിഡി ഇതുവരെ കൊടുക്കാൻ കഴിഞ്ഞിട്ടില്ല. അനെർട്ടും ശുചിത്വമിഷനും സർക്കാർ ഏജൻസികളാണ്. അവർ ഐഡന്റിഫൈ ചെയ്ത് വെരിഫൈ ചെയ്ത് അവരുടെ സബ്സിഡി കൊടുത്തുകഴിഞ്ഞാൽ മുനിസിപ്പാലിറ്റികൾ സബ്സിഡി കൊടുക്കണമെന്നു ണ്ടെങ്കിൽ അവിടത്തെ ഹെൽത്ത് ഇൻസ്പെക്ടർ പോയി നോക്കണമെന്ന് പറ യുന്നതെന്തിനാണ്. അനെർട്ടും ശുചിത്വമിഷനും ഗവൺമെന്റ് ഏജൻസികള ല്ലേ. ഹെൽത്ത് ഇൻസ്പെക്ടർക്ക് പോയി നോക്കാൻ നേരമുണ്ടോ. നമ്മുടെ നിലപാട് ആവശ്യമുള്ളവർക്കെല്ലാം ബയോഗ്യാസ് പ്ലാന്റ് കൊടുക്കുകയെന്ന താണ്. ആളില്ലാത്തതാണ് പ്രശ്നം. ഇപ്പോഴുള്ള ഇൻസ്ട്രക്ഷൻ പ്രകാരം വാർഡ് സഭകൾ ചേർന്ന് ഗുണഭോക്തൃലിസ്റ്റ് അംഗീകരിക്കുന്നു. എല്ലാ വാർഡ് സഭകളും ഇത് അംഗീകരിക്കുന്നതുവരെ മുനിസിപ്പാലിറ്റിക്ക് തുട ങ്ങാൻ കഴിയില്ല. എല്ലാവർക്കും നൽകാനാവാതെ വരുമ്പോഴാണ് ഗുണ ഭോക്തൃ ലിസ്റ്റ് അംഗീകരിക്കണമെന്ന് പറയുന്നത്. അപ്പോൾ വിവേ ചനമില്ലാതെ ഉപഭോക്തൃ ലിസ്റ്റിന്റെയടിസ്ഥാനത്തിൽ മുൻഗണന നിശ്ചയി ക്കാൻ കഴിയും. ആവശ്യമുള്ളവർക്കെല്ലാം ബയോഗ്യാസ് പ്ലാന്റ് കൊടുക്കാൻ തീരുമാനിക്കുകയും ആളില്ലാതെ വരികയും അപ്പോൾ ആളുകളുടെ പിറകെ

ഓടുകയും ചെയ്യുന്ന അവസ്ഥയിൽ എന്തിനാണ് ഈ ലിസ്റ്റിനായി പോകുന്നത്. ഇങ്ങനെയുള്ള ഒരുപാട് കാര്യങ്ങളുണ്ട്. ഈ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ ഇതെങ്ങനെ കൂടുതൽ ഫലപ്രദമായി കൊണ്ടുപോകാൻ കഴിയുമെന്നത് സംബന്ധിച്ച് ചർച്ച നടത്താനായി അങ്ങ് ഒരു മീറ്റിംഗ് വിളിക്കണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് എന്റെ അഭ്യർത്ഥന. ഇത് നമ്മൾ ആഗ്രഹിക്കുന്ന വേഗതയിൽ നീങ്ങുന്നില്ലെന്ന കാര്യം അങ്ങ് പരിശോധിച്ചാൽ മനസ്സിലാക്കാൻ സാധിക്കും. നമ്മൾ ആഗ്രഹിക്കുന്ന വേഗതയിൽ നീങ്ങാത്തതിന്റെ കാര്യം ഞാൻ പറഞ്ഞതുപോലുള്ള പല പ്രശ്നങ്ങളാണ്, പ്രത്യേകിച്ച് നഗര പ്രദേശങ്ങളിൽ. അതുകൊണ്ട് അങ്ങ് ഇതിന് മുൻകൈയെടുക്കണമെന്നാണ് എനിക്ക്  ഈ സന്ദർഭത്തിൽ സൂചിപ്പിക്കാനുള്ളത്.  ഈ ഭേദഗതികളിൽ ചിലതിനോട് വെറുപ്പില്ലെങ്കിലും  അടിസ്ഥാനപരമായ സമീപനത്തോട് വിയോജിപ്പുണ്ടെന്ന് രേഖപ്പെടുത്തുകയാണ്.

<u>ശ്രീ. വി. ശശി</u>: സർ, ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ബില്ലിൽ പ്രധാനമായും 233, 235, 447 എന്നീ മൂന്ന് വകുപ്പുകളിലാണ് ഭേദഗതികൾ നിർദ്ദേശിച്ചിട്ടുള്ളത്. കെട്ടിട നികുതി വർദ്ധിപ്പിച്ചിട്ട് 20 വർഷങ്ങളായെന്ന് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചു. 2011 ജനുവരിയിൽ നടത്തിയ നികുതി വർദ്ധനവ് ധാരാളം പ്രശ്നങ്ങൾ സൃഷ്ടിച്ചതുകൊണ്ട് അത് സ്റ്റേ ചെയ്തു. തുടർന്ന് വരുത്തിയ പരിഷ്ക്കാരങ്ങളാണ് ഇന്ന് നിയമസഭയിൽ ഈ ബില്ലിലൂടെ അവതരിപ്പിച്ചിരിക്കുന്നത്. എനിക്ക് മുമ്പ് സംസാരിച്ച ഡോ. ടി. എം. തോമസ് ഐസക് സൂചിപ്പിച്ചതുപോലെ അടിസ്ഥാനപരമായി കെട്ടിട നികുതിയിൽ വരുത്തിയിരിക്കുന്ന ഭേദഗതി വിവേചനപൂർണ്ണമായ നിർദ്ദേശമാണെന്നാണ്

തോന്നുന്നത്. ഒരു അടിസ്ഥാനവുമില്ലാതെയാണ് മുൻകാലങ്ങളിൽ കെട്ടിട നികുതി അനുവദിച്ചിരുന്നതെന്ന് മനസിലാക്കിയിട്ടാണ് വളരെയേറെ ചർച്ച കൾക്കുശേഷം 2011–ൽ ഭേദഗതി നിർദ്ദേശിച്ചതും അതനുസരിച്ച് നികുതി ചുമത്താൻ തീരുമാനിച്ചതും. അന്ന് പുതിയ കെട്ടിടങ്ങൾക്ക് നികുതി നിർദ്ദേശി ച്ചതുപോലുള്ള ഭേദഗതിയായിരുന്നു പഴയ കെട്ടിടങ്ങൾക്കും ബാധകമാക്കിയി രുന്നത്. ആ രീതിയിലുള്ള സമീപനം സ്വീകരിച്ചാൽ മാത്രമേ അതുവരെയു ണ്ടായിരുന്ന നികുതി വെട്ടിപ്പ് തടയാൻ സാധിക്കൂവെന്ന് തിരിച്ചറിഞ്ഞതിന്റെ യടിസ്ഥാനത്തിലാണ് 2011–ലെ ഭേദഗതി കൊണ്ടുവന്നത്. എന്നാൽ ഇന്നത് പൂർണ്ണമായും മാറ്റി. ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലെ 25 ശതമാനം മുതൽ 150 ശതമാനംവരെ വർദ്ധനവുണ്ടാകുന്നുവെന്ന് പറഞ്ഞാൽപോലും അത് പഴയ നിരക്കിലാണ്. പഴയ അടിസ്ഥാന നികുതിയിൽനിന്നാണ് ആ വർദ്ധനവ് വരുത്തിയിരിക്കുന്നത്. അത് വാസ്തവത്തിൽ വിവേചനപരമായ സമീപനമായിരിക്കും. പഴയ കെട്ടിടങ്ങൾക്ക് കൊടുക്കുന്ന നികുതിയും പുതിയ കെട്ടിടങ്ങൾക്ക് കൊടുക്കുന്ന നികുതിയും ഒരേ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് വ്യത്യസ്തമായ നിരക്കുകൾ ബാധകമാക്കുമെന്ന അവസ്ഥയാ ണുണ്ടാകുന്നത്. മറ്റൊരു കാര്യം, ഹയർ സെക്കണ്ടറിവരെയുള്ള സർക്കാർ സ്കൂളുകളെയും അവിടെയുള്ള വിദ്യാർത്ഥികൾ താമസിക്കുന്ന ഹോസ്റ്റലുക ളെയും കെട്ടിട നികുതിയിൽനിന്ന് ഒഴിവാക്കിയത് വളരെ നല്ല കാര്യമാണ്. എയ്ഡഡ് സ്ഥാപനങ്ങളെയും സർക്കാർ അംഗീകാരമുള്ള സ്ഥാപനങ്ങ ളെയും കെട്ടിട നികുതിയിൽനിന്ന് ഒഴിവാക്കിയിരിക്കുന്നു എന്നാണ് കാണു ന്നത്. നമ്മുടെ നാട്ടിലെ സ്വകാര്യ എയ്ഡഡ് സ്ഥാപനങ്ങൾ, ധാരാളം രീതി യിൽ പണം സമ്പാദിച്ചുകൊണ്ട് ലാഭകരമായി നടത്തുന്ന വിദ്യാഭ്യാസ വ്യവ

സായ സ്ഥാപനങ്ങൾക്ക് ഈ രീതിയിലുള്ള ഇളവ് അനുവദിക്കണമോയെന്ന് പരിശോധിക്കേണ്ടതാണ്. 47-ാം വകുപ്പിൽ കൊടുത്തിരിക്കുന്ന ഭേദഗതി അബ്കാരി ഷാപ്പുകൾ സ്ഥാപിക്കുന്നതിന് മുനിസിപ്പാലിറ്റിയുടെ മുൻകൂർ അനുവാദം വാങ്ങണമെന്നുള്ളതാണ്. മുനിസിപ്പാലിറ്റി നിർദ്ദേശിക്കുന്ന നിബന്ധനകൾ, ഭൂപരിധി എന്നിവ പാലിക്കണം, അബ്കാരി ഷാപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനോ അടയ്ക്കുന്നതിനോ മുനിസിപ്പാലിറ്റിയുടെ അധികാരം വേണം എന്നാണ്. 7-ാം ഉപ വകുപ്പിൽനിന്നും ചില വ്യവസ്ഥകൾ നീക്കം ചെയ്തിട്ടുണ്ട്. ഇളവുകൾ അനുവദിക്കുന്നതിനുള്ള വ്യവസ്ഥ പൂർണ്ണമായും എടുത്തുകളഞ്ഞിരിക്കുകയാണ്. മുമ്പ് കെട്ടിട നികുതിയിൽ ചില ഇളവുകൾ അനുവദിക്കുന്നതിനുള്ള വ്യവസ്ഥകളുണ്ടായിരുന്നു. ചുരുക്കത്തിൽ ഈ ഭേദഗതി ബില്ലിൽ അടിസ്ഥാനപരമായി ചില നിർദ്ദേശങ്ങളോട് യോജിപ്പുണ്ടെങ്കിലും പുതിയ കെട്ടിടങ്ങൾക്ക് നികുതിയേർപ്പെടുത്തുന്ന അതേ മാനദണ്ഡങ്ങൾതന്നെ പഴയ കെട്ടിടങ്ങൾക്കും നിശ്ചയിച്ചുകൊണ്ടുള്ള നികുതിയായിരിക്കണം ചുമത്തേണ്ടത്. എങ്കിൽ മാത്രമേ മെച്ചപ്പെട്ട രീതിയിലുള്ള കെട്ടിട നികുതി വ്യവസ്ഥ മുനിസിപ്പാലിറ്റികളിൽ വരുത്താൻ സാധിക്കുകയുള്ളൂ എന്നതാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ആ അർത്ഥത്തിൽ ഞാൻ ഈ ഭേദഗതികളോട് പൂർണ്ണമായും വിയോജിക്കുന്നു.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, സബ്ജക്ട് കമ്മിറ്റിയിൽതന്നെ ഞങ്ങൾ ഇതിനോട് വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയിരുന്നു. നഗരസഭകളുടെ അധികാരങ്ങൾ പടിപടിയായി കവർന്നെടുക്കുന്ന ഒരു രീതിയാണ് ഈ ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. അതിന്റെ ഭാഗമായി വ്യത്യസ്ത

തലത്തിലുള്ള സമ്മർദ്ദങ്ങൾ കേരളത്തിലെ നഗരസഭകളുടെ മേൽ അടിച്ചേൽപ്പിക്കാൻ ഈ ഗവൺമെന്റ് തീരുമാനിക്കുന്നതിന്റെ ലക്ഷണങ്ങളാണ് കാണുന്നത്. ഈ വിയോജനക്കുറിപ്പിന്റെ ഭാഗമായ വിശദാംശങ്ങൾ ഞാനിവിടെ വായിക്കുന്നില്ല. അത് അച്ചടിച്ച് വിതരണം ചെയ്തിട്ടുണ്ട്. ഇവിടെ നഗരസഭയുടെ അധികാരങ്ങൾ പിടിച്ചെടുക്കുന്നതിന്റെ ഭാഗമായി തറ വിസ്തീർണ്ണത്തിന്റെ ഏറ്റക്കുറച്ചിലുകൾ കണക്കിലെടുത്ത് ഇളവു നൽകുവാനുള്ള അധികാരവും വസ്തുതാ വിരുദ്ധമായ റിട്ടേൺ നൽകുന്നവരെ പിഴയടപ്പിക്കാനുള്ള അധികാരവും കെട്ടിടയുടമ നൽകുന്ന റിട്ടേണിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതി താൽക്കാലികമായി തിട്ടപ്പെടുത്താനുള്ള അധികാരവും റദ്ദാക്കപ്പെടുകയാണ്. അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉൾപ്പെടുന്ന വിദ്യാഭ്യാസ രംഗത്തെ വാണിജ്യവൽക്കരണത്തിലിടപെട്ടുകൊണ്ടിരിക്കുന്ന സ്ഥാപനങ്ങൾക്ക് നികുതിയിളവ് ശുപാർശ ചെയ്യുന്നുണ്ട്. യഥാർത്ഥത്തിൽ ഇന്നുതന്നെ നിലവിലുള്ള പൊതു വിദ്യാലയങ്ങൾക്ക് നികുതിയിളവ് ബാധകമാണ്. യാതൊരു ലക്കും ലഗാനുമില്ലാതെ കുട്ടികളിൽ നിന്ന് ഫീസ് ഈടാക്കുകയും പണം വാങ്ങി പ്രവർത്തിക്കുകയുമൊക്കെ ചെയ്തുകൊണ്ടിരിക്കുന്ന സ്ഥാപനങ്ങളെയും അവരുടെ ഹോസ്റ്റലുകളെയും കെട്ടിട നികുതിയിൽ നിന്ന് റിലാക്സ് ചെയ്ത് കൊടുക്കുന്നതിൽ ഒരു യുക്തി രാഹിത്യമുള്ളതുകൊണ്ടും അത് വിദ്യാഭ്യാസത്തിന്റെ വാണിജ്യവത്കരണം പ്രോത്സാഹിപ്പിക്കുമെന്നുള്ളകൊണ്ടുകൂടിയാണ് ഞങ്ങൾ എതിർത്തത്. വിദ്യാഭ്യാസത്തിന്റെ വാണിജ്യവത്ക്കരണത്തിന്റെ ഓരോ സന്ദർഭം വരുമ്പോഴും ഗവൺമെന്റ് വല്ലാതെ പതറുന്നതിന്റെ ലക്ഷണമാണ് കഴിഞ്ഞ ദിവസങ്ങളൊക്കെ നമ്മൾ കണ്ടത്. അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന രണ്ടരലക്ഷത്തോളം വരുന്ന അദ്ധ്യാപകരുടെ

മിനിമം വേതനത്തെ സംബന്ധിച്ചൊരു ശ്രദ്ധ ക്ഷണിക്കൽ ഞാൻ കൊണ്ടു വരികയുണ്ടായി. അതിനു മറുപടിയായി വിദ്യാഭ്യാസ വകുപ്പ് മന്ത്രി പറഞ്ഞത്, കേരളത്തിൽ മൂവായിരത്തോളം വരുന്ന സ്കുളുകളിലെ അദ്ധ്യാപ കർക്ക് മാന്യമായ ഒരു വേതനം കിട്ടുമെന്ന് ഉറപ്പുവരുത്തുവാൻ ഒരു നിയമ നിർമ്മാണത്തിന്റെ ആവശ്യമേയില്ലെന്നാണ്. ഗവൺമെന്റിന്റെ പരിഗണനയിൽ അതില്ല. വരേണ്യരായ വിദ്യാർത്ഥികൾ പഠിക്കുന്ന ഈ സ്കൂളുകളിലെ അവർണ്ണരായ അദ്ധ്യാപകരെ സംരക്ഷിക്കാൻ സർക്കാർ തയ്യാറല്ല. എന്നാൽ ഈ സ്ഥാപനങ്ങളുടെ ഉടമസ്ഥന്മാരുടെ സാമ്പത്തിക താൽപര്യങ്ങൾ സംരക്ഷിക്കാൻ ഗവൺമെന്റ് തയ്യാറാണ്. അവിടെ നമ്മൾ അതുകണ്ടു. യൂത്ത് കമ്മീഷൻ ബിൽ ഇന്നലെ അതരിപ്പിച്ച് പാസ്സാക്കി. അത് പുരോഗ മനപരമായൊരു നടപടിയാണ്. യൂത്ത് കമ്മീഷൻ ബില്ലിന്റെ ഭേദഗതിയിൽ പലരും ആവശ്യപ്പെട്ടത് കേരളത്തിലെ വിദ്യാഭ്യാസ തൊഴിൽ മേഖലകളിലെ പീഡനങ്ങൾക്കും ചൂഷണങ്ങൾക്കുമെതിരായി ഇടപെടുന്ന ഒരു വേദിയായി അത് മാറണമെന്നാണ്. അതിന്റെ ഭാഗമായി സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപന ങ്ങളിലെ വിദ്യാഭ്യാസ വാണിജ്യവത്കരണത്തിൽ ഇടപെടാൻ കഴിയുന്നൊരു കമ്മീഷനായി മാറാൻ അതിന് സാധിക്കണം. ആ ഭേദഗതി അംഗീകരിക്കപ്പെ ട്ടില്ല. അതിനുപുറമെയാണ് കഴിഞ്ഞ വർഷം പരിശോധന നടത്തി ആവശ്യമായ മാനദണ്ഡങ്ങളില്ലായെന്ന് കണ്ട് അംഗീകാരം കൊടുക്കാൻ പറ്റില്ലെന്ന് പറഞ്ഞ് മാറ്റിവെച്ച ആയിരത്തോളം വരുന്ന അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അനുമതി നൽകാൻ വേണ്ടുന്ന പ്രത്യേകമായ പരിശ്രമമാണ് ഗവൺമെന്റ് ഇപ്പോൾ ആരംഭിച്ചിരിക്കുന്നത്. ഡി.ഇ.ഒ. ലെവലി ലുള്ള കമ്മിറ്റി പരിശോധന നടത്തി ഈ ഗവൺമെന്റ് തന്നെ നിശ്ചയിച്ച മാനദണ്ഡങ്ങൾക്ക് യോജിക്കുന്നില്ലായെന്ന് പറഞ്ഞ് ഒഴിവാക്കിയവരാണ്

അവർ. അവരിൽ നിന്ന് പ്രത്യേകമായി അപേക്ഷ ക്ഷണിച്ച് ഈ 1000 സ്കൂളുകൾക്ക് പെട്ടെന്നുതന്നെ അനുവാദം കൊടുക്കാൻ സർക്കാർ വിഷമിക്കുകയാണ്. പൊതു വിദ്യാഭ്യാസത്തിന്റെ അതിവിപുലമായ ഒരു ശൃംഖലയുള്ള കേരളത്തിൽ ഇങ്ങനെ ഒരു സംരക്ഷണം ഇവർക്ക് ആവശ്യമുണ്ടോ; ഇല്ലാത്ത ഒരു സംരക്ഷണമാണ്. അതുകൊണ്ടുകൂടിയാണ് ഞങ്ങൾ ഇതിനെ എതിർക്കുന്നത്. നഗരസഭകളെ വീർപ്പുമുട്ടിക്കുന്നതിന്റെ കൂട്ടത്തിൽ സംഭവിക്കുന്ന മറ്റൊരു കാര്യം, നഗരാസൂത്രണംകൂടി വഴിമുട്ടുന്നുണ്ട്. ടെസ്റ്റ് ഡോസ് പോലെ പരിശോധിക്കാവുന്ന ഒരു സ്ഥലമാണ് കൊച്ചി. ഇവിടെ യു.ഡി.എഫ്. അധികാരത്തിൽ വരുമ്പോൾ കൊച്ചിയിലൊരു സ്ട്രക്ച്ചറൽ പ്ലാൻ ഉണ്ടായിരുന്നു. ആ സ്ട്രക്ച്ചറൽ പ്ലാനിന്റെ ഭാഗമായി എഫ്.ഐ.ആർ. കണക്കാക്കുമ്പോൾ രണ്ട് എഫ്.ഐ.ആർ.-ൽ നിർത്തണമെന്നൊരു നിബന്ധനയുണ്ടായിരുന്നു. അത് ഒരു പരിശോധനയും ബാധകമാക്കാതെ ഏകപക്ഷീയമായി അത് നാല് എഫ്.ഐ.ആർ. ആക്കിയത് ആർക്കുവേണ്ടിയാണ്. കൊച്ചി മാത്രമല്ല ലോകത്തെ എല്ലാ വൻ നഗരങ്ങൾക്കും മാസ്റ്റർ പ്ലാനുകൾ വേണം. മാസ്റ്റർ പ്ലാനുകൾ ഇന്നേയ്ക്കോ നാളേയ്ക്കോ ഉള്ളതല്ല, ദീർഘകാലത്തേയ്ക്ക് ആവശ്യമുള്ള ഒരു പദ്ധതിയാണ്. കൊച്ചി നഗരത്തിന് 1970 മുതൽ മാസ്റ്റർ പ്ലാനുണ്ട്. ആ മാസ്റ്റർ പ്ലാനിനെ കൂടുതൽ പുഷ്ടീകരിച്ച് ഭാവിയിലേയ്ക്കുള്ള സാദ്ധ്യതകൾ പരിശോധിച്ച് തയ്യാറാക്കിയതാണ് 2004-ലെ മാസ്റ്റർ പ്ലാൻ. 2004-ലെ മാസ്റ്റർ പ്ലാൻ പബ്ലിഷ് ചെയ്തിട്ട് മൂന്ന് വർഷം കഴിഞ്ഞിട്ടും സർക്കാർ അതുസംബന്ധിച്ച് യാതൊരു നിലപാടും സ്വീകരിക്കുന്നില്ല. ആ മാസ്റ്റർ പ്ലാൻ പ്രസിദ്ധീകരിക്കുകയും അത് നോട്ടിഫൈ ചെയ്യുകയും ചെയ്താൽ ഒരു പക്ഷെ ആഗ്രഹിക്കുന്നതുപോലെയുള്ള ഇളവുകൾ

നൽകാൻ സാധിക്കുകയില്ലെന്നുള്ള ഭയം കൊണ്ടായിരിക്കാം ഗവൺമെന്റ് ഈ സമീപനം സ്വീകരിക്കുന്നത്. നഗരവികസനം, നഗരാസൂത്രണം എന്ന് പറയുന്നത് ഇഷ്ടാനിഷ്ടങ്ങളുടെ അടിസ്ഥാനത്തിലായിക്കൂടാ. ഒരു ഉദാഹരണം മാത്രം ഞാൻ പറയാം, കൊച്ചി കോർപ്പറേഷനിലെ വടുതല – പച്ചാളം ജിദ്ദാ റോഡ് 22 മീറ്റർ വീതിയാണ് ഉണ്ടായിരുന്നത്. അത് 7 മീറ്ററിലേയ്ക്ക് ചുരുക്കാൻ ഈ ഗവൺമെന്റ് അനുമതി കൊടുത്തു. ഇത്തരത്തിലുള്ള വഴിവിട്ട ഇളവുകൾക്ക് സഹായകരമായ നിലപാടുകൾ സ്വീകരിക്കുവാൻ കഴിയുമെന്നുള്ളതുകൊണ്ടാണ് മാസ്റ്റർ പ്ലാനിന്റെ കാര്യം വരുമ്പോൾ ഗവൺമെന്റ് നിശ്ശബ്ദത പാലിക്കുന്നത്. തന്നിഷ്ടം പോലെ മാറ്റി വരയ്ക്കാം, അനുമതികൾ നൽകാം, അനധികൃതമായി നൽകിയ കെട്ടിടങ്ങൾ റഗുലറൈസ് ചെയ്ത് കൊടുക്കാം. വലിയ ആക്ഷേപമാണ് ഉയർന്നുവന്നത്. ക്രമവിരുദ്ധമായി കെട്ടിടം കെട്ടിയ ആളുകൾക്ക് എന്തിന്റെയടിസ്ഥാനത്തിലാണ് അതൊക്കെ ക്രമീകരിച്ചുകൊടുക്കുന്നത്. പൊതുവെ അനധികൃത കെട്ടിട നിർമ്മാതാക്കളെ സഹായിക്കുന്ന ഒരു സമീപനം ഈ ഗവൺമെന്റ് സ്വീകരിച്ചതിന്റെ ഫലമായിട്ടാണ് ഈ കെട്ടിടങ്ങളൊക്കെ റഗുലറൈസ് ചെയ്യേണ്ടി വന്നത്. മാസ്റ്റർ പ്ലാനുണ്ടെങ്കിൽ ഇതിന് ബുദ്ധിമുട്ടുണ്ടാകും. ഇത് മാത്രമല്ല, നഗരാസൂത്രണത്തിന്റെ ഭാഗമായിട്ട് വ്യത്യസ്ത തലത്തിലുള്ള ഒഫീഷ്യൽസിന്റെ സഹായം നഗരസഭകൾക്ക് ലഭ്യമാകുന്നതിന് ഗവൺമെന്റ് മാന്യമായ നിലപാട് സ്വീകരിക്കുന്നില്ല. ഒരു ടൗൺ പ്ലാനിംഗ് ഓഫീസർ, ഓവർസിയറായിട്ട് വർഷങ്ങളോളം ജോലി ചെയ്ത് കയറിവരുന്ന ഒരാളാണ് പലപ്പോഴും പല നഗരസഭകളിലും വലിയ കോർപ്പറേഷനുകളിലും ഉൾപ്പെടെ ടൗൺ പ്ലാനിംഗ് ഓഫീസർമാരായി വരുന്നത്. അവർക്ക് അർബൻ പ്ലാനിംഗിന്റെ പ്രാഥമിക ധാരണ പോലുമില്ലാത്തവ

രാണ്. അർബൻ പ്ലാനിംഗിന്റെ പ്രാഥമിക ധാരണയില്ലാത്ത, പ്രമോഷനിലൂടെ കയറിവരുന്ന ഒരു ഉദ്യോഗസ്ഥനാണ് കേരളത്തിലെ കോർപ്പറേഷനുൾപ്പെടുന്ന നഗരങ്ങളിലെ വലിയ ആസൂത്രണത്തിന് നേതൃത്വം കൊടുക്കേണ്ടത്. ഗവൺമെന്റ് ഇന്നേവരെ അത് പരിഗണിച്ചിട്ടില്ല. ഫിനാൻസ് മാനേജരില്ല, ചാർട്ടേർഡ് അക്കൗണ്ടന്റില്ല. വകുപ്പ് തലവന്മാരിൽ പലരും അതീവ ദുർബലരും ഈ മേഖലകളിൽ ഇടപെടാനുള്ള ശേഷിയും കരുത്തും ഇല്ലാത്തവരുമാണ്. ഇതേ അവസ്ഥതന്നെ ഇടത്തരം നഗരങ്ങളിലുണ്ട്. അവിടെ ഒരു അസിസ്റ്റന്റ് എഞ്ചിനീയറാണുള്ളത്. അദ്ദേഹത്തെ സഹായിക്കാൻ രണ്ടോ മൂന്നോ ഓവർസിയർമാരുണ്ടാകും. അവരുടെ തലയിൽ തുമ്പിയെക്കൊണ്ട് കല്ലെടുപ്പിക്കുന്നതുപോലെ അവർക്കറിയാത്ത, അവർക്ക് യോജിക്കാൻ പറ്റാത്ത എവിടെയും സഞ്ചരിച്ചിട്ടില്ലാത്ത കുറച്ച് ഉദ്യോഗസ്ഥരുമാണുള്ളത്. അവർ നടത്തുന്ന ആസൂത്രണമാണ് പലപ്പോഴും നഗരങ്ങളിൽ നടക്കുന്നത്. ഇത് ഗൗരവത്തോടുകൂടി പരിശോധിച്ച് നഗരാസൂത്രണമെന്നത് പ്രധാനപ്പെട്ട ഒരു മേഖലയാണെങ്കിൽ ഗവൺമെന്റ് ആ മേഖലയിൽ ഇടപെടാൻ തയ്യാറാകണം. അതുപോലെതന്നെ, ഈ റോഡുവികസനം, വിവിധങ്ങളായ ആസൂത്രണങ്ങളും പദ്ധതികളും നിർവ്വഹിച്ച നഗരസഭകൾ കേരളത്തിലുണ്ട്. കൊച്ചിയിൽതന്നെ ഒരു റോഡുകമ്മിറ്റി അവർ ആസൂത്രണം ചെയ്തതാണ്. 8 മീറ്ററിൽ നിന്ന് 22 മീറ്റർ വരെ വീതി ലഭിക്കാനുള്ള പദ്ധതികൾ അവർ ആസൂത്രണം ചെയ്തു. സ്ഥലം വിട്ടുകൊടുക്കുന്നതിനനുസരിച്ച് എഫ്.ഐ.ആർ.-ൽ ഇളവ് കൊടുക്കാൻ വേണ്ടിയുള്ള തീരുമാനമെടുത്തു. അതിന്റെയൊക്കെ ഭാഗമായി ജനങ്ങളുടെ സഹകരണത്തോടുകൂടി അവരെ ബോദ്ധ്യപ്പെടുത്തികൊണ്ടുള്ള നഗരവികസനത്തിലേയ്ക്ക് മുന്നോട്ടുപോകുവാൻ

സാധിച്ചു. പക്ഷെ അത് ഗവൺമെന്റ് പൂർണ്ണമായിട്ടും ഫ്രീസ് ചെയ്യുകയും ഗവൺമെന്റ് അപ്രൂവ്ഡ് സ്കീമുകൾക്ക് മാത്രമെ അത് ലഭിക്കുവെന്നുള്ള നിലപാട് ഇപ്പോൾ സ്വീകരിക്കുകയും ചെയ്തിരിക്കുകയാണ്. യഥാർത്ഥ ത്തിൽ പ്രാദേശികമായ പ്രശ്നങ്ങളെക്കുറിച്ചറിയുന്ന പ്രാദേശിക വികസന സാദ്ധ്യതകളെക്കുറിച്ച് അറിവുള്ള പ്രാദേശിക നേതൃത്വത്തിന്റെ ഭാഗമായുള്ള നഗരവികസന പദ്ധതികളാണ് നഗരസഭകൾ ആസൂത്രണം ചെയ്യുക. അതു കൊണ്ട് നഗരസഭകൾ നേരിട്ട് ചെയ്യേണ്ട ഈ പദ്ധതി ഇങ്ങനെ പിടിച്ചെടുക്കു ന്നത് അധികാര വികേന്ദ്രീകരണമല്ല, അധികാരത്തിന്റെ അമിതമായ കേന്ദ്രീക രണമാണ്. ഇവിടെ നഗരവികസന പ്രക്രിയകളുടെ ഭാഗമായി ലഭിക്കുന്ന രണ്ട് പ്രധാനപ്പെട്ട പദ്ധതികളാണ് കെ.എസ്.യു.ഡി.പി., ജെ.എൻ.എൻ.യു.ആർ.എം. ആ ഫണ്ടുകളിൽ എന്താണ് സംഭവിച്ചത്. അതിന്റെ എല്ലാ പ്രൊസീജിയറും പൂർത്തീകരിച്ചു. ഞാൻ മനസ്സിലാക്കുന്നത് 471 കോടി രൂപയാണ് ജെ.എൻ. എൻ.യു.ആർ.എം.ന് കിട്ടിയത്. അതിൽ 37 കോടി രൂപ മാത്രമാണ് ചെലവഴി ക്കപ്പെട്ടത്. എന്താണ് സംഭവിക്കുന്നത്; ആരാണ് ഇതിന്റെ ഉത്തരവാദി. ഈ ജെ.എൻ.എൻ.യു.ആർ.എം.ന്റെ ഭാഗമായിട്ടുള്ള പദ്ധതികൾ നടപ്പിലാകാതെ പോകുന്നത് എന്തുകൊണ്ടാണ്; എല്ലാ പദ്ധതികളും പൂർത്തീകരിച്ചിട്ടും അത് പ്രയോഗവത്കരിക്കാൻ കഴിയാതിരിക്കുന്നതിന്റെ തടസ്സം ഞാൻ നേരത്തെ പറഞ്ഞ സാങ്കേതിക സംവിധാനങ്ങളുടെയും സാങ്കേതിക വിദഗ്ദ്ധന്മാരുടെ സഹായവും ഗവൺമെന്റിന്റെ ഇച്ഛാശക്തിയില്ലായ്മയുമാണ്. സ്വീവേജ് പദ്ധ തികൾ ഇന്ന് കേരളത്തിൽ മാത്രമാണ് യഥാർത്ഥ്യത്തിൽ ഇല്ലാത്തത്. ബഹു മാനപ്പെട്ട മന്ത്രി ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ സഞ്ചരിച്ച് പല വിപുല മായ സ്വീവേജ് നെറ്റ് വർക്കിനെപ്പറ്റി പരിചയമുള്ള ആളാണ്. അദ്ദേഹം ഞങ്ങ

ളെത്തന്നെ ഇൻഡ്യയുടെ പല സ്ഥലങ്ങളിലൊക്കെ യാത്രയയച്ചിട്ടുണ്ട്. പക്ഷെ അദ്ദേഹം കേരളത്തിലെവിടെയെങ്കിലും ഒരു സ്വീവേജ് നെറ്റ്വർക്കിനെയും പ്ലാന്റിനെയും കുറിച്ച് ഗൗരവത്തോടുകൂടി ആലോചിച്ചി ട്ടുണ്ടെന്ന് തോന്നുന്നില്ല.

കേരളത്തിൽ മാത്രമാണ് വിപുലമായ സ്വീവേജ് നെറ്റ്വർക്കും പ്ലാന്റുമി ല്ലാത്ത നഗരങ്ങളുള്ളത്. യഥാർത്ഥത്തിൽ തിരുവനന്തപുരത്തും കൊച്ചി യിലുമുള്ള ചെറുകിട നഗരങ്ങളിൽ ഇത് ആസൂത്രണം ചെയ്യേണ്ടതാണ്. ഉദ്യോഗസ്ഥ സംവിധാനം ഇല്ലാത്തതുകൊണ്ട് കെ.എസ്.യു.ഡി.പി. യുടെയും ജൻറം പദ്ധതിയുടെയും ഭാഗമായി ചെയ്യാൻ കഴിയുന്ന സ്വീവേജ് നെറ്റ്വർക്ക്, ട്രീറ്റ്മെന്റ് പ്ലാന്റ് ഉൾപ്പെടെയുള്ള  കാര്യങ്ങൾ നടപ്പാക്കാതെയിരിക്കുകയാണ്. യഥാർത്ഥത്തിൽ ഖരമാലിന്യ സംസ്കരണം പോലെ പ്രയാസപ്പെടുന്ന മേഖല യല്ലിത്.  അത്രയധികം ജനകീയമായ എതിർപ്പ് വരാൻ  സാദ്ധ്യതയുള്ള കാര്യമല്ല. വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് ഉൾപ്പെടെയുള്ള കാര്യങ്ങൾ നഗരസഭ എങ്ങനെ നടപ്പിലാക്കും? എല്ലാ ആധുനിക നഗരങ്ങളിലും ഇത്തരം സംവിധാ നങ്ങളുണ്ട്. നഗരസഭകളിലെ രണ്ടോ മൂന്നോ സാങ്കേതിക വിദഗ്ദ്ധരെ ഏൽപ്പി ച്ചിട്ട് നിങ്ങൾ നടത്തിക്കോയെന്ന് പറയുകയല്ല വേണ്ടത്. കമ്പനി രൂപീകരി ക്കാൻ ഗവൺമെന്റ് മത്സരിക്കുകയും ആഗ്രഹിക്കുകയുമാണ്. തിരുവനന്ത പുരം നഗരത്തിലെ ഭവനനിർമ്മാണത്തിന് വേഗത കൂട്ടാൻ വേണ്ടിയാണ് കുടുംബശ്രീ മോണിറ്റർ ചെയ്തിരുന്ന ഭവന നിർമ്മാണ പദ്ധതികൾ കമ്പനി ഉണ്ടാക്കി കൈമാറ്റം ചെയ്യുന്നതെന്ന് ഇവിടെ സൂചിപ്പിച്ചത് മുഖവിലയ്ക്കെടു ക്കാമെങ്കിലും കേരളത്തിൽ പ്രായോഗികമായി ആവശ്യമില്ലാത്ത  കാര്യമാ ണത്. യഥാർത്ഥത്തിൽ കമ്പനി രൂപീകരണവും  സാങ്കേതിക  സഹായങ്ങളും

വേണ്ടത് സ്വീവേജ് നെറ്റ്‌വർക്ക് ഉണ്ടാക്കാനും അതിന്റെ തുടർ പ്രവൃത്തികൾക്കുമാണ്. കേരളത്തിൽ ഗവൺമെന്റ് ഗൗരവത്തോടെ മോഡൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകളും സ്വീവേജ് നെറ്റ്‌വർക്കുകളും ഉണ്ടാക്കാൻ ശ്രമിക്കണം. അതിനായി ചെറിയ നഗരങ്ങളും വലിയ നഗരങ്ങളും ഉൾപ്പെടുന്ന 10 നഗരങ്ങളെ തെരഞ്ഞെടുക്കണം. ഇന്ന് ആവശ്യമില്ലെങ്കിലും ഭാവിയിലേയ്ക്ക് കൂടിയുള്ള കണക്കെടുത്ത് 25 വർഷത്തിനപ്പുറമുള്ള കേരളത്തിലെ നഗരങ്ങളുടെ വികാസത്തെ കണ്ടുകൊണ്ട് പദ്ധതി ആസൂത്രണം ചെയ്യണം. പണം ചെലവഴിക്കാതെ കളയുകയല്ല, ഇതിനുവേണ്ടി വിനിയോഗിക്കുകയാണ് വേണ്ടത്. അങ്ങനെ മാതൃകകൾ സൃഷ്ടിക്കാൻ നമുക്ക് കഴിയണം. അതുപോലെ മാലിന്യ സംസ്കരണത്തെ സംബന്ധിച്ച് കഴിഞ്ഞ എത്രയോ സമ്മേളനങ്ങളിൽ ചർച്ച ചെയ്തതാണ്. ബഹുമാനപ്പെട്ട മന്ത്രി അതിന് മുൻകൈ എടുക്കുന്നുണ്ട്. കഴിഞ്ഞ ദിവസം സഖാവ് വി. ശിവൻകുട്ടി സൂചിപ്പിച്ചതുപോലെ, ഫലം കാണുന്നില്ല. നല്ല പ്രതീക്ഷയോടെ ആരംഭിച്ച പദ്ധതിയാണ് കൊച്ചിയിൽ 33 ഏക്കർ സ്ഥലത്ത് സ്ഥാപിച്ച ബ്രഹ്മപുരം മാലിന്യ പ്ലാന്റ്. ആ മേഖലയിൽ എന്താണ് ഈ ഗവൺമെന്റ് നടത്തിയത്? കൊച്ചിയിൽ ബ്രഹ്മപുരത്ത് മാലിന്യ പ്ലാന്റ് ആരംഭിക്കുമ്പോൾ അവിടെ വെറ്റ്ലാന്റും കരഭൂമിയുമുണ്ടായിരുന്നു. കോടതി ഇടപെട്ടാണ് വെറ്റ്ലാന്റ് ഫിൽ ചെയ്ത് പ്ലാന്റ് പെട്ടെന്ന് തുടങ്ങണമെന്ന് പറഞ്ഞത്. അത് കഴിഞ്ഞ 5 കൊല്ലമായി പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ആ മാലിന്യ പ്ലാന്റിനെ ഭംഗിയായി വികസിപ്പിക്കാൻ 100 കോടി രൂപയാണ് എൽ.ഡി.എഫ്. ഗവൺമെന്റ് കൊടുത്തത്. 100 കോടി രൂപ ഉപയോഗിച്ച് എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് അതിനുചുറ്റുമുള്ള 67 ഏക്കർ സ്ഥലം എടുത്തു. അങ്ങനെ ഒരു പ്രദേശത്തെ ആളുകൾ പണം

വാങ്ങി സന്തോഷമായി പിരിഞ്ഞുപോയി. അവരുടെ ഡിമാന്റ് തന്നെ നമ്മുടെ ഭൂമി വിട്ടുതരാം, മാന്യമായ പണം കിട്ടണമെന്നുള്ളതായിരുന്നു. അവർ ആഗ്ര ഹിച്ചതോ അതിലധികമോ പണം കൊടുത്ത്, 100 കോടി രൂപ മുടക്കി 67 ഏക്കർ സ്ഥലം ഏറ്റെടുത്ത് മലിന്യ പ്ലാന്റ് സ്ഥാപിക്കാൻ ശ്രമിക്കുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തു. എറണാകുളം ജില്ലയിലെ ആലുവ, കളമശ്ശേരി ഉൾപ്പെടെയുള്ള പല ചെറുകിട നഗരങ്ങളുടെയും മാലിന്യങ്ങൾ പോലും അവർ ശേഖരിക്കുകയാണ്. മാലിന്യ പ്ലാന്റിന്റെ പരിസര പ്രദേശ ങ്ങൾ വൃത്തിയാക്കുന്നതിന് ആവശ്യമായിട്ടുള്ള സ്ഥലം അവിടെയുണ്ട്. ആര്യ വേപ്പ് മുതൽ മുല്ലപ്പൂ വരെ വേണമെന്നാണ് പ്രൊജക്റ്റിൽ പറയുന്നത്. സാനി ട്ടറി ലാന്റ്, ഇൻസിനറേറ്റർ, ആർ.ഡി.എഫ്. പ്ലാന്റ് തുടങ്ങിയവയ്ക്കെല്ലാം സ്ഥലം വേണം. ഇതിനെല്ലാം പ്ലാൻ ചെയ്തിട്ടുള്ള, എല്ലാ നഗരസഭകളുടെയും വേസ്റ്റ് എടുക്കാൻ ശേഷിയുള്ള ഈ പ്ലാന്റ് ഗവൺമെന്റ് നേരിട്ട് ഏറ്റെടുക്കാൻ ശ്രമിക്കുകയാണ്. എന്താണ് അതിന്റെ ആവശ്യം? നഗരസഭയെ സഹായിച്ച് മുന്നോട്ട് പോകുന്നതിനുപകരം രണ്ട് കൊല്ലം ഗവൺമെന്റ് ഏറ്റെടുക്കാൻ വേണ്ടി വാശി കാണിച്ച്, വൈകിപ്പിച്ച് എവിടെയും എത്താതെ വഴിയിൽ കിടക്കുന്ന സ്ഥിതിയാണ്. 2011-ൽ സർക്കാർ ഒറ്റയ്ക്ക് ചെയ്യുമെന്ന പ്രഖ്യാ പനം നടത്തി. യഥാർത്ഥത്തിൽ പഴയ പ്ലാന്റ് പരിഷ്കരിച്ച് ചില പദ്ധതികൾ നടത്താൻ അവർക്ക് ആഗ്രഹമുണ്ടായിരുന്നു. ഞങ്ങൾ ഏറ്റെടുത്ത് നടത്താൻ പോകുന്നതുകൊണ്ട് ഇപ്പോൾ യാതൊരു പരിഷ്കരണവും പാടില്ലെന്ന നില പാട് ഗവൺമെന്റ് സ്വീകരിച്ചതുകൊണ്ട് 2011 മുതൽ അവിടെ ഒരു റിപ്പയ റിംഗും നടന്നിട്ടില്ല. റിപ്പയർ നടന്നതുമില്ല, പുതിയത് വന്നതുമില്ല. ആർക്കുവേ ണ്ടിയാണ് ഇത്തരത്തിലുള്ള സമീപനം സ്വീകരിക്കുന്നത്. ഇത്തരം പദ്ധതിക

ളിലെല്ലാം കാണുന്ന പ്രവണത അധികാരത്തിന്റെ വികേന്ദ്രീകരണമല്ല, അധികാരത്തിന്റെ കേന്ദ്രീകരണമാണ്; അതിന്റെ പരാജയമാണ് കാണുന്നത്. കൺകറന്റ് ലിസ്റ്റായതുകൊണ്ട് 95 ശതമാനം ഇടത്തരം നഗരസഭകളും വലിയ പ്രയാസത്തിലാണ്. ചെറിയ കാര്യങ്ങൾക്കുപോലും ഗവൺമെന്റിന്റെ അനുമതി വേണം. പ്രാദേശിക സർക്കാർ എന്നത് അധികാരം പങ്കുവയ്ക്കുന്ന കാര്യത്തിൽ വരുമ്പോൾ പതർച്ച വരുന്നുണ്ട്. അധികാരവും വിനിയോഗിക്കാനാവശ്യമായ സമ്പത്തും താഴേയ്ക്ക് കൊടുക്കുക. വീണ്ടും അധികാര വികേന്ദ്രീകരണ പ്രക്രിയയിലേയ്ക്ക് നേതൃത്വം കൊടുക്കുകയാണെന്ന് പറയുന്നതു അത്ര എളുപ്പമല്ല. ജനകീയാസൂത്രണ പദ്ധതി വന്നതോടുകൂടി ഉണ്ടായ അധികരങ്ങളും ചുമതലകളും അതേപോലെ കൂടുതൽ വിപുലീകരിക്കുന്നതിനു പകരം പരമാവധി അധികാരം ഇങ്ങോട്ട് പിടിക്കുന്നതെന്നുള്ള ആലോചനയാണ് ഇപ്പോൾ നടക്കുന്നത്. ആവശ്യമായ ഉദ്യോഗസ്ഥരെ നഗരസഭകൾക്ക് നൽകുന്നില്ല. നേരത്തെ സൂചിപ്പിച്ചതുപോലെ, സാങ്കേതിക വിഭാഗത്തിൽ ആവശ്യമായ ഉദ്യോഗസ്ഥന്മാരില്ല. പദ്ധതി അംഗീകാരത്തിനായി ടി.എ.ജി. (ടെക്ക്നിക്കൽ അഡ്വൈസറി ഗ്രൂപ്പ്) എന്ന കമ്മിറ്റി ഉണ്ടായിരുന്നു. ഈ ഗവൺമെന്റ് അത് പിരിച്ചുവിട്ടു. പിരിച്ചുവിട്ടപ്പോൾ പറഞ്ഞത്, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ അധികാരങ്ങൾ കവരുന്ന സാങ്കേതിക സ്ഥാപനങ്ങൾ തെറ്റാണെന്നാണ്. ആ സാങ്കേതിക സ്ഥാപനങ്ങളെ പിരിച്ചുവിട്ട ഗവൺമെന്റ് പിന്നീടത് അപ്രൂവ് ചെയ്യാൻ ജില്ലാതല ആഫീസർമാരെ നിയോഗിച്ചു. അവർക്ക് പലപ്പോഴും ആ പ്രദേശത്ത് എന്താണ് നടക്കുന്നതെന്നറിയില്ല. പ്രാദേശിക ആവശ്യങ്ങളെക്കുറിച്ച് അവർക്ക് യാതൊരു അറിവുമില്ല. ബ്ലോക്ക് തലത്തിൽ അംഗീകാരം കിട്ടിയിരുന്ന പദ്ധതികൾക്ക് ഇപ്പോൾ അംഗീകാരത്തി

നായി ജില്ലാ ഉദ്യോഗസ്ഥനെ സമീപിക്കണം. ആ ഉദ്യോഗസ്ഥന് ബോദ്ധ്യമാകാത്ത പദ്ധതിതന്നെ ഒഴിവാക്കേണ്ട സ്ഥിതിഗതികൾ വരുന്നു. നഗരസഭകൾ ആസൂത്രണം ചെയ്യുന്ന പ്രാദേശികമായ സാദ്ധ്യതകളുള്ള പ്രവൃത്തികൾക്ക് അംഗീകാരം കൊടുക്കാൻ, നഗരങ്ങളുമായി യാതൊരു ബന്ധവുമില്ലാത്ത ജില്ലാ ഉദ്യോഗസ്ഥന്റെ കാൽക്കൽ വീഴേണ്ട ഗതികേട് ഈ ഗവൺമെന്റ് കൊണ്ടുവന്നു. കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ഇതേ സ്ഥിതി വരികയാണ്. എഞ്ചിനീയറിംഗിനാണ് പദ്ധതി നടപ്പിലാക്കേണ്ട ബാദ്ധ്യത. സാങ്കേതിക വൈദഗ്ദ്ധ്യത്തിന്റെ കുറവുകൊണ്ട് പദ്ധതികൾ ഇഴയുകയും പലതും നടപ്പിലാക്കാൻ കഴിയാതെയും ഫണ്ട് കെട്ടിക്കിടക്കുന്ന സ്ഥിതിയുമുണ്ട്. എന്നാൽ ഓഡിറ്റിംഗ് നടത്താൻ ചീഫ് ടൗൺ പ്ലാനറുടെ കീഴിലുള്ള ഉദ്യോഗസ്ഥന്മാരെ പറഞ്ഞയയ്ക്കും. പദ്ധതി നടപ്പിലാക്കാൻ അവരുടെ സഹായം ലഭ്യമല്ല. ഓഡിറ്റിംഗ് നടത്തി ഭീഷണിപ്പെടുത്താനും പീഡിപ്പിക്കാനും ചീഫ് ടൗൺ പ്ലാനറുടെ ഉദ്യോഗസ്ഥരുണ്ട്. അവർ വലിയ അഭിപ്രായങ്ങൾ എഴുതിവച്ച് പോകും. അത് വേണ്ടെന്നല്ല ഞാൻ പറയുന്നത്. ഓഡിറ്റിംഗ് നടത്താൻ കാണിക്കുന്ന ഔൽസുക്യം പദ്ധതി നടപ്പിലാക്കാൻ വേണ്ട ഇടപെടലിലും കൂടി ഉണ്ടാകണം. കണക്കുകൾ സൂക്ഷിക്കുന്നതിനും അത് അപ്ഡേറ്റ് ചെയ്യുന്നതിനും ഒരു അക്കൗണ്ട് വിംഗ് പല നഗരസഭകൾക്കുമില്ല. പഞ്ചായത്തുകളിലും ബ്ലോക്കുകളിലും അക്കൗണ്ടന്റും അസിസ്റ്റന്റ് സെക്രട്ടറിയുമുണ്ട്. യഥാർത്ഥത്തിൽ അത് നിർവ്വഹിക്കപ്പെടുന്നില്ല. ഇത്തരത്തിൽ വാഹനങ്ങൾ വാങ്ങാനുള്ള അനുമതിയെക്കുറിച്ച് പല നഗരസഭകളും പരാതി പറയുന്നു. ചില നഗരസഭകൾക്ക് അനുവാദം കൊടുക്കുന്നു, ചിലതിന് അനുവാദം കൊടുക്കുന്നില്ല. അതിന് പ്രത്യേകിച്ച് മാനദണ്ഡമൊന്നുമില്ല. ആവശ്യം പരിഗണിക്കാതെ, ഇച്ഛയ്ക്കും ഇഷ്ടത്തിനും അനുസരിച്ച് അനുമതി കൊടുക്കുകയും കൊടു

ക്കാതിരിക്കുകയും ചെയ്യുന്നത് ഗവൺമെന്റ് വ്യക്തമാക്കേണ്ടതുണ്ട്. ഷെഡ്യൂൾഡ് കാസ്റ്റ് ഫണ്ട് നഗരസഭകളിൽ ചെലവഴിക്കാത്ത സ്ഥിതി വലിയ തോതിൽ വളർന്നുവരികയാണ്. അനാവശ്യമായ നിയന്ത്രണങ്ങൾ അവിടെ അടിച്ചേൽപ്പിക്കുന്നത് ഇതിന്റെ ഭാഗമായിട്ടാണ്. എസ്.സി. കോളനി റോഡിനു പോലും അനുമതി വേണം. 5 സെന്റ് കോളനികൾ രൂപീകരിക്കുമ്പോൾ അവിടെ വലിയ റോഡൊന്നും ആസൂത്രണം ചെയ്തിട്ടില്ല. 5 സെന്റ് വീടുകളിൽ താമസിക്കുന്നവർക്ക് പല സ്ഥലത്തും നടപ്പാതയാണുള്ളത്. ആ നടപ്പാതയിൽ ഒന്നും ചെയ്യാൻ പാടില്ല. കുന്നുംപുറത്തുള്ള കോളനികളിലേയ്ക്ക് പോകണമെങ്കിൽ വീതി കുറഞ്ഞ റോഡൊന്നും ചെയ്യാൻ പാടില്ലെന്ന് പറഞ്ഞ് ഫണ്ട് ഉള്ളപ്പോൾ പോലും പാവപ്പെട്ട പട്ടികജാതിക്കാർക്ക് അത് ഉപയോഗിക്കാൻ പറ്റാത്ത സ്ഥിതി വരുന്നു. എസ്.സി.ഡി.ഒ. നഗരസഭയിലില്ല. ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥനാണ് നഗരസഭകളുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ. അദ്ദേഹം തന്റെ ജോലി മുഴുവൻ കഴിഞ്ഞ് ഒഴിവുള്ളപ്പോൾ മാത്രം നഗരസഭകളെ സഹായിക്കുന്നതിന്റെ ഭാഗമായി കൂടിയാണ് എസ്.സി. ഫണ്ട് കെട്ടിക്കിടക്കുന്നത്. ഇങ്ങനെയുള്ള വ്യത്യസ്തമായ നിലപാടുകൾ സ്വീകരിച്ച് കേരളത്തിലെ നഗരാസൂത്രണമല്ല, നഗരാസൂത്രണത്തിന്റെ തടസ്സമാണ് ഇപ്പോൾ നടക്കുന്നത്. ഇതിന്റെ കൂട്ടത്തിലാണ് കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായിട്ടുള്ള ചില ചട്ടങ്ങളിൽ ഗവൺമെന്റ് സ്വീകരിച്ച നടപടി പറയേണ്ടത്. കഴിഞ്ഞ ദിവസം ശ്രീ. കെ. വി. വിജയദാസിന്റെ ഭേദഗതികൾ പരിശോധിക്കുയുണ്ടായി. ആർക്ക് വേണ്ടിയാണ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ഭേദഗതി ചെയ്തത്? അതിനുമുകളിൽ 22 ഭേദഗതികൾ ശ്രീ. കെ. വി. വിജയദാസ് കൊണ്ടുവന്നു. ഒന്നുപോലും സ്വീകരിച്ചില്ല. ലക്കും ലഗാനുമില്ലാതെ നിയമവി

രുദ്ധമായും ആസൂത്രണ വിരുദ്ധമായും കെട്ടിടങ്ങൾ പണിതുയർത്തിയ ഫ്ളാറ്റ് മാഫിയകളുടെ തൃപ്തിക്കുവേണ്ടിയാണ് ചെയ്തതെന്നുള്ളതാണ് വാസ്തവം. അത് ഗൗരവമായ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. ഞാൻ അതിന്റെ വിശദാംശങ്ങൾ പറയുന്നില്ല. തുറസ്സായ സ്ഥലത്ത് 5 ശത മാനം വരെ നികുതി ഇളവ് നൽകാൻ സെക്രട്ടറിക്ക് അധികാരുമണ്ട്.

നമുക്കെല്ലാപേർക്കുമറിയാം, നമ്മുടെ നാട്ടിൽ കെട്ടിട നിർമ്മാണം ഓരോ വർഷവും ഉയർന്നുകൊണ്ടിരിക്കുകയാണ്. ഇന്നലെ ശ്രീ. വി. ചെന്താമ രാക്ഷൻ ഇവിടെ പറയുകയുണ്ടായി, എവിടെ തിരിഞ്ഞൊന്നു നോക്കിയാലും അവിടെല്ലാം മനോഹരമായ വീടുകൾ മാത്രം. വീടുകളുടെയും കെട്ടിടങ്ങളു ടെയും വാഹനങ്ങളുടെയും ഒരു സംസ്ഥാനമായി കേരളം മാറുകയാണ്. ഓരോ വീട്ടിലും ഓരോ കാറുകൾ എന്ന നിലയിലേയ്ക്ക് വരികയാണ്. ഇതിന്റെ ഭാഗമായി ഉയർന്നുവരുന്ന കെട്ടിടങ്ങളിലേയ്ക്കുള്ള റോഡുകൾ, വാഹനങ്ങൾ പാർക്കു ചെയ്യാനുള്ള സ്ഥലം, ഇതൊക്കെ വളരെ അടിസ്ഥാന പരമായ ആവശ്യങ്ങളാണ്. ഇതൊന്നുമില്ലെങ്കിൽ പത്തോ പതിനഞ്ചോ വർഷം കൊണ്ട് നിശ്ചലമായി നിൽക്കുന്ന ഒരു ഭൂപ്രദേശമായി കേരളം മാറും. അതിന്റെ ഭാഗമായി, ഫ്ളാറ്റുകളുടെ മുന്നിൽ തുറന്ന തുറസ്സായ സ്ഥലങ്ങളു ണ്ടാകുകയെന്നുള്ളത് ഒരു മൗലീകമായ, പ്രാഥമികമായ കാര്യമാണ്. നികുതിയിൽ 5% ഇളവുകൊടുക്കാൻ സെക്രട്ടറിക്ക് അധികാരമുണ്ട്. 1999-ലെ മൂലനിയമത്തിൽ വിവിധ നിലകളിൽ മതിയെന്നതായിരുന്നു നിർദ്ദേ ശം. ആ നിർദ്ദേശത്തിന് മാറ്റം വരുത്തിയിട്ടാണ് 2009-ൽ ഭേദഗതി ചെയ്തത്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ബഹുമാനപ്പെട്ട പി. ശ്രീരാമകൃഷ്ണൻ, 20 മിനിട്ട് കഴിഞ്ഞു.

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ:</u> സർ, അഞ്ച് മിനിട്ടുകൊണ്ട് അവസാനിപ്പിക്കാം. ഞാൻ ഈ വിഷയത്തിന് പുറത്തുപോയിട്ടില്ല.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: അങ്ങ് സംസാരിക്കുന്ന വിഷയത്തെ സംബന്ധിച്ച് അഭിപ്രായ വ്യത്യാസമില്ല. ഈ ബില്ലിൽ മാത്രം സംസാരിക്കുന്നതിന് 9 പേരുണ്ട്, കൂടാതെ അടുത്ത് ഒരു ബില്ലു കൂടിയുണ്ട്.

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ:</u> സർ, ഞാൻ 5 മിനിട്ടുകൊണ്ട് പറഞ്ഞ് അവസാനിപ്പിക്കാം.

<u>മി. ഡെപ്യൂട്ടി സ്പീക്കർ:</u> ഇപ്പോൾത്തന്നെ 20 മിനിട്ട് കഴിഞ്ഞു. ഇനി 9 പേർ കൂടിയുണ്ട്.

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ:</u> സർ, ഞാൻ പറയട്ടെ. 2009-ൽ ഭേദഗതി ചെയ്ത ബിൽ പെട്ടെന്ന് ചട്ടങ്ങളാകെ മാറ്റിയത് ആരെ സഹായിക്കാനാണെന്ന് മനസ്സിലാകുന്നില്ല. നാഷണൽ ബിൽഡിംഗ് ബോർഡിന്റെ തീരുമാനപ്രകാരമാണ് 2009-ൽ വഴിയുടെ ദൂരത്തിന്റെ ഒന്നര മടങ്ങാക്കി ചുരുക്കിയത്. അതു വീണ്ടും പഴയതുപോലെ രണ്ടിരട്ടിയായി വർദ്ധിപ്പിക്കുന്ന സ്ഥിതിയുണ്ടായി. റോഡിന്റെ വീതി കുറച്ചു. വാഹന ബാഹുല്യം വരുന്ന കേരളത്തിൽ ഈ ഫ്ളാറ്റുകളിലേയ്ക്കും കെട്ടിടങ്ങളിലേയ്ക്കുമുള്ള റോഡിന്റെ വീതി കുറച്ചു മതിയെന്ന് തീരുമാനിക്കുക, തുറസ്സായ സ്ഥലങ്ങൾ വേണ്ടായെന്ന് തീരുമാനിക്കുക, 15 മീറ്റർ ഉയരമുള്ള കെട്ടിടങ്ങൾക്ക് 15 മീറ്റർ റോഡുവേണ്ട, 5.5 മീറ്റർ മതിയെന്ന് തീരുമാനിക്കുക..

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട പി. ശ്രീരാമകൃഷ്ണൻ, അങ്ങ് പറയുന്നതെല്ലാം ബിൽഡിംഗ് റൂൾസിനെപ്പറ്റിയാണ്. ബിൽഡിംഗ് റൂൾസല്ല ഇതിനകത്ത് വരുന്നത്. ചെയർ പറയുന്നത് ശ്രദ്ധിക്കണം. അങ്ങ് രേഖപ്പെടുത്തിയിരിക്കുന്നത് വിയോജനകുറിപ്പാണ്. ആ വിയോജന കുറിപ്പിനെക്കുറിച്ചല്ല അങ്ങ് സംസാരിക്കുന്നത്. അങ്ങ് സംസാരിക്കുന്നതു മുഴുവൻ ബിൽഡിംഗ് റൂൾസാണ്.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, ഇവിടെ സംസാരിക്കുന്നവരെല്ലാം ഇതു നോക്കിയിട്ടാണോ സംസാരിക്കുന്നത്; ബില്ലിനെക്കുറിച്ച് സംസാരിക്കുന്നവരെല്ലാം വിയോജനകുറിപ്പിന്റെ നാലുവരി മാത്രമാണോ സംസാരിക്കാറുള്ളത്?

മി. ഡെപ്യൂട്ടി സ്പീക്കർ: 9 പേർ ഈ ബില്ലിൽ സംസാരിക്കാനുണ്ട്. ഇതുകഴിഞ്ഞാൽ ഇനിയുമൊരു ബില്ലുണ്ട്.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, ഞാൻ അവസാനിപ്പിക്കാം കേൾക്കുന്നതിൽ ബുദ്ധിമുട്ടുണ്ടാകാൻ പാടില്ല, ആർക്കും ബുദ്ധിമുട്ടുണ്ടാകാൻ പാടില്ല. ഇവിടെ പലരും മരിച്ചുപോയ ആളുകളെകുറിച്ചുവരെ മണിക്കൂറുകളോളം സംസാരിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: 22 മിനിട്ട് കഴിഞ്ഞതിനുശേഷമാണ് ഈ പറയുന്നത്.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, ഞാൻ ഈ നഗരസഭകളുമായി ബന്ധപ്പെട്ട കാര്യമാണ് പറയുന്നത്. ചട്ടം ഭേദഗതി ചെയ്യുന്നത് ഈ നിയമസഭയിൽ വന്നിട്ടില്ലല്ലോ, അതിന്റെ ഭാഗമായി വരുന്ന കാര്യങ്ങൾ തന്നെയാണ് പറയുന്നത്. ഇത് ആർക്കുവേണ്ടിയാണ് കുറയ്ക്കുന്നത്; അപ്പാർട്ടുമെന്റു

കളിലും, ഫ്ളാറ്റുകളിലും, ചീഫ് ൗൺ പ്ലാനർ, ജില്ലാ ൗൺ പ്ലാനർ എന്നിവർക്കൊക്കെ ഉണ്ടായിരുന്ന അധികാരം ചുരുക്കുന്ന സ്ഥിതിയുണ്ടായി. ഫ്ളാറ്റ് വിൽപ്പനയിലെ തട്ടിപ്പ് തടയുന്നതിനുവേണ്ടി ഒരു ബിൽ അവതരിപ്പിക്കുമെന്ന് ഈ ഗവൺമെന്റ് പറഞ്ഞിരുന്നു. ആ ബിൽ എവിടെപ്പോയി; അത് ചത്തുപോയോ, അത് ചാപിള്ളയായോ? കേന്ദ്ര സർക്കാരിന്റെ റിയൽ എസ്റ്റേറ്റ് റഗുലേഷൻ ആന്റ് ഡവലപ്പ്മെന്റ് ബില്ലിന്റെ ചുവടുപിടിച്ചിട്ടാണ് ചട്ടങ്ങൾക്ക് രൂപം നൽകിയത്. അതെവിടെയാണ്; അത് വേണ്ടെന്ന് തീരുമാനിച്ചതെന്തുകൊണ്ടാണ്? ഫ്ളാറ്റ് നിർമ്മാതാക്കളോട് വല്ലാത്ത ഒരു പ്രേമം ഗവൺമെന്റും മന്ത്രിയും കാണിക്കുന്നുണ്ട്. അത് ശരിയല്ല. ഫ്ളാറ്റ് നിർമ്മാതാക്കളോട് പ്രേമം മൂത്തിട്ട് ഫ്ളാറ്റിൽ താമസിക്കുന്നവരെ മറക്കുന്ന മന്ത്രി നഗരാസൂത്രകനായിട്ടല്ല, നഗരങ്ങളുടെ അന്തകനായി ചരിത്രം വിലയിരുത്തപ്പെടും. സർക്കാരിന്റെ ശ്രദ്ധ ഇതിലൊന്നുമല്ല. സർക്കാരിന്റെ ശ്രദ്ധ കേവലമായ രാഷ്ട്രീയമായ താൽപ്പര്യങ്ങളിലാണ്. രാഷ്ട്രീയ താൽപ്പര്യങ്ങളുടെ പേരിൽ എതിരാളികളെ അമർച്ചചെയ്യാനുള്ള അവസരം കിട്ടുന്ന സാഹചര്യങ്ങളിലെല്ലാം ഉപയോഗിക്കുന്ന ഒരു ഗവൺമെന്റാണിത്. നഗര വികസന മുൾപ്പെടെയുള്ള വികസന കാര്യങ്ങളിൽ ശ്രദ്ധിക്കുന്നതിനുപകരം സ്വന്തം കൈയിലുള്ള അധികാരമെങ്ങനെ രാഷ്ട്രീയ എതിരാളികളെ ദ്രോഹിക്കാൻവേണ്ടി ഉപയോഗിക്കാം, അവരെ എങ്ങനെ അമർച്ചചെയ്യാമെന്നുള്ളതു മാത്രം ആസൂത്രണം ചെയ്തുകൊണ്ടിരിക്കുകയാണ്. അതിന്റെ ഭാഗമായി ഈ വക പ്രശ്നങ്ങളൊന്നും ചർച്ച ചെയ്യാൻ സമയം കിട്ടാതിരിക്കുകയും വേറെ കുറെ കാര്യങ്ങളിൽ പുകമറയിൽ ഒരു ഇല്യൂഷൻ വേൾഡ് സൃഷ്ടിച്ച് ജനങ്ങളെയാകെ പറ്റിക്കുന്ന ഒരു സമീപനം ഇവിടെ സ്വീകരിക്കുകയാണ്. ഞാൻ കൂടുതലായി രാഷ്ട്രീയ കാര്യങ്ങളിലൊന്നും കടക്കുന്നില്ല. ഇവിടെ പലതര

ത്തിലുള്ള പ്രചരണങ്ങൾ കൊണ്ടുവരികയാണ്. ഇവരെല്ലാം പല തരത്തിലുള്ള ആളുകളെയും ഉപയോഗപ്പെടുത്തിയിട്ടാണ് ഇപ്പോൾ സി.പി.ഐ. (എം) ഉൾപ്പെടെയുള്ള ഇടതുപക്ഷ രാഷ്ട്രീയത്തെ ആക്രമിച്ചുകൊണ്ടിരിക്കുന്നത്. അതിന് പലതരത്തിലുള്ള വേഷങ്ങൾ കെട്ടിയാടുന്നത് നമ്മൾ കണ്ടുകൊണ്ടിരിക്കുകയാണ്. ഞാൻ അവസാനിപ്പിക്കുകയാണ്. ആ വേഷങ്ങളിലെല്ലാം അവരെല്ലാം മനസ്സിലാക്കേണ്ടത് ഇവരൊക്കെ ചവച്ചുതുപ്പുന്ന താംബൂല ശകലങ്ങൾ മാത്രമാണ്. ഒരാവശ്യത്തിനുവേണ്ടി ചവച്ച് നീരെടുത്തുകഴിഞ്ഞാൽ പിന്നെ തുപ്പിക്കളയും. ഈ ചവച്ചു തുപ്പുന്ന താംബൂല ശകലങ്ങളായി മാറുന്ന ആളുകളെ കേരളചരിത്രത്തിൽ ധാരാളമായി നമ്മൾ കണ്ടിട്ടുണ്ട്. ശ്രീമതി കെ. ആർ. ഗൗരിയമ്മ, കേരളത്തിൽ ആരായിരുന്നു; ശ്രീ. എം. വി. രാഘവൻ കേരളത്തിൽ ആരായിരുന്നു? അവരെയെല്ലാം കിട്ടുന്ന സമയത്ത് ചവച്ചു തുപ്പി ഉപയോഗിച്ചുകഴിഞ്ഞ് അവരുടെ ജീവിതത്തിന്റെ അവസാന ഘട്ടത്തിൽ എങ്ങനെയാണ് ഈ ഗവൺമെന്റും ഈ യു.ഡി.എഫ്. രാഷ്ട്രീയവും കൈകാര്യം ചെയ്യുന്നതെന്നുള്ളത് നമ്മൾ കണ്ടുകൊണ്ടിരിക്കുകയാണ്. നിങ്ങളതുപോലെ ഇപ്പോൾ കൊണ്ടുനടക്കുന്ന ആളുകളെ ഓരോരുത്തരെയായി ചവച്ചു തുപ്പിക്കളയും. യഥാർത്ഥത്തിൽ ഇവിടെ രാഷ്ട്രീയ നിരീക്ഷകരുടെ പട്ടംകെട്ടാൻ ഏറ്റവും എളുപ്പമുള്ള പണി, അതിനൊരു ഡി–ലിറ്റ് ബിരുദം വേണം. സി.പി.ഐ (എം)–ൽ നിന്ന് പുറത്താക്കിയാൽ അല്ലെങ്കിൽ ഇടതുപക്ഷവുമായി സഹകരിച്ച് പുറത്തായാൽ ആ ബിരുദം കിട്ടും. അങ്ങനെ ബിരുദം കിട്ടിയ ആളുകൾക്കൊക്കെ രാഷ്ട്രീയ നിരീക്ഷകന്റെ പട്ടം കിട്ടും. ആ രാഷ്ട്രീയ നിരീക്ഷകർ, ഇങ്ങനെ വലതുപക്ഷ രാഷ്ട്രീയത്തിന്റെ ഭാഗമായി നിൽക്കാൻ തയ്യാറുള്ള ഇടതുപക്ഷത്തുനിന്നുപോയ ആളുകളെയെല്ലാം ഉപയോഗപ്പെടുത്തി നടത്തിക്കൊണ്ടിരിക്കുന്ന ഈ കാപട്യം

യഥാർത്ഥത്തിൽ അവസാനിപ്പിക്കണം. അങ്ങനെയുള്ള ഒരു താംബൂല ശകലമാണ് ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി. അതുകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി കണ്ണൂർ ഡി.സി.സി. ഓഫീസിലെ പിന്നാമ്പുറത്തെ കുപ്പതൊട്ടിയിലൊരു താംബൂല കക്ഷണമായി മാറുന്ന ഒരു കാലം നമുക്ക് കാണേണ്ടിവരും. അദ്ദേഹം പറഞ്ഞും ചെയ്തും കൊണ്ടിരിക്കുന്ന ഈ പ്രവർത്തികൾക്കെല്ലാം അദ്ദേഹത്തിന് ചരിത്രത്തിൽ വലിയ അനുഭവങ്ങൾ വരാൻ പോകുകയാണ്. പകയുടെയും വിദ്വേഷത്തിന്റെയും പ്രതീകമായി ഇതിഹാസങ്ങളിലും മഹാഭാരതത്തിലും നമ്മൾ വായിച്ചുമനസ്സിലാക്കിയ അശ്വത്ഥാത്മാവിനെപ്പോലെ പൊട്ടിയൊലിച്ച ചലവും വികൃതമായ ശരീരവുമായി അലഞ്ഞുനടക്കുന്ന ചിരഞ്ജീവിയായ പകയുടെ പ്രതീകമായ ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി, അതുപോലെ ഓടിനടക്കേണ്ട ഗതികേട് നമുക്ക് മനസ്സിലാക്കാൻ കഴിയും. യഥാർത്ഥത്തിൽ ഇത്തരത്തിലുള്ള മഹാ നാടകങ്ങൾ കൊണ്ടൊന്നും നിങ്ങൾ ചെയ്യുന്ന ഈ ജനവിരുദ്ധ പ്രവർത്തനങ്ങൾ മറച്ചുവയ്ക്കാൻ സാധിക്കുകയില്ല. അതുകൊണ്ട് ഈ നഗര വികസനത്തിന്റെ പേരിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന ഈ ജനവിരുദ്ധമായ ഈ ഭേദഗതികളെയൊന്നും അംഗീകരിക്കാൻ പറ്റാത്തതുകൊണ്ട് ഈ ഭേദഗതികളോടുള്ള വിയോജിപ്പ് വ്യക്തമായി രേഖപ്പെടുത്തി ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. പി. റ്റി. എ. റഹീം</u>: സർ, പ്രധാനമായും 3 വകുപ്പുകളിലാണ് ഇവിടെ ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇവിടെ സൂചിപ്പിച്ചതുപ്പോലെ, അധികാരം താഴോട്ട് കൊടുക്കാൻ വലിയ വിമു

ഖതയാണ് എല്ലാപേരും കാണിക്കുന്നത്. കേന്ദ്ര ഗവൺമെന്റ് സംസ്ഥാന ഗവൺമെന്റിന് അധികാരം കൊടുക്കാൻ വിമുഖത കാണിക്കുന്നു, സംസ്ഥാന ഗവൺമെന്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരം കൊടുക്കുന്ന തിന് വിമുഖത കാണിക്കുന്നു. അതിനേറ്റവും വലിയൊരു തെളിവാണ് ഇവിടെ കൊണ്ടുവന്നിട്ടുള്ള ഈ അമെന്റ്മെന്റ്. യഥാർത്ഥത്തിൽ, നികുതി ചുമത്തു വാനുള്ള അധികാരം കേന്ദ്ര ഗവൺമെന്റിനും സംസ്ഥാന ഗവൺമെന്റിനും ഉള്ളതാണ്. ജില്ലാ പഞ്ചായത്തിനോ ബ്ലോക്ക് പഞ്ചായത്തിനോ ആ അധികാര മില്ല. എന്നാൽ ഗ്രാമപഞ്ചായത്തുകൾക്കും മുൻസിപ്പൽ കോർപ്പറേഷനു കൾക്കും ടാക്സ് ചുമത്തുവാനുള്ള അധികാരമുണ്ടായിരുന്നു. ആ അധികാര ത്തിനെ പരിമിതപ്പെടുത്തുന്നതാണ് ഇപ്പോൾ കൊണ്ടുവന്നിരിക്കുന്ന ഈ ഭേദ ഗതിയെന്ന് പറയാൻ ഞാനാഗ്രഹിക്കുകയാണ്. നമ്മുടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഈ വർത്തമാന കാലഘട്ടത്തിൽ വലിയ രൂപത്തിൽ തനത് ഫണ്ടുകളെ സംബന്ധിച്ച് ഒരു ആലോചനയും അവിടെ നടക്കുന്നില്ലായെന്നു ള്ളതാണ്. പ്ലാൻ ഫണ്ട് ലഭിക്കുന്നതുകൊണ്ട് ആ പ്ലാൻ ഫണ്ടിൽ ചുറ്റിത്തി രിഞ്ഞ് കാര്യങ്ങൾ നിർവ്വഹിച്ചുകൊണ്ടിരിക്കുന്ന ഒരു സാഹചര്യമാണുള്ളത്. യഥാർത്ഥത്തിൽ ഈ ടാക്സ് ചുമത്തുന്നതുമായി ബന്ധപ്പെട്ട് നേരത്തെ ഇവിടെ ഡോ. ടി. എം. തോമസ് ഐസക് സൂചിപ്പിച്ചതുപോലെ വാടകയുടെ അടിസ്ഥാനത്തിലായിരുന്നു നേരത്തെ നമ്മൾ ടാക്സ് ചുമത്തിയിരുന്നത്. അതിലൊരു വലിയ അസാംഗത്യമുണ്ട്. കാരണം, തൊട്ടടുത്ത വീടുകൾക്കു തന്നെ ബന്ധപ്പെട്ട സെക്രട്ടറിയോ മുൻസിപ്പൽ കമ്മീഷണറോ വാടക നിശ്ചയി ക്കുന്നത് തോന്നിയപോലെയാണ്. സ്വാധീനമനുസരിച്ചാണ് ഒരേ പ്ലോട്ടിലുള്ള ഒരേ തരത്തിലുള്ള വീടുകൾക്കുതന്നെ വ്യത്യസ്ത നിരക്കുകളിൽ കൂടിയും

കുറഞ്ഞുമാണ് ടാക്സ് ചുമത്തിയിരുന്നത്. അതൊഴിവാക്കാൻ വേണ്ടിയാണ് പഞ്ചായത്തീരാജ് ആക്ടും അതുപോലെതന്നെ നഗരപാലിക നിയമവും പാസ്സാക്കിയപ്പോൾത്തന്നെ അതിൽ കൊടുത്തിട്ടുള്ള ഒരു സംവിധാനമാണ് plinth area- യ്ക്കനുസൃതമായി ടാക്സ് ചുമത്തുക എന്നുള്ളത്. അങ്ങനെ യൊരു സംവിധാനം നമ്മൾ വളരെക്കാലമായി കൊണ്ടുവന്നു. ഈ ടാക്സ് റിവിഷൻ നിയമത്തിൽ നമ്മളത് കൊണ്ടുവന്നുവെങ്കിൽപ്പോലും പല കാലഘട്ട ങ്ങളിലായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ചെയ്യാൻ അനുവദിച്ചിരു ന്നില്ല, പലപ്പോഴും നമ്മൾ ടാക്സ് റിവിഷൻ നടത്തേണ്ടതില്ലായെന്ന് പറഞ്ഞു കൊണ്ട് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. എനിക്കുതോന്നുന്നു, ഏകദേശം 20 വർഷമായി പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഈ ടാക്സ് റിവിഷൻ നടത്തിയിട്ടില്ലായെന്നുള്ളതാണ് വസ്തുത. നമ്മുടെ പ്ലാൻ ഫണ്ട് ലഭിച്ചതോടുകൂടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തനതു ഫണ്ട് കൈകാ ര്യം ചെയ്യുന്നതിൽ വലിയ അലംഭാവം കാണിച്ചുവെന്നുള്ളതാണ് വസ്തുത.

അതുകൊണ്ട് വികസന പ്രവർത്തനങ്ങൾക്കൊന്നുംതന്നെ പ്ലാൻ ഫണ്ടിന് പുറത്ത് പണമില്ലാത്ത ഒരു സാഹചര്യം തദ്ദേശസ്വയംഭരണ സ്ഥാപന ങ്ങൾക്ക് വന്നിട്ടുണ്ട്. ഇവിടെയൊരു അമെന്റ്മെന്റ് വരുത്തിയിരിക്കുന്നത് നിലവിലുള്ള കെട്ടിടങ്ങൾ പുതുക്കുമ്പോൾ 25 ശതമാനത്തിലധികം നികുതി വർദ്ധിക്കാൻ പാടില്ല എന്നുള്ളതാണ്. ഈ 25 ശതമാനമെന്നത് റെസ്ട്രിക്റ്റ് ചെയ്തിരിക്കുകയാണ്. കൗൺസിൽ തീരുമാനിക്കുന്നതനുസരിച്ച് 25 ശത മാനം വർദ്ധിപ്പിക്കണമെന്ന് പറയുന്നതിൽ പിന്നെ എന്താണ് അർത്ഥമുള്ളത്? കാരണം നമ്മൾ പറയുകയാണ് 25 ശതമാനമേ വർദ്ധിപ്പിക്കാവൂ എന്ന്. 25

ശതമാനത്തിനുമുകളിൽ പോകാൻ പാടില്ല. ഇവിടെ 150 ശതമാനമെന്ന് എവിടെയോ പറഞ്ഞു. ഞാനതൊന്നും കാണുന്നില്ല. 25 ശതമാനം വർദ്ധിപ്പിക്കണമെന്നുമാത്രമേ ഇതിൽ കാണുന്നുള്ളൂ. ആ 25 ശതമാനം വർദ്ധിപ്പിക്കുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കോർപ്പറേഷന്റെ മുകളിൽ വയ്ക്കുന്ന ഒരു റെസ്ട്രിക്ഷനാണ്. തദ്ദേശസ്വയംഭരണ സ്ഥാപനമെന്ന നമ്മുടെ ഒരാശയത്തെ ഇല്ലാതാക്കുന്ന ഒരു കാര്യമാണ് 25 ശതമാനമെന്ന് പറയുന്നത്. അങ്ങനെ പറയാൻ പാടില്ല. ഒന്നുകിൽ ആ മുനിസിപ്പൽ കോർപ്പറേഷന് അതിനുള്ള അധികാരം കൊടുക്കണം. ടാക്സ് ചുമത്തുന്നതുമായി ബന്ധപ്പെട്ട് മുൻകാലങ്ങളിലുണ്ടായിരുന്നതുപോലെ മിനിമം ഇത്ര, മാക്സിമം ഇത്ര അങ്ങനെയുള്ള ഒരു സംവിധാനമെങ്കിലും അനുവർത്തിക്കുവാൻ അവർക്ക് അനുവാദം കൊടുക്കുന്നതിനു പകരം ഇവിടെ പറഞ്ഞിരിക്കുന്നത് 25 ശതമാനം വർദ്ധിപ്പിക്കണമെന്നാണ്. അത് നിലവിലുള്ള കെട്ടിടങ്ങൾക്കാണ്. പുതിയതും പുതുക്കിപ്പണിതതും ഉപയോഗക്രമത്തിൽ മാറ്റം വരുത്തിയതുമായ കെട്ടിടങ്ങളുടെ കാര്യത്തിൽ സെക്രട്ടറി നിർണ്ണയിക്കപ്പെട്ട പ്രകാരം നികുതി നിശ്ചയിക്കേണ്ടതും തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ ഇപ്പോഴും ടാക്സ് ചുമത്തുന്നത് പ്ലിന്ത് ഏരിയായുടെ അടിസ്ഥാനത്തിലാണ്. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഈ ഓർഡിനൻസ് വരുന്നതിനുമുമ്പും ഇപ്പോഴും ചെയ്തുകൊണ്ടിരിക്കുന്നത് അതാണ്. കാരണം മൂലനിയമത്തിൽതന്നെ അങ്ങനെ വ്യവസ്ഥ ചെയ്തിട്ടുള്ളതുകൊണ്ട് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വളരെക്കാലമായി ചെയ്തുകൊണ്ടിരിക്കുന്നത് പ്ലിന്ത് ഏരിയായുടെ അടിസ്ഥാനത്തിൽതന്നെയാണ്. പക്ഷേ ഇവിടെ പഴയ കെട്ടിടങ്ങളെ സംബന്ധിച്ചിടത്തോളം അതായത് പ്ലിന്ത് ഏരിയ

എന്ന മാനദണ്ഡം വരുന്നതിനുമുമ്പുള്ള കെട്ടിടങ്ങൾ, അങ്ങനെയുള്ള കെട്ടിടങ്ങളാണല്ലോ ഏറ്റവും കൂടുതലുണ്ടാവുക. ആ ഒരു വിഷയത്തിൽ 25 ശതമാനം എന്ന് റെസ്ട്രിക്റ്റ് ചെയ്തിരിക്കുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരത്തെ പരിമിതപ്പെടുത്തുന്നതിനു തുല്യമാണ്. കാരണം അവർക്ക് ഒരു ഓപ്ഷനുമില്ല. ഒരു ഓപ്ഷനുമില്ലാതെ ആക്കിയിരിക്കുന്നത് ശരിയായ ഒരു നടപടി അല്ല എന്നാണ് എനിക്ക് സൂചിപ്പിക്കുവാനുള്ളത്. രണ്ടാമത്തെ ഒരു കാര്യം ഇവിടെ സൂചിപ്പിച്ചത് ഓർഫനേജുകൾക്ക് ടാക്സു വരുമെന്നാണ്. സാധാരണഗതിയിൽ മദ്രസകൾക്കോ ഓർഫനേജുകൾക്കോ ചർച്ചുകൾക്കോ അതിനോടനുബന്ധിച്ചുള്ള സ്കൂളുകൾക്കോ ഹോസ്റ്റലുകൾക്കോ ഒന്നും നിലവിൽ ഒരു നിയമത്തിലും നികുതിയില്ല. പക്ഷേ ഇവിടെ വളരെ ലാഘവത്തോടുകൂടി അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളെ നികുതിയിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു. അതും പഞ്ചായത്തുകളുടെ മുകളിലൊരു കുതിരകയറ്റമാണ്. യഥാർത്ഥത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണമെങ്കിൽ തീരുമാനിക്കാമെന്നുള്ളതിനപ്പുറം ഇപ്പോൾ ചെയ്തിരിക്കുന്നത് ക്രമാതീതമായി ഫീസ് വാങ്ങി കുട്ടികളെ പഠിപ്പിക്കുകയും ക്രമാതീതമായി ഹോസ്റ്റൽ ഫീസ് വാങ്ങുകയും ചെയ്ത് വലിയതോതിൽ പണം സമ്പാദിക്കുന്ന വലിയ വലിയ കോർപ്പറേറ്റുകൾക്ക് നികുതി ഇളവുകൊടുക്കുക എന്നുള്ളത് തീർച്ചയായും അംഗീകരിക്കാൻ കഴിയാത്ത ഒരു കാര്യമാണ്. ബഹുമാനപ്പെട്ട മന്ത്രി എങ്ങനെയാണ് ഇത്തരമൊരു തീരുമാനമെടുത്തത് എന്നും ആർക്കുവേണ്ടിയാണ്, എന്തു മൂല്യമാണ് അക്കാര്യത്തിലുള്ളതെന്നും എനിക്ക് മനസ്സിലാകുന്നില്ല. കാരണം നമ്മുടെ നാട്ടിലെ ഒരു ഓർഫണേജോ അതിനോടനുബന്ധിച്ചുള്ള സ്കൂളുകളോ ഹോസ്റ്റലുകളോ

ഒക്കെയാണെങ്കിൽ നമുക്കിത് മനസ്സിലാക്കാൻ കഴിയും. പക്ഷേ അതിനപ്പുറം വലിയ കോർപ്പറേറ്റുകൾ നടത്തുന്ന സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. തുടങ്ങിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അതിനോടനുബന്ധിച്ചു നടത്തുന്ന ഹോസ്റ്റലുകൾക്കും ഇങ്ങനെ നികുതി ഇളവ് കൊടുക്കുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ വരുമാനത്തെ ബാധിക്കുമെന്നുമാത്രമല്ല യഥാർത്ഥത്തിൽ മഹാപാതകമാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നും ഉണ്ടായിരിക്കുന്നതെന്ന കാര്യം കൂടി ഞാനിവിടെ പറയാനാഗ്രഹിക്കുകയാണ്. അതുപോലെ മൂന്നാമത്തെ ഒരു വിഷയം ഇവിടെ പറഞ്ഞത് അബ്കാരിഷാപ്പുകളെ സംബന്ധിച്ചാണ്. ഇത് വലിയ പ്രമാദമായി വരുത്തിയിട്ടുള്ള ഒരു മാറ്റമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അനുമതിയില്ലാതെ അബ്കാരിഷാപ്പുകൾ തുടങ്ങാൻ പാടില്ല. ഇതൊക്കെ യു.ഡി.എഫ്.ന്റെ തെരഞ്ഞെടുപ്പ് പ്രകടന പത്രികയിൽ പറഞ്ഞിട്ടുള്ള കാര്യമാണ്. കഴിഞ്ഞ തെരഞ്ഞെടുപ്പിന് അങ്ങനെ ഉറപ്പുകൊടുത്തതിനുശേഷം ഉണ്ടാക്കിയിട്ടുള്ള ഈ വ്യവസ്ഥയിൽ ഈ പ്രകടനപത്രികയുമായി എന്തെങ്കിലും ബന്ധമുണ്ടോ എന്ന് സ്വയം ഒന്നുപരിശോധിക്കുന്നത് നല്ലതാണ് എന്നുമാത്രമേ എനിക്ക് പറയാനുള്ളൂ. എല്ലാ സ്ഥലത്തും ബാർ കൊടുത്തുകഴിഞ്ഞു. ത്രീ സ്റ്റാർ ആർക്കൊക്കെ വേണമെന്ന് ചോദിച്ച് ഇത്രാം തീയതിക്കുള്ളിൽ അപേക്ഷിക്കുന്നവർക്കൊക്കെ കൊടുക്കാമെന്ന് പറഞ്ഞ് എല്ലാ ബാറും കൊടുത്തതിനുശേഷം ഇപ്പോൾ പറയുന്നു ഇനിയുള്ള ബാറുകളെ സംബന്ധിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അനുമതി വേണമെന്ന്. ഇതിന്റെയൊരു പ്രത്യാഘാതമെന്താണെന്നു ചോദിച്ചാൽ, ബഹുമാനപ്പെട്ട മന്ത്രി ശ്രീ. കെ. ബാബു കഴിഞ്ഞ ദിവസം ഇവിടെ പറഞ്ഞു ഈ അധികാരം കൊടുത്തതോടുകൂടി അഴിമതി താഴെത്തട്ടിലേയ്ക്ക് പോയിരിക്കുന്നുവെന്ന്. ഒരു പള്ളിയുടെ

ഭരണാധികാരി ചെയറിലിരുന്നിട്ടാണ് ഒരു ബാറിന് അനുമതി കൊടുത്തതെന്ന് കഴിഞ്ഞ ദിവസം ഞാൻ വായിച്ചതാണ്. അവിടത്തെ വനിതാ പഞ്ചായത്ത് പ്രസിഡന്റ് ഞാൻ പങ്കെടുത്ത ഒരു യോഗത്തിൽ ഈ ബാറിന് അനുമതി കൊടുക്കാൻ സമ്മതിക്കില്ലായെന്ന് പറഞ്ഞിട്ട് അവർ മാറിനിന്നതിനുശേഷം വേറൊരാൾ കയറിയിരുന്നിട്ടാണ് ബാറിന് ലൈസൻസ് കൊടുക്കാൻ തീരുമാനിച്ചത്. അത് അഴിമതി താഴെതട്ടിലെത്തി നിൽക്കുന്നതിനുദാഹരണമാണ്. സർക്കാർ ഇക്കാര്യത്തൽ ഒരു നയമെടുത്താൽ കേരള സംസ്ഥാനത്ത് മുഴുവനും ആ നയം പിൻതുടരാൻ സർക്കാരിന് സാധിക്കും. പക്ഷേ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇത് കൊടുത്തതോടുകൂടി അവിടെ ഓരോ മെമ്പർമാരേയും പലപ്പോഴും കാണേണ്ടിവരുന്നു. അവിടെ വലിയവലിയ സംഖ്യകൾ കൈമറിയുന്നു. അതനുസരിച്ചാണ് ഇപ്പോൾ അബ്കാരി ലൈസൻസുകൾ ലഭിച്ചുകൊണ്ടിരിക്കുന്നത് എന്ന കാര്യം നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നതാണ്. ബഹുമാനപ്പെട്ട വി. എം. ഉമ്മർ മാസ്റ്റർ കഴിഞ്ഞ ദിവസം താമരശ്ശേരിയിലെ ഒരു ബാറിനെ സംബന്ധിച്ച് പറഞ്ഞു. അവിടെ ക്രമസമാധാനപ്രശ്നമുണ്ടായി, അവിടെ ബാർ തീവയ്പ്പുണ്ടായി, അങ്ങനെയുള്ള ഒരുപാട് വിഷയങ്ങളുണ്ടായി. അഞ്ച് ആറ് വർഷമായി എല്ലാ മത സംഘടനകളും മദ്യനിരോധന സമിതിക്കാരും രാഷ്ട്രീയപ്പാർട്ടിക്കാരും ഈ ബാറിനെതിരായി അവിടെ സമരം നടത്തുന്നു. എല്ലാ രാഷ്ട്രീയപ്പാർട്ടിക്കാരും പോയി പിന്തുണ പ്രഖ്യാപിക്കുന്നു. താമരശ്ശേരിയുടെ ബാറിനുമുമ്പിൽ ഇപ്പോഴും സമരം തുടർന്നുകൊണ്ടിരിക്കുകയാണ്. ഇത് ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ കഴിഞ്ഞ ദിവസം ഈ വിഷയം സബ്മിഷനായി ഇവിടെ ഉന്നയിക്കുകയുണ്ടായി. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് അത് നടക്കില്ലയെന്നാണ്. താമരശ്ശേരി പഞ്ചായത്തിനെക്കുറിച്ച് ഞാനിത് പറയാനുള്ള കാരണം അവിടെ ഒരു

ബിവറേജ് ഔട്ട്ലെറ്റ് ഉണ്ടായിരുന്നു. അത് പൂട്ടാൻ പഞ്ചായത്ത് തീരുമാനിച്ചപ്പോൾ ഗവൺമെന്റ് അപ്പീൽ പോയി. അപ്പോൾ ഹൈക്കോടതി പറഞ്ഞു പഞ്ചായത്തിന് പൂട്ടാൻ അധികാരമുണ്ടെന്ന്. എല്ലാ നിയമവശങ്ങളും പഠിച്ച ശേഷം അവസാനം പഞ്ചായത്തിന് അധികാരമുണ്ട് എന്നുള്ള ഒരു സാഹചര്യത്തിൽതന്നെയാണ് എത്തിയിരിക്കുന്നത്. പഞ്ചായത്തിന് അതിനുള്ള അധികാരമുണ്ട് എന്ന് ഹൈക്കോടതി നിശ്ചയിച്ചിട്ടുള്ള ഒരു നിയമത്തെ ലംഘിക്കുന്ന രൂപത്തിലാണ് നിലവിലുള്ളതിനൊന്നും ബാധകമല്ല എന്നൊരു അമെന്റ്മെന്റ് കൊണ്ടുവരുന്നത്. ഈ ബില്ലിൽ പറയുന്നത് "ഈ വകുപ്പുകളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും (7) മുതൽ (9) വരെയുള്ള ഉപവകുപ്പുകളിലെ വ്യവസ്ഥകൾ 2012-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ഓർഡിനൻസ് പ്രാബല്യത്തിൽ വന്ന 2012 നവംബർ മാസം 25-ാം തീയതി നിലവിലുള്ള യാതൊരു അബ്കാരിഷാപ്പിനോ, നിലവിലുള്ള എല്ലാ നിയമവ്യവസ്ഥകൾക്കും വിധേയമായി പ്രസ്തുത തീയതികളിൽ നിലവിലുള്ള കള്ളുഷാപ്പുകൾ അവ സ്ഥാപിക്കുവാനായി അനുവദിച്ചിട്ടുള്ള അതിരുകൾക്കുള്ളിലുള്ള പ്രദേശത്ത് മാറ്റിസ്ഥാപിക്കുന്നതിനോ ബാധകമായിരിക്കുന്നതല്ല." അതിനർത്ഥം ഈ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈ അധികാരം കൊടുത്തതുകൊണ്ട് ഒരു ഗുണവും ഉണ്ടായിട്ടില്ല എന്നുമാത്രമല്ല അഴിമതി വളർന്നുവരാൻ കാരണമായിരിക്കുന്നു എന്നുള്ളതും അതോടൊപ്പംതന്നെ ബഹുമാനപ്പെട്ട ഹൈക്കോടതി പഞ്ചായത്തുകൾക്ക് അധികാരമുണ്ട് എന്നുപറഞ്ഞിട്ടുള്ള അധികാരത്തെ പരിമിതപ്പെടുത്തുന്നതുമാണ് ഈ വ്യവസ്ഥ എന്നിവിടെ സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഞാൻ ഈ മൂന്നു വകുപ്പുകളെ സംബന്ധിച്ച് മാത്രമേ സംസാരിക്കാൻ ആഗ്രഹിക്കുന്നുള്ളൂ. വളരെ പ്രധാ

നമായും എനിക്ക് സൂചിപ്പിക്കാനുള്ളത്, എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അവർ നടത്തുന്ന ഹോസ്റ്റലുകൾക്കും ടാക്സ് ഇളവ് കൊടുത്തിട്ടുള്ള സംവിധാനം പുനഃപരിശോധിക്കേണ്ടതാണ് എന്നൊരിക്കൽ കൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. വി. വിജയദാസ് : സർ, ഞാൻ എന്റെ വിയോജിപ്പ് രേഖപ്പെടുത്തുകയാണ്. അടിസ്ഥാന വസ്തു നികുതി ഓരോ 5 വർഷം കൂടുമ്പോഴും 25 ശതമാനം വർദ്ധിപ്പിക്കണമെന്ന് നിർബന്ധ വ്യവസ്ഥ അതിൽ ഉൾപ്പെടുത്തിയതുകൊണ്ടാണ് ഞാൻ ഇതിനെ എതിർക്കുന്നത്. മാത്രമല്ല ഇവിടെ വാസ്തവ വിരുദ്ധമായ വസ്തുനികുതി റിട്ടേൺ സമർപ്പിക്കുന്നവരെ പിഴശിക്ഷയിൽ നിന്നും ഒഴിവാക്കുകയും ചെയ്തിരിക്കുന്നു. ഇത് രണ്ടും അശാസ്ത്രീയമാണ്. അതോടൊപ്പംതന്നെ നഗരസഭകളെ പ്രതിസന്ധിയിലാക്കുന്നതുമാണ്. ഇപ്പോൾതന്നെ നാട്ടിൽ പൊതുവേ ഒരു ചിന്തയുണ്ട്. പഞ്ചായത്തുകളും ബ്ലോക്ക് പഞ്ചായത്തുകളുമൊക്കെയുള്ള നാടാണ് നമ്മുടെ നാട്. ഗ്രാമ പഞ്ചായായത്തിനെക്കാളും ബ്ലോക്ക് പഞ്ചായത്തിനെക്കാളും സമ്പന്നമാണ് നഗരസഭ എന്ന ഒരു പ്രതീതിയുണ്ടായിരുന്നു. ഇപ്പോൾ അത് പോയി. നഗരസഭാ അദ്ധ്യക്ഷനും നഗരസഭാ ജനപ്രതിനിധികളുംകൂടി സ്വന്തം വീട്ടിലെ ആഭരണങ്ങൾ പണയം വച്ച് നഗരസഭയിലെ ജീവനക്കാർക്ക് ശമ്പളം കൊടുക്കുന്ന സ്ഥിതി പത്രങ്ങളിൽ കാണാനിടയായി. ഇതിന്റെയൊക്കെ അർത്ഥമെന്താണ്? ശമ്പളം കൊടുക്കാനുള്ള തുകപോലും സർക്കാർ കൊടുക്കാത്ത സ്ഥിതിയിലേയ്ക്ക് നഗരസഭ ചെന്നെത്തിയിരിക്കുന്നു എന്നാണ്. നഗരസഭയെ സംബന്ധിച്ച് കഴിഞ്ഞ ദിവസം പത്രത്തിൽ ഒരു വാർത്തവന്നു. പാലക്കാട് നഗ

രസഭയിലെ രണ്ട് ജീവനക്കാർ പെൻഷനായി. പെൻഷനായ രണ്ട് ജീവനക്കാരും ഞങ്ങൾക്ക് പെൻഷൻ ആനുകൂല്യങ്ങളും ഗ്രാറ്റ്യുവിറ്റിയുമൊന്നും കിട്ടുന്നില്ല എന്നുപറഞ്ഞുകൊണ്ട് ഹൈക്കോടതിയെ സമീപിച്ചിരിക്കുകയാണ്. ഈ നഗരസഭ ഇപ്പോൾ എവിടേയ്ക്കാണ് പോകുന്നത്?

ഇവിടെ ഫ്ളാറ്റ് ലോബികൾക്ക് ഇഷ്ടംപോലെ സൗജന്യം ചെയ്തുകൊടുക്കാനായി ചട്ടങ്ങളെല്ലാം ഭേദഗതി ചെയ്തുകൊണ്ടിരിക്കുകയാണ്. അതിനുവേണ്ടി പുതിയ ഭേദഗതികളെല്ലാം അവതരിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ ചാനലുകളിലെല്ലാം വരുന്ന പരിപാടികൾ, പാട്ടുപാടിയാൽ ഫ്ളാറ്റ് സമ്മാനം, കഥ പറഞ്ഞാൽ ഫ്ളാറ്റ് സമ്മാനം, ഡാൻസ് ചെയ്താൽ ഫ്ളാറ്റ് സമ്മാനം, എല്ലാത്തിനും ഫ്ളാറ്റാണ് സമ്മാനം. അതിന്റെ ഭാഗമായി ഫ്ളാറ്റുകളെല്ലാം തട്ടിപ്പായി മാറിയിരിക്കുകയാണ്. ഫ്ളാറ്റ് സമ്മാനം വന്നതോടുകൂടി ഫ്ളാറ്റുകൾ കെട്ടിക്കൊടുക്കാമെന്ന വ്യാജ പ്രസ്താവന നടത്തി ആളുകളെ പറ്റിക്കുന്നുവെന്നുള്ള വാർത്തകൾ ഇന്ന് പത്രങ്ങളിൽ വന്നുകൊണ്ടിരിക്കുകയാണ്. ഇത് നാട്ടിലാകെ വാർത്തയായിക്കൊണ്ടിരിക്കുകയാണ്. ചതിയും വഞ്ചനയും തട്ടിപ്പും ഇവിടെ നടന്നുകൊണ്ടിരിക്കുകയാണ്. ഫ്ളാറ്റ് വ്യാപാരികൾക്കും ഫ്ളാറ്റ് ബിസിനസ്സുകാർക്കുമെല്ലാം പരസ്യമായി പിന്തുണ കൊടുക്കുന്ന സ്ഥിതിയിലേക്ക് നമ്മുടെ ഗവൺമെന്റും മാറുന്നുവെന്നുള്ളതാണ് ഇപ്പോഴത്തെ ഏറ്റവും വലിയ പ്രതിസന്ധി. അതിനിടയാക്കുന്ന രൂപത്തിലുള്ള ഭേദഗതികളാണ് ഇപ്പോൾ വന്നുകൊണ്ടിരിക്കുന്നത്. ഇപ്പോൾ നമ്മുടെ സംസ്ഥാനത്തിലെ ഭവന പദ്ധതികളെല്ലാം താറുമാറായി. ഒരു പദ്ധതിയും ഇപ്പോൾ നടക്കുന്നില്ല. ഐ.എ.വൈ. ഇല്ല, ഇ.എം.എസ്. ഭവന പദ്ധതിയില്ല,

എം.എൻ.ലക്ഷംവീട് പദ്ധതിയില്ല, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ സ്വമേധയാ വീടുവച്ചുകൊടുക്കുന്ന പദ്ധതികളില്ല. അതിൽ ഏറ്റവും ഗുരുതരമായ ഭവിഷ്യത്ത് അനുഭവിക്കുന്നത് നഗരസഭകളാണ്. നഗരസഭകളൊന്നും ഭവന പദ്ധതി പ്രകാരം ഇപ്പോൾ വീടുവച്ചുകൊടുക്കുന്നില്ല. പാവപ്പെട്ടവർ എങ്ങനെ വീടുവച്ച് താമസിക്കുമെന്നതിനെ സംബന്ധിച്ച് യാതൊരു ലക്ഷ്യബോധവുമില്ലാതെ നടക്കുകയാണ്. പാവപ്പെട്ടവരെ സഹായിക്കുന്ന സ്ഥാപനങ്ങളാണ് നഗരസഭകളും പഞ്ചായത്തും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും. അവയുടെ സ്ഥിതിയാണെങ്കിൽ വളരെ ഗുരുതരമാണ്. ഇപ്പോൾ ഇടവഴിയിൽപ്പോലും ഫ്ളാറ്റുകൾ നിറഞ്ഞിരിക്കുകയാണ്. മുൻസിപ്പൽ ചട്ടം ഭേദഗതി ചെയ്തതോടുകൂടി ഫ്ളാറ്റ് ലോബിക്ക് സമ്പൂർണ്ണമായി കീഴിടങ്ങിയിരിക്കുകയാണ്. 15 മീറ്ററിലധികം ഉയരമുള്ള കെട്ടിടങ്ങൾക്ക് 15 മീറ്റർ വീതിയുള്ള റോഡ് വേണമെന്ന നിബന്ധനയും ഇളവ് ചെയ്തുകൊടുത്തു. ഈ നഗരസഭാ ഭരണം എങ്ങോട്ടാണ് പോകുന്നത്? നഗരസഭയിലെ ജീവനക്കാരുടെ സ്ഥിതിയെടുത്ത് നോക്കിയാൽ, നഗരസഭാ സെക്രട്ടറിക്ക് മാത്രമാണ് ഗവൺമെന്റ് ശമ്പളം കൊടുക്കുന്നത്. ബാക്കിയുള്ള ജീവനക്കാർക്കെല്ലാം നഗരസഭയാണ് ശമ്പളം കൊടുക്കുന്നത്. എല്ലാ ജീവനക്കാർക്കും ശമ്പളം കൊടുക്കാൻ എന്തുകൊണ്ട് ഗവൺമെന്റിന് തീരുമാനിച്ചുകൂടാ? നഗരസഭയിലെ മുഴുവനാളുകൾക്കും ഗവൺമെന്റ് ശമ്പളം കൊടുത്താൽ നഗരസഭയുടെ വികസന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ സാധിക്കുമല്ലോ. ഇപ്പോൾ തനത് ഫണ്ടിൽ നിന്നാണ് നഗരസഭ ജീവനക്കാർക്ക് ശമ്പളം കൊടുത്തുകൊണ്ടിരിക്കുന്നത്. ജീവനക്കാരുടെ ശമ്പളത്തിനുവേണ്ടി അധികവിഭവം ഓരോ നഗരസഭയും ഉണ്ടാക്കണം. അധിക വിഭവം ഉണ്ടാക്കുന്ന ഭാഗത്ത് വരുമ്പോഴാണ്

ഈ ഭേദഗതി പ്രസക്തമാകുന്നത്. ഭേദഗതിയിൽ, വാസ്തവ വിരുദ്ധമായി വസ്തുനികുതി റിട്ടേൺ സമർപ്പിക്കുന്നവർക്ക് പിഴശിക്ഷ നൽകണമെന്ന് പറയുന്നതിനുപകരം പിഴശിക്ഷ ഒഴിവാക്കിയിരിക്കുന്നുവെന്ന് പറഞ്ഞാൽ എന്താണ് അതിന്റെ അർത്ഥം? ഞങ്ങൾ എങ്ങനെയാണ് ഇതിനെ പിന്തുണ യ്ക്കുന്നത്? വളരെ ഗുരുതരമായ, തെറ്റായ വഴിയിലൂടെയാണ് ബഹുമാനപ്പെട്ട മന്ത്രി ഈ ഭേദഗതി അവതരിപ്പിച്ചിട്ടുള്ളത്. ഇതിനോട് ഞങ്ങൾ ശക്തമായി വിയോജിക്കുകയാണ്. അതുപോലെതന്നെയാണ് മുനിസിപ്പാലിറ്റി കണക്കാ ക്കുന്ന അടിസ്ഥാന വസ്തുനികുതി. വസ്തുനികുതി കണക്കാക്കുന്നത് സംബ ന്ധിച്ച് മുൻസിപ്പാലിറ്റിക്ക് നൽകിയിരിക്കുന്ന അധികാരം എടുത്ത് കളഞ്ഞിരി ക്കുന്നു. അതുപോലെതന്നെ കെട്ടിട ഉടമ നൽകുന്ന റിട്ടേണിന്റെ അടിസ്ഥാന ത്തിൽ വസ്തുനികുതി താൽക്കാലികമായി തിട്ടപ്പെടുത്താൻ മുൻസിപ്പാലിറ്റി ക്കുണ്ടായിരുന്ന അധികാരവും റദ്ദ് ചെയ്തിരിക്കുന്നു. ഈ ഭേദഗതികൊണ്ട് എന്താണ് ഉദ്ദേശിക്കുന്നത്? മുൻസിപ്പാലിറ്റിക്ക് എന്താണ് ജോലി? ഈ അടുത്തകാലത്ത്, മുൻസിപ്പാലിറ്റിയിലും പഞ്ചായത്തുകളിലും നടത്തുന്ന ജനന-മരണ രജിസ്ട്രേഷനുകൾ ടാറ്റാ കൺസൾട്ടൻസിക്ക് കൊടുക്കാൻ പോകുന്നുവെന്ന പത്രവാർത്ത കാണുകയുണ്ടായി. ഇതുകൂടി ആയാലോ? മുൻസിപ്പാലിറ്റി നടത്തേണ്ട നികുതി പിരിവ്, അധിക വരുമാനം സൃഷ്ടിക്കൽ എന്നീ കാര്യങ്ങളെല്ലാംതന്നെ ബാഹ്യശക്തികളിൽക്കൂടി നടത്താനുദ്ദേശിക്കു ന്നുണ്ടോ എന്നാണ് ഞങ്ങളിപ്പോൾ സംശയിക്കുന്നത്. മുൻസിപ്പാലിറ്റിയെ ത്തന്നെ ഇല്ലാതാക്കി ഇതുമുഴുവനും എൻ.ജി.ഒ.-കളെ ഏൽപ്പിക്കുന്നതിനുവേ ണ്ടിയുള്ള ഗൂഢനീക്കം നടക്കുകയാണ്. സംസ്ഥാനമൊട്ടാകെതന്നെ എല്ലാ കാര്യങ്ങളിലും ഇപ്പോൾ ഡിപ്പാർട്ട്മെന്റുകളൊന്നും വേണ്ട, എൻ.ജി.ഒ.-കൾ മതി. ആ എൻ.ജി.ഒ.-കളെ ഉപയോഗപ്പെടുത്തി ഇവിടെ നികുതിയുണ്ടാക്കാം,

ജനന–മരണ രജിസ്ട്രേഷനും മറ്റ് കാര്യങ്ങളും ചെയ്യാം. ഈ വക കാര്യങ്ങ ളെല്ലാം എൻ.ജി.ഒ.–കൾക്ക് കൊടുത്ത് മുൻസിപ്പാലിറ്റിയെ കയ്യുംകെട്ടി നോക്കി നിൽക്കുന്ന നിലയിലേക്ക് കൊണ്ടുപോകുന്നതിനുവേണ്ടിയാണോ സെക്രട്ടറിക്ക് മാത്രം സർക്കാർ ശമ്പളവും ബാക്കിയുള്ളവർക്കെല്ലാം നഗരസഭ ശമ്പളവും കൊടുത്ത് അവർക്ക് ശമ്പളംകൂടി കൊടുക്കാത്ത സ്ഥിതിയിലേക്ക് എത്തിക്കുന്നത് എന്നാണ് ഞങ്ങൾ ന്യായമായും സംശയിക്കുന്നത്. നമ്മുടെ ഓരോ ഫ്ളാറ്റുകളും എടുത്ത് പരിശോധിച്ചുനോക്കിയാൽ....., ഓരോ തെരുവു കളിലും ഫ്ളാറ്റുകൾ നിർമ്മിച്ച് കൊള്ളലാഭമുണ്ടാക്കുന്ന ആളുകൾക്കുവേണ്ടി 1999–ൽ നിശ്ചയിച്ച റോഡിന്റെ വീതി ഇപ്പോൾ വെട്ടിക്കുറച്ചിരിക്കുകയാണ്. രണ്ട് വീഥികൾ തമ്മിൽ ബന്ധിപ്പിക്കുന്ന റോഡിന് അഞ്ച് മീറ്റർ വീതി മതി യെന്നാണ് പറഞ്ഞിട്ടുള്ളത്. അപ്പോൾ ഓരോ ഇടുങ്ങിയ വഴികളിലും ഫ്ളാറ്റ് നിർമ്മിക്കാം. ആ ഫ്ളാറ്റുകളിലെല്ലാം ഇഷ്ടംപോലെ പുതിയനിലകൾ പണിത് ഇഷ്ടംപോലെ താമസക്കാരെ ഉണ്ടാക്കി ഇഷ്ടംപോലെ അഴിമതി നടത്താ നുള്ള എല്ലാ സംവിധാനവും ഉണ്ടാക്കിക്കൊടുക്കാൻ വേണ്ടിയാണ് ഈ ഭേദഗതി കൊണ്ടുവന്നത് എന്നാണ് നമുക്ക് കാണാൻ കഴിയുന്നത്. മുമ്പ് സി.ടി.പി.–ക്കും ടൗൺ പ്ലാനർക്കും അധികാരമുണ്ടായിരുന്നു. ടൗൺ പ്ലാനർക്കും സി.ടി.പി.–ക്കും നിയന്ത്രണങ്ങൾക്ക് വിധേയമായി പ്രവർത്തി ക്കാൻ എല്ലാ അധികാരവും കൊടുത്തിരുന്നു. ഇപ്പോൾ സി.ടി.പി.–യുടെയും ടൗൺ പ്ലാനറുടെയും അധികാരം പരിമിതപ്പെടുത്തി. അങ്ങനെ പരിമിതപ്പെടു ത്തിയാൽ അതിന്റെ അധികാരം നഗരസഭകളിൽ നിക്ഷിപ്തമായിരിക്കണം. ഇപ്പോൾ നഗരസഭകളിലും നിക്ഷിപ്തമല്ല. ആ അധികാരം ആരാണ് കയ്യാളു ന്നത്? നഗരസഭകളുടെ ഭരണം ഇപ്പോൾ നഗരസഭകൾക്കും സി.ടി.പി–ക്കും

ഠൗൺ പ്ലാനർക്കുമില്ല എന്ന സ്ഥിതിയിലേക്ക് പോയിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ടാണ് ഞങ്ങൾ ഇതിനെ ശക്തമായി എതിർക്കുന്നത്. വാണിജ്യ സ്ഥാപനങ്ങൾക്കും, അമിതമായ ഫീസ് ഈടാക്കുന്ന അൺഎയ്ഡഡ് കോളേജുകൾ, അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, നാട്ടുകാരിൽ നിന്ന് അമിത ഫീസ് ഈടാക്കി പാവപ്പെട്ട അദ്ധ്യാപകർക്ക് ശമ്പളം കുറച്ചുകൊടുക്കുന്ന ഒരു രീതിയാണ് അവർക്കെല്ലാമുള്ളത്. അവരിൽ നിന്ന് വളരെ പരിമിതമായ ടാക്സ് മാത്രമേ ഈടാക്കാൻ പാടുള്ളൂവെന്നുള്ള ധ്വനിയാണ് ഈ ഭേദഗതിയിലുള്ളത്. കേരളത്തിൽ ഏറ്റവും കൂടുതൽ ചൂഷണം നടത്തുന്ന ഒരു വിഭാഗമാണ് അൺഎയ്ഡഡ് കോളേജുകളും അൺഎയ്ഡഡ് കോൺവെന്റുകളും. ആ അൺഎയ്ഡഡ് കോളേജുകളിൽ നിന്നും കോൺവെന്റുകളിൽ നിന്നും വാണിജ്യ സ്ഥാപനങ്ങളിൽ നിന്നും ചുരുങ്ങിയ തോതിൽ മാത്രമേ നികുതി പിരിക്കാൻ പാടുള്ളൂവെന്ന നിബന്ധന.............., വിദ്യാഭ്യാസത്തെ വാണിജ്യവത്ക്കരിക്കുന്ന ആ സ്ഥാപന ഉടമകളെ കണ്ണും പൂട്ടി അനുകൂലിക്കുന്ന നിലപാടാണ് ഈ ഗവൺമെന്റ് കാണിക്കുന്നത്. ഇതിനെ എങ്ങനെയാണ് ഞങ്ങൾ അനുകൂലിക്കുന്നത്? ബസ്സുകളിലും വാഹനങ്ങളിലും സഞ്ചരിക്കുമ്പോൾ ഓരോ നഗരത്തിലും നീണ്ട ക്യൂ കാണാറുണ്ട്. മദ്യഷാപ്പുകളുടെ മുന്നിലാണ് ആ ക്യൂ. കേരളം മദ്യപാനികളുടെ നാടായി മാറുകയാണ്. ഏറ്റവും കൂടുതൽ മദ്യമുപയോഗിക്കുന്ന നാടായി, ഓരോ സ്ഥലവും ഓരോ താലൂക്കും ഓരോ പ്രദേശവും ഞങ്ങൾ ഏറ്റവും കൂടുതൽ മദ്യം കുടിച്ചിരിക്കുന്നുവെന്ന് പറയുന്ന രൂപത്തിലേക്ക് പത്രങ്ങളിൽ വാർത്ത വരാൻ തുടങ്ങി. മദ്യം വിൽക്കാനുള്ള അനുമതി കൊടുക്കാൻ, സ്ഥലം നിശ്ചയിച്ചുകൊടുക്കാനുള്ള അധികാരം ഇപ്പോൾ മുനിസിപ്പാലിറ്റിക്ക് കൊടുത്തിരിക്കുകയാണ്. എന്താണ് ഇതിന്റെ അർത്ഥം; എന്താണ് ഇത് ലക്ഷ്യമാക്കുന്നത്?

ഓരോ മുനിസിപ്പാലിറ്റിക്കും ഇഷ്ടംപോലെ മദ്യഷാപ്പുകൾ അനുവദിച്ചു കൊടുക്കുന്നതിനുള്ള മൗനസമ്മതവും പ്രേരണയുമാണോ ഇതിലൂടെ കൊടുക്കുന്നത് എന്നാണ് ഞങ്ങൾ ചോദിക്കുന്നത്. ഇഷ്ടമുള്ളവർക്ക് ഇഷ്ടമുള്ള സ്ഥലത്ത് അനുമതി കൊടുത്തോളൂ, അവിടെയെല്ലാം മദ്യഷാപ്പ് വന്നോട്ടെ, അങ്ങനെ മദ്യപന്മാരുടെ നാടായി മാറാൻ, അണ്ണാറക്കണ്ണനും തന്നാലായത് എന്നുപറഞ്ഞതുപോലെ ഇഷ്ടംപോലെ മദ്യഷാപ്പുകൾ തുറക്കുന്നതിനുള്ള അനുവാദം മുൻസിപ്പാലിറ്റികൾ കൊടുക്കാൻവേണ്ടി ഗവൺമെന്റ് സഹായം ചെയ്തുകൊടുക്കുന്നതല്ലേ ഇത്. ഇത്തരത്തിലുള്ള ഭേദഗതികളെ, തെറ്റായ നീക്കങ്ങളെ ഞാൻ ശക്തമായി എതിർക്കുകയാണ്.

<u>ശ്രീ. ഇ. കെ. വിജയൻ:</u> സർ, ഞാൻ ഈ ഭേദഗതികളിന്മേലുള്ള വിയോജനം രേഖപ്പെടുത്തുകയാണ്. എനിക്കുമുൻപ് മൂന്നുപേർ ഈ വിയോജനത്തിന്റെ വിഷയങ്ങളിലേക്ക് കടന്നിട്ടുണ്ട്. അതുകൊണ്ട് ഏറെ നീട്ടിപറയുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. പ്രാചീനകാലം മുതൽ നഗരങ്ങളെക്കുറിച്ചുള്ള തിരിച്ചറിവുള്ളവരാണ് നാം. ചരിത്രം പഠിക്കുന്നവർക്ക് അതറിയാം. ഹാരപ്പയെക്കുറിച്ചും മോഹഞ്ചദാരെയെക്കുറിച്ചുമെല്ലാം പഠിച്ചുകൊണ്ടാണ് നമ്മൾ വളർന്നുവന്നത്. പക്ഷെ ഇന്ന് നമ്മുടെ നഗരത്തിന്റെ അവസ്ഥ എന്താണെന്നതിനെക്കുറിച്ച് വിശദമായ ചർച്ച നടത്തേണ്ടതുണ്ട്. കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട ബിൽ വന്നപ്പോൾ ഇതേപോലെ വിയോജനക്കുറിപ്പു രേഖപ്പെടുത്തിയെങ്കിൽപ്പോലും അത് അംഗീകരിക്കുവാൻ ഈ ഗവൺമെന്റ് തയ്യാറായില്ല. ഇന്ന് കേരളമാകെ നഗരസഭകൾ അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ ഒരു പ്രശ്നമാണ് മാലിന്യം. അത് പരിഹരിക്കാനുള്ള നടപടികളെക്കുറിച്ച് ഭാവനാപൂർവ്വമായ ചിന്തകളൊക്കെ ബഹുമാന്യനായ

മന്ത്രിക്കുണ്ടെങ്കിൽപ്പോലും അത് പ്രാവർത്തികമാക്കുന്നതിൽ ഈ ഗവൺമെന്റിന് മുന്നോട്ടുപോകുവാൻ കഴിഞ്ഞിട്ടില്ല. ബഹുമാന്യനായ മന്ത്രി ലോകം കണ്ടിട്ടുണ്ട്, നഗരങ്ങൾ കണ്ടിട്ടുണ്ട്. പക്ഷെ അതിനനുസൃതമായി അതിവേഗം മുന്നോട്ടുപോകാൻ പരിശ്രമിക്കുന്ന ഗവൺമെന്റ് എന്നവകാശപ്പെടുന്ന ഈ സർക്കാരിന് ഈ പദ്ധതി നഗരസഭകളുമായി ബന്ധപ്പെടുത്തി കേരളത്തിൽ നടപ്പിലാക്കാൻ കഴിയുന്നില്ല. സ്വീവേജ് നെറ്റ്‌വർക്കിനെക്കുറിച്ച് ഇവിടെ നേരത്തേ സൂചിപ്പിച്ചു. യഥാർത്ഥത്തിൽ ഇനിയങ്ങോട്ട് മാലിന്യക്കൂമ്പാരത്തിലും മലിനജലത്തിലൂടെയുമല്ലാതെ നമ്മുടെ ജീവിതത്തെ മുന്നോട്ടുകൊണ്ടുപോകുവാൻ കഴിയില്ല. ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് പോകുവാൻ ആഗ്രഹിക്കുന്നില്ല. എല്ലാ മേഖലകളിലും, പഞ്ചായത്ത് നിലവാരം മുതൽ മുനിസിപ്പൽ കോർപ്പറേഷൻ നിലവാരങ്ങൾ വരെ അത് ഒരേപോലെ വന്നിരിക്കുകയാണ്. ഗാന്ധിജി സ്വപ്നം കണ്ടത് ഗ്രാമരാജ്യത്തെക്കുറിച്ചാണെങ്കിൽ, കേരളം ഇന്ന് ഗ്രാമവും നഗരവും വ്യത്യാസമില്ലാതെ നഗരവൽക്കരിച്ചുകൊണ്ടിരിക്കുന്ന ഒരു കാലയളവിലാണ്. അത്തരമൊരു സാഹചര്യത്തിൽ ഇവിടെ ഈ ഭേദഗതിയെന്നുപറയുന്നത് മൂന്ന് വകുപ്പുകളുമായി ബന്ധപ്പെടുത്തിക്കൊണ്ടാണ്. അതിൽ വസ്തുനികുതി ഓരോ 5 വർഷം കൂടുമ്പോഴും 25 ശതമാനം വീതം വർദ്ധിപ്പിക്കുന്നതിനെക്കുറിച്ച് സൂചിപ്പിച്ചിട്ടുണ്ട്. നമ്മുടെ കണക്കനുസരിച്ച് പ്രത്യേകിച്ച് ആർ. സി. ബിൽഡിംഗുകൾ, കോൺക്രീറ്റ് ബിൽഡിംഗുകൾ ഉയർന്നുവരുന്ന കേരളം കടലോരങ്ങളേറെയുള്ളതുകൂടി എടുത്ത് പരിശോധിച്ചാൽ 60 വർഷത്തിലേറെ ഈ കോൺക്രീറ്റ് കെട്ടിടങ്ങൾക്ക് ആയുസ്സില്ല എന്ന് കാണാം. അതിന്റെ മൂല്യം കുറഞ്ഞുകൊണ്ടിരിക്കുമ്പോൾ നികുതി വർദ്ധിപ്പിക്കുന്ന ഒരു സമീപനമാണ്. തീർച്ചയായും അത് ആലോചിക്കേണ്ടത് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്.

എന്നാൽ അത് 25 ശതമാനം വർദ്ധിപ്പിക്കണമെന്ന നിർബന്ധ വ്യവസ്ഥ ഉൾപ്പെടുത്തിയിരിക്കുകയാണ്. അതിനോട് നമുക്ക് യോജിക്കാൻ കഴിയുക യില്ല. യഥാർത്ഥത്തിൽ ഉള്ളവീടിന്റെ നികുതിയെക്കുറിച്ച് ഇവിടെ ചർച്ചചെ യ്യുമ്പോൾ ഇല്ലാത്ത പാവപ്പെട്ട മനുഷ്യന്റെ വീടിനെക്കുറിച്ചല്ലേ നമ്മൾ ആലോ ചിക്കേണ്ടത്. ഇന്ന് നമ്മുടെ ജനസംഖ്യയുടെ 10 ശതമാനത്തിലേറെ വരുന്ന അന്യസംസ്ഥാന തൊഴിലാളികൾ കൂടി നമ്മുടെ സംസ്ഥാനത്തേക്ക് പ്രത്യേ കിച്ച് നഗരങ്ങളിലെ ബസ് സ്റ്റാൻഡുകളും റെയിൽവേ സ്റ്റേഷനുകളുമെല്ലാം കണ്ടാൽ നമുക്കത് ബോധ്യപ്പെടും. ആയിരക്കണക്കിന് തൊഴിലാളികളാണ് എത്തിയിട്ടുള്ളത്. ഇവരെ താമസിപ്പിക്കുവാനുള്ള പദ്ധതികൂടി ഇതിന്റെ ഭാഗ മാക്കിയില്ലെങ്കിൽ, നേരത്തെ സൂചിപ്പിച്ച മാലിന്യവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും കടന്നുവരുന്നുണ്ട്. അവയെ നമുക്ക് സ്വീകരിക്കാതിരിക്കുവാൻ പറ്റുകയില്ല. നേരത്തെ കേരളത്തിൽനിന്ന് ഗൾഫിലേക്ക് പോകാൻ വേണ്ടി ബോംബെയിലേക്ക് എത്തിയവരെ താമസിപ്പിക്കുന്നതിന് ലേബർക്യാമ്പുകൾ ഉണ്ടാക്കിയതുപോലെ ഇന്നു നമ്മുടെ നഗരങ്ങളിൽ കേവലം ചെറിയ ഒരു മുറിയിൽ പത്തും അൻപതും പേർ താമസിക്കുകയാണ്. നമ്മുടെ സംസ്ഥാ നത്ത് വ്യാപകമായി, ഇന്നേതോ വാർത്തയിൽ കാണാൻ കഴിഞ്ഞത് സമീപ ത്തുള്ള ഏതോ കോളേജിൽ 75-ലേറെ വിദ്യാർത്ഥികൾ മഞ്ഞപ്പിത്തം ബാധിച്ച് ആശുപത്രിയിലാണ് എന്നാണ്. നമ്മുടെ ഗ്രാമീണ മേഖലകളിലും അതു പോലെ പലമേഖലകളിലും അത് വന്നിട്ടുണ്ട്. മനുഷ്യവിസർജ്യം വ്യാപകമായ തോതിൽ ഡംപ് ചെയ്യുന്നതിന്റെ ഭാഗമായി നമ്മുടെ കുടിവെള്ളത്തിലേക്ക് അത് കടന്നുവരുന്നതിന്റെ ഭാഗമാണ്. വളരെ ഭാവനാപൂർവ്വം ഇത്തരം പ്രശ്ന ങ്ങൾക്ക് ഒരു പരിഹാരമുണ്ടാക്കാനുള്ള സമീപനം വന്നില്ലെങ്കിൽ നമ്മുടെ ആരോഗ്യ പരിപാലന സംവിധാനത്തെയാകെ തകിടംമറിക്കുന്ന തരത്തിലേക്ക്

ഇതുമാറുമെന്നതിനാൽ അതിനെക്കുറിച്ച് ഗൗരവമായ ആലോചന വേണ്ട തുണ്ട്. യഥാർത്ഥത്തിൽ നമ്മൾ വളരെ വൈകി. നമുക്കൊരു മാസ്റ്റർപ്ലാൻ ഈ നഗരങ്ങളിലാകമാനം നടപ്പിലാക്കുവാനുള്ള പരിശ്രമമില്ലെങ്കിൽ ഭൂമി എവിടെയുണ്ടാകും. കാർഷികമേഖല ഏത് എന്നും, വ്യാവസായിക മേഖല ഏത് എന്നും, റസിഡൻഷ്യൽ ഏരിയ ഏത് എന്നുമുള്ള വേർതിരിവിന്റെ സമയം അതിക്രമിച്ചിരിക്കുകയാണ്. ഭവനനിർമ്മാണ വകുപ്പ് കൈകാര്യം ചെയ്തപ്പോൾ മുൻപ് സഖാവ് എം.എൻ. ഗോവിന്ദൻനായർ ലക്ഷം വീട് പദ്ധതി ആവിഷ്കരിച്ച കാലയളവിൽ അത്തരമൊരു സാഹചര്യത്തിലേക്കും പഞ്ചായത്തുകളിൽപ്പോലും ഫ്ളാറ്റ് സംവിധാനത്തിലേക്ക് മനുഷ്യൻ മാറേണ്ട തിനെക്കുറിച്ച് ഗൗരവപൂർവ്വം ഈ നിയമസഭയിൽ അദ്ദേഹം ഉന്നയിച്ചിരുന്നു. പക്ഷെ പിന്നീടുവന്ന ഗവൺമെന്റുകൾ അത് തുടർന്നുകൊണ്ടുപോയില്ലെന്ന പോരായ്മയുണ്ട്. അത്തരമൊരു നടപടിയിലൂടെ മാത്രമേ യഥാർത്ഥത്തിൽ അതിനൊരു പരിഹാരമുണ്ടാക്കിയെടുക്കുവാൻ കഴിയുകയുള്ളൂ. അങ്ങനെയാ ണെങ്കിൽ ഗവൺമെന്റ് ഉടസ്ഥതയിൽത്തന്നെ വിവിധ മേഖലകൾ തിരിച്ച് റസി ഡൻഷ്യൽഏരിയ തീരുമാനിച്ച് വീടുകൾ നിർമ്മിക്കാനുള്ള ഒരു ബൃഹത്തായ പദ്ധതി ആവിഷ്കരിച്ചാൽ അതിന്റെ വാടകയുൾപ്പെടെയുള്ള കാര്യങ്ങൾ തീരു മാനിക്കാനുള്ള സംവിധാനം വിവിധ ഏജൻസികളിലൂടെ ഗവൺമെന്റിനുണ്ടാ ക്കിയെടുക്കാൻ കഴിയും. ഇന്ന് കെട്ടഴിച്ചുവിട്ട രീതിയിൽ ഫ്ളാറ്റുകൾ ഉയർന്നു വരികയാണ്. അതിന് ഇളവുവരുന്ന ഒരു സംവിധാനം ഇവിടെ ഉണ്ടാക്കിയ തിന്റെ പത്രവാർത്തകളും വന്നു. ഇതിന്റെയൊന്നും സുരക്ഷിതത്വം പരിശോധി ക്കുവാനുള്ള സംവിധാനമില്ല. മത്സരിച്ച് 10-20-40-50 നിലക്കെട്ടിടങ്ങൾ നമ്മുടെ നഗരങ്ങളിലൊക്കെ ഉയർന്നുവരികയാണ്. ഇതിന്റെ അടിത്തറയുടെ ശക്തി ഒന്നുംതന്നെ നമുക്ക് കാണുവാൻ കഴിയുന്നതല്ല. തിരുവനന്തപുരം

നഗരത്തിൽ പൊടുന്നനെ ഒരു കെട്ടിടം തകർന്നുവീണതിന്റെ വാർത്ത വന്നിട്ട് ഒരു വർഷം കഴിഞ്ഞിട്ടില്ല. മറ്റ് ഇതര മേഖലകളിലും അത് സംഭവിക്കാനുള്ള സാധ്യതയുണ്ട്. എന്നാൽ ഇതിനൊരു പരിശോധനയുമില്ല. മാത്രമല്ല, പച്ച നിറഞ്ഞ കേരളത്തെ വെറും കോൺക്രീറ്റ് സൗധങ്ങളുടെ കേന്ദ്രമാക്കിമാറ്റുന്ന ഈ കാലയളവിൽ ഇത്തരം ഇളവുകൾ നൽകുന്നതാർക്കുവേണ്ടിയാണ്? റോഡിന്റെ വീതി 5 മീറ്ററാക്കി കുറയ്ക്കുക മാത്രമല്ല അതിന്റെ സുരക്ഷിതത്വം, ഫയർഎൻജിന് കടന്നുപോകുവാൻ കഴിയുന്നില്ല. അതിന് ഒരു അവസരമൊരുക്കി മാത്രമേ ഈ കെട്ടിടങ്ങൾ പണിയാവൂ എന്ന് തീരുമാനിച്ചാൽ അത്തരം ഫ്ളാറ്റുകൾ മാത്രമേ ഉയർന്നുവരികയുള്ളൂ അതിനോടനുബന്ധിച്ച് നിശ്ചിത ശതമാനം മരങ്ങൾ കൂടി നട്ടുവളർത്തണമെന്ന് തീരുമാനിച്ചില്ലെങ്കിൽ അത്രയേറെ കാർബൺഡയോക്സൈഡ്, പ്രത്യേകിച്ച് ചൂടുകൂടുന്ന മുറയ്ക്ക് എ.സി. കൂടി ഉപയോഗിക്കുന്ന ഫ്ളാറ്റുകളാകുമ്പോൾ അത്രയേറെ പുറത്തേക്കുവിടുമ്പോൾ അതിനെ ഒന്നു ലഘൂകരിക്കുവാൻ അതിനൊരു ഗ്രീൻബെൽറ്റുകൂടി അനിവാര്യമാണ് എന്നു തീരുമാനിച്ചില്ലെങ്കിൽ, 50 സെന്റുണ്ടെങ്കിൽ 50 സെന്റിലും ഫ്ളാറ്റ് എന്ന നിലയിലേക്ക് പോകുന്ന ഈ ചിന്തയ്ക്ക് അനുരോധമായ സമീപനം ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകാൻ പാടുണ്ടോ അത്തരമൊരു സമീപനത്തിൽ ഒരു സമവായം ഈ നിയമസഭയിൽ ഉണ്ടാക്കിക്കൊണ്ട് നമ്മുടെ ഈ മലയാള മണ്ണിനെ, കേരളത്തെ സംരക്ഷിക്കുവാനുള്ള ഒരു സമീപനമല്ലേ ഭാവിയെ സംരക്ഷിക്കേണ്ട ബാധ്യതയുള്ള ജനാധിപത്യ സംവിധാനത്തിന്റെ കാവൽക്കാരനെന്ന നിലയ്ക്ക് ഈ ഗവൺമെന്റിന്റെ ബാധ്യത. അതിനെല്ലാം ഇളവുകൊടുത്തുകൊണ്ട് ഈ നാടിനെ നശിപ്പിക്കുന്ന സമീപനത്തിലേക്ക് നമുക്ക് പോകാൻ കഴിയുമോ. മനുഷ്യരാണ് അവിടെ താമസിക്കുന്നത്. ഇന്നത്തെ തലമുറയല്ലെങ്കിൽ

അടുത്ത തലമുറയ്ക്ക് അവരുടെ ജീവിതം ഉറപ്പുവരുത്തുവാനുള്ള കെട്ടുറപ്പ് ഇതിനുണ്ടോ എന്നു പരിശോധിക്കേണ്ടതുണ്ട്. അതിനു സഹായകരമായ സമീപനങ്ങളുമുണ്ടാകണം.

പണ്ട് രാജാക്കൻമാരുടെ കാലത്ത് തിരുവനന്തപുരം, മൈസൂർ, ബാംഗ്ലൂർ നഗരങ്ങളിൽ മരങ്ങൾ നട്ടു വളർത്തിക്കൊണ്ടാണ് കെട്ടിടങ്ങൾ പണിതിരുന്നത്. ഇന്ന് നമ്മൾ മരങ്ങൾ മുറിച്ചുമാറ്റിയാണ് ഫ്ളാറ്റുകൾ പണിയുന്നത്. മരങ്ങൾ നട്ടുപിടിപ്പിക്കുന്നത് നിർബന്ധപൂർവ്വം നടപ്പാക്കേണ്ട കാര്യമാണ്. അനിവാര്യമായി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനെക്കുറിച്ച് ഞാൻ ഇവിടെ സൂചിപ്പിച്ചു. ഈ വകുപ്പ് കൈകാര്യം ചെയ്യുന്ന മന്ത്രിയുടെ ഭാവനയിൽ അത് ഉണ്ടായിരിക്കുമെന്ന് എനിക്കറിയാം. അത് നമുക്ക് നടപ്പാക്കിയേ പറ്റൂ. സാമ്പത്തികമായ ബുദ്ധിമുട്ട് നേരത്തെ ഇവിടെ സൂചിപ്പിച്ചു. നഗരങ്ങളെ മുന്നോട്ട് കൊണ്ടു പോകുന്നതിനുള്ള ഫണ്ട് അലോക്കേഷൻ ഈ ബഡ്ജറ്റിൽ വളരെ കുറവാണ്. കുടിവെള്ളത്തിന് നമ്മുടെ നഗരസഭകൾ ബുദ്ധിമുട്ടനുഭവിക്കുകയാണ്. കടലോരങ്ങളിലുൾപ്പെടെ പത്ത് ശതമാനം ഫണ്ട് മുൻകൂർ അടച്ചാലേ ഗുണഭോക്താക്കൾക്ക് കുടിവെള്ളം ലഭിക്കുകയുളളൂ. അതിനൊരു പരിഹാരം ഉണ്ടാക്കണം. ഇവിടെ സൂചിപ്പിക്കേണ്ട ഒരു വിഷയം കെട്ടിട നികുതി ഇളവുമായി ബന്ധപ്പെട്ടതാണ്. വാണിജ്യവൽക്കരണം പ്രോത്സാഹിപ്പിക്കുന്ന ഈ സാഹചര്യത്തിൽ നേരത്തെ സൂചിപ്പിച്ച പോലെ അൺ എയ്ഡഡ് വിദ്യാലയങ്ങളുടെ മറവിൽ, വിദ്യാർത്ഥികളുടെ കേന്ദ്രങ്ങളെന്ന നിലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ഇളവ് കൊടുക്കാൻ തീരുമാനിക്കുന്നു. അത്തരം സ്ഥാപനങ്ങളിൽ ഫീസ് നിയന്ത്രണമില്ല,

അവിടെ ആരും തന്നെ ഫീസ് തീരുമാനിക്കുന്നില്ല. ഹോസ്റ്റൽ ഫീസ്, ഭക്ഷണ ഫീസ് എല്ലാം വാങ്ങുന്ന കച്ചവട സ്ഥാപനത്തിനാണ് ഫീസ് ഇളവ് നൽകുന്നത്, ഇതുമായി ബന്ധപ്പെടുത്തിക്കൊണ്ട് അനുവദിക്കാൻ കഴിയുമോ? ബഹുമാനപ്പെട്ട ചെയർ ഉൾപ്പെടെ ആ വിഷയം ആലോചിക്കണ്ടേ? എയ്ഡഡ് സ്കൂളുകൾ പോലെയുള്ള സ്ഥാപനങ്ങൾക്ക് ഗവൺമെന്റ് ഇളവ് നൽകേണ്ടതുണ്ട്. അവിടെ നിന്ന് നികുതി വാങ്ങേണ്ട കാര്യമില്ല. പക്ഷെ ഇതുപോലെ കിട്ടുന്നതിങ്ങുപോരട്ടെ എന്ന നിലയ്ക്ക് ഫീസ് വാങ്ങുന്ന സ്ഥാപനങ്ങളിലാണ് നികുതി ഇളവ് ചെയ്തുകൊടുക്കുന്നത്. ഇന്നലെ യുവജനക്ഷേമ ബില്ലുമായി ബന്ധപ്പെടുത്തിക്കൊണ്ട് ഇത്തരം സ്ഥാപനങ്ങളിലെ ഫീസിനെക്കുറിച്ച് ഈ സഭയിൽ ചർച്ച വന്നതുകൊണ്ട് അതുമായി ബന്ധപ്പെട്ട കൂടുതൽ വിഷയങ്ങൾ പ്രതിപാദിക്കാൻ ആഗ്രഹിക്കുന്നില്ല. വിയോജനക്കുറിപ്പുമായി ബന്ധപ്പെട്ട് ഒന്നുകൂടി സൂചിപ്പിക്കട്ടെ, ഇതിൽ അബ്ക്കാരി നിയമവുമായി ബന്ധപ്പെടുത്തിക്കൊണ്ട് ഒരു ഇളവ്, ഒരു സൗജന്യം മുനിസിപ്പാലിറ്റിക്ക് നൽകുന്നുവെന്ന സമീപനം ഉണ്ട്. ഈ സഭയിൽ തന്നെ അത് കൈകാര്യം ചെയ്യുന്ന മന്ത്രി പറഞ്ഞു, അഴിമതി താഴെത്തട്ടിലേക്ക് പോകുന്നുവെന്ന്. മുകൾത്തട്ടിൽ അഴിമതിയുണ്ടെന്ന് മന്ത്രി ഇവിടെ സൂചിപ്പിച്ചതാണ്. ആ അഴിമതി താഴെ തട്ടിലേക്ക് കൊടുക്കുന്ന സമീപനമല്ല വേണ്ടത്. കേരളത്തിലാകമാനം മദ്യത്തിന്റെ ഉപയോഗം കുറയ്ക്കുന്നതിന്റെ ഭാഗമായ ഒരു സമീപനത്തിന്റെയും കാഴ്ചപ്പാടിന്റെയും വെളിച്ചത്തിലാണ് ബാറുകളായാലും ബിവറേജസ് കോർപ്പറേഷന്റെ ഔട്ട്ലെറ്റുകളായാലും അനുവദിക്കുന്നത് എന്ന സമീപനത്തിന്റെ ഭാഗമായി മാത്രമേ ഇത് അനുവദിക്കാവൂ എന്ന കാഴ്ചപ്പാടിന് പുറത്ത് ഇത് വ്യാപകമാകട്ടെ എന്ന സമീപനത്തിന്റെ ഭാഗമായി ഗവൺമെന്റ് കൊടുക്കാനുള്ളതെല്ലാം കൊടുത്തു കഴിഞ്ഞു, ഇനി അങ്ങോട്ട് തരേണ്ടത് മുനിസിപ്പാലിറ്റികളുടെ

തലയിലേക്ക് ഇടുന്ന ഈ സമീപനം തീർച്ചയായും യോജിക്കാൻ കഴിയുന്നതല്ല. അതുകൊണ്ട് വിയോജനക്കുറിപ്പ് രേഖപ്പെടുത്തിക്കൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. എ. റ്റി. ജോർജ്: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013–ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. 2013–ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബില്ലിനെ ഞാൻ സ്വാഗതം ചെയ്യുന്നു. 2013 ലെ 33–ാം നമ്പർ ഓർഡിനൻസിന് പകരമായാണ് ഈ ബിൽ കൊണ്ടു വന്നിരിക്കുന്നത്. ഈ നിയമത്തിൽ വരുത്തിയ ഭേദഗതികൾ അഭിനന്ദനാർഹം തന്നെയാണ്. ഈ നിയമം പാസ്സാക്കുന്നതോടെ സർക്കാരിന്റെ അംഗീകാരമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ളതും ഹയർ സെക്കണ്ടറി തലം വരെയുള്ളതുമായ വിദ്യാഭ്യാസ ആവശ്യങ്ങൾക്കു മാത്രം ഉപയോഗിക്കുന്ന കെട്ടിടങ്ങളും അത്തരം സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ താമസിക്കുന്ന ഹോസ്റ്റൽ കെട്ടിടങ്ങളും വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെടുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളെന്നു പറയുമ്പോൾ വിദ്യ അഭ്യസിപ്പിക്കുന്ന സ്ഥാപനങ്ങളെ വിദ്യാഭ്യാസ സ്ഥാപനങ്ങളായി കണക്കാക്കപ്പെടേണ്ടതുള്ളൂ. നമ്മുടെ പൊതുസമൂഹവും രക്ഷകർത്താക്കളുമൊക്കെ കുട്ടികൾക്ക് നല്ല വിദ്യാഭ്യാസം കൊടുക്കണമെന്ന താത്പര്യത്തോടെ വിദ്യ അഭ്യസിപ്പിക്കുന്നതിന് പൊതുവിദ്യാലയങ്ങളിലും സ്വകാര്യ വിദ്യാലയങ്ങളിലുമൊക്കെ അവരെ അയച്ച് പഠിപ്പിക്കുന്ന ഒരു സാഹചര്യത്തിലാണ് നമ്മൾ ജീവിക്കുന്നത്. അതുകൊണ്ട് ഇത്തരം സ്ഥാപനങ്ങൾ നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടത് പൊതുതാത്പര്യത്തിലാണെന്ന കാര്യത്തിൽ

ഒരു സംശയവും ഇല്ല. അത്തരം സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ താമസി ക്കുന്ന ഹോസ്റ്റൽ കെട്ടിടങ്ങളും വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെടു ന്നത് എന്തുകൊണ്ടും സ്വാഗതാർഹമാണ്. പൊതുതാത്പര്യ പ്രകാരം ചില സ്ഥാപനങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കുവാൻ സർക്കാരിനു ള്ള അധികാരം നിലനിർത്തിക്കൊണ്ടാണ് ഈ ബിൽ ഇവിടെ അവതരിപ്പിച്ചിരി ക്കുന്നത്. അതുപോലെ തന്നെ 447–ാം വകുപ്പിൽ 6–ാം ഉപവകുപ്പിന് ശേഷം കൂട്ടി ചേർക്കപ്പെട്ടിരിക്കുന്ന 7,8,9,10 എന്നീ ഉപവകുപ്പുകൾ പ്രകാരം മുനിസി പ്പാലിറ്റികൾക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും മദ്യഷാപ്പുകൾ തുട ങ്ങുന്നതിനും അവ മാറ്റുന്നതിനുമുള്ള അധികാരം നിലനിർത്തുന്നതുകൊണ്ട് നഗരത്തിലും ഗ്രാമങ്ങളിലും മദ്യവിൽപ്പന സ്ഥാപനങ്ങൾ ഉണ്ടാകുന്നത് നിയ ന്ത്രിക്കുവാൻ കഴിയും. തിരുവനന്തപുരം കോർപ്പറേഷനിൽ നമ്മുടെ ഏറ്റവും വലിയ വിദ്യാഭ്യാസ സ്ഥാപനമായ യൂണിവേഴ്സിറ്റി കോളേജിന് തൊട്ടുമു ന്നിൽ ഒരു മദ്യഷാപ്പുണ്ട്. അത് പ്രവർത്തിപ്പിക്കാനുള്ള അധികാരം കോർപ്പറേ ഷന് കൊടുത്തിരുന്നുവെങ്കിൽ ഒരു കാരണവശാലും ആ മദ്യഷാപ്പ് അവിടെ ഉണ്ടാകുമായിരുന്നില്ല. അതിന് അനുവാദം നൽകില്ല. അതുകൊണ്ടാണ് സർക്കാരിൽ നിക്ഷിപ്തമായിരുന്ന അധികാരം മുനിസിപ്പാലിറ്റികൾക്കും ഗ്രാമ പഞ്ചായത്തുകൾക്കും നൽകിയത്. വസ്തു നികുതി കാലോചിതമായി പരി ഷ്ക്കരിക്കാത്തതുകൊണ്ട് പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും വരു മാന നഷ്ടം ഉണ്ടാകുന്നു. എന്റെ സുഹൃത്ത് ശ്രീ. കെ. വി. വിജയദാസ് ഇവിടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഇന്നത്തെ സ്ഥിതി സൂചിപ്പിച്ചു. പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും തനതു ഫണ്ടില്ലാതെ, ശമ്പളം കൊടുക്കാൻ ഫണ്ടില്ലാതെ കഷ്ടപ്പെടുകയാണ്. പദ്ധതി വിഹിതം ചെലവഴി ക്കപ്പെടുന്നതിന് വേണ്ടി ഉപയോഗപ്പെടുത്തുന്ന ഒരു ഏജൻസി പോലെയാണ്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ കാണുന്നത്. അതിൽ നിന്ന് വ്യത്യസ്ത മായി അവർക്ക് വരുമാനം ഉണ്ടാകണം. വസ്തു നികുതി ചുമത്തുന്നതിലൂടെ അവരുടെ വരുമാന മാർഗ്ഗം വർദ്ധിപ്പിക്കണം. അങ്ങനെ വരുമാനം വർദ്ധി ച്ചാലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അവരുടെ പദ്ധതികൾ പൂർത്തീ കരിക്കുവാൻ കഴിയുകയുള്ളൂ. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വരു മാന നഷ്ടം ഉണ്ടാകാതിരിക്കുവാൻവേണ്ടിയാണ് ഇത്തരത്തിൽ ഭേദഗതി വരു ത്താൻ തീരുമാനിച്ചത്. സർക്കാരിന് യാതൊരു അധികച്ചെലവും വരാത്ത വിധം തയ്യാറാക്കിയ ഈ നിയമം അതേപടി നടപ്പാക്കുവാൻ ബന്ധപ്പെട്ടവർ ശ്രമിക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്. സബ്ജക്ട് കമ്മിറ്റി വിശദ മായി ചർച്ച ചെയ്തശേഷമാണ് ഈ ബിൽ സഭയ്ക്കു മുന്നിൽ വന്നിരിക്കുന്ന ത്. ചില നിർദ്ദേശങ്ങൾകൂടി ഈ വകുപ്പിൽ ചേർക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അപേക്ഷിക്കുന്നു. 233-ാം വകുപ്പിന്റെ ഭേദഗതിയിൽ എ (4) -ാം വകുപ്പിന് പകരം ചേർക്കപ്പെട്ട ഉപവകുപ്പിൽ ഒരോ അഞ്ചു വർഷവും 5 ശത മാനം എന്ന നിരക്കിൽ വർദ്ധനവ് വരുത്തി അപ്രകാരം 5 വർഷ കാലയളവ് പൂർത്തിയാകുമ്പോൾ 25 ശതമാനം വരുന്ന വിധത്തിൽ പുതുക്കി നിശ്ചയി ക്കേണ്ടതുണ്ട്. എന്നുള്ളതിൽ 25 ശതമാനം എന്നതിന് പകരം അത് 20 ശതമാ നമായി വർദ്ധനവ് വരത്തക്ക വിധത്തിൽ പുതുക്കി നിശ്ചയിക്കേണ്ടതാണ് എന്ന ഭേദഗതി കൂടി ഉൾപ്പെടുത്തിയാൽ നന്നായിരുന്നു. വർദ്ധിപ്പിക്കുന്ന തുകയ്ക്ക് കുടിശ്ശികയുണ്ടായാൽ അത് ഗഡുക്കളായി അടയ്ക്കുവാനുള്ള സംവിധാനം കൂടി കൊടുക്കണമെന്ന ഭാഗം ഉൾപ്പെടുത്തിയാൽ നന്നായിരു ന്നു. ബഹുമാനപ്പെട്ട മന്ത്രിയോടുള്ള മറ്റൊരു അഭ്യർത്ഥന 4 സെന്റിന് താഴെ യുള്ള വസ്തുവിൽ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് കെട്ടിട നിർമ്മാണ ചട്ടങ്ങ ളിൽ ഇളവ് നൽകണമെന്നുള്ളതാണ്. ഇന്ന് അത് മൂന്ന് സെന്റ് എന്നാണ്

നിശ്ചയിക്കപ്പെട്ടിരിക്കുന്നത്. നമ്മുടെ ജീവിത പശ്ചാത്തലം വർദ്ധിച്ചതിന്റെ അടിസ്ഥാനത്തിൽ വീട് വയ്ക്കുന്നതിന് അത്യാവശ്യം നാല് സെന്റ് ഭൂമിയിലെ ങ്കിലും ഈ ഇളവ് നൽകേണ്ടതുണ്ട്. അങ്ങനെ വന്നാൽ പാവപ്പെട്ടവർക്ക് ഇത് വലിയ ഒരു ആശ്വാസമാകും.

കൂടാതെ ആയിരം സ്ക്വയർ ഫീറ്റിന് താഴെയുള്ള ടൈൽസ്, മൊസെയ്ക്ക് എന്നിവ പാകിയിട്ടുള്ള കെട്ടിടങ്ങൾക്കും മാലിന്യസംസ്ക്കരണ സംവിധാനം ഏർപ്പെടുത്തിയിട്ടുള്ള കെട്ടിടങ്ങൾക്കും നികുതി വർദ്ധനവിൽ ഇളവ് അനുവദിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. അന്യായമായി ടാക്സ് ചുമത്തി ജനങ്ങളെ ചൂഷണം ചെയ്യുന്നുവെന്നുള്ള പരാതി ഈ നിയമം പ്രാബല്യത്തിൽ ആകുന്നതോടുകൂടി അവസാനിക്കുമെന്ന് ഞാൻ കരുതുന്നു. കുറ്റമറ്റരീതിയിൽ ബില്ലിലെ വ്യവസ്ഥകൾ ബന്ധപ്പെട്ടവർ പാലിച്ചാൽ വളരെ നന്നായിരിക്കുമെന്ന് ഞാൻ വിചാരിക്കുന്നു. ബിൽ അവതരിപ്പിച്ച മന്ത്രിയെ ഞാൻ അഭിനന്ദിക്കുന്നു. അതോടൊപ്പംതന്നെ നമുക്കറിയാം നമ്മൾ ഇപ്പോൾ ഇവിടെ നിയമസഭ കൂടുന്നു. തലസ്ഥാനനഗരിയിൽ നിയമസഭ കൂടുമ്പോൾ തലസ്ഥാന നഗരിയിലും നമ്മുടെ തൊട്ടടുത്ത് നടക്കുന്ന സംഭവ വികാസ ങ്ങൾ നമ്മൾ കണ്ടില്ല എന്ന് നടിക്കുവാൻ പാടില്ല എന്നാണ് ഞാൻ വിശ്വസി ക്കുന്നത്. നമ്മുടെ സെക്രട്ടേറിയറ്റിനുമുമ്പിൽ ഒരു വിധവ, ഒരമ്മ, ഒരു സഹോ ദരി നിരാഹാരം കിടക്കുന്നു. എന്തിനുവേണ്ടിയാണ് വിധവയായ സഹോദരി നിരാഹാരം കിടക്കുന്നത്? തന്റെ ഭർത്താവിനെ മൃഗീയമായി കൊലപ്പെടു ത്തിയ കൊലയാളികളെ കണ്ടുപിടിച്ചാൽ മാത്രം പോരാ, ക്വട്ടേഷൻ സംഘ ത്തിന്റെ അംഗങ്ങളെ നീതിയുടെ മുമ്പിൽ കൊണ്ടുവന്നാൽ മാത്രം പോരാ. ആ ക്വട്ടേഷൻ സംഘങ്ങളെ ഏർപ്പാടാക്കി കൊടുത്ത ആളുകളെകൂടി കണ്ടു

പിടിക്കണം. അവരെ കണ്ടുപിടിച്ച് നിയമത്തിന്റെ മുമ്പിൽ കൊണ്ടുവന്നുവെങ്കിൽ മാത്രമേ ഈ ശിക്ഷ പൂർത്തീകരിക്കാൻ കഴിയുകയുള്ളൂവെന്ന് ആ വിധവയായ സ്ത്രീ നിരാഹാരം കിടന്നുകൊണ്ട് നമ്മളോടാവശ്യപ്പെടുന്നു. കേരളത്തിലെ ഏറ്റവും വലിയ സഭയാണ് ഇവിടെ കൂടുന്നത്. നമ്മൾ കൂടുന്ന സന്ദർഭത്തിൽത്തന്നെ ഇത്തരത്തിൽ ഒരു സംഭവവികാസം അവിടെ നടക്കുമ്പോൾ അവിടെച്ചെന്ന് അവരെ ആശ്വസിപ്പിക്കണം. അവർക്ക് എന്താണ് പറയുവാനുള്ളതെന്ന് കേൾക്കുവാൻപോയ പ്രിയപ്പെട്ട മുൻ ആഭ്യന്തരവകുപ്പു മന്ത്രിയും ഇപ്പോഴത്തെ ട്രാൻസ്പോർട്ട് വകുപ്പുമന്ത്രിയുമായ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, ശ്രീ. ടി. എൻ. പ്രതാപൻ, ശ്രീ. വി.ഡി. സതീശൻ എന്നിവരെ ഞാൻ അഭിനന്ദിക്കുകയാണ്. അവരെ കുറ്റം പറയുന്നത് ശരിയല്ല. നമ്മൾ പോകണം. നമ്മുടെ പ്രിയപ്പെട്ട പ്രതിപക്ഷ ഉപനേതാവ് അദ്ദേഹം അവിടെ ചെല്ലുമെന്ന് ആ പാവപ്പെട്ട കുഞ്ഞുമകൾ ആർത്തിയോടെ കാത്തിരിക്കുന്നു. പ്രിയമുള്ളവരെ നിങ്ങൾ അദ്ദേഹത്തെ അങ്ങോട്ടയയ്ക്കണം. അദ്ദേഹം അവിടെച്ചെന്ന് എന്താണ് സംഭവിച്ചതെന്ന് കേൾക്കുവാനുള്ള സാമാന്യമായ ഒരു മര്യാദ നമുക്കില്ലേ; ആ മര്യാദ പാലിക്കപ്പെടണം. ഇന്ന് നമ്മൾ ക്വട്ടേഷൻ സംഘങ്ങളെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരുമ്പോഴും പല ആളുകളും പുതുതായി നമ്മുടെ രാഷ്ട്രീയ ചേരികളിലേക്ക് മാറിക്കൊണ്ടിരിക്കുന്നു. നമോവിചാർ സംഘത്തെപ്പോലുള്ള മതഭീകരവാദികൾ ഒരു മെയിൻ സ്ട്രീം രാഷ്ട്രീയപ്രസ്ഥാനത്തിലേക്ക് മാറുന്നു. നമോവിചാർ സംഘ് ഭീവിചാർ സംഘ് ആയി മാറുന്നു. എന്താണ് ഇവിടെ നമ്മുടെ രാഷ്ട്രീയത്തിൽ സംഭവിക്കുന്നത്? ഒരു സാധാരണ രാഷ്ട്രീയപ്രവർത്തകൻ എന്നുള്ള രീതിയിൽ ഇന്നത്തെ രാഷ്ട്രീയ രംഗത്തുണ്ടാകുന്ന മൂല്യച്യുതികളെക്കുറിച്ച് ചിന്തിക്കുന്ന, ഒരു ഗ്രാമത്തിൽനിന്ന് വരുന്ന ഒരു വ്യക്തിയെന്ന നിലയിൽ നമുക്ക്

ഒരുമിച്ചുനിന്ന് ഇത്തരം പ്രവണതകളെ എതിർക്കുവാൻ കഴിയണം. 51 വെട്ടു കളേറ്റ് പിടഞ്ഞുമരിച്ച പാവപ്പെട്ട മുൻ കമ്മ്യൂണിസ്റ്റുകാരൻ, അദ്ദേഹവും ചോരച്ചാലുകൾ നീന്തിക്കയറിയ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം എന്നുപറഞ്ഞ് കണ്ണൂരിന്റെ തെരുവുകളിലും കമ്മ്യൂണിസ്റ്റ് ഗ്രാമങ്ങളിലും നിങ്ങളുടെ ആശയം പ്രചരിപ്പിച്ചുനടന്ന ആളല്ലേ; അദ്ദേഹത്തിന്റെ ആത്മാവിന് ശാന്തിയു ണ്ടാകണമെങ്കിൽ നമ്മൾ അദ്ദേഹത്തോടൊപ്പം ഉണ്ടാകണം. അദ്ദേഹത്തിന്റെ വിധവയുടെ ന്യായമായ ആവശ്യങ്ങൾക്കുമുമ്പിൽ ഈ സർക്കാർ കണ്ണടയ്ക്ക രുതെന്ന് എനിക്ക് ഒരഭ്യർത്ഥനയുണ്ട്. ആ പാവപ്പെട്ട വിധവയുടെ അഭ്യർത്ഥന മാനിച്ചുകൊണ്ട്, അവരുടെ ആവശ്യങ്ങൾ അംഗീകരിക്കുന്നതിനു വേണ്ടി നടന്ന കുറ്റകൃത്യങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ ഈ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമെന്ന് പ്രതീക്ഷിച്ചു കൊണ്ട് ഞാൻ ഈ ഭേദഗതികളെ അനുകൂലിച്ചുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

ശ്രീ. സാജു പോൾ : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാര മുള്ള 2013-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 (ബി) ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ബഹുമാന്യനായ ശ്രീ. എ.റ്റി. ജോർജ് വിഷയത്തിൽനിന്നെല്ലാം വ്യതിച ലിച്ച് സെക്രട്ടേറിയറ്റിനുമുന്നിൽ ഒരു സമരം നടക്കുന്നതിനെക്കുറിച്ച് പറഞ്ഞു. ഞാൻ അതിന്റെ മറ്റു വിശദാംശങ്ങളിലേക്ക് പോകുന്നില്ല.

<u>മി. ചെയർമാൻ:</u> സാധാരണ ചെയ്യുന്നതുപോലെ അങ്ങ് വിഷയത്തിൽ മാത്രം നിന്നാൽ മതി.

<u>ശ്രീ. സാജു പോൾ</u>: സർ, ഇപ്പോൾ നടക്കുന്ന സമരത്തോട് അനുഭാവം പ്രകടിപ്പിച്ചുകൊണ്ട് അദ്ദേഹം നടത്തിയ വികാരം ഈ നാട്ടിലുണ്ടായ മറ്റു സംഭവവികാസങ്ങളോടും ഉണ്ടാകണമായിരുന്നു. കണ്ണൂരിലെ സി.പി.ഐ.(എം) ഓഫീസിന്റെ ചുവരിൽ നിരവധിയായ രക്തസാക്ഷികളുടെ പേരുകൾ എഴുതി വച്ചിട്ടുണ്ട്. സഖാവ് അഴീക്കോടൻ രാഘവൻ മുതൽ കേരളത്തിൽ രക്തസാക്ഷികൾ ആയിട്ടുള്ള ഒരുപാടുപേരെക്കുറിച്ച് ഓർക്കാതെയാണ് ഇവിടെ ഈ ജൽപ്പനങ്ങൾ നടത്തിയത്. അതുപോലെ തൃശൂരിൽ കൊലചെയ്യപ്പെട്ട കോൺഗ്രസ്സിന്റെ ഉൾപ്പെടെ, അങ്ങനെ എത്രയോ പേർ, മുണ്ടുരിയപ്പെട്ടവരും വയറ്റിൽ വലിയ പീഡനമേറ്റവരുടെയുമെല്ലാം അഭിമുഖങ്ങൾ നമ്മൾ കണ്ടിട്ടുണ്ടല്ലോ; ഇപ്പോൾ ഒരാളെ കൊണ്ടുവന്നുകിടത്തി, എന്താണ് അതിന്റെ ഉദ്ദേശം എന്നുള്ളത് എല്ലാവർക്കുമറിയാം. അത് എല്ലാവർക്കും നല്ലതുപോലെ മനസ്സിലായിട്ടുണ്ട്. മാത്രവുമല്ല അവിടെ ഒത്തിരിയാളുകൾ ഓടിക്കൂടി. ഈ ഓടിക്കൂടിയ വലിയ ജനാധിപത്യവാദികളും നീതിബോധമുള്ള ആളുകളും കേരളത്തിൽ ഏറ്റവും വലിയ ഒരു തട്ടിപ്പ് നടന്നപ്പോൾ ആ തട്ടിപ്പിനെതിരെ മിണ്ടിക്കേട്ടില്ലല്ലോ; ഇപ്പോൾ കുറേ മാധ്യമ വിശകലന വിദഗ്ദ്ധന്മാർ, നിരൂപക വ്യാഘ്രങ്ങൾ പത്രങ്ങളിലൂടെയും ചാനലുകളിലൂടെയും അലറിവിളിച്ചുകൊണ്ടിരിക്കുകയല്ലേ; സോളാർ തട്ടിപ്പ് നടത്തി രണ്ട് മാന്യമഹതികൾ ഉൾപ്പെടെ മുഖ്യമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിലുള്ള കുറേയാളുകളടക്കം കേരളത്തിൽ കുറ്റവാളികൾ ആയിരുന്നപ്പോൾ അവരോട് ഇത്തരം തട്ടിപ്പ് പാടില്ല, അതിൽ ഉത്തരവാദികളായ ആളുകളെ ഭരണത്തിൽനിന്ന് മാറ്റി നിറുത്തണമെന്ന് പറയാനുള്ള നീതിബോധം ഉണ്ടായോ; എത്ര വലിയ സമര

മായിരുന്നു നടന്നത്; ഇത് ഒരു വിധവയും കുടുംബാംഗങ്ങളും മാത്രമല്ലേ വന്നുള്ളു; ലക്ഷക്കണക്കിനാളുകൾ ഈ അനന്തപുരിയുടെ എല്ലാ തെരുവുകളേയും ജനസാഗരമാക്കി ഇവിടെ വന്നല്ലോ;

ശ്രീ. ബെന്നി ബെഹനാൻ: സർ, ഞാനൊരു കാര്യം പറയാം. സോളാർ സംഭവത്തിൽ പ്രതിപക്ഷം ആവശ്യപ്പെട്ട ജുഡീഷ്യൽ അന്വേഷണത്തിന് ഈ ഗവൺമെന്റ് തയ്യാറായി. ഇവിടെ രമ നടത്തിയ സമരത്തെക്കുറിച്ച് പറഞ്ഞു. സി.ബി.ഐ. അന്വേഷണം വേണമെന്ന് രമ പറയുന്നു. ശ്രീ. സാജു പോളിന് സി.ബി.ഐ. അന്വേഷണം വേണമെന്ന് ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ അടുത്തെങ്കിലും പറയാനുള്ള ഒരു ആത്മധൈര്യം കാണിക്കാമോ?

ശ്രീ. സാജു പോൾ: സർ, ഈ സംഭവം നടന്ന് ഒരു വർഷത്തിലേറെ ആയപ്പോഴും കേരളം ഭരിച്ചുകൊണ്ടിരുന്നതും ഇന്ത്യ ഭരിക്കുന്നതും നിങ്ങൾ തന്നെയല്ലേ? ഞങ്ങൾ ആരെങ്കിലും തടസ്സം പറഞ്ഞോ; ഇതിപ്പോൾ ഞങ്ങൾ ആരോ ഇതിന് തടസ്സം നിന്നതുപോലെയാണ് പറയുന്നത്. ഇതൊക്കെ യഥാർത്ഥത്തിൽ തങ്ങളുടെ ജനപിന്തുണ, ഇപ്പോൾ തദ്ദേശസ്വയം ഭരണ വകുപ്പുമായി ബന്ധപ്പെട്ട് മുനിസിപ്പൽ ആക്ടിലെ ഭേദഗതിയാണ് നമ്മൾ ചർച്ച ചെയ്യുന്നത്. ഈ അടുത്തദിവസം നടന്ന ഉപതെരഞ്ഞെടുപ്പുകളിലടക്കം 24 സീറ്റിൽ 14 എണ്ണത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണിയാണ് വിജയിച്ചത്. മലപ്പുറത്ത് എല്ലാം നഷ്ടപ്പെട്ടു. അപ്പോൾ അതിൽനിന്നെല്ലാം ശ്രദ്ധതിരിച്ചുവിടാൻ ജനങ്ങളുടെ കണ്ണിൽ പൊടിയിടുന്നതിന് നടത്തുന്ന ഒരു പരിപാടിയാണിത്. പൊതുതെരഞ്ഞെടുപ്പിന്റെ ചൂടിലേക്ക് രാജ്യം പൊയ്ക്കൊണ്ടിരിക്കുകയാണ്. ആ സന്ദർഭത്തിൽപോലും പാചകവാതകത്തിന്റെ വില വർദ്ധിപ്പിക്കുന്നു. ഇന്നലെയും ഡീസലിന് വില വർദ്ധിപ്പിച്ചു. അങ്ങനെയുള്ള ജനവിരുദ്ധ

നടപടികൾ സ്വീകരിക്കുമ്പോൾ അതിൽ നിന്ന് ജനങ്ങളെ എങ്ങനെയെങ്കിലും അവരുടെ ചില മൃദുല വികാരങ്ങൾ, മാതാവിന്റെ ദു:ഖം, സ്ത്രീയുടെ ദു:ഖം, വിധവയുടെ ദു:ഖം എന്നെല്ലാം പറഞ്ഞ്, എത്രയോ വിധവമാരുടെ ദു:ഖം കേരളത്തിൽ കാണാതെ പോയ ആളുകളാണ്. ഡൽഹിയിൽ നടന്ന കൂട്ട ക്കൊലയുടെ ഉത്തരവാദിത്വത്തിൽനിന്ന് ഇന്ത്യൻ നാഷണൽ കോൺഗ്രസിന് മാറി നിൽക്കാൻ പറ്റുമോ; അന്ന് ഒരു വടവൃക്ഷം മറിഞ്ഞുചാടുമ്പോൾ താഴെ യുള്ള ചെറിയ ചെടികളൊക്കെ തകർന്നുപോകും എന്നുപറഞ്ഞ ആളുകൾ ഇപ്പോൾ പറയുന്നു കൊലപാതകം, ചോരക്കറ, വെട്ട്, കുത്ത്... എന്തൊരു വർത്തമാനമാണിത്. ബഹുമാന്യനായ ശ്രീ. ബെന്നി ബെഹനാന് അറിയാ മല്ലോ പെരുമ്പാവൂരിൽ വീക്ഷണം ഫണ്ടുപിരിവുമായി നടന്ന.... ആ ഫണ്ട് ഏ റ്റുവാങ്ങാൻ ശ്രീ. എ. കെ. ആന്റണി വന്നപ്പോൾ എ ഗ്രൂപ്പുകാരായ കോൺഗ്ര സ്സുകാരെ പെരുമ്പാവൂരിൽവച്ച് അടിച്ചത് നമുക്ക് മറക്കാൻ പറ്റുമോ; ആ ആളുകളാണ് ഇപ്പോൾ ഇവിടെ ആദർശം പറയുന്നത്.

<u>ശ്രീ. ബെന്നി ബെഹനാൻ:</u> സർ, ശ്രീ. സാജു പോൾ ഒന്നും അറിയാതെ പറയരുത്. ശ്രീ. സാജു പോളിന്റെ പിതാവും ഞങ്ങളുമൊക്കെ കേരളത്തിൽ ഏറ്റവും കൂടുതൽ വീക്ഷണം ഫണ്ട് കൊടുത്തവരാണ്. ശ്രീ. സാജു പോളിന്റെ പിതാവ് കോൺഗ്രസിന്റെ എം.എൽ.എ. ആയിരുന്നു. ചരിത്രമറി യാതെ പറയരുത്. വീക്ഷണത്തിന് കേരളത്തിൽ ഏറ്റവും കൂടുതൽ ഫണ്ട് കൊടുത്തത് പെരുമ്പാവൂരിൽനിന്നാണ്. ഒരു അടിയുടെ പ്രശ്നമല്ല. അതു കൊണ്ട് അവിടെ ഒരു തർക്കവും ഉണ്ടായിരുന്നില്ല.

<u>ശ്രീ. സാജു പോൾ</u>: സർ, ആ വീക്ഷണം പത്രത്തിനെ ഒരു പരുവത്തിലാ ക്കിയത് ശ്രീ. ബെന്നി ബെഹനാൻ ഉൾപ്പെടെയുള്ളവരാണ്. അതിന്റെ മാനേ

ജിംഗ് ഡയറക്ടറായിരുന്നില്ലേ? ഞാൻ പറഞ്ഞുവന്നത് അന്ന് ആ വീക്ഷണം ഫണ്ട് പിരിവുമായി പെരുമ്പാവൂരിൽ...

ശ്രീ: ബെന്നി ബെഹനാൻ: സർ, സ്വന്തം പിതാവ് ചെയ്ത കാര്യം പോലും വിസ്മരിച്ച് നിയമസഭയിൽ വന്നുപറയുന്നത് ശരിയല്ല.

ശ്രീ. സാജു പോൾ: സർ, ഏറ്റവും കൂടുതൽ ഫണ്ട് പിരിച്ച് കൊടുത്തതാണ്. അന്ന് എന്റെ പിതാവും ശ്രീ. ബെന്നി ബെഹനാനും ഉൾപ്പെടെയുള്ളവരെ കോൺഗ്രസ്സിലെ ഒരു വിഭാഗം ആളുകൾ പെരുമ്പാവൂരിൽ വച്ച് ഓടിച്ച് തല്ലിയത് വിസ്മരിക്കാൻ പറ്റുമോ; ഉണ്ടായിട്ടില്ലേ?

ശ്രീ. ബെന്നി ബെഹനാൻ: സർ, ഞങ്ങളെയാരും തല്ലിയിട്ടില്ല, തല്ല് കൊടുത്തിട്ടുണ്ട്. പെരുമ്പാവൂരിൽ മാർക്സിസ്റ്റ് പാർട്ടി തല്ലിയത് ആരെയാണെന്നും വിലപറഞ്ഞത് ആരാണെന്നും ഞങ്ങളെക്കൊണ്ട് പറയിപ്പിക്കണ്ട. ശ്രീ. സാജു പോളിന്റെ പിതാവും ഞാനും യൂണിയനുണ്ടാക്കാൻ പോയപ്പോൾ ആ യൂണിയനുണ്ടാക്കുന്ന സ്ഥലത്ത് സി.ഐ.ടി.യു. ക്കാർ ശ്രീ. സാജു പോളിന്റെ പിതാവിനെയും ഞങ്ങളെയും ഓടിച്ചിട്ട് തല്ലാൻ വന്നിട്ടുണ്ട്. അവർക്കുവേണ്ടിയാണ് ശ്രീ. സാജു പോൾ ഇപ്പോൾ വാദിക്കുന്നത്.

ശ്രീ. സാജു പോൾ: സർ, എന്റെ പിതാവും ശ്രീ. ബെന്നി ബെഹനാനും ഉൾപ്പെടെയുള്ളവർ 1980–ൽ പെരുമ്പാവൂരിൽ അരിവാൾ ചുറ്റിക നക്ഷത്രം ചിഹ്നത്തിൽ മത്സരിച്ച സാക്ഷാൽ പി. ആർ. ശിവനെ വിജയിപ്പിക്കാൻ വേണ്ടി എല്ലാ വീടുകളും കയറിയിറങ്ങുകയും ശ്രീ. ബെന്നി ബെഹനാൻ ഉൾപ്പെടെ അരിവാൾ ചുറ്റിക നക്ഷത്രമടയാളത്തിൽ വോട്ട് രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

ശ്രീ. ബെന്നി ബെഹനാൻ: സർ, ശ്രീ. സാജു പോളിന്റെ പിതാവും ഞാനും താങ്കളുടെ നാട്ടിൽ യൂണിയനുണ്ടാക്കാൻ നടന്നപ്പോഴും പ്ലാന്റേഷൻ കോർപ്പറേഷനിൽ യൂണിയനുണ്ടാക്കാൻ നടന്നപ്പോഴും താങ്കളുടെ പിതാവി നെയും ഞങ്ങളെയുമൊക്കെ തല്ലാൻ വന്ന സി.ഐ.ടി.യു.-ക്കാരെ കുറിച്ചാണ് അങ്ങ് പറഞ്ഞത്. ഞങ്ങളെ ഒരു കോൺഗ്രസുകാരും തല്ലിയിട്ടുമില്ല, തല്ലു കൊണ്ടിട്ടുമില്ല.

ശ്രീ. സാജു പോൾ: സർ, ബഹുമാന്യനായ ബെന്നി ബെഹനാൻ വളരെ ക്ഷമയോടെ കേൾക്കണം. ഞാൻ സൂചിപ്പിച്ചുവന്നത്, ഏതെങ്കിലും ഒരു സംഘട്ടനത്തിൽ ഒരാൾ കൊല ചെയ്യപ്പെടുകയോ പരിക്കേൽക്കുകയോ ചെയ്തത് ഇവിടെ പർവ്വതീകരിച്ചു പറഞ്ഞപ്പോൾ കോൺഗ്രസുകാരും പരസ്പരം തല്ലിയിട്ടുണ്ടെന്നും കോൺഗ്രസുകാരെയും തല്ലിയിട്ടുണ്ടെന്നും കോൺഗ്രസുകാരും കൊല്ലിച്ചിട്ടുണ്ടെന്നും ഓർത്തിരിക്കാൻവേണ്ടി മാത്രം ഞാൻ പറഞ്ഞതാണ്. നമ്മൾ ഒരു വിരൽ മറ്റൊരാളിനെതിരെ ചൂണ്ടുമ്പോൾ മൂന്നെണ്ണം നമ്മുടെ നേരെയിരിക്കുകയാണ്. ആദർശം പ്രസംഗിക്കുകയും അതുപോലെ പ്രവർത്തിക്കുകയും ചെയ്താൽ നമുക്ക് മനസ്സിലാക്കാം, ഇത് പകൽ അത്തർ വിൽക്കുകയും രാത്രി മൂത്രപ്പുരയിൽ കിടക്കുകയും ചെയ്ത തുകൊണ്ടാണ് ഇവിടെ ആദർശം പറയുന്നതെന്ന് വളരെ ലളിതമായി സൂചിപ്പി ച്ചുവെന്ന് മാത്രമേയുള്ളൂ. ഇന്ന് വളരെ പ്രധാനപ്പെട്ട ദിവസമാണ്. ദേശീയ രാഷ്ട്രീയത്തിൽ ഇന്ത്യൻ പാർലമെന്റിൽ 122 എം.പി. മാരുള്ള 14 കക്ഷികൾ ഇന്ന് ഡൽഹിയിൽ യോഗം ചേർന്ന് കോൺഗ്രസിനും ബി.ജെ.പി.-ക്കും ബദ ലായി ഒരു ദേശീയ ജനാധിപത്യ ബദലുണ്ടാക്കുന്നതിനുള്ള ചർച്ച നടത്തുക യാണ്.

മി. സ്പീക്കർ: ശ്രീ. സാജു പോൾ, അവിടെ അവർ ചർച്ച ചെയ്തോട്ടെ.

ശ്രീ. സാജു പോൾ: സർ, അക്കാര്യം ബഹുമാന്യനായ എ. റ്റി. ജോർജ് ഉൾപ്പെടെ ഇവിടെ പറഞ്ഞതാണ്. നിങ്ങൾ ഒരു യാഥാർത്ഥ്യം മനസ്സിലാക്കണം. ഞാൻ മുമ്പ് ഈ നിയമസഭയിൽ പറഞ്ഞിട്ടുള്ളതാണ്. സായിപ്പിൽ ആരംഭിച്ച കോൺഗ്രസ് മദാമ്മയിൽ അവസാനിക്കാതിരുന്നത് ഞങ്ങൾ കാരണമാണ്. നിങ്ങൾക്കിപ്പോൾ 207 സീറ്റുകൾ മാത്രമാണ് ഇന്ത്യൻ പാർലമെന്റിലുള്ളത്. ബി.ജെ.പി.-ക്ക് 106 സീറ്റ്. ബാക്കിയുള്ളവർ 222 പേരാണ്. ഈ 222 പേരുള്ള 14 കക്ഷികൾ ഒരുമിച്ചുനിന്നാൽ 300 സീറ്റുകളോടുകൂടി കേന്ദ്രത്തിൽ അധികാരത്തിൽ വരുമെന്ന് നിങ്ങൾ മനസ്സിലാക്കണം. നിങ്ങളുടെ കൂടെയുള്ള ശ്രീ. ശരദ് പവാറും ശ്രീ. ഫാറൂഖ് അബ്ദുള്ളയും മാറി ചിന്തിച്ചുകൊണ്ടിരിക്കുകയാണ്. ഡി.എം.കെ. നിങ്ങളെ വേണ്ടെന്ന് തീരുമാനിച്ചു. അത്തരത്തിലുള്ള രാജ്യത്തെ മാറ്റങ്ങൾ ന്യൂനപക്ഷങ്ങൾ ഉൾപ്പെടെ......, കേരളത്തിൽ എന്താണ് സ്ഥിതി, ഇന്നിപ്പോൾ ഈ ബിൽ കൊണ്ടുവന്നിട്ടുള്ളതിൽ, വരാൻ പോകുന്ന അബ്കാരി ബിൽ ഉൾപ്പെടെ ന്യൂനപക്ഷങ്ങളെ പ്രീണിപ്പിക്കുന്നതിനുവേണ്ടിയാണ്. അവരുടെ അൺ-എയ്ഡഡ് സ്കൂളുകൾക്ക് നികുതി ഒഴിവാക്കിക്കൊടുക്കൽ, ബാറുകൾ അനുവദിക്കുന്നതിൽ നഗരസഭകൾക്കും പഞ്ചായത്തുകൾക്കും അധികാരം കൊടുക്കൽ ഇതെല്ലാം ഇവിടത്തെ ന്യൂനപക്ഷ മതമേധാവികൾ ആവശ്യപ്പെട്ട കാര്യമാണ്. ആ ന്യൂനപക്ഷ മതമേധാവികൾ എന്തുകൊണ്ടാണ് തങ്ങളുടെ സമുദായത്തിൽപ്പെട്ടയാളുകൾ മദ്യപിക്കാൻ പാടില്ല, മദ്യപിക്കുന്നയാളുകളെ ഞങ്ങളുടെ സഭയിൽ നിർത്തില്ല, അവരുടെ ആവശ്യങ്ങൾ ചെയ്തുകൊടുക്കില്ല, അവരുടെ കല്യാണം, മാമോദീസ, മരണാനന്തര ചടങ്ങുകൾ ചെയ്തുകൊടുക്കില്ല എന്ന് എന്തുകൊണ്ടാണ് പറ

യാത്തത്? ഞാൻ ഈ കാര്യങ്ങൾ ഒരു കവലയിൽ പ്രസംഗിച്ചു. ഉടനേ ഒരു ചേട്ടൻ എഴുന്നേറ്റുനിന്ന് ഏത് തിരുമേനി പറഞ്ഞാലും വൈകുന്നേരമാകുമ്പോൾ ഞാൻ രണ്ടെണ്ണം അടിക്കുമെന്ന് പറഞ്ഞു. എനിക്ക് വൈകുന്നേരമാകുമ്പോൾ രണ്ടെണ്ണം കഴിക്കണം. ഇപ്പറയുന്നവർ സ്വന്തം സമുദായത്തിലെന്തുകൊണ്ടാണ് അത് നടപ്പാക്കാത്തത്? ഇങ്ങനെയെല്ലാം ചെയ്തുകൊടുത്താലും ഇടുക്കിയിലും വയനാട്ടിലും ഉൾപ്പെടെയുള്ള മതന്യൂനപക്ഷ വിഭാഗങ്ങൾ നിങ്ങൾക്കനുകൂലമാകുമെന്ന് പറയാൻ സാധിക്കുമോ? അവരൊക്കെ ഉറച്ച് തീരുമാനിച്ചിരിക്കുകയാണ്. എന്ത് മാന്ത്രികജാലം ബഹുമാന്യനായ മഞ്ഞളാംകുഴി അലിയെക്കൊണ്ടും ബഹുമാന്യനായ കെ. ബാബുവിനെക്കൊണ്ടും ചെയ്യിച്ചാലും വരാൻപോകുന്ന പാർലമെന്റ് തെരഞ്ഞെടുപ്പിൽ ഇടതുപക്ഷ പുരോഗമന പ്രസ്ഥാനങ്ങൾക്കനുകൂലമായി വോട്ട് രേഖപ്പെടുത്താൻ മതന്യൂനപക്ഷങ്ങൾ ഉറച്ചിരിക്കുകയാണ്. ബഹുമാന്യനായ സ്പീക്കറോട് എനിക്ക് ഒരു അപേക്ഷയുണ്ട്. അങ്ങ് കുറച്ച് ആളുകളെ ഈ നിയമസഭാ മന്ദിരത്തിൽ വിന്യസിക്കണം. കുറേ നിവേദകസംഘങ്ങൾ, ഒന്നാം സമ്മേളനം മുതൽ പത്താം സമ്മേളനം വരെയും ഒരേയാളുകൾ നടക്കുകയാണ്. ഇന്നു തന്നെ ഈ സഭയിൽ വച്ചുകണ്ട കുറേ നിവേദക സംഘങ്ങൾ, റേഷൻ ഡീലേഴ്സ് ഉൾപ്പെടെയുള്ളയാളുകൾ പറഞ്ഞ തെറികേട്ട് എന്റെ ചെവിതന്നെ അടഞ്ഞുപോകുന്ന അവസ്ഥയായിപ്പോയി. നിങ്ങൾ എന്തുകൊണ്ടാണ് പറയാത്തത്; പ്രതികരിക്കാത്തത് എന്നുചോദിച്ച് അവർ ഞങ്ങളെയും തെറി പറയുകയാണ്. ഇതെല്ലാം കൃത്യമായി അറിഞ്ഞ് ഡീസലിന്റെയും പാചകവാതകത്തിന്റെയും വില വർദ്ധിപ്പിച്ചയാളുകൾ......, ബഹുമാനപ്പെട്ട മന്ത്രി ആധുനിക മനസ്സുള്ള ഒരുപാട് കാര്യങ്ങൾ ചെയ്യണമെന്ന് ആഗ്രഹമുള്ള; നിരവധി സ്വപ്നങ്ങളുള്ള; അഭ്രപാളികളിൽ അത്ഭുതങ്ങൾ വിരിയിച്ച ഒരു വ്യക്തിയാണ്.

ഇവിടെ നികുതി നിശ്ചയിക്കുന്ന കാര്യത്തിൽ വേറെ എന്തെല്ലാം മാർഗ്ഗങ്ങളുണ്ടെന്ന് ഞാൻ അദ്ദേഹത്തോട് ചോദിക്കുകയാണ്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, പോയിന്റ് ഓഫ് ഓർഡർ.., ബഹുമാനപ്പെട്ട സാജു പോൾ വളരെ ഗുരുതരമായ ഒരു കാര്യമാണ് ഇവിടെ പറഞ്ഞത്. ഈ നിയമസഭയിൽ അങ്ങനെ എല്ലാവർക്കും വന്ന് കയറാൻ കഴിയില്ല. ഏതെങ്കിലും ഒരു എം.എൽ.എ. ഒപ്പിട്ടുകൊടുത്ത പാസിന്റെ അടിസ്ഥാനത്തിലോ അല്ലാതെയോ ഈ സഭയ്ക്കകത്ത് കയറിയ ചില ആളുകൾ, അനാവശ്യം പറയുമെങ്കിൽപ്പോലും വളരെ ബഹുമാന്യനായ സാജു പോളിനെ പച്ചത്തെറി പറഞ്ഞിട്ടുണ്ടെങ്കിൽ അവർക്കെതിരെ നടപടിയെടുക്കാൻ അങ്ങ് ആവശ്യപ്പെടണം. അവർക്കെതിരെ നടപടിയെടുക്കണം. അവരുടെ പേര് പറയണം. ബഹുമാന്യനായ സാജു പോളിനെ പച്ചത്തെറി വിളിച്ചിട്ടുണ്ടെങ്കിൽ അത് വളരെ ഗുരുതരായ പ്രശ്നമാണ്.

ശ്രീ. സാജു പോൾ: സർ, അവർ ചീത്ത പറഞ്ഞത് ഈ ഗവൺമെന്റിനെപ്പറ്റിയാണ്. ഞാൻ ആ ചീത്തയൊന്നും ഇവിടെ പറയില്ല. എസ്.എൽ. പുരത്തിന്റെ, സൂര്യസോമയുടെ ഒരു നാടകത്തിൽ വയസ്സായ ഒരു വലിയമ്മയോട് പോലീസുകാർ പറഞ്ഞ തെറിയെപ്പറ്റി പറയുന്നുണ്ട്. പെൺമക്കൾ മാത്രമുള്ള ആ സ്ത്രീയോട് എന്ത് തെറിയാണ് പറഞ്ഞതെന്നു ചോദിച്ചപ്പോൾ അവർ പറഞ്ഞത്, ആ പോലീസുകാരൻ എന്നോട് പറഞ്ഞ തെറി ഞാൻ നിന്നോട് പറഞ്ഞാൽ നീ ഇപ്പോൾ പെറുമെന്നാണ്. അതുപോലെ പുറത്തുപറയാൻ പറ്റാത്ത ചീത്തകൾ നിങ്ങളുടെ സർക്കാരിനെതിരെയാണ് പറഞ്ഞത്. സാജു പോളിനെ ചീത്ത വിളിച്ചില്ല. നിങ്ങൾ ചെയ്യുന്ന ജനദ്രോഹ നടപടികൾക്ക് തിരുത്തലാവശ്യമാണെന്ന് പറഞ്ഞിട്ടാണ് ഈ നിവേദക സംഘം നടക്കുന്നത്. ശ്രീ. പി. സി. വിഷ്ണുനാഥിനെ കാണുമ്പോൾ പറയി

ല്ല. എപ്പോഴും ടി. വി. യിൽ കാണുന്നയാളായതുകൊണ്ട്, ഒരു പ്രധാനപ്പെട്ട ആളാണ്, മുഖ്യമന്ത്രിയുടെ അടുത്തയാളാണ്, ഏതാണ്ട് ശ്രീ. ഉമ്മൻ ചാണ്ടിയെപ്പോലെ നടക്കുകയും മുടിയൊക്കെ പാറിപ്പറപ്പിച്ച് നിൽക്കുകയും ചെയ്യുന്ന ആളായതുകൊണ്ട് വിഷ്ണുനാഥിനോട് അവർ പറയില്ല. പക്ഷേ അവരുടെയെല്ലാം പ്രതിഷേധം....., ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് രണ്ടു മൂന്ന് പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ, വളരെ പ്രധാനപ്പെട്ട ഈ ബില്ലുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾ പറയാം. അദ്ദേഹത്തിന് ഒരുപാട് കാര്യങ്ങൾ ചെയ്യണമെന്നുണ്ട്. ഈ നിയമംതന്നെ മുനിസിപ്പാലിറ്റികൾക്ക് നികുതി നിരക്ക് 25% വർദ്ധിപ്പിക്കാൻ അധികാരം കൊടുക്കുന്നതാണ്. കേരളത്തിലെ എല്ലാ നഗരസഭകളും ഒരുപോലെയാണോ? തൃക്കാക്കര നഗരസഭയിൽ 400-ഓളം ഫ്ളാറ്റുകൾ പണിതിട്ടുണ്ട്, അവിടെനിന്നും കിട്ടുന്ന ബിൽഡിംഗ് ടാക്സും പെരുമ്പാവൂർ നഗരസഭയ്ക്ക് കിട്ടുന്ന ബിൽഡിംഗ് ടാക്സും ഒരു പോലെയാണോ? ഇത്രയേറെ എൻ.ജി.ഒ. മാരും ഗസറ്റഡ് ഓഫീസർമാർ, സർക്കാർ സ്ഥാപനങ്ങളുള്ള തൃക്കാക്കരയ്ക്ക് കിട്ടുന്ന പ്രൊഫഷണൽ ടാക്സും പെരുമ്പാവൂരിന് കിട്ടുന്ന പ്രൊഫഷണൽ ടാക്സും ഒരുപോലെയാണോ? ലുലു മാൾ സ്ഥിതിചെയ്യുന്ന കളമശ്ശേരിക്ക് കിട്ടുന്ന ടാക്സും മറ്റു നഗരസഭകൾക്കും കിട്ടുന്ന ടാക്സും ഒരുപോലെയാണോ? ഇതിലെല്ലാം ഏറ്റക്കുറച്ചിലുകളുണ്ട്. ആ ഏറ്റക്കുറച്ചിലുകൾ പരിഗണിച്ചുകൊണ്ട് ഈ നികുതിച്ചോർച്ച തടയാനുള്ള എന്തെങ്കിലും നടപടി വേണ്ടേ? മുമ്പ് ഒരു കണക്കിൽ വായിച്ചത്, തിരുവനന്തപുരം പട്ടണത്തിൽപ്പോലും പതിനായിരത്തിനടുത്തുള്ള ആളുകൾ മാത്രമേ ടാക്സ് കൊടുക്കുന്നുള്ളൂവെന്നാണ്. അയ്യായിരം പേർ സെക്രട്ടേറിയറ്റിൽ ജോലി ചെയ്യുന്നുണ്ട്. പതിനായിരം ആളുകൾ ടെക്നോ

പാർക്കിൽ പണിയെടുക്കുന്നുണ്ട്. ഇവരാരെങ്കിലും പ്രൊഫഷണൽ ടാക്സ് കൊടുക്കുന്നുണ്ടോ? ഈ സഭയിൽ തന്നെ നിരവധി അഭിഭാഷകരുണ്ട്. എറണാകുളത്തെയും തിരുവനന്തപുരത്തെയും അഭിഭാഷകരിൽനിന്ന് പ്രൊഫഷണൽ ടാക്സ് ഈടാക്കുന്നില്ല. 2,000 രൂപയിൽ കൂടുതൽ വരുമാനമുള്ള അന്യസംസ്ഥാന തൊഴിലാളികൾ ഉൾപ്പെടെയുള്ളവർ തൊഴിൽ കരം കൊടുക്കാൻ ബാധ്യതയുള്ളപ്പോൾ ഇവരാരും നികുതി കൊടുക്കുന്നില്ല. കേരളത്തിൽ സഞ്ചരിച്ചുനോക്കിയാൽ, ഞാൻ കഴിഞ്ഞ ദിവസവും ഇവിടെ പറഞ്ഞു. ഈ ഫ്ളക്സ് ബോർഡുകൾക്കൊക്കെ ടാക്സ് ഏർപ്പെടുത്തണം. വലിയ വൈദ്യുതി പ്രതിസന്ധിയുള്ളപ്പോഴും കേരളം മുഴുവൻ ദീപാലങ്കാരങ്ങളാൽ നിറച്ചിരിക്കുകയല്ലേ. ആ ദീപാലങ്കാരങ്ങൾ ഏർപ്പെടുത്തുന്നവർക്ക് ടാക്സ് ചുമത്തണം. ഇങ്ങനെയുള്ള പദ്ധതികളിലൂടെ.......

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, കേരളത്തിൽ ഫ്ളക്സ് ബോർഡ് വയ്ക്കുന്നയാളുകളിൽനിന്ന് നികുതി ചുമത്തണമെന്ന നിർദ്ദേശം അങ്ങ് കഴിഞ്ഞ പ്രസംഗത്തിലും പറഞ്ഞതാണ്. ഇവിടെ ഒരു കാര്യവുമില്ലാതെ ഫ്ളക്സ് ബോർഡ് വയ്ക്കുകയാണ്. വികസനപരിപാടിയുടെ പേരിൽ ഫ്ളക്സ് വയ്ക്കുന്നത് സഹിക്കാം, കോടതി വെറുതെ വിട്ടതിന്റെ പേരിൽ കേരളം മുഴുവൻ ഫ്ളക്സ് വച്ചിരിക്കുകയാണ്. അത്തരം ആളുകളിൽനിന്ന് പ്രത്യേകമായ നികുതി ഏർപ്പെടുത്താനുള്ള ഒരു വ്യവസ്ഥ ഏർപ്പെടുത്താൻ കഴിയുമോ?

<u>ശ്രീ. സാജുപോൾ</u>: സർ, ഒരു സ്ഥലത്ത് സേവാദൾ-ന്റെ ചെയർമാനായി എന്നുപറഞ്ഞ് ഫ്ളക്സ് വച്ചിട്ടുണ്ട്. കേരളത്തിലെവിടെയെങ്കിലും സേവാദൾ

എന്ന സംഘടനയുള്ളതായി അങ്ങേയ്ക്കറിയാമോ? അങ്ങനെ ഒരു സംഘടന യുള്ളതായി എനിക്കറിയില്ല. എന്റെ നിയോജകമണ്ഡലത്തിൽ ഒരു സ്ഥലത്ത് മണ്ഡലം പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട ഇന്ന ആളിന് അഭി വാദ്യങ്ങൾ എന്നുപറഞ്ഞ് വലിയ ഫ്ളക്സ് വച്ചിട്ടുണ്ട്. കെ.പി.സി.സി. പ്രസി ഡന്റ് ആഭ്യന്തര മന്ത്രിയായപ്പോൾ, ആഭ്യന്തരമന്ത്രിക്ക് അഭിവാദ്യങ്ങൾ എന്നു പറഞ്ഞ് ചെറിയ ഒരു ഫ്ളക്സ്. അധികാരക്കൊതിയില്ലാത്ത രാഷ്ട്രീയക്കാ രെന്നുപറഞ്ഞ് താക്കോൽ സ്ഥാനം കിട്ടിയതിന് ഫ്ളക്സ്, കിട്ടാത്തിന് ഫ്ളക്സ്. ഇവിടെ ഫ്ളക്സുകൾ കൊണ്ട് നിറഞ്ഞിരിക്കുകയാണ്. ഈ നഗര ങ്ങളെയാകെ വൃത്തികേടാക്കുന്ന ഫ്ളക്സുകളുണ്ടെങ്കിൽ നീക്കം ചെയ്യാ നായി ബഹുമാന്യനായ വിദ്യുച്ഛക്തി വകുപ്പുമന്ത്രി ശ്രീ. ആര്യാടൻ മുഹമ്മദ് ഇലക്ട്രിസിറ്റി ബോർഡിൽ ഉത്തരവിട്ടിരിക്കുകയാണ്. ഒരൊറ്റ ഇലക്ട്രിസിറ്റി പോസ്റ്റിലും ഫ്ളക്സ് ബോർഡ് വയ്ക്കാൻ പാടില്ല. ഇലക്ട്രിസിറ്റി ബോർഡിന്റെ ഇലക്ട്രിക് പോസ്റ്റുകളിൽ ഫ്ളക്സ് കെട്ടുന്നതിന് കുറേ പൈസ ഈടാക്കിയാൽ അവരുടെ കുറേ ബാദ്ധ്യത തീരും.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകു പ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, റോഡിൽ നിൽക്കുന്ന മരത്തിൽ ആണി അടിക്കാൻ പറ്റില്ലെന്ന് തീരുമാനിക്കണം. അങ്ങനെ ചെയ്യു ന്നത് ആ മരത്തെ കൊല്ലുന്നതിന് തുല്യമാണ് അതുകൊണ്ട് ഇനി മരത്തിൽ ആണി അടിയ്ക്കരുത്.

ശ്രീ. സാജുപോൾ: സർ, ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയുടെ അഭി പ്രായത്തോട് ഞാൻ 100% യോജിക്കുകയാണ്.

മി. സ്പീക്കർ : ഇപ്പോൾ സംസാരിച്ചത് വനം വകുപ്പുമന്ത്രിയാണ്. അതാണ് മരത്തിൽ ആണിയടിക്കരുതെന്ന് പറയുന്നത്.

ശ്രീ. സാജുപോൾ: സർ, അദ്ദേഹം ആണിയടിച്ച് ആവാഹിക്കാൻ പറ്റാത്ത കാര്യങ്ങൾ സി.ബി.ഐ.-യെ കൊണ്ടുവന്ന് ആണിയടിപ്പിക്കണമെന്നാണ് ഇവിടെ ചില ആളുകൾ പറഞ്ഞുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് മരത്തിൽ ആണിയടിക്കുന്നതിനെതിരെ ആഞ്ഞടിക്കാൻ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനൊപ്പം സാജുപോൾ ഉണ്ടാകുമെന്ന് ഞാനിവിടെ പ്രഖ്യാപിക്കുകയാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ആണിയടിച്ച് കെട്ടുന്നതു കൊള്ളാം ആണിയിളക്കുന്ന രൂപത്തിൽ നിൽക്കുന്നത് ഗുണമല്ല.

മി. സ്പീക്കർ : യെസ്.......യെസ്........പ്ലീസ്.......കൺക്ലൂഡ്

ശ്രീ. സാജുപോൾ: സർ, നമ്മുടെ ചീഫ് ടൗൺ പ്ലാനറുടെ ഓഫീസിന്റെ അവസ്ഥ എന്താണ്? അവിടെ ആവശ്യത്തിന് സ്റ്റാഫുണ്ടോ; അവർക്ക് വേണ്ടത്ര സംവിധാനങ്ങളുണ്ടോ? ഞാൻ അവിടെ കൊടുത്ത ചോദ്യത്തിന് ഇപ്പോൾ ഉത്തരം തന്നിട്ടുണ്ട്. കേരളത്തിലെ ബഹുഭൂരിപക്ഷം നഗരങ്ങൾക്കും മാസ്റ്റർ പ്ലാനില്ല. അതിന് നഗരങ്ങളും ഇവിടെ ഭരിക്കുന്ന രാഷ്ട്രീയ പാർട്ടികളും ഉത്തരവാദികളാണ്. മാലിന്യ സംസ്ക്കരണത്തെക്കുറിച്ച് ഞാനിവിടെ സൂചിപ്പിച്ചതാണ്. എല്ലാപേരും ഖരമാലിന്യത്തെക്കുറിച്ച് (സോളിഡ് വേസ്റ്റ്) മാത്രമേ പറയുന്നുള്ളൂ. അതുപോലെ ദ്രവമാലിന്യത്തിന് സ്വീവേജ് സിസ്റ്റം ഇവിടെ ഇല്ല. ബയോമെഡിക്കൽ വേസ്റ്റ് ഐ.എം.എ. ഇപ്പോൾ സംസ്ക്കരിക്കുന്നു. 2020-ൽ ഇപ്പോഴുള്ളതിന്റെ 500 ഇരട്ടിയാകുന്ന ഇലക്ട്രോണിക് വേസ്റ്റിനെ കുറിച്ച് ചർച്ച ചെയ്യുന്നില്ലേ? നമ്മുടെ ബാർബർ ഷോപ്പുകളിലെ തലമുടി സംസ്ക്കരിക്കുന്ന കാര്യം ഗൗരവമായി ചർച്ച ചെയ്യണം. ഇന്ത്യയിലെ പ്ലാൻഡ് സിറ്റികളായ ചണ്ഡിഗഢ്, അഹമ്മദാബാദ്, നോയിഡ

എന്നിവിടങ്ങളൊക്കെ പോയി കാണണം. ഇന്നു രാവിലെ CRZ നിയമത്തെക്കുറിച്ച് ചർച്ച ചെയ്തു. കസ്തൂരി രംഗൻ റിപ്പോർട്ട് പി.എം.ജി.എസ്.വൈ. പോലുള്ള പദ്ധതികൾ, യഥാർത്ഥത്തിൽ നമ്മുടെ ത്രിതല സംവിധാനം കേരളത്തിൽ ആവശ്യമുണ്ടോ എന്നുള്ളത് അന്ന് നിയമം പാസാക്കിയ ആളുകൾ ശ്രദ്ധിച്ചില്ല. ഇനിയെങ്കിലും അത്തരം കാര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്യാൻ കഴിയണം. എനിക്ക് മറ്റൊരു പ്രധാനപ്പെട്ട കാര്യം പറയാനുള്ളത് ബഹുമാനപ്പെട്ട മന്ത്രി പ്രധാനമന്ത്രിയെ പോയികണ്ട് തെരുവുനായ്ക്കളുടെ പ്രശ്നത്തിൽ എന്തുചെയ്യണമെന്ന് തീരുമാനിക്കണം. അദ്ദേഹം അധികമൊന്നും ഡൽഹിയിൽ പോയിട്ടില്ല. കെ.പി.സി.സി.-യുടെ പുതിയ പ്രസിഡന്റ് വരുമെന്നുപറഞ്ഞ് ഇവിടെനിന്ന് കുറേ ആളുകൾ ഡൽഹിയിലേക്കുപോയി. ഇതുവരെ പ്രസിഡന്റ് വന്നിട്ടില്ല. അങ്ങ് തെരുവുനായ്ക്കളുടെ കാര്യം ചർച്ചചെയ്യാൻ ഡൽഹിയിൽ പോകാൻ തയ്യാറുണ്ടോ? ഇപ്പോൾ എം.എൽ.എ ഹോസ്റ്റലിലോ നിയമസഭാ കോംമ്പൗണ്ടിലോ തിരുവനന്തപുരത്ത് റോഡിലോ ഇറങ്ങിയാൽ പട്ടികടിക്കും. അങ്ങനെയാണെങ്കിൽ പ്രത്യേക ട്രെയിനിൽ ബുക്ക് ചെയ്ത് ഇവിടെയുള്ള പട്ടികളെയെല്ലാം ഡൽഹിയിൽ കൊണ്ടാക്കൂ. അവിടെയുള്ളവരെ പട്ടി കടിക്കട്ടെ. ശ്രീമതി മേനകാഗാന്ധിയുടെ സ്ഥലത്ത് കൊണ്ടാക്കൂ. കെ.പി.സി.സി. പ്രസിഡന്റിനെ തീരുമാനിക്കാൻ ഇവിടെ നിന്നും 50 തവണ പ്രസിഡന്റും മുഖ്യമന്ത്രിയും ഡൽഹിക്ക് പോയി. ഈ തെരുവുനായ്ക്കളുടെ കാര്യം ചർച്ചചെയ്യാൻ ഇവർക്ക് എന്തുകൊണ്ട് ഡൽഹിക്ക് പൊയ്ക്കൂടാ? തെരുവുനായ്ക്കൾ ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ ബഹുമാനപ്പെട്ട മന്ത്രി അടിയന്തരമായി കർമ്മനിരതനായി രംഗ

ത്തിറങ്ങണമെന്ന് വളരെ വിനയപൂർവ്വം അഭ്യർത്ഥിച്ചുകൊണ്ട് എന്റെ ഭേദ ഗതി മൂവ് ചെയ്ത് ഞാൻ അവസാനിപ്പിക്കുന്നു.

മി. സ്പീക്കർ : ഇവിടെ ഭേദഗതിയൊന്നും വന്നില്ല. ശ്രീ. സാജു പോളിന്റെ പ്രസംഗം മാത്രമേ ഉണ്ടായിരുന്നുള്ളൂ.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, എന്റെ സുഹൃത്ത് ശ്രീ. സാജു പോൾ ദൈവം സഹായിച്ച് 18 മിനിട്ടോളം സംസാരിച്ചു. അതിൽ 10 സെക്കന്റുപോലും ഈ ബില്ലിനെക്കുറിച്ച് സംസാരിച്ചില്ല. മറ്റുള്ള കാര്യങ്ങൾ മാത്രമാണ് പറഞ്ഞത്. അതിൽ സങ്കടമില്ല... അദ്ദേഹത്തിന്റെ സംസാരം കേൾക്കുമ്പോൾ സന്തോഷം മാത്രമേയുള്ളൂ. 18 സെക്കന്റ് മാത്രമാണ് ബില്ലിനെക്കുറിച്ച് സംസാരിച്ചത്. തുടങ്ങിവച്ച ഡോ. തോമസ് ഐസക്, കുറേ കാര്യങ്ങൾ സംസാരിച്ചു. ആർ.എ.വൈ.-യുടെ കാര്യം ഒന്നുകൂടി ഞാൻ അങ്ങയെ ഓർമിപ്പിക്കുകയാണ്. പുതിയതും അതു പോലെതന്നെ അപ്ഗ്രഡേഷനുമുൾപ്പെടെ 49872 വീടുകൾക്കാണ് നമ്മൾ സാങ്ഷൻ കൊടുത്തത്. അതിൽ ഫിനിഷ് ചെയ്തത് 30,358 വീടുകളാണ്. ഇൻ-പ്രോഗ്രസ് 5120 വീടുകളാണ്. നോട്ട് സ്റ്റാർട്ടഡ് 14,394 വീടുകൾ. അങ്ങ് പറഞ്ഞല്ലോ വീടുണ്ടാക്കാൻ ആർക്കും കഴിയുമെന്ന്. ആ ഒരു രീതിയിലെടു ത്തിട്ട്, മറ്റുള്ള ഇൻഫ്രാസ്ട്രക്ച്ചറിന്റെ കാര്യമെടുത്ത് പരിശോധിക്കുകയാ ണെങ്കിൽ 3,659 പുതിയ ഇൻഫ്രാസ്ട്രക്ച്ചറിനാണ് നമുക്ക് സാങ്ഷൻ ലഭിച്ചി ട്ടുള്ളത്. അതിൽ 263 എണ്ണം ഇൻ-പ്രോഗ്രസ്, കംപ്ലീറ്റ് ചെയ്തത് വെറും 898, നോട്ട് സ്റ്റാർട്ടഡ് 2417. ഇതിന്റെ ടോട്ടൽ പ്രോജക്ട് കോസ്റ്റ് 616 കോടി രൂപയാ ണ്. ഇതിന്റെ Percentage over total project cost is spent, വെറും 56% മാത്ര

മാണ്. അങ്ങ് ഒരുകാര്യം മനസിലാക്കാനുള്ളത് ആർ.എ.വൈ. പദ്ധതി പ്രകാരം ഏകദേശം നമുക്ക് 2,800 കോടി രൂപ ഈ അടുത്ത കാലത്തിനിട യിൽ കിട്ടുമെന്നാണ് നമ്മൾ വിചാരിക്കുന്നത്. അങ്ങയുടെ ഭരണകാലത്ത് അങ്ങുതന്നെ ഉണ്ടാക്കിയതാണല്ലോ കെ.എസ്.യുഡി.പി. ഇത് ഒരു എസ്. പി.വി. അല്ലേ. അത് മുനിസിപ്പാലിറ്റിയുടേയോ കോർപ്പറേഷന്റെയോ ആരുടെ യെങ്കിലും അധികാരത്തെ കവർന്നെടുക്കുന്നുണ്ടോ? ഇല്ലല്ലോ സ്വാഭാവിക മായും അങ്ങനെ ഉണ്ടാക്കിയിട്ടുള്ള കെ.എസ്.യു.ഡി.പി. പോലെ അതിന്റെ ഒരു സാമ്പിൾ ഒരു മിനിയേച്ചർ ഫോം, അത് മാത്രമാണ് നമ്മൾ ഉദ്ദേശിക്കുന്ന ത്. ഏതായാലും എനിക്ക് അങ്ങയോട് വളരെ സ്നേഹത്തോടുകൂടി ഒരു കാര്യം പറയാനുള്ളത്, വെറും ജുബ്ബക്കാർ പറയുന്നത് മാത്രം വിശ്വസിക്കരു ത്. ദയവ് ചെയ്ത് ഞങ്ങൾ പറയുന്നതുംകൂടി വിശ്വസിക്കണം. വേറൊന്ന് നമ്മുടെ പ്രിയങ്കരനായ ശ്രീരാമകൃഷ്ണൻ പറഞ്ഞത് ജൻറമിന്റെ കാര്യങ്ങളാ ണ്. 1,140 കോടി രൂപയുടെ പദ്ധതിയാണ്. 400 അല്ല. അതിൽ 526 കോടി രൂപ ഇപ്പോൾത്തന്നെ ചെലവഴിച്ചിട്ടുണ്ട്. മറ്റുള്ള പദ്ധതികൾ നടന്നുകൊണ്ടിരി ക്കുകയാണ്. അതിലാണ് അങ്ങ് പറഞ്ഞ സ്വീവേജ് പ്ലാന്റ് വരുന്നത്. സ്വാത ന്ത്ര്യത്തിനുശേഷം കേരളത്തിൽ ആദ്യമായി ഉണ്ടാക്കിയ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റാണ് നമ്മുടെ തിരുവനന്തപുരത്തുള്ളത്. അതിൽ ഒരു ദിവസം നമ്മൾ പ്രോസസ് ചെയ്യുന്നത് 107 എം.എൽ.ഡി. യാണ് (മില്യൻ ലിറ്റർ പെർ ഡേ). ഇതുപോലുള്ള സ്വീവേജ് പ്ലാന്റിന്റെ പണി എറണാകുളത്തും കോഴിക്കോടും കൊല്ലത്തുമായി മൂന്ന് വലിയ പദ്ധതികൾ നടന്നുകൊണ്ടിരിക്കുകയാണ്. ഇവിടെ ബഹുമാനപ്പെട്ട ശ്രീരാമകൃഷ്ണൻ കൂടുതലും പറഞ്ഞത് വിദ്യാഭ്യാസ നയങ്ങളെക്കുറിച്ചാണ്. അതിനെക്കുറിച്ച് ഞാൻ മറുപടി പറയുന്നില്ല. വിദ്യാ ഭ്യാസ വകുപ്പുമന്ത്രി എപ്പോഴെങ്കിലും സമയം കിട്ടുമ്പോൾ സംസാരിക്കും.

അങ്ങ് പറഞ്ഞ വേറൊരുകാര്യം നാല് എഫ്.എ.ആർ.-നെ (ഫ്ളോർ ഏരിയ റേഷ്യോ) പറ്റിയും സ്ട്രക്ച്ചറൽ പ്ലാനിനെ പറ്റിയുമാണ്. കേരളത്തിൽ എറണാകുളത്തുകാരെമാത്രം നമ്മൾ ശിക്ഷിക്കുന്നതെന്തിനാണ്? പഴയ കാലഘട്ടത്തിൽ നാല് എഫ്.എ.ആർ. അവർക്ക് കൊടുത്തിരുന്നു. എറണാകുളം, തിരുവനന്തപുരത്തും, തൃശ്ശൂരും, കൊല്ലത്തും തുടങ്ങിയ സ്ഥലങ്ങളിൽ കൊടുക്കുന്നതുപോലെതന്നെയാണ് അവർക്കും കൊടുത്തത്. അങ്ങ് ഇപ്പോൾ എഫ്.എ.ആർ. ഉയർത്തിയതിനെപ്പറ്റി പറഞ്ഞല്ലോ. അങ്ങയുടെ ഭരണകാലത്ത് നമ്മൾ കൊടുത്തിരുന്നത് രണ്ടര എഫ്.എ.ആർ. ആണ്. ഈ എഫ്.എ.ആർ. നാലായി ഉയർത്തിയപ്പോൾ ഒരു സ്ക്വയർ മീറ്ററിന് 3,000 രൂപ വച്ചാണ് ഈടാക്കിയിട്ടുള്ളത്. ആ കാലഘട്ടങ്ങളിൽ അഡീഷണൽ എഫ്.എ.ആർ.-ന് 500 രൂപയാണ് ഈടാക്കിയിരുന്നത്. അതേസമയത്ത് നമ്മൾ ഇപ്പോൾ ഈടാക്കുന്നത് 3,000 രൂപയാണ്. ഒരിളവും ആർക്കും നൽകുന്നില്ല. അങ്ങനെ ഇളവുചെയ്യാൻ സർക്കാരിന് ഇപ്പോൾ കഴിയില്ല. പക്ഷേ റോഡിന് സ്ഥലം സൗജന്യമായി വിട്ടുതരുന്ന ആൾക്കാർക്ക് സ്വാഭാവികമായി ചില ഇളവുകൾ കൊടുത്തേ തീരൂ. എങ്കിൽ മാത്രമേ നമ്മുടെ റോഡിന് വീതികൂട്ടാൻ കഴിയുകയുള്ളൂ. അങ്ങ് ഇവിടെ സൂചിപ്പിച്ച മറ്റൊരു കാര്യം മാസ്റ്റർ പ്ലാനിനെ പറ്റിയാണ്. നമ്മുടെ 60 മുനിസിപ്പാലിറ്റികളിൽ 32 മുനിസിപ്പാലിറ്റികളും മാസ്റ്റർ പ്ലാൻ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. പല സ്ഥലങ്ങളിലും ഡ്രാഫ്റ്റ് മാസ്റ്റർ പ്ലാൻ അയച്ചുകൊടുത്തിട്ടുണ്ട്. അവർ അപ്രൂവ് ചെയ്ത് മടക്കി തരുന്നില്ല. അവർക്കാർക്കും മാസ്റ്റർ പ്ലാൻ വേണ്ട. അതിനെക്കുറിച്ച് ഞാൻ കൂടുതലൊന്നും പറയുന്നില്ല. കുറേ മാസങ്ങളായി പല മുനിസിപ്പാലിറ്റികളിലും മാസ്റ്റർ പ്ലാൻ പെൻഡിംഗിൽ കിടക്കുന്നുവെന്നതാണ് സത്യം. അങ്ങ് ഇവിടെ പറഞ്ഞ ബ്രഹ്മപുരത്തെ പ്ലാന്റ് സർക്കാർ ഏറ്റെടുക്കാൻ പദ്ധതിയൊന്നുമില്ല. അത് നല്ല രീതിയിൽത്തന്നെ

നടക്കുന്നുണ്ട്. കഴിഞ്ഞപ്രാവശ്യംമുതൽ നമ്മുടെ തൊട്ടടുത്ത പ്രദേശങ്ങളിലെ മുനിസിപ്പാലിറ്റികളിലെല്ലാമുള്ള വേസ്റ്റ് കൊച്ചി കോർപ്പറേഷനാണ് ട്രീറ്റ് ചെയ്തുകൊണ്ടിരിക്കുന്നത്. അവർ അതിന് ഒരു ഫീസ് ഈടാക്കുന്നുണ്ട്. അല്ലാതെ ബ്രഹ്മപുരം പ്ലാന്റ് സർക്കാർ ഏറ്റെടുക്കാനോ അവിടെ പുതിയ പ്ലാന്റ് കൊണ്ടുവരാനോ ആഗ്രഹിക്കുന്നില്ല. അവിടെ ഒരു പുതിയ പ്ലാന്റ് വരുന്നുണ്ട്. അത് കോർപ്പറേഷന്റെ കീഴിൽ തന്നെയാണ് അല്ലാതെ സർക്കാരിന് ഇതിൽ പ്രത്യേക താൽപര്യവുമില്ല.

ശ്രീ. ഹൈബി ഈഡൻ: സർ, ബ്രഹ്മപുരത്ത് നല്ല രീതിയിൽ വേസ്റ്റ് മാനേജ്മെന്റ് നടക്കുന്നുണ്ട്. എന്നാൽ പ്ലാസ്റ്റിക്ക് വേസ്റ്റ് കൈകാര്യം ചെയ്യാൻ എന്തെങ്കിലും പ്രത്യേക സംവിധാനം കൊച്ചി കേന്ദ്രീകരിച്ച് വരുന്നുണ്ടോ?

ശ്രീ. മഞ്ഞളാംകുഴി അലി: സർ, അതിന്റെ പദ്ധതികളെല്ലാം നമ്മൾ ആരംഭിച്ചിട്ടുണ്ട്. തൽക്കാലം അവിടെ കിടക്കുന്ന പ്ലാസ്റ്റിക്ക് ഉപയോഗിച്ച് ക്യാപ് ഫില്ലിംഗ് ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. അതായത് താൽക്കാലികമായി അവിടെ മണ്ണിട്ട് സ്റ്റോർ ചെയ്യുക എന്നതാണ്. പ്ലാസ്റ്റിക്ക് പ്ലാന്റിനുള്ള പദ്ധതി വരുന്നുണ്ട്. ആ പ്ലാന്റ് വരുമ്പോൾ പ്ലാസ്റ്റിക്ക് അവർക്ക് കൊടുത്ത് പ്രോസസ് ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ഡോ. ടി. എം. തോമസ് ഐസക്: സർ, പ്ലാസ്റ്റിക്ക് കൂനകൾ ക്യാപ്പ് ചെയ്യുന്നതിനുവേണ്ടിയുള്ള അനുവാദമുണ്ടോ?

ശ്രീ. മഞ്ഞളാംകുഴി അലി: സർ, താൽക്കാലികമായി അങ്ങനെ ചെയ്യുകയെന്നല്ലാതെ വേറെ വഴിയില്ല. കുറേയധികം പ്ലാസ്റ്റിക്കുകൾ അവിടെ കൂട്ടിയിട്ടിരിക്കുന്നുണ്ട്. അതിന്റെഫലമായി ഫയർ ഉണ്ടാകുന്നതിനുള്ള സാധ്യത

കൂടുതലാണ്. It is only a temporary adjustment. സ്ഥിരമായി ചെയ്യുന്നതല്ല. പ്ലാസ്റ്റിക്കിനുമുകളിൽ മണ്ണിട്ട് താൽക്കാലികമായി വെയ്ക്കുകയാണ് ചെയ്യു ന്നത്. അവിടെയൊരു ഫാക്ടറി വരുന്നുണ്ട്. ഇതുമുഴുവൻ ക്രഷ് ചെയ്ത് വീണ്ടും ഓയിലാക്കാനുള്ള ഫാക്ടറിയാണ് വരാൻ പോകുന്നത്. അതുമായി ബന്ധപ്പെട്ട ചർച്ച നടന്നുകൊണ്ടിരിക്കുകയാണ്. അത് വന്നുകഴിഞ്ഞാൽ സ്വാഭാവികമായും കേരളത്തിലുള്ള എല്ലാ പ്ലാസ്റ്റിക്കും അവിടെ കൊണ്ടു പോകുവാൻ കഴിയുന്നതാണ്. എറണാകുളത്ത് ചെയ്തതുപോലെ കൊല്ലത്തും ഒരു ഫാക്ടറി ആരംഭിക്കാൻ പദ്ധതിയുണ്ട്. മറ്റൊരുകാര്യം പറയാനുള്ളത് അൺ ആതറൈസ്ഡ് കൺസ്ട്രക്ഷനെ സംബന്ധിച്ചാണ്. ശ്രീ. പി. ശ്രീരാമകൃഷ്ണനാണ് അത് ഉന്നയിച്ചത്. പഴയകാലത്ത് മുനിസിപ്പാലിറ്റി കളിലും കോർപ്പറേഷനുകളിലും നമ്പർ കൊടുത്ത ഏകദേശം അമ്പതിനായിര ത്തോളം കൺസ്ട്രക്ഷൻ നമ്മുടെ നാട്ടിലുണ്ട്. ചെറിയ കെട്ടിടങ്ങൾ മുതൽ വലിയ കെട്ടിടങ്ങൾ വരെയുണ്ട്. ഫ്ളാറ്റ് മാഫിയ എന്ന് ചില ആളുകൾ പറയുന്ന  വലിയ കമ്പനികളൊന്നും ഇതുപോലുള്ള അൺ ആതറൈസ്ഡ് കൺസ്ട്രക്ഷനിലേയ്ക്ക് പോകുന്നില്ല. മിക്കവാറും ചെറിയ വീടുകളാണ് ഇങ്ങനെയുള്ളത്. അമ്പതിനായിരത്തോളം വീടുകൾക്ക് യു.എ. നമ്പർ കൊടുത്ത പല മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ഇന്നുണ്ട്. നഗരസ ഭകളുടെ ഈ നമ്പരുകളെല്ലാം ഒന്നുരണ്ട് വർഷം യു.എ. നമ്പർ ആയി നില നിൽക്കും മൂന്നാമത്തെ വർഷം യു.എ. മാറി വെറും നമ്പർ മാത്രമാണ് ഉണ്ടാ കുന്നത്. അതിനവർ കാണേണ്ടവരെ കാണും സ്വാഭാവികമായി അത് വലിയ പ്രശ്നമായി മാറും. അത് റെഗുലറൈസ് ചെയ്യാൻ വേണ്ടി ഭീമമായ ഫൈൻ ഏർപ്പെടുത്തികൊണ്ട് സെക്യൂരിറ്റിയിലും സേഫ്റ്റിയിലും യാതൊരുതരത്തി

ലുള്ള കോംപ്രമൈസുമില്ലാതെ ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. ശ്രീ. പി.റ്റി.എ. റഹീം പറഞ്ഞത്, 25 ശതമാനം മാത്രം നികുതി വർദ്ധനയെന്നാണ്. 25 ശതമാനമെന്ന് പറയുന്നത് അഞ്ച് വർഷം കഴിഞ്ഞുള്ള വർദ്ധനയാണ്. വീടുകൾക്ക് 25 ശതമാനം മുതൽ 60 ശതമാനം വരെയും മറ്റുള്ള കൊമേഴ്സ്യൽ സ്ഥാപനങ്ങൾക്ക് 25 ശതമാനം മുതൽ 150 ശതമാനം വരെയാണ് നികുതി വർദ്ധനവ് ഏർപ്പെടുത്തിയിരിക്കുന്നത്. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ളവർക്ക് എക്സംപ്ഷൻ കൊടുത്ത് വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിരിക്കുകയാണ്. ഇന്ന് പൊതുവിദ്യാഭ്യാസം സംസ്ഥാന സർക്കാരിന്റെ ചുമതലയായിരിക്കേ ആ മേഖലയിൽ സർക്കാരിന്റെ സഹായം കൂടാതെ പ്രവർത്തിക്കുന്നുവെന്ന കാര്യം പരിഗണിച്ചാണ് 2009-ൽ വിട്ടുകളഞ്ഞ ഈ ആനുകൂല്യം സർക്കാർ അംഗീകരിച്ച വിദ്യാലയങ്ങൾക്ക് നൽകിയത്. 2009-ൽ വിട്ടുകളഞ്ഞ ഈ ആനുകൂല്യം സർക്കാർ അംഗീകരിച്ച വിദ്യാലയങ്ങൾക്ക് പുന:സ്ഥാപിക്കേണ്ടത് ന്യായവും ഉചിതവുമാണെന്ന് കണ്ടതുകൊണ്ടാണ് കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 2 235 (ബി) ഉപഖണ്ഡത്തിനു ശേഷം (ബിഎ) എന്ന ഉപഖണ്ഡം ചേർത്തിട്ടുള്ളത്. ശ്രീ. സാജുപോൾ ഇവിടെ ഒന്നുരണ്ട് കാര്യങ്ങൾ പറഞ്ഞു. ഫ്ളക്സുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾ പറഞ്ഞു. കേരളത്തിലെ എല്ലാ നഗരങ്ങളിലും പി.ഡബ്ല്യൂ.ഡി. റോഡുകളിലുമെല്ലാം ഫ്ളക്സുകളുടെ അതിപ്രസരമുണ്ട്. അത് എങ്ങനെയാണ് പരിഹരിക്കാൻ കഴിയുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ട്. ഫ്ളക്സുകൾ നിരോധിക്കുന്ന കാര്യം സ്വാഭാവികമായും പരിശോധിക്കേണ്ടതാണ്. സി.റ്റി.പി.യിൽ പഴയകാലത്തേക്കാളും വളരെയധികം സ്റ്റാഫുകളെ നിയമിച്ചിട്ടുണ്ട്. സി.റ്റി.പി. വിജിലൻസിൽ 17 സ്റ്റാഫുകളുണ്ട്. ഇവർ കേരള

ത്തിലെ എല്ലാ സ്ഥലങ്ങളിലും ഇന്ന് പരിശോധന നടത്തികൊണ്ടിരിക്കുക യാണ്. പരിശോധിക്കുന്ന സ്ഥലങ്ങളിലെല്ലാം വളരെ വലിയ പരാതികൾ നമ്മൾ കാണുന്നുണ്ട്. സി.റ്റി.പി.യും സി.റ്റി.പി. വിജിലൻസും വളരെ നല്ല നിലയിൽ തന്നെ പ്രവർത്തിക്കുന്നുണ്ട്.

ശ്രീ. സാജുപോൾ: സർ, ഇന്ന് നമ്മുടെ നാട്ടിൽ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും അവരുടെ പദ്ധതികൾക്ക് അഞ്ചുലക്ഷം പത്തുലക്ഷം രൂപ വച്ചാലുടൻ ആ പഞ്ചായത്ത് പ്രസിഡന്റ്, മെമ്പർ, കൗൺസിലർ, ചെയർമാൻ തുടങ്ങിയ രീതിയിൽ ഫ്ളക്സ് വയ്ക്കുകയാണ്. ഈ വർക്കിന് ഇത്ര രൂപ അനുവദിച്ച ചെയർമാനും അനുവദിപ്പിച്ച മെമ്പർക്കും അഭിവാദ്യ ങ്ങൾ അർപ്പിച്ചുകൊണ്ട് ഫ്ളക്സ് വയ്ക്കുകയാണ്. അതുപോലെ എം.എൽ. എ. ഫണ്ട് കൊടുത്താലും എം.പി. ഫണ്ട് കിട്ടിയാലും ഇതേ രീതിയിലാണ് ചെയ്യുന്നത്. നമ്മൾ ഈ സഭയിലെ അംഗങ്ങളെങ്കിലും അത്തരത്തിലുള്ള ഫ്ളക്സുകൾ വയ്ക്കുന്നതിൽ നിന്ന് ഒഴിവായി ഒരു മാതൃക കാണിച്ച് കേരളത്തെ രക്ഷിക്കാൻ തയ്യാറാകുമോയെന്നാണ് എന്റെ ചോദ്യം.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഇതിനുവേണ്ടിയാണ് ക്ലീൻ കേരള കമ്പനിയെന്ന പേരിൽ ഒരു കമ്പനി രൂപീകരിച്ചിട്ടുള്ളത്. രണ്ട് മാസങ്ങൾക്കമു മ്പാണ് ലൈസൻസ് ലഭിച്ച് പ്രവർത്തനം ആരംഭിച്ചത്. അവരുടെ ശ്രദ്ധ ആവശ്യപ്പെട്ടിട്ടുണ്ട്. ഫ്ളക്സുകളെ എങ്ങനെ നിയന്ത്രിക്കാം? ഫ്ളക്സുക ളെല്ലാം ഒഴിവാക്കാൻ പറ്റുമെന്ന് തോന്നുന്നില്ല. ഫ്ളക്സുകളെ നമുക്ക് നിയന്ത്രിക്കാൻ കഴിയും. ഫ്ളക്സ് വച്ചാൽ, പരിപാടി കഴിഞ്ഞ് ഒരു ആഴ്ച കഴിഞ്ഞെങ്കിലും മാറ്റാനുള്ള ഏർപ്പാട് ചെയ്താൽ മതി. ഇതിന് എല്ലാ രാഷ്ട്രീയ പാർട്ടികളും തയ്യാറാകണം. കേരളത്തിലെ എല്ലാ സ്ഥലത്തും രാഷ്ട്രീയപാർട്ടികളുടെ ഫ്ളക്സുകളാണ് കൂടുതലുള്ളത്. ആ പരിപാടി

കഴിഞ്ഞിട്ടെങ്കിലും ഫ്ളക്സുകൾ അവിടെനിന്ന് നീക്കം ചെയ്യാനുള്ള നടപടി രാഷ്ട്രീയ പാർട്ടികൾ കാണിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. ഹൈബി ഈഡൻ: സർ, ഫ്ളക്സുകൾ ഡിസ്പോസ് ചെയ്യുന്നതിനെക്കുറിച്ചും പ്ലാസ്റ്റിക്ക് പെട്രോളാക്കുന്ന ടെക്നോളജി കൊണ്ടുവരുന്നതിനെക്കുറിച്ചുമെല്ലാം അങ്ങ് പറഞ്ഞു. മാലിന്യം സംസ്ക്കരിക്കുന്നതുപോലെ കോർപ്പറേഷന്റെ ഉത്തരവാദിത്വമാണ് കൊച്ചിയിലെ കൊതുകുകളുടെ കാര്യത്തിലും. ഇത് നിസ്സാരമായി എല്ലാവർക്കും തോന്നുമെങ്കിലും കൊച്ചിയിൽ വന്നിട്ടുള്ള ആരും സമ്മതിക്കുന്ന കാര്യമാണ് കൊച്ചിയിലെ കൊതുകക്കശല്യം. നമ്മുടെ നിയന്ത്രണത്തിനധീതമായി കൊതുകിന്റെ ശല്യം അവിടെ വളർന്നിരിക്കുകയാണ്. മലയാള മനോരമയിൽ ഒരു മാസത്തോളം ഇക്കാര്യത്തെ സംബന്ധിച്ച് വിവിധ ഫീച്ചറുകൾ പ്രസിദ്ധീകരിച്ചു. 2001-ലെ സയന്റിഫിക് സറ്റഡി റിപ്പോർട്ട് എന്തുകൊണ്ടാണ് ഇവിടെ നടപ്പിലാക്കാൻ സാധിക്കാത്തത്; എന്താണ് അതിന്റെ പ്രായോഗികമായ ബുദ്ധിമുട്ടെന്ന് പറയണം?

ശ്രീ. മഞ്ഞളാംകു ഴി അലി: കോർപ്പറേഷൻ അധികൃതരുമായി സംസാരിച്ച് എന്തെല്ലാം ചെയ്യാൻ കഴിയുമെങ്കിൽ നമുക്ക് അത് ചെയ്യാം. അതുപോലെ തന്നെ എറണാകുളത്തും കൊതുക് ശല്യം വളരെ രൂക്ഷമാണ്. പ്രത്യേകിച്ച് ഇലക്ട്രിസിറ്റിയില്ലാത്ത ദിവസങ്ങളിൽ, ഫാൻ സൗകര്യമില്ലാത്ത സ്ഥലത്ത് കിടന്നുറങ്ങാൻപോലും പറ്റില്ല.

ശ്രീ. ഷാഫി പറമ്പിൽ: സർ, മാസ്റ്റർ പ്ലാനിന്റെ ഫൈനലൈസേഷൻ നടക്കാത്തത് കാരണം വളരെയേറെ ബുദ്ധിമുട്ടുകൾ അവിടെ ഉണ്ടായികൊണ്ടിരിക്കുകയാണ്. ഇന്ന് രാവിലെ ഗതാഗത വകുപ്പുമന്ത്രിയുമായി ഒരു മീറ്റിംഗ്

പാലക്കാട് കെ.എസ്.ആർ.ടി.സി. ഡിപ്പോയുമായി ബന്ധപ്പെട്ടുണ്ടായിരുന്നു. അവിടെ ടൗൺ പ്ലാനർ പറഞ്ഞകാര്യം 14 കോടി രൂപ ചെലവിൽ നിർമ്മി ക്കാൻ പോകുന്ന ഡിപ്പോ–കം–ഷോപ്പിംഗ് കോപ്ലക്സ് നിൽക്കുന്ന സ്ഥലം കൊമേഴ്സ്യൽ പർപ്പസെന്നുള്ളത് മാസ്റ്റർ പ്ലാനിൽ കാണിച്ചിട്ടില്ല. ടൗണിന്റെ ഹൃദയഭാഗത്തുള്ള സ്ഥലം കൊമേഴ്സ്യൽ പർപ്പസെന്ന് മാസ്റ്റർ പ്ലാനിൽ കാണിക്കാത്തതുകൊണ്ട് അനുമതി നൽകുന്നതിന് സാങ്കേതികമായ പ്രയാസം നേരിടുകയാണ്. ഇങ്ങനെ മൊത്തം മാസ്റ്റർ പ്ലാൻ അംഗീകരിക്കാൻ കാലതാമസം ഉണ്ടാവുകയാണെങ്കിൽ, ഇങ്ങനെയുള്ള സ്പെഷ്യൽ കേസുകളിൽ പെട്ടെന്ന് തീരുമാനം ഉണ്ടാക്കിയെടുക്കാൻ സർക്കാരിന്റെ കമ്മിറ്റിക്ക് കഴിയുമെന്ന് പുതിയ റെഗുലേഷനിൽ പറയുന്നുണ്ട്. ഇതുപോലുള്ള അടിയന്തര സാഹചര്യങ്ങളിൽ ഇടപെടൽ നടത്തി തീരുമാനങ്ങളെടുക്കാൻ കഴിയുന്ന ഏതെങ്കിലും ഒരു ബോഡിയെ അതിന്റെ ഉത്തരവാദിത്വം ഏൽപ്പിക്കാൻ കഴിയുമോ?

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ ഇവിടെ സൂചിപ്പിച്ചതുപോലെ 32 –ഓളം മുനിസിപ്പാലിറ്റിയുടെ മാസ്റ്റർ പ്ലാൻ തയ്യാറായിട്ടുണ്ട്. പക്ഷേ, ഇവിടെയുള്ള പ്രശ്നം നമ്മുടെ കോർപ്പറേഷനുകളോ മുനിസിപ്പാലിറ്റികളോ മടക്കി തരുന്നില്ലായെന്നുള്ളതാണ്. പാലക്കാട് ഇതുതന്നെയാണ് സംഭവിച്ചിട്ടുള്ളത്. സർക്കാരിന് അധികാരമുണ്ട് ഡിക്ലെയർ ചെയ്ത് മടക്കി തരുന്നില്ലെങ്കിൽ ഒരു നോട്ടീസ് കൊടുത്ത് ഡിക്ലെയർ ചെയ്യാനുള്ള അധികാരമുണ്ട്. ഇതുമൂലം ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകുമോയെന്ന പേടികൊണ്ടാണ് മുന്നോട്ട് പോകാത്തത്. ഒരു നിവൃത്തിയുമില്ലെങ്കിൽ ഇതുപോലുള്ള കാര്യങ്ങൾ നമുക്ക് ആലോചിക്കേണ്ടതായിട്ടുണ്ട്. ഇതുപോലുള്ള അത്യാവശ്യമുള്ള കാര്യങ്ങൾക്ക്

അതിനുവേണ്ട റീ-അറേഞ്ചുമെന്റ് മാസ്റ്റർ പ്ലാനിൽ നടത്താൻ വേണ്ടി ആവശ്യപ്പെടുന്നതാണ്. വേറെ പ്രത്യേകിച്ച് കാര്യങ്ങളൊന്നുമില്ല. ഈ ബിൽ പരിഗണിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ഡോ. ടി. എം. തോമസ് ഐസക്, 2013-ലെ 39-ാം നമ്പർ ഓർഡിനൻസായ 2013-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം പ്രസ്സ് ചെയ്യുന്നുണ്ടോ;

ഡോ. ടി. എം. തോമസ് ഐസക്: സർ, ഞാൻ പ്രസ്സ് ചെയ്യുന്നു.

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ.............

ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച നിരാകരണ പ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

മി. സ്പീക്കർ: ശ്രീ. എ. റ്റി. ജോർജ് അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. എ. റ്റി. ജോർജ്: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. എ. റ്റി.ജോർജ് അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സാജുപോൾ അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. സാജുപോൾ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

<u>മി. സ്പീക്കർ</u>: ശ്രീ. സാജുപോൾ അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പരിഗണനയ്ക്കെടുക്കുന്നു.

**<u>വകുപ്പ് തിരിച്ചുള്ള പരിഗണന</u>**

**<u>രണ്ടാം വകുപ്പ്</u>**

<u>ശ്രീ. പി.കെ. ബഷീർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു

119. ഖണ്ഡം 2-ൽ, ''പ്രധാന ആക്ട്'' എന്നതിനു പകരം ''മൂല നിയമം'' എന്ന് ചേർക്കുക.

<u>ശ്രീമതി കെ. എസ്. സലീഖ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

120. ഖണ്ഡം 2(എ) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 233 (4)-ൽ ''അവ പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ അഞ്ചു വർഷക്കാലയളവിലേക്ക'' എന്നീ വാക്കുകൾക്കു പകരം ''അവ പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ പത്ത് വർഷക്കാലയളവിലേക്ക്'' എന്നീ വാക്കുകൾ ചേർക്കുക.

123. ഖണ്ഡം 2(എ) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 233(4)-ൽ ''ഇരുപത്തിയഞ്ച് ശതമാനം'' എന്നീ വാക്കുകൾക്കു പകരം ''അഞ്ച് ശതമാനം'' എന്നീ വാക്കുകൾ ചേർക്കുക.

129. ഖണ്ഡം 2 (എ) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 233 (4) (എ)-യിൽ ''നിർണ്ണയിക്കപ്പെട്ട പ്രകാരം'' എന്നീ വാക്കുകൾക്കു പകരം ''തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ഭരണ സമിതി തീരുമാന പ്രകാരം'' എന്നീ വാക്കുകൾ ചേർക്കുക.

130. ഖണ്ഡം 2 (എ) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 233 (4) ബി–യിൽ ''അഞ്ചു വർഷക്കാലയളവിലേക്കുള്ള'', ''ഇരുപത്തിയഞ്ച് ശതമാനം'' എന്നീ വാക്കുകൾക്ക് പകരം യഥാക്രമം ''പത്തു വർഷക്കാലയളവിലേക്കുള്ള,'' ''അഞ്ചു ശതമാനം'' എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

121. ഖണ്ഡം 2(എ) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 233(4)–ൽ, ''പ്രാബല്യത്തിൽ'' എന്ന് വരുന്നിടത്തെല്ലാം പകരം ''നിലവിൽ'' എന്ന് ചേർക്കുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

135. ഖണ്ഡം 2 (എ) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 233 (4) (ബി)–യിൽ, ''കെട്ടിട ഉടമയ്ക്ക്'' എന്ന വാക്കിന് പകരം ''കെട്ടിടയുടമയ്ക്ക്'' എന്ന വാക്ക് ചേർക്കുക.

ശ്രീ. അൻവർ സാദത്ത്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

126. ഖണ്ഡം 2(എ) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 233(4)–ൽ, ''ഇരുപത്തിയഞ്ച് ശതമാനം'' എന്നീ വാക്കുകൾക്ക് പകരം ''ഇരുപത് ശതമാനം'' എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. പി. എ. മാധവൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

127. ഖണ്ഡം 2(എ) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 233(4)–ൽ, ''ഇരുപത്തിയഞ്ച് ശതമാനം'' എന്നീ വാക്കുകൾക്കു പകരം ''ഇരുപത്തി രണ്ടര ശതമാനം'' എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

128. ഖണ്ഡം 2(എ) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 233(4) താഴെപ്പറയും പ്രകാരം മാറ്റുക:–

''(4) സർക്കാർ നിശ്ചയിക്കുന്ന അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ പരിധിക്കു വിധേയമായി (3)–ാം ഉപവകുപ്പുപ്രകാരം കൗൺസിൽ നിശ്ചയിക്കുന്ന അടിസ്ഥാന വസ്തു നികുതി നിരക്കുകൾക്ക് അവ പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ അഞ്ച് വർഷത്തേക്ക് പ്രാബല്യമുണ്ടായിരിക്കുന്നതും തുടർന്ന് അടുത്ത അഞ്ച് വർഷത്തേക്ക് പ്രാബല്യമുണ്ടാകുന്ന വിധം മേൽപ്പറഞ്ഞ പരിധിക്കു വിധേയമായി അടിസ്ഥാന വസ്തു നികുതി നിരക്ക് പുതുക്കി നിശ്ചയിച്ചു നികുതി നിർണ്ണയം നടത്തേണ്ടതാണ്. അങ്ങനെ ചെയ്യുമ്പോൾ,–''

131. ഖണ്ഡം 2 (എ) പ്രകാരം ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 233(4) (ബി)–യിൽ, ''പുതുക്കി നിശ്ചയിക്കലിനായി നിലവിലുള്ള വാർഷിക വസ്തു നികുതിയോടൊപ്പം ആയതിന്റെ ഇരുപത്തിയഞ്ച് ശതമാനം വർദ്ധനവ് വരുത്തി കൗൺസിൽ നികുതി'' എന്നീ വാക്കുകൾക്ക് പകരം, ''നിലവിലുള്ള വാർഷിക വസ്തു നികുതിയുടെ ഇരുപത്തിയഞ്ചു ശതമാനത്തിലധികരിക്കാത്ത വിധം'' എന്നീ വാക്കുകൾ ചേർക്കുക.

<u>ശ്രീ. സി. പി. മുഹമ്മദ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

143. ഖണ്ഡം 2(ഡി) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 233(10)–ൽ, "മുപ്പത് ദിവസത്തിനകം" എന്നീ വാക്കുകൾക്ക് പകരം "മുപ്പത്തി അഞ്ച് ദിവസത്തിനകം" എന്നീ വാക്കുകൾ ചേർക്കുക.

<u>ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

145. ഖണ്ഡം 2(ഡി) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 233 (10) നുശേഷം താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കുക.

''എന്നാൽ മതിയായ കാരണം കാണിച്ച്, നിശ്ചിത സമയ പരിധിയായ മുപ്പതു ദിവസം കഴിഞ്ഞ് സമർപ്പിക്കുന്ന റിട്ടേണുകൾ സമയപരിധിയെ തുടർന്നുള്ള മുപ്പതു ദിവസംവരെ, സമയ പരിധിക്കുള്ളിൽ സമർപ്പിച്ചതായി പരിഗണിച്ച് സ്വീകരിക്കേണ്ടതാണ്''.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ഭേദഗതിയൊന്നും സ്വീകരിക്കുന്നില്ല. ബഹുമാനപ്പെട്ട ശ്രീ. എം. ഉമ്മർ മൂവ് ചെയ്തത് ''കെട്ടിട ഉടമയ്ക്ക്'' എന്ന വാക്കിനുപകരം ''കെട്ടിടയുടമയ്ക്ക്'' എന്ന വാക്ക് ചേർക്കുകയെന്നതാണ്. ''കെട്ടിട ഉടമ'' യെന്ന് നിയമത്തിലുള്ളത് തന്നെയാണ് ശരി.

മി. സ്പീക്കർ: ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 119-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

ശ്രീമതി കെ. എസ്. സലീഖ അവതരിപ്പിച്ച 120, 123, 129, 130 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 121-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 135 -ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. അൻവർ സാദത്ത് അവതരിപ്പ 126-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. പി. എ. മാധവൻ അവതരിപ്പിച്ച 127-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 128, 131 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. സി. പി. മുഹമ്മദ് അവതരിപ്പിച്ച 143-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. എം.പി. അബ്ദുസ്സമദ് സമദാനി അവതരിപ്പിച്ച 145–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...............

പ്രതികൂലിക്കുന്നവർ................

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

(3–ാം വകുപ്പ്)

പി-05-02-2014 –ബി.എസ്–എസ്.പി–2
3.40-3.50

**മൂന്നാം വകുപ്പ്**

ശ്രീ. പി. ബി. അബ്ദുൾ റസാക്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

151. പ്രധാന ആക്റ്റിലെ വകുപ്പ് 235(ബി) – യിൽ, "അല്ലെങ്കിൽ" എന്ന വാക്കിനു ശേഷം "ലാഭേച്ഛയില്ലാതെ" എന്ന വാക്ക് ചേർക്കുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

152. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 235(ബി എ) – യിൽ, "സർക്കാരിന്റെ" എന്ന വാക്കിനു പകരം "സർക്കാർ" എന്ന വാക്ക് ചേർക്കുക.

154. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 235(ബി എ) – യിൽ, "മാത്രം" എന്ന വാക്ക് ഒഴിവാക്കുക.

ശ്രീ. ബെന്നി ബെഹനാൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

153. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 235(ബി എ) – യിൽ, "സർക്കാരിന്റെ" എന്നതിനു പകരം " സംസ്ഥാന – കേന്ദ്ര സർക്കാരുകളുടെ" എന്ന് ചേർക്കുക.

"സർക്കാരിന്റെ" എന്നതിനു പകരം " സംസ്ഥാന – കേന്ദ്ര സർക്കാരുകളുടെ" എന്ന് ചേർക്കണമെന്നാണ് എന്റെ ഭേദഗതി.

മി. സ്പീക്കർ: ശ്രീമതി കെ. എസ്. സലീഖയുടെ 148–ാം നമ്പർ ഭേദഗതി മൂവ് ചെയ്യാൻ കഴിയില്ല. സംസാരിക്കാവുന്നതാണ്.

ശ്രീമതി കെ. എസ്. സലീഖ : സർ, ഞാൻ സംസാരിക്കുന്നില്ല.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല. 153–ാം നമ്പർ ഭേദഗതിയിൽ 'സംസ്ഥാന–കേന്ദ്ര സർക്കാരുകളുടെ എന്നുള്ളത് നയപരമായ കാര്യമാണ്. ഇപ്പോൾ ഒന്നിച്ച് അങ്ങനെയാക്കാൻ കഴിയില്ല. 'സർക്കാരിന്റെ' എന്ന് പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് ഇപ്പോൾ അങ്ങനെ മതി.

മി. സ്പീക്കർ: ശ്രീ. പി.ബി. അബ്ദുൾ റസാക് അവതരിപ്പിച്ച 151–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 152, 154 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 153–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............................................

പ്രതികൂലിക്കുന്നവർ.............................................

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## നാലാം വകുപ്പ്

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

161. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 447(8)ൽ, ''ആരാധനാസ്ഥലത്തിന്റെയോ'' എന്നീ വാക്കുകൾക്കു പകരം ''ആരാധനാലയങ്ങളുടെയോ'' എന്ന വാക്ക് ചേർക്കുക.

170. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 447 (10) ൽ, ''അനുവദിച്ചിട്ടുള്ള അതിരുകൾക്കുള്ളിലുള്ള'' എന്നീ വാക്കുകൾക്ക് പകരം ''അനുവദിച്ചിട്ടുള്ള ദൂരപരിധിക്കുള്ളിലുള്ള'' എന്നീ വാക്കുകൾ ചേർക്കുക.

ഭേദഗതി 161-ൽ ''ആരാധനാസ്ഥലത്തിന്റെയോ'' എന്നുള്ളതിന് പകരം ''ആരാധനാലയങ്ങളുടെയോ'' എന്നാണ് പറയേണ്ടത്. ആരാധനാ സ്ഥലം എന്നുള്ളതല്ല ശരി, ആരാധനാലയങ്ങൾ എന്നാക്കണം. ഭേദഗതി 170-ൽ ''അനുവദിച്ചിട്ടുള്ള അതിരുകൾക്കുള്ളിലുള്ള'' എന്നുള്ളത് ശരിയല്ല. അനുവദിച്ചിട്ടുള്ള ദൂരപരിധിയാണ്. ഒരു മദ്യഷാപ്പ് പറയുമ്പോൾ in between എന്നല്ല സ്പെസിഫിക് അതിരുകളല്ല. അത് ദൂരപരിധിയാണ്. അതുകൊണ്ട് ''അനുവദിച്ചിട്ടുള്ള അതിരുകൾക്കുള്ളിലുള്ള'' എന്നതിന് പകരം ''അനുവദിച്ചിട്ടുള്ള ദൂരപരിധിക്കുള്ളിലുള്ള'' എന്നാക്കണം.

<u>ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

160. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 447(8)ൽ, ''വിദ്യാഭ്യാസ സ്ഥാപനത്തിന്റെയോ'' എന്നതിനുശേഷം ''വിദ്യാർത്ഥികളുടെ ഹോസ്റ്റലിന്റേയോ'' എന്ന് ചേർക്കുക.

ഭേദഗതി 160-ൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുടേയോ ആരാധനാലയ ങ്ങളുടേയോ എന്നതിന്റെ കൂടെ ''വിദ്യാർത്ഥികളുടെ ഹോസ്റ്റലിന്റേയോ'' എന്നുകൂടി ചേർക്കണം. വിദ്യാർത്ഥികൾ താമസിക്കുന്ന ഹോസ്റ്റലുകൾ കൂടി ഉൾപ്പെടുത്തണമെന്നാണ്.

<u>ശ്രീ. സി. മോയിൻകുട്ടി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

162. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 447(8) ൽ, ''ആരാധനാ സ്ഥലത്തിന്റെയോ'' എന്നതിനു ശേഷം ''വനിതാ ഹോസ്റ്റലിന്റേയോ'' എന്ന് ചേർക്കുക.

ഭേദഗതി 162-ൽ ''ആരാധനാ സ്ഥലത്തിന്റെയോ'' എന്നതിനുശേഷം ''വനിതാ ഹോസ്റ്റലിന്റേയോ'' എന്നുകൂടി ചേർക്കുക.

<u>ശ്രീ. തോമസ് ഉണ്ണിയാടൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

163. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 447(9)ൽ, ''കാരണമായോ'' എന്ന വാക്കിനു ശേഷം ''കാരണമാകുന്ന തുമായോ'' എന്ന വാക്ക് ചേർക്കുക.

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

164. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 447 (9) ൽ, 'പതിനഞ്ച് ദിവസത്തിൽ' എന്നീ വാക്കു

കൾക്ക് പകരം 'ഇരുപത് ദിവസത്തിൽ' എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. വർക്കല കഹാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

165. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശി ക്കുന്നവകുപ്പ് 447 (9) ൽ, 'പതിനഞ്ച് ദിവസത്തിൽ' എന്നീ വാക്കുകൾക്ക് പകരം "ഇരുപത്തി അഞ്ച് ദിവസത്തിൽ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. എൻ.എ. നെല്ലിക്കുന്ന്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

168. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 447 (9) ൽ, ''അടയ്ക്കുവാനോ'' എന്നതിനു ശേഷം ''അഥവാ പ്രത്യേക സാഹചര്യങ്ങളിൽ ഒരു നിശ്ചിത കാലത്തേ ക്കോ, സമയത്തേയ്ക്കോ അടച്ചിടാൻ നിർദ്ദേശിച്ചുകൊണ്ടോ'' എന്ന് ചേർക്കുക.

ശ്രീ. റ്റി. എ. അഹ്മദ് കബീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

169. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 447 (10) ൽ, ''അബ്കാരിഷാപ്പിനോ'' എന്നതിനു പകരം ''അബ്കാരി ഷാപ്പിന് ബാധകമായിരിക്കുന്നതല്ല'' എന്ന് ചേർക്കു കയും ശേഷിക്കുന്ന ഭാഗം ഒഴിവാക്കുകയും ചെയ്യുക.

മി. സ്പീക്കർ: ശ്രീമതി കെ.എസ്. സലീഖ, താങ്കളുടെ 155-ാം നമ്പർ ഭേദഗതി മൂവ് ചെയ്യാൻ സാധ്യമല്ല. സംസാരിക്കാവുന്നതാണ്.

ശ്രീമതി കെ. എസ്. സലീഖ: സർ, ഞാൻ സംസാരിക്കുന്നില്ല.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല. 161-ാം നമ്പർ ഭേദഗതിയിൽ ആരാധനാലയങ്ങളുടെയോ എന്ന് വേണമെന്നുപറഞ്ഞു.

ആരാധനാലയങ്ങളല്ലാത്ത ആരാധനാസ്ഥലങ്ങളുണ്ട്. കുരിശ്ശടി പോലെയുള്ള പല ആരാധനാസ്ഥലങ്ങളുണ്ട്. അതുകൊണ്ട് അത് സ്വീകരിക്കാൻ കഴിയില്ല.

ശ്രീ. ജി. സുധാകരൻ: സർ, Place of worship ആണ് ശരി.

ശ്രീ. മഞ്ഞളാംകുഴി അലി: അതാണ് കറക്ട്. 170–ാം നമ്പർ ഭേദഗതിയിൽ മൂലനിയമത്തിൽ ബൗണ്ടറീസ് എന്നാണ് പറയുന്നത്. ബൗണ്ടറീസ് എന്നുപറഞ്ഞാൽ അതിരുകൾക്കുള്ളിലുള്ള എന്നാണ്. അല്ലാതെ ദൂരപരിധിക്കുള്ളിലുള്ള എന്ന് പറയുകയില്ല.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 161, 170 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ അവതരിപ്പിച്ച 160–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. സി. മോയിൻകുട്ടി അവതരിപ്പിച്ച 162–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 163–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 164–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. വർക്കല കഹാർ അവതരിപ്പിച്ച 165–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 168–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. റ്റി. എ. അഹ്മദ് കബീർ അവതരിപ്പിച്ച 169–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

മി. സ്പീക്കർ: നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............................................

പ്രതികൂലിക്കുന്നവർ.............................................

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**അഞ്ചാം വകുപ്പ്**

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

172. ഖണ്ഡം 5(1) ൽ, "33" എന്നതിനു പകരം "39" എന്ന് ചേർക്കുക.

"33" എന്നതിനുപകരം "39" എന്ന് ചേർക്കുകയാണ്. ഈ ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ശ്രീ. റ്റി.എൻ. പ്രതാപൻ, അങ്ങയുടെ 172എ–നമ്പർ ഭേദഗതി മൂവ് ചെയ്യാൻ സാധ്യമല്ല. അങ്ങേയ്ക്ക് സംസാരിക്കാവുന്നതാണ്.

ശ്രീ. റ്റി. എൻ. പ്രതാപൻ: സർ, ഞാൻ സംസാരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഒഫീഷ്യൽ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........................................

പ്രതികൂലിക്കുന്നവർ..........................................

ഭേദഗതി ചെയ്തപ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

110. പീഠികയിലെ ''അറുപത്തിനാലാം'' എന്ന വാക്കിനു പകരം ''അറു പത്തി അഞ്ചാം'' എന്ന വാക്ക് ചേർക്കുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

110എ. പീഠികയിൽ, ''ഇതിനുശേഷം കാണുന്ന'' എന്നതിനു പകരം ''ചുവടെ ചേർക്കുന്ന'' എന്ന് ചേർക്കുക.

ശ്രീ. ബെന്നി ബെഹനാൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

117. ഖണ്ഡം 1 (1) താഴെപ്പറയും പ്രകാരം മാറ്റുക: ''(1) ഈ ആക്റ്റിന് 2014– ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.''

ശ്രീമതി കെ. എസ്. സലീഖ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

118. ഖണ്ഡം 1(2) താഴെപ്പറയും പ്രകാരം മാറ്റുക:

''(2) ഇത് 2014 ഫെബ്രുവരി 5–ാം തീയതി പ്രാബല്യത്തിൽ വന്ന തായി കരുതപ്പെടേണ്ടതാണ്.''

മി. സ്പീക്കർ: ശ്രീ. സി. മമ്മൂട്ടിയുടെ 108-ാം നമ്പർ ഭേദഗതിയും ശ്രീ. എം. ഹംസയുടെ 109-ാം നമ്പർ ഭേദഗതിയും ശ്രീ. കെ. ശിവദാസൻ നായരുടെ 111-ാം നമ്പർ ഭേദഗതിയും ശ്രീ. കെ.വി. അബ്ദുൾ ഖാദറിന്റെ 112-ാം നമ്പർ ഭേദഗതിയും ശ്രീ. കെ.എൻ.എ. ഖാദറിന്റെ 116-ാം നമ്പർ ഭേദഗതിയും മൂവ് ചെയ്യാൻ സാദ്ധ്യമല്ല. സംസാരിക്കാവുന്നതാണ്.

(സംസാരിക്കുന്നില്ല)

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 117-ാം നമ്പർ ഭേദഗതിയായ ‘‘(1) ഈ ആക്റ്റിന് 2014- ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.’’ എന്ന ഭേദഗതി സ്വീകാര്യമാണ്. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല. 110-ാം നമ്പർ ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 117-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 110എ നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീമതി കെ.എസ് സലീഖ അവതരിപ്പിച്ച 118-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............................................

പ്രതികൂലിക്കുന്നവർ.............................................

ഭേദഗതി ചെയ്തപ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**മൂന്നാം വായന**

മി. സ്പീക്കർ: നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രിക്ക് ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

(ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, ചില വകുപ്പുകൾ ആശ്വാസ കരമാണെന്ന് തോന്നുന്നുണ്ട്. പക്ഷേ മറ്റു ചില വകുപ്പുകൾ കൊണ്ടുവന്ന് മുനിസിപ്പാലിറ്റികൾക്കുള്ള വിവേചനാധികാരം എടുത്തുകളയുകയാണ് ചെയ്തത്. ഇതുവരെ വാർഷിക വസ്തു നികുതി തീരുമാനിക്കാനുള്ള അധികാരവും ഇളവുകൾ കൊടുക്കാനുള്ള അധികാരവും അതാത് മുനിസി പ്പൽ കൗൺസിലർക്ക് ഉണ്ടായിരുന്നു. ഗവൺമെന്റ് ഈ പുതിയ ബിൽ

പാസ്സാക്കുന്നതോടുകൂടി അത് സർക്കാരിൽ നിക്ഷിപ്തമാക്കിയിരിക്കുകയാണ്. മുനിസിപ്പാലിറ്റികളുടെ നിലവിലുള്ള വിവേചനാധികാരം എടുത്ത് കളയുന്നതിനോട് ഞങ്ങൾക്ക് യോജിക്കാൻ സാധ്യമല്ല. കെട്ടിട നികുതി സംബന്ധിച്ച് വ്യവസ്ഥപ്പെടുത്തിയപ്പോൾ ഇന്ന് നമ്മുടെ സംസ്ഥാനത്തെ ഒട്ടേറെ സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ. സ്കൂളുകളെല്ലാം അൺ എയ്ഡഡ് മേഖലയിലാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. വലിയ തോതിലുള്ള കെട്ടിട നികുതികൾ കൊടുക്കേണ്ട, വിദ്യാഭ്യാസ കച്ചവടക്കാരെ സഹായിക്കാൻ ഇത്തരത്തിലുള്ള നിയമ നിർമ്മാണം കൊണ്ടുവരുന്നതിനോട് ഞങ്ങൾക്ക് യോജിക്കാൻ കഴിയില്ല. സർക്കാരിൽ നിഷിപ്തമായിരുന്ന അബ്കാരി ലൈസൻസ് കൊടുക്കാനുള്ള അധികാരം മുനിസിപ്പാലിറ്റിയ്ക്ക് വിട്ടു കൊടുത്തു. യഥാർത്ഥത്തിൽ മുനിസിപ്പാലിറ്റിക്കുണ്ടായിരുന്ന കെട്ടിട നികുതി അധികാരം എടുത്തുകളയുകയും, എന്നിട്ട് മറ്റൊരു അധികാരം കൊടുക്കുകയുമാണ് ചെയ്തിരിക്കുന്നത്. ഇതിന്റെ പേരിൽ സാർവ്വത്രികമായ കുഴപ്പമാണ് മുനിസിപ്പാലിറ്റികളിൽ നടക്കുന്നത്. അധികാര വികേന്ദ്രീകരണം എന്ന് പറയുന്നതുപോലെ ഇപ്പോൾ അഴിമതി വികേന്ദ്രീകരണം എന്ന നിലയിലേയ്ക്ക് കാര്യങ്ങൾ ചെന്നെത്തിയിരിക്കുകയാണ്. പലരും നേരത്തെ ഇവിടെ പറഞ്ഞതുപോലെ മുനിസിപ്പൽ കൗൺസിലുകളിൽ എന്തൊക്കെയാണ് നടക്കുന്നതെന്നത് സംബന്ധിച്ച് പുറത്ത് വരുന്ന റിപ്പോർട്ടുകളെക്കുറിച്ച് ഗൗരവമായി ചിന്തിക്കേണ്ടതാണ്. പ്രാദേശികമായി നടക്കുന്ന ഇത്തരം സംഭവങ്ങൾ ഉണ്ടായിട്ടും ഗവൺമെന്റ് ഈ ബില്ലിനകത്ത് ഇങ്ങനെയൊരു ഉൾപ്പെടുത്തിയത് എന്തിനാണ്. യഥാർത്ഥത്തിൽ ഇത് സർക്കാരിൽ നിക്ഷിപ്തമാക്കേണ്ടതാണ്. സർക്കാരിന് ഒരു പോളിസിയായി കൊടുക്കണമെങ്കിൽ കൊടുക്കാമെന്ന് തീരുമാനിക്കാം. ഈ അധികാരം മുനിസിപ്പാലിറ്റികൾക്ക് കൊടുക്കു

മ്പോൾ എല്ലാ മുനിസിപ്പാലിറ്റികളിലും പ്രശ്നങ്ങൾ, കൗൺസിലുകളിൽ അടിപിടി, പ്രാദേശിക കോൺട്രാക്ടർമാരുടെ ആളുകളാക്കി മാറ്റുക ഇങ്ങനെയുള്ള സ്ഥിതി വിശേഷത്തിലേയ്ക്ക് എത്തുകയാണ്. അധികാര വികേന്ദ്രീകരണം എന്ന് പറഞ്ഞ് കള്ള് ഷാപ്പിനും ബ്രാന്റി ഷോപ്പിനും ലൈസൻസ് കൊടുക്കാനുള്ള അധികാരമാണ് നൽകിയിരിക്കുന്നത്. യഥാർത്ഥത്തിൽ ആരെയെങ്കിലും ആശ്വസിപ്പിക്കുന്ന തരത്തിൽ എന്തെങ്കിലും ഈ നിയമത്തിൽ ഉണ്ടെങ്കിൽ അത് എടുത്തുകളയുകയുമാണ് ചെയ്തിരിക്കുന്നത്. അതുകൊണ്ട് ഈ നിയമ നിർമ്മാണത്തോണ് ഈ ബിൽ പാസ്സാക്കുന്നതിനോട് ഞങ്ങൾക്ക് വിയോജിപ്പുണ്ട്. ഇതിനെ ശക്തിയായി എതിർക്കുകയാണ്.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ടാക്സ് കൂട്ടാനും കുറയ്ക്കാനും പുതിയതായി ചുമത്താനുമുള്ള അധികാരം നിയമസഭയ്ക്ക് മാത്രമാണ്. അല്ലാതെ മുമ്പ് നമ്മൾ കൊടുത്തിട്ടില്ല. പല ആൾക്കാരും പല രീതിയിൽ ചെയ്യുന്നുവെന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിലാണ് മുനിസിപ്പാലിറ്റികൾക്ക് ഇളവുകൾ കൊടുക്കാനുള്ള അധികാരം എടുത്തുകളഞ്ഞത്. 20 കൊല്ലമായി ടാക്സ് ഉയർത്താതിരിക്കാനുള്ള പ്രധാന കാരണം നിയമസഭയിൽ പാസ്സാക്കിപോയില്ലായെന്നുള്ളതാണ്. അതുകൊണ്ട് ഒരു മുനിസിപ്പാലിറ്റിയോ, ഒരു കോർപ്പറേഷനോ, ഒരു പഞ്ചായത്തോ ടാക്സ് ഉയർത്തിയിട്ടില്ല. നമ്മൾ അവർക്ക് അധികാരം കൊടുക്കുകയാണ്. 5 വർഷം കഴിയുമ്പോൾ 25 ശതമാനം കൂട്ടാം. അവർക്ക് വീണ്ടും നിയമസഭയിൽ വരേണ്ട ആവശ്യമില്ല. 5 വർഷം കഴിയുമ്പോൾ എത്ര രൂപയാണ് ടാക്സ് വരുകയെന്ന് മുനിസിപ്പാലിറ്റികൾക്ക് കൃത്യമായി അറിയാം. ബിൽഡിംഗിന്റെ അല്ലെങ്കിൽ താമസിക്കുന്ന വീടിന്റെ

ആൾക്കാർക്കും 5 വർഷം കഴിയുമ്പോൾ നികുതി എത്രമാത്രം വർദ്ധിക്കുന്നു വെന്ന് അറിയാം. അവിടെ പോയി സെക്രട്ടറിമാരെയോ ഉദ്യോഗസ്ഥ ന്മാരെയോ ആരും പ്രീതിപ്പെടുത്തേണ്ടതായിട്ടില്ല. അതാണ് നമ്മൾ ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. സ്കൂളുകളുടെ കാര്യം നേരത്തെ ഞാൻ ഇവിടെ സൂചിപ്പിച്ചു. അതായത് വിദ്യാഭ്യാസം സംസ്ഥാന സർക്കാരിന്റെ ചുമതലയാണ്. നികുതിയിളവ് സ്കൂളുകൾക്ക് മാത്രം കൊടുക്കുന്നു, പ്രൊഫ ഷണൽ കോളേജുകൾക്ക് കൊടുക്കുന്നില്ല. പ്രത്യേകിച്ച് ഒരു ആനുകൂല്യങ്ങ ളും അവർക്ക് ചെയ്തു കൊടുക്കുന്നില്ല. വിദ്യഭ്യാസം നൽകുകയെന്നുള്ളത് സർക്കാരിന്റെ ഉത്തരവാദിത്തമാണ്. ഒരു സഹായം എന്ന നിലയിലാണ് അത് ചെയ്യുന്നത്.

ശ്രീ. സി. ദിവാകരൻ: സർ, ഇവിടെയുള്ള പ്രശ്നം, ഈ ബിൽ വഴി അൺ എയ്ഡഡ് സ്കൂളുകളുടെ കെട്ടിടങ്ങൾക്കുള്ള നികുതി പൂർണ്ണമായും exempt ചെയ്യുകയാണോ?

ശ്രീ. മഞ്ഞളാംകുഴി അലി: 2009-വരെ അതായിരുന്നു നിയമം. 2009-ൽ അത് മാറ്റി. അത് വീണ്ടും പൂർവ്വ സ്ഥിതിയിലേയ്ക്ക് കൊണ്ടുവരുക യാണ് ചെയ്യുന്നത്. അതൊരുപോളിസി ഡിസിഷനാണ്. കുട്ടികൾക്ക് സ്കൂളി ല്ലായെങ്കിൽ അതിനുള്ള സൗകര്യം സർക്കാർ കൊടുക്കേണ്ടതാണ്. സർക്കാ രിന്റെ ഉത്തരവാദിത്തമാണ് വിദ്യാഭ്യാസം നൽകുകയെന്നുള്ളത്. അതിന്റെ അടിസ്ഥാനത്തിലാണ് അത് ചെയ്തിട്ടുള്ളത്.

ശ്രീ. സി. ദിവാകരൻ: സർ, പോയി കണ്ടാലറിയാം അൺ എയ്ഡഡ് സ്കൂളുകളുടെ ബിൽഡിംഗ് വളരെ വലുതാണ്. ആയിരക്കണക്കിന് ബിൽഡിം ഗുകളെ നിങ്ങൾ സ്ഥിരമായി ടാക്സിൽ നിന്നും ഒഴിവാക്കുന്നത് മുനിസിപ്പാലി

റ്റികളുടെ അധികാരം മാത്രമല്ല  വരുമാനത്തെയും നിങ്ങൾ കടന്നാക്രമിക്കുകയാണ്.  അത് ഇപ്പോഴും മന്ത്രി വ്യക്തമാക്കുന്നില്ല. 2009 – ലെ നിയമം പോയില്ലേ?

മി. സ്പീക്കർ:  മൂന്നാം വായനയിൽ പ്രധാനപ്പെട്ട നേതാക്കന്മാർ ഇംപ്ലിമെന്റിംഗ് ഭാഗത്ത് വരുന്ന കാര്യങ്ങൾ ചൂണ്ടിക്കാണിക്കുക മാത്രമാണ് ചെയ്യേണ്ടത്.  ശ്രീ. കോടിയേരി ബാലകൃഷ്ണനും ശ്രീ. സി. ദിവാകരനും സംസാരിച്ചു, ചർച്ചയൊന്നുമില്ല. യെസ്.... യെസ്....

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

2013–ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ.............

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയുംപ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ:

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
2. ശ്രീ. പി. കെ. അബ്ദു റബ്ബ്
3. ശ്രീ. പി. ബി. അബ്ദുൾ റസാക്ക്
4. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
5. ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി

6. ശ്രീ. കെ. അച്ചുതൻ
7. ശ്രീ. റ്റി. എ. അഹ്മദ് കബീർ
8. ശ്രീ. മഞ്ഞളാംകുഴി അലി
9. ശ്രീ. എ. പി. അനിൽകുമാർ
10. ശ്രീ. അനൂപ് ജേക്കബ്
11. ശ്രീ. അൻവർ സാദത്ത്
12. ശ്രീ. കെ. ബാബു
13. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
14. ശ്രീ. സി. എൻ. ബാലകൃഷ്ണൻ
15. ശ്രീ. പി. കെ. ബഷീർ
16. ശ്രീ. ബെന്നി ബെഹനാൻ
17. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
18. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
19. ശ്രീ. എ. റ്റി. ജോർജ്
20. ശ്രീ. പി. സി. ജോർജ്
21. ശ്രീ. ഹൈബി ഈഡൻ
22. കുമാരി പി. കെ. ജയലക്ഷ്മി
23. ഡോ. എൻ. ജയരാജ്
24. ശ്രീ. കെ. സി. ജോസഫ്
25. ശ്രീ. ജോസഫ് വാഴക്കൻ
26. ശ്രീ. വർക്കല കഹാർ
27. ശ്രീ. കെ. എൻ. എ. ഖാദർ
28. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
29. ശ്രീ. റ്റി. യു. കുരുവിള
30. ശ്രീ. ലൂഡി ലൂയിസ്
31. ശ്രീ. പി. എ. മാധവൻ
32. ശ്രീ. സി. മമ്മൂട്ടി
33. ശ്രീ. കെ. പി. മോഹനൻ
34. ശ്രീ. സി. മോയിൻകുട്ടി

35. ശ്രീ. മോൻസ് ജോസഫ്
36. ശ്രീ. സി. പി. മുഹമ്മദ്
37. ശ്രീ. ആര്യാടൻ മുഹമ്മദ്
38. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
39. ശ്രീ. കെ. മുരളീധരൻ
40. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
41. ശ്രീ. ഉമ്മൻ ചാണ്ടി
42. ശ്രീ. റ്റി. എൻ. പ്രതാപൻ
43. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
44. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
45. ശ്രീ. രമേശ് ചെന്നിത്തല
46. ശ്രീ. പാലോട് രവി
47. ശ്രീ. റോഷി അഗസ്റ്റിൻ
48. ശ്രീ. വി. പി. സജീന്ദ്രൻ
49. ശ്രീ. എൻ. ശക്തൻ
50. ശ്രീ. ഷാഫി പറമ്പിൽ
51. ശ്രീ. എൻ. ഷംസുദ്ദീൻ
52. ശ്രീ. ആർ. സെൽവരാജ്
53. ശ്രീ. ഷിബു ബേബി ജോൺ
54. ശ്രീ. വി. എസ്. ശിവകുമാർ
55. ശ്രീ. സണ്ണി ജോസഫ്
56. ശ്രീ. സി. എഫ്. തോമസ്
57. ശ്രീ. തോമസ് ഉണ്ണിയാടൻ
58. ശ്രീ. പി. ഉബൈദുള്ള
59. ശ്രീ. എം. ഉമ്മർ
60. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
61. ശ്രീ. എം. എ. വാഹീദ്
62. ശ്രീ. എം. പി. വിൻസെന്റ്
63. ശ്രീ. പി. സി. വിഷ്ണുനാഥ്

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. എ. എം. ആരിഫ്
4. ശ്രീ. എ. എ. അസീസ്
5. ശ്രീ. ബാബു എം. പാലിശ്ശേരി
6. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
7. ശ്രീമതി ഇ. എസ്. ബിജിമോൾ
8. ശ്രീ. എം. ചന്ദ്രൻ
9. ശ്രീ. ഇ. ചന്ദ്രശേഖരൻ
10. ശ്രീ. വി. ചെന്താമരാക്ഷൻ
11. ശ്രീ. കെ. ദാസൻ
12. ശ്രീ. ബി. ഡി. ദേവസ്സി
13. ശ്രീ. സി. ദിവാകരൻ
14. ശ്രീ. ചിറ്റയം ഗോപകുമാർ
15. ശ്രീ. പി. കെ. ഗുരുദാസൻ
16. ശ്രീ. എം. ഹംസ
17. ശ്രീമതി ജമീലാ പ്രകാശം
18. ഡോ. കെ. ടി. ജലീൽ
19. ശ്രീ. ജി. എസ്. ജയലാൽ
20. ശ്രീ. സി. കൃഷ്ണൻ
21. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
22. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
23. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
24. ശ്രീ. കോവൂർ കുഞ്ഞുമോൻ
25. ശ്രീമതി കെ. കെ. ലതിക
26. ശ്രീ. മാത്യു റ്റി. തോമസ്
27. ശ്രീ. സി. കെ. നാണു
28. ശ്രീ. കെ. കെ. നാരായണൻ

29. ശ്രീ. എ. പ്രദീപ്കുമാർ
30. ശ്രീ. കെ. രാധാകൃഷ്ണൻ
31. ശ്രീ. പി. റ്റി. എ. റഹീം
32. ശ്രീ. ആർ. രാജേഷ്
33. ശ്രീ. റ്റി. വി. രാജേഷ്
34. ശ്രീ. കെ. രാജു
35. പ്രൊഫ. സി. രവീന്ദ്രനാഥ്
36. ശ്രീ. സി. കെ. സദാശിവൻ
37. ശ്രീ. സാജു പോൾ
38. ശ്രീമതി കെ. എസ്. സലീഖ
39. ശ്രീ. എസ്. ശർമ്മ
40. ശ്രീ. വി. ശശി
41. ശ്രീ. എ. കെ. ശശീന്ദ്രൻ
42. ശ്രീ. പി. ശ്രീരാമകൃഷ്ണൻ
43. ശ്രീ. ജി. സുധാകരൻ
44. ശ്രീ. വി. എസ്. സുനിൽകുമാർ
45. ശ്രീ. കെ. സുരേഷ് കുറുപ്പ്
46. ഡോ. ടി. എം. തോമസ് ഐസക്
47. ശ്രീ. ഇ. കെ. വിജയൻ
48. ശ്രീ. കെ. വി. വിജയദാസ്

നിഷ്പക്ഷത പാലിക്കുന്നവർ –ആരുമില്ല.

അനുകൂലിക്കുന്നവർ – 63

പ്രതികൂലിക്കുന്നവർ – 48

നിഷ്പക്ഷത പാലിക്കുന്നവർ – ആരുമില്ല

മി. സ്പീക്കർ: 2013 –ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

## സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013–ലെ അബ്കാരി (ഭേദഗതി) ബിൽ

മി. സ്പീക്കർ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013–ലെ അബ്കാരി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രിക്ക് അവതരിപ്പിക്കാവുന്നതാണ്.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013–ലെ അബ്കാരി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: പ്രാരംഭഘട്ടത്തിൽ ബഹുമാനപ്പെട്ട മന്ത്രിക്ക് സംസാരിക്കാവുന്നതാണ്.

ശ്രീ. കെ. ബാബു: സർ, ഇത് സംസാരിക്കേണ്ട ഒരു ഭേദഗതിയല്ല. അതുകൊണ്ട് മെമ്പർമാരുടെ പ്രസംഗത്തിനുശേഷം മറുപടി പറയാം.

<u>മി. സ്പീക്കർ</u>: 2013–ലെ 40-ാം നമ്പർ ഓർഡിനൻസായ 2013–ലെ അബ്കാരി (ഭേദഗതി) ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം അവതരിപ്പിച്ച് ശ്രീ. വി. എസ്. സുനിൽ കുമാറിന് സംസാരിക്കാവുന്നതാണ്

<u>Shri. V. S. Sunil Kumar :</u> Sir, I Move that –

"This House resolves to disapprove The Abkari (Amendment) Ordinance, 2013 (ordinance No. 40 of 2013)

ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഭേദഗതി ബില്ലിൽ കേരളത്തിൽ വർദ്ധിച്ചുവരുന്ന മദ്യത്തിന്റെ ഉപഭോഗം, പ്രത്യേകിച്ച് ചെറുപ്പക്കാർക്കിടയിലും വിദ്യാർത്ഥികൾക്കിടയിലും യുവജനങ്ങൾക്കിടയിലും വർദ്ധിച്ചുവരുന്ന മദ്യത്തിന്റെ ഉപഭോഗം, അതോടൊപ്പം തന്നെ നമ്മുടെ സിനിമയിലും വിഷ്വൽ മീഡിയയിലും ഒക്കെ തന്നെ മദ്യത്തിന്റെ പരസ്യം വരുന്നതുമായി ബന്ധപ്പെട്ടുവരുന്ന കാര്യങ്ങളാണ് പറയുന്നത്. ഇതിന്റെ ഉദ്ദേശ കാരണത്തിൽ തന്നെ മന്ത്രി വ്യക്തമാക്കിയിരിക്കുന്ന കാര്യം മദ്യത്തിന്റെ ഉപഭോഗം കേരളത്തിൽ ദിനം പ്രതി വർദ്ധിച്ചുവരുന്നുവെന്നാണ്. എന്നാൽ കഴിഞ്ഞ ദിവസം ഗവൺമെന്റിന്റെ ബഡ്ജറ്റ് ചർച്ചാവേളയിൽ അവകാശപ്പെട്ടത് മദ്യത്തിന്റെ ഉപഭോഗം കേരളത്തിൽ കുറഞ്ഞുവെന്നാണ്. ചർച്ച ചെയ്യപ്പെടേണ്ട വിഷയമാണ്. മദ്യത്തിന്റെ ഉപഭോഗം കുറഞ്ഞതാണോ, ടാക്സ് ഈടാക്കുന്ന മദ്യത്തിന്റെ ഉപഭോഗം കുറഞ്ഞതാണോ എന്ന കാര്യം പരിശോധിക്കപ്പെടേണ്ടതാണ്. ഒരു കാര്യം വളരെ വ്യക്തമാണ് മദ്യത്തിന്റെ ഉപഭോഗം കേരളത്തിൽ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട, ഏറ്റവും വലിയ മദ്യ വിൽപ്പനക്കാരൻ എന്നുപറയുന്നത് സംസ്ഥാന

ഗവൺമെന്റ് തന്നെയാണ്. അതിന്റെ ഗുണഭോക്താവും ഗവൺമെന്റ് തന്നെ യാണ്. നമ്മുടെ സംസ്ഥാനം, കുറേ കാലങ്ങളായി മദ്യം നാടിന് വരുമാനം നൽകുന്ന ഒരു വസ്തുവാണെന്ന ധാരണയിലാണ് എല്ലാകാലത്തും പോയ്ക്കൊണ്ടിരിക്കുന്നത്. സത്യവുമാണ്. മദ്യവ്യാപാരത്തിലൂടെ ലഭിക്കുന്ന നികുതിയാണ് കേരളത്തിന്റെ പ്രധാനപ്പെട്ട വരുമാന മാർഗ്ഗങ്ങളിൽ ഒന്ന്. ഓരോ വർഷം കഴിയുന്തോറും നമ്മുടെ സംസ്ഥാനത്ത് മദ്യത്തിന്റെ ടാക്സ് വർദ്ധിപ്പിക്കുന്നതിലൂടെ ഖജനാവിലേയ്ക്ക് ആയിരക്കണക്കിന് കോടി രൂപ യാണ് വന്നുകൊണ്ടിരിക്കുന്നത്. ശ്രീ. കെ. എം. മാണി വീണ്ടും ടാക്സ് വർദ്ധിപ്പിച്ചപ്പോൾ 100 കണക്കിന് കോടി രൂപയാണ് നമ്മുടെ ഖജനാവി ലേയ്ക്ക് വന്നിരിക്കുന്നത്. നമ്മുടെ സംസ്ഥാനത്ത് അരി വാങ്ങാൻ പ്രതി വർഷം ചെലവിടുന്ന തുക 3, 500 കോടി രൂപയാണെന്നാണ് കണക്കുകൾ പറയുന്നത്.

പക്ഷേ, മദ്യം വാങ്ങുന്നതിനുവേണ്ടി പ്രതിവർഷം പതിനായിരം കോടി യിലധികം രൂപ കേരളം ചെലവഴിക്കുന്നുവെന്നാണ് കണക്കുകൾ വ്യക്തമാ ക്കുന്നത്. അരി വാങ്ങാൻ ചെലവഴിക്കുന്നതിന്റെ മൂന്നിരട്ടിയോളം തുക മദ്യ ത്തിനുവേണ്ടി ചെലവഴിക്കുന്ന ഒരു സംസ്ഥാനമാണ് കേരളം. രാജ്യ ത്തുൽപ്പാദിപ്പിക്കുന്ന മദ്യത്തിന്റെ പതിനാറ് ശതമാനവും കേരളത്തിലാണ് ചെലവഴിക്കപ്പെടുന്നത്. ഇന്ത്യയുടെ മൊത്തം ജനസംഖ്യയുടെ മൂന്ന് മൂന്നര ശതമാനത്തോളം വരുന്ന കേരളത്തിലാണ് രാജ്യത്ത് ഉൽപ്പാദിപ്പിക്കുന്ന മൊത്തം മദ്യത്തിന്റെ പതിനാറ് ശതമാനത്തോളവും ഉപയോഗിക്കുന്നത്. അത്രയും വലിയ തോതിൽ മദ്യം ഉപയോഗിക്കുന്ന ഒരു സംസ്ഥാനമാണ്

കേരളം. മദ്യ നിരോധനം ഇതുവരെ നടപ്പിലാക്കപ്പെടാത്തൊരു സംസ്ഥാനവും കേരളമാണ്. മദ്യത്തിന്റെ ഉപഭോഗം വർദ്ധിച്ചുവരുന്നുവെന്നും അതിനെ നിരുത്സാഹപ്പെടുത്തണമെന്നൊക്കെ ഗവൺമെന്റ് പറയുന്നുണ്ടെങ്കിലും വാസ്തവത്തിൽ ഇവിടെ സംഭവിച്ചുകൊണ്ടിരിക്കുന്ന എന്താണ്? കഴിഞ്ഞ കുറേകാലങ്ങളായി കേരളത്തിൽ ചാരായ വിൽപ്പനയുണ്ടായിരുന്നു. സർക്കാർ തന്നെ ചാരായം ലേലം ചെയ്ത് റെയ്ഞ്ച് അടിസ്ഥാനത്തിൽ വിൽപ്പന നടത്തിയിരുന്നു. എന്നാൽ ശ്രീ. എ. കെ. ആന്റണി ചാരായ നിരോധനം കൊണ്ടുവന്നതിനുശേഷം ഇവിടെ മദ്യത്തിന്റെ വിൽപ്പന കുറഞ്ഞോ; ഇല്ല. 1984–ൽ ബിവറേജസ് കോർപ്പറേഷൻ വഴിയുള്ള വിദേശ മദ്യ വിൽപ്പനയിലൂടെ കേരളത്തിന്റെ വരവ് 55.46 കോടി രൂപയായിരുന്നു. എന്നാൽ, ചാരായ നിരോധനം വന്നതിനുശേഷം ബിവറേജസ് കോർപ്പറേഷൻ വഴിയുള്ള വിദേശ മദ്യത്തിന്റെ വിൽപ്പനയിലൂടെ 2013–ലെ കണക്കുപ്രകാരം 8818.18 കോടി രൂപയുടെ വിറ്റുവരവാണുണ്ടായത്. അതായത്, വിദേശമദ്യ വിൽപ്പനയിലൂടെയുള്ള കേരളത്തിന്റെ വരവ് 55.46 കോടി രൂപയിൽ നിന്നും 8818.18 കോടിയായി വർദ്ധിച്ചു. ചാരായ നിരോധനത്തിലൂടെ ശ്രീ. എ.കെ. ആന്റണി കേരളത്തിൽ വലിയൊരു വിപ്ലവം കൊണ്ടുവന്നുയെന്നൊക്കെ അവകാശപ്പെടുന്നുണ്ടെങ്കിലും വാസ്തവത്തിൽ ഇതിലൂടെ ഏറ്റവും വലിയ സഹായം ലഭിച്ചിരിക്കുന്നത് വിദേശ മദ്യ ലോബികൾക്കാണ്. മദ്യനിരോധനം കേരളത്തിൽ പ്രായോഗികമല്ലെന്നും മദ്യവർജ്ജനമാണ് കേരളത്തിൽ വേണ്ടതെന്നുമാണ് ഉദയഭാനു കമ്മീഷൻ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന പ്രധാനപ്പെട്ട കാര്യം. മാത്രമല്ല, മദ്യവർജ്ജനത്തിന്റെ ഭാഗമായി വലിയ തോതിലുള്ള ബോധവത്കരണം വേണമെന്നും വീര്യം കുറഞ്ഞ കള്ള് പ്രോത്സാഹിപ്പിക്ക

ണമെന്നും വീര്യം കുറഞ്ഞ മദ്യത്തിനു പ്രോത്സാഹനം കൊടുക്കത്തക്കവിധത്തിൽ പരമ്പരാഗതമായ ഈ തൊഴിൽ മേഖല സംരക്ഷിക്കണമെന്നുമൊക്കെ ഉദയഭാനു കമ്മീഷൻ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ പല തവണ നിയമസഭയിൽ ചർച്ച ചെയ്തിട്ടുണ്ട്. പക്ഷേ, കഴിഞ്ഞ അഞ്ചെട്ട് വർഷക്കാലത്തെ കാര്യങ്ങൾ പരിശോധിച്ചാൽ കേരളത്തിലെ കള്ള് വ്യവസായ മേഖല താഴേയ്ക്ക് വരികയും ആ മേഖലയെ ബോധപൂർവ്വം നിരുത്സാഹപ്പെടുത്തുകയും അതിനനുബന്ധമായി കേരളത്തിൽ ബാറുകളുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുകയുമാണ്. ഓരോ വർഷവും ബാറുകളുടെ എണ്ണം വർദ്ധിക്കുന്നു. അത് കോടതി വിധി വന്നിട്ടായാലും ശരി, സർക്കാരിന്റെ നയത്തിന്റെ ഭാഗമായിട്ടാണെങ്കിലും ശരി, ഇന്നുവരെ ഒരു ബാറും അടച്ചതായി ആരും കേട്ടിട്ടില്ല. പല സ്ഥലത്തും കള്ള് ഷാപ്പുകൾ അടപ്പിച്ചിട്ടുണ്ട്. കള്ള് ഷാപ്പുകൾക്കെതിരെ സമരം നടത്തുന്നുണ്ട്. ഇന്നുവരെ സമരം നടത്തി ഒരു ബാർ പോലും അടപ്പിച്ച ചരിത്രമില്ല. ഓന്നോ രണ്ടോ സ്ഥലത്ത് നടന്നിട്ടുണ്ടായിരിക്കാം. എങ്കിലും അടപ്പിച്ച ബാറുകൾ മറ്റെവിടെയെങ്കിലും തുറപ്പിക്കാനുള്ള അവസരവും ഗവൺമെന്റ് കൊടുത്തിട്ടുണ്ട്. വാസ്തവത്തിൽ കേരളത്തിൽ ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്നത് കേരളം ഒരു വിദേശമദ്യ രാജ്യമായി മാറിയിരിക്കുകയാണ്. മദ്യവർജ്ജനത്തിലേയ്ക്ക് കേരളത്തെ കൊണ്ടുപോകണമെന്ന് കോൺഗ്രസ്സുകാർ തന്നെ പറയുമ്പോഴും ഉദയഭാനുകമ്മീഷൻ റിപ്പോർട്ടുപോലും നടപ്പിലാക്കാൻ ആരും തയ്യാറായിട്ടില്ല. അതിന്റെ ഭാഗമായി കേരളത്തിൽ വിദേശമദ്യത്തിന്റെ ഉപഭോഗം വർദ്ധിച്ചുവെന്നുള്ളത് സത്യമാണ്.

<u>ശ്രീമതി പി. ആയിഷാ പോറ്റി</u>: മദ്യത്തിന്റെ ഉപയോഗം വർദ്ധിച്ചുവരുന്നുവെന്നും കിട്ടുന്ന കാശുമുഴുവൻ മദ്യപാനത്തിനായി ചെലവാക്കുന്നുവെന്നും

കേരളത്തിൽ മദ്യത്തിൽ നിന്നുള്ള വരുമാനം വർദ്ധിക്കുന്നതുമൊക്കെയാണ് പറയുന്നത്. അതോടൊപ്പംതന്നെ ഇതിലൂടെ കുടുംബ ബന്ധങ്ങൾ മുഴുവൻ തകർന്നു തരിപ്പണമാകുകയും ദിവസവും കൂലിപ്പണിക്കു പോകുന്നവർ വരെ അന്നന്നുകിട്ടുന്ന പണം മുഴുവൻ ബിവറേജസ് കോർപ്പറേഷനിലോ അല്ലെങ്കിൽ മറ്റെവിടെയെങ്കിലും കൊടുത്ത് അതുമുഴുവൻ മദ്യപിച്ചു തിർക്കുകയും പിന്നീട് അതിനുവേണ്ടി ചികിത്സിക്കുകയും ചെയ്യുന്ന ഭാരിച്ച ചെലവ് ഗവൺമെന്റിന് ഉണ്ടാകുകയും നമ്മുടെ സമൂഹത്തിലെ നല്ലൊരു സംസ്കാരമില്ലാതായി പോവുകയും ചെയ്യുന്നുവെന്നുള്ള ഏറ്റവും ദുഖകരമായൊരു സത്യംകൂടി ഇവിടെ കാണാനില്ലേ.

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: അതുതന്നെയാണ് പറഞ്ഞുവന്നത്. കാരണം, രാജ്യത്തുൽപ്പാദിപ്പിക്കുന്ന മദ്യത്തിന്റെ പതിനാറ് ശതമാനം കേരളീയരാണ് കുടിക്കുന്നത്. അതുപോലെതന്നെ പ്രധാനപ്പെട്ട മറ്റൊരു കാര്യമാണ് ഇന്ത്യയിൽ ഉൽപ്പാദിപ്പിക്കുന്ന മരുന്നിന്റെ 27 ശതമാനവും ഉപയോഗിക്കുന്നത് കേരളത്തിലാണ്. രണ്ടും വളരെ ബന്ധപ്പെട്ടുകിടക്കുന്നൊരു കാര്യമാണ്. ഇന്ത്യയിൽ ഏറ്റവുമധികം മദ്യം ഉപയോഗിക്കുന്നതും മരുന്നുപയോഗിക്കുന്നതും കേരളത്തിലെ ജനങ്ങളാണ്. കേരളത്തിലെ മദ്യവ്യാപാര രംഗത്ത് ബോധപൂർവ്വം വിദേശമദ്യത്തിന്റെ ആധിപത്യമുണ്ടാക്കാൻ വേണ്ടി നടത്തിയ ഒരു വലിയ പ്രോജക്ട് നടപ്പിലാക്കപ്പെട്ടതുപോലെയാണ് കേരളത്തിൽ മറ്റെല്ലാ മദ്യങ്ങളും നിഷ്കാസനം ചെയ്യപ്പെട്ട് വിദേശമദ്യത്തിന്റെ ആധിപത്യത്തിലേയ്ക്ക് വരികയും വിദേശ മദ്യത്തിന്റെ കൺസംഷൻ വമ്പിച്ച തോതിൽ വർദ്ധിക്കുകയും ചെയ്തുവെന്നുള്ളത് സത്യമാണ്. ചാരായം നിരോധിച്ചുവെന്നുള്ളത് വലിയ കാര്യമാണ്. ചാരായം നിരോധിച്ചതുകൊണ്ട് മദ്യത്തിന്റെ

കൺസംഷൻ കുറഞ്ഞോ. കള്ള് ഷാപ്പുകൾ അടച്ചുപൂട്ടിയതിന്റെ പേരിൽ ഈ രാജ്യത്തെ ജനങ്ങൾ ഉപയോഗിക്കുന്ന മദ്യത്തിന്റെ അളവ് കുറഞ്ഞോ; മദ്യപാനം കൂടിക്കൊണ്ടിരിക്കുകയാണ്. ഇവിടെ ചെറുക്കാരുടെ കാര്യത്തെക്കുറിച്ചാണ് പറയുന്നത്. 18 മുതൽ 25 വയസ്സിനിടയിലുള്ള ആളുകളാണ് ഡീ അഡിക്ഷൻ സെന്ററുകളിലേയ്ക്ക് വന്നുകൊണ്ടിരിക്കുന്നതെന്നാണ് അവിടത്തെ കണക്കുകൾ വ്യക്തമാക്കുന്നത്. അപ്പോൾ ചെറുപ്പക്കാർക്കിടയിൽ മദ്യപാനം വ്യാപിച്ചിരിക്കുകയാണ്. എന്തുകൊണ്ടാണ് അങ്ങനെ സംഭവിക്കുന്നതെന്നതിനെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ. എക്സൈസ് ഡിപ്പാർട്ടുമെന്റ് ബോധവത്കരണത്തിനുവേണ്ടി ധാരാളം തുക ചെലവാക്കുന്നുണ്ട്. ജില്ലാകളക്ടർ ചെയർമാനായി മദ്യവിരുദ്ധബോധവത്കരണ പരിപാടിയും നടത്തുന്നുണ്ട്. അതിനായി കഴിഞ്ഞ ബഡ്ജറ്റിലും തുക വകയിരുത്തുകയും ചെലവാക്കുകയും ചെയ്തു. വൈക്കം മുഹമ്മദ് ബഷീറിന്റെ പൊൻകുരിശു തോമ എന്ന കഥാപാത്രം പൊൻകുരിശു മോഷ്ടിച്ചതിനു ശേഷം പശ്ചാത്താപമായി കുരിശിന്റെ ഒരു കഷണമെടുത്ത് ഭണ്ഡാരത്തിൽ നിക്ഷേപിക്കുന്നതുപോലെ ഈ പാവപ്പെട്ട ആളുകളെ മദ്യം കുടിപ്പിക്കുന്നതിൽ പ്രധാനപ്പെട്ട പങ്ക് വഹിക്കുന്നത് ഗവൺമെന്റ് തന്നെയാണ്. അതിനെതിരായി ബോധവത്കരണം നടത്തുന്നുവെന്ന് പറയുന്നത് ഒരു വഴിപാട് പരിപാടി മാത്രമാണ്. വാസ്തവത്തിൽ സർക്കാരിന് അതിൽ താൽപ്പര്യമുണ്ടോ; മദ്യപാനത്തിലൂടെ ലഭിക്കുന്ന വരുമാനം കേരളത്തിന്റെ മുഖ്യ വരുമാന സ്രോതസ്സാണ്. വാസ്തവത്തിൽ ഗൾഫ് പണത്തിലൂടെയും മദ്യത്തിന്റെ വിൽപ്പനയിലൂടെ ലഭിക്കുന്ന പണത്തിലൂടെയുമാണ് ഇന്ന് കേരളം നില നിൽക്കുന്നത്. സത്യത്തിൽ ഈ നാട്ടിലെ പാവപ്പെട്ട കുടിയന്മാരിൽ നിന്നു

മല്ലേ ഈ ഗവൺമെന്റിന്റെ ഏറ്റവും വലിയ വരുമാനം ലഭിക്കുന്നത്. അവരിൽ നിന്നും എത്രയധികം ടാക്സാണ് ഈ ഗവൺമെന്റ് വാങ്ങുന്നത്. യഥാർത്ഥ ത്തിൽ ശ്രീ. കെ. എം. മാണിയുടെ ലോട്ടറി കച്ചവടം നടന്നുപോകുന്നത് ഇവിടെ മദ്യഷാപ്പുകൾ ഉള്ളതുകൊണ്ടാണ്. ഇവിടെ ഏറ്റവും കൂടുതൽ ലോട്ടറി വാങ്ങുന്നത് ഈ വിഭാഗത്തിൽപ്പെട്ടവരാണ്. അതായത്, ശ്രീ. എം. മുകുന്ദൻ പറഞ്ഞതുപോലെ പാവപ്പെട്ടവർക്ക് ജീവിക്കണമെങ്കിൽ ഒന്നുകിൽ നിധി കിട്ടണം, അല്ലെങ്കിൽ ലോട്ടറി അടിക്കണമെന്നുള്ള സ്ഥിതിവിശേഷ മാണുള്ളത്. അവൻ എന്താണ് ചെയ്യുന്നത്? ഷാപ്പിൽ പോയി മദ്യപിച്ച് ബാക്കി യുള്ള പണത്തിന് എങ്ങനെയെങ്കിലും രക്ഷപ്പെടട്ടേയെന്നു കരുതി ആദ്യം ലോട്ടറിയെടുക്കും. അപ്പോൾ ലോട്ടറിപണവും മദ്യപാനികളിൽ നിന്നും ലഭി ക്കുന്ന പണവും കൊണ്ടാണ് കേരളം നിലനിൽക്കുന്നത്. അച്ഛൻ സൂക്ഷിച്ചു വച്ചിരുന്ന മദ്യം കഴിച്ച് ഒരു കുട്ടി മരിക്കാനിടയായ വിവരം കഴിഞ്ഞ ദിവസത്തെ പത്രത്തിൽ വായിക്കാനിടയായി. തൊഴിലാളികളെയും, ചെറുപ്പ ക്കാരെയും കുട്ടികളെയും സ്ത്രീകളെപ്പോലും മദ്യപാനികളാക്കുന്ന വിധ ത്തിൽ കേരളം ഇപ്പോൾ എവിടെയാണ് എത്തിനിൽക്കുന്നത്. അതിന് കാരണ മെന്താണ്? ഇതൊക്കെ പരിശോധിക്കേണ്ട വിഷയങ്ങളല്ലേ; ഇവിടത്തെ ചെറു പ്പക്കാരെ സ്വാധീനിക്കുന്ന മദ്യപാന ശീലത്തെ പ്രോത്സാഹിപ്പിക്കാതിരി ക്കാൻവേണ്ടി മദ്യം വാങ്ങുന്നവർക്ക് 18 വയസ്സ് പൂർത്തിയാകണമെന്നുള്ള വ്യവസ്ഥയിൽ മാറ്റംവരുത്തി 21 വയസ്സ് തികയണമെന്നാക്കി മാറ്റിയതുകൊണ്ട് എന്തെങ്കിലും ഗുണമുണ്ടോ; ഇത്തരത്തിൽ ഉപരിപ്ലവമായ ചികിത്സകൊണ്ട് ഇത് പരിഹരിക്കാൻ കഴിയില്ല. ഇവിടെ മാറിമാറി വരുന്ന ഗവൺമെന്റുകൾ മദ്യത്തിലൂടെയുള്ള വരുമാനം മുഖ്യസ്രോതസ്സായി കാണുന്നുണ്ടോ? ടാക്സ്

വർദ്ധിപ്പിക്കുന്നതുകൊണ്ട് മദ്യപാനം കുറഞ്ഞിട്ടുണ്ടോ; ഇല്ല. ഇത് ഫിനാൻസ് ഡിപ്പാർട്ടുമെന്റ് വയ്ക്കുന്നൊരു പ്രൊപ്പോസലാണ്. അവർക്ക് വരുമാനം കിട്ടാൻ ഏറ്റവും നല്ല മാർഗ്ഗം ഇതാണ്. മറ്റ് മേഖലകളിലുള്ള നികുതി പിരി ക്കില്ല. ശ്രീ. കെ. എം. മാണിയുടെ ഈ കാലഘട്ടത്തിൽ അദ്ദേഹം വലിയ വലിയ കാര്യങ്ങൾ പറയും പക്ഷേ, നികുതി പിരിക്കുന്ന കാര്യത്തിൽ ഏറ്റവും വലിയ പരാജയമാണ്. കാരണമെന്താണ്, ഇപ്പോൾ പോസ്റ്റ്കാർഡ് നികുതി സ്റ്റേ കൊടുക്കലാണ് നടക്കുന്നത്. കേരളത്തിൽ ഏത് നികുതി ദായകനെതിരെ ആർ. ആർ. നടപടിവന്നാലും ശ്രീ. കെ. എം. മാണിയുടെ ഓഫീസിൽ പോയാൽ പോസ്റ്റ്കാർഡ് സ്റ്റേ കിട്ടും. ആയിരക്കണക്കിന് സ്റ്റേയാണ് കൊടു ത്തുകൊണ്ടിരിക്കുന്നത്. ഇപ്പോൾ ബഡ്ജറ്റിൽ വച്ച നികുതി എക്സംഷനിൽ പലതും വലിയ അഴിമതിയാണ്. പല ആളുകളുടെയും താൽപ്പര്യപ്രകാരം നികുതി വെട്ടിക്കുറച്ചുകൊടുക്കാനും അവർക്ക് വേണ്ടി നികുതി കൂട്ടിക്കൊടു ക്കാനുമൊക്കെയുള്ള പരിപാടികളാണ് നടക്കുന്നത്. അപ്പോൾ എളുപ്പത്തിൽ നികുതി വരുമാനം കിട്ടാനുള്ള ഒരു പണി കള്ള് ഷാപ്പുകളിലെ മദ്യത്തിന്റെ വില വർദ്ധിപ്പിക്കുക എന്നുള്ളതാണ്. അതാകുമ്പോൾ ആരും എതിർക്കില്ല. ആർക്കും എതിർത്തൊരക്ഷരം പറയാൻ പറ്റില്ല.

ശ്രീ. എം. ചന്ദ്രൻ: ഗവൺമെന്റിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനു വേണ്ടി വർഷാവർഷം മദ്യത്തിന്മേൽ സർക്കാർ നികുതി ചുമത്തുന്നുണ്ട്. ഇപ്രാവശ്യത്തെ ബഡ്ജറ്റിലും 400 കോടി രൂപയാണ് ഈ ഇനത്തിൽ വരുമാനം പ്രതീക്ഷിക്കുന്നത്. മദ്യപാനം കൊണ്ട് ഒട്ടേറെ ആളുകൾ രോഗികളായി മാറുന്നുണ്ട്. ഈ വരുമാനത്തിൽ നിന്നും ഒരു ശതമാനം പണം

ഈ രോഗികളുടെ ചികിത്സയ്ക്ക് മാറ്റിവയ്ക്കണമെന്ന് അങ്ങേയ്ക്ക് അഭിപ്രായമുണ്ടോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: ഒരു ശതമാനം പോര എന്നാണ് എന്റെ അഭിപ്രായം. കാരണം, ആൽക്കഹോളിസം ഒരു രോഗമെന്നാണ് ശാസ്ത്രം പറയുന്നത്. ആൽക്കഹോളിസമെന്ന രോഗത്തിലേയ്ക്ക് ജനതയെ തള്ളിവിടുന്നതിൽ ഗവൺമെന്റിന്റെ റോൾ എന്താണ്? 400 കോടി രൂപയെന്ന വലിയ തുകയാണ് അവരിൽ നിന്നു വാങ്ങുന്നത്. ബിവറേജസ് കോർപ്പറേഷനുമുന്നിൽ പാവപ്പെട്ട ആളുകളാണ് ക്യൂ നിൽക്കുന്നത്. ഖജനാവിലേയ്ക്ക് കോടികൾ കുത്തൊഴുകിക്കൊണ്ടിരിക്കുന്നത് ആരുടെ പണമാണ്. വ്യവസായികളുടെ പണം നികുതിയിനത്തിൽ പിരിക്കാൻ ആരും തയ്യാറല്ല. സ്വർണ്ണക്കച്ചവടക്കാരുൾപ്പെടെയുള്ള വമ്പൻമാരുടെ കയ്യിൽ നിന്നും ടാക്സ് പിരിക്കാൻ ഗവൺമെന്റിന് യാതൊരു താൽപ്പര്യവുമില്ല. ആയുർവ്വേദ മരുന്നു കച്ചവടക്കാർക്കുവേണ്ടി ശ്രീ. കെ. എം. മാണി എന്താണ് ചെയ്തുകൊടുത്തത്? ഇവരിൽ നിന്നും നികുതി പിരിക്കാൻ പാടില്ലെന്നും, അവരിൽ നിന്നും നികുതി തിരിച്ചുപിടിക്കണമെന്നും സുപ്രീം കോടതിപോലും പറഞ്ഞതാണ്. എന്നിട്ട് എന്തു സംഭവിച്ചു. അവർക്കു വേണ്ടി മാറ്റിക്കൊടുത്തു. ഇവിടത്തെ ശ്രീധരീയം പോലുള്ള വലിയ കമ്പനികൾക്കുവേണ്ടി നികുതി നാല് ശതമാനമാക്കി മാറ്റിക്കൊടുത്തു. അങ്ങനെ എത്രയെത്ര ആളുകൾക്കുവേണ്ടി നികുതി മാറ്റിക്കൊടുത്തു. ഇങ്ങനെ മാറ്റിക്കൊടുക്കുന്ന നികുതി തിരിച്ചുപിടിക്കാൻ വേണ്ടി ഫിനാൻസ് ഡിപ്പാർട്ടുമെന്റ് വയ്ക്കുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രൊപ്പോസൽ എന്താണ്? മദ്യത്തിന്മേലുള്ള നികുതി കൂട്ടിക്കൊടുക്കും. അതുകൊണ്ട് ഇവിടെ മദ്യപാനം ശീലം കുറഞ്ഞിട്ടുണ്ടോ; സർക്കാരിന്റെ വരുമാനവും മദ്യ

പാനവും കൂടിയെന്നല്ലാതെ ഇതുകൊണ്ട് യാതൊരു പ്രയോജനവും ഉണ്ടാകുന്നില്ല. എന്നാൽ അടിസ്ഥാനപരമായി ഇതിന് പരിഹാരമെന്താണ്? ഇവിടെ സിനിമയിൽ മദ്യപിക്കുന്ന രംഗം കണ്ട് മദ്യപാനശീലത്തിലേയ്ക്ക് കുട്ടികൾ പോകുമെന്നൊന്നും ഞാൻ വിചാരിക്കുന്നില്ല. ചിലപ്പോൾ അങ്ങനെ ഉണ്ടാകാം. അതുകൊണ്ട് സിനിമ കാണുന്നതിനിടയിൽ മദ്യപാനം ആപത്താണെന്ന് എഴുതി വച്ചതുകൊണ്ട് കാര്യമൊന്നുമില്ല. സിനിമയിൽ ബലാത്സംഗരംഗം കാണിക്കുമ്പോൾ ബലാത്സംഗം ചെയ്താൽ ശിക്ഷിക്കുമെന്ന് എഴുതിവച്ചാൽ ബലാത്സംഗം നടക്കാതിരിക്കുമോ? ഇങ്ങനെ എഴുതി വച്ചതുകൊണ്ടൊന്നും കാര്യമില്ല. നിയമത്തിന്റെ ഭാഗമായി ഇതൊക്കെ ഒരുപാട് എഴുതി വച്ചിട്ടുണ്ട്. ബാറിന്റെ മുമ്പിൽ വലിയ ലൈറ്റിടാൻ പാടില്ലെന്നാണ് പറയുന്നത്, ബാർ എവിടെ ഒളിപ്പിച്ചു വച്ചാലും കുടിയന്മാർ അതന്വേഷിച്ച് പോകും. മാത്രമല്ല, മദ്യം ആരോഗ്യത്തിന് ഹാനികരമാണെന്നൊക്കെ എഴുതി വച്ചാൽ ആരെങ്കിലും കുടിക്കാതിരുന്നിട്ടുണ്ടോ?

<u>ശ്രീ. ജി. സുധാകരൻ</u>: സർ, വളരെ ലോകപ്രസിദ്ധമായ ഒരു നിയമതത്വമാണ് പറഞ്ഞത്. എ.ജി. ഗാർഡ്നർ എഴുതിയിട്ടുണ്ട് – there are laws and laws. നിയമങ്ങളും നിയമങ്ങളുമുണ്ട്. ആ നിയമങ്ങൾ കൊണ്ട് അങ്ങനെ എഴുതപ്പെട്ട നിയമങ്ങളെപ്പറ്റിയാണ്. മറ്റേത് കീഴ്വഴക്കപ്രകാരം നമ്മുടെ സമൂഹം അംഗീകരിക്കുന്ന നിയമങ്ങളാണ്. എല്ലാം നിയമമാക്കുകയും ലേബൽ ചെയ്യുകയും ചെയ്യുക എന്നതാണ് കേരളത്തിന്റെ പ്രത്യേകത. അങ്ങനെ ചെയ്യുമ്പോൾ പ്രശ്നം അവസാനിക്കുമെന്ന് കരുതുകയാണ്. അങ്ങ് പറഞ്ഞത് വളരെ ശരിയാണ്. ആലപ്പുഴയിലെ പിച്ചുഅയ്യർ ജംഗ്ഷനിൽ

ബ്രാഹ്മിൻസ് തിങ്ങിപ്പാർക്കുന്ന ഒരു കോളനിയുണ്ട്. ഇന്ന് രാവിലെ ആ കോളനിയിലേയ്ക്ക് ബിവറേജസ് കോർപ്പറേഷന്റെ ഒരു കട മാറ്റിസ്ഥാപിച്ചിരിക്കുകയാണ്. ബ്രാഹ്മണ സ്ത്രീകളെല്ലാവരും ചേർന്ന് അവിടെ സമരം നടത്തിക്കൊണ്ടിരിക്കുകയാണ്. എവിടെ മനുഷ്യൻ താമസിക്കുന്നുവോ അവിടെയേ കട തുടങ്ങുകയുള്ളൂ എന്ന കാര്യം അവർക്ക് നിർബന്ധമാണ്. ഈ ഗവൺമെന്റിന് ഒരു പോളിസിയുമില്ല. എവിടെയെങ്കിലും ഒഴിഞ്ഞ സ്ഥലത്ത് കട നടത്തി ആവശ്യമുള്ള കുടിയന്മാർ വന്ന് കുടിച്ചുകൊള്ളട്ടെ എന്നുള്ളതല്ല. കുടിക്കാത്തവരെക്കൂടി ആകർഷിക്കത്തക്കതരത്തിൽ ജനവാസകേന്ദ്രങ്ങളിലേയ്ക്ക് കൊണ്ടുവന്ന് വരുമാനം വർദ്ധിപ്പിച്ച് ശമ്പളം വർദ്ധിപ്പിച്ചെടുക്കുക എന്നതാണ് നയം. എനിക്ക് ഒരു നിർദ്ദേശമുണ്ട്. അങ്ങ് അതിനെപ്പറ്റി ഒന്ന് പ്രതികരിക്കുമോ? മദ്യപിക്കേണ്ടവർ ലൈസൻസ് എടുക്കണം. രജിസ്റ്റർ ചെയ്ത് ലൈസൻസ് എടുക്കുന്നവർക്കുമാത്രമേ മദ്യപിക്കാൻ അവകാശമുള്ളൂ. നല്ല ഫീസും വാങ്ങുന്ന ഒരു നടപടി..........

ശ്രീ. വി.എസ്. സുനിൽ കുമാർ: സർ, വരുമാനമുണ്ടാക്കുന്നത് നല്ല കാര്യമാണ്. ധാരാളം ലൈസൻസെടുക്കുന്ന ആളുകൾ കേരളത്തിലുണ്ടാകും. ഗവൺമെന്റിന് ധാരാളം വരുമാനമുണ്ടാകുന്ന കാര്യമാണ്. ഞാൻ പറഞ്ഞുവന്ന കാര്യം, നമ്മുടെ സംസ്ഥാനത്ത് നിങ്ങൾ ഈ മദ്യത്തിന്റെ .......

ശ്രീ. എ. പ്രദീപ്കുമാർ: സർ, ഒരു കാര്യം ബഹുമാനപ്പെട്ട മെമ്പറുടെയും സഭയുടെയും ശ്രദ്ധയിൽപ്പെടുത്താനാണ് പറയുന്നത്. ഇവിടെ നിയമസഭാ നടപടിക്രമങ്ങളൊക്കെത്തന്നെ തൽസമയം വെബ്കാസ്റ്റിംഗ് നടന്നുകൊണ്ടിരിക്കുന്നുണ്ട്. ഇപ്പോൾ, ഈ സമയത്ത്. വെബ്കാസ്റ്റിംഗ് നിലച്ചിരിക്കുകയാണ്, നടക്കുന്നില്ല. അങ്ങയുടെ പ്രസംഗം വെബ്കാസ്റ്റിംഗിലൂടെ പോകുന്നില്ല. കാരണം, പട്ടി കയറി ഇവിടത്തെ വെബ്കാസ്റ്റിംഗിന്റെ കേബിൾ

കടിച്ച് പൊട്ടിച്ചു. ഇവിടത്തെ ടെറസിലൊക്കെ പട്ടികളാണ്. മദ്യപിച്ച പട്ടിയല്ല, നല്ല സ്വബോധത്തോടുകൂടിയ പട്ടിയാണ് കേബിൾ കടിച്ചുമുറിച്ചതെന്ന് പറയുമ്പോൾ ടെക്നീഷ്യൻസൊക്കെ പോയിക്കൊണ്ടിരിക്കുന്നു. ഈ ഭരണത്തിലൊട്ടാകെ പട്ടി കയറുമെന്നുള്ളതിന്റെ അവസ്ഥയാണ് കാണാൻ കഴിയുന്നത്.

<u>ശ്രീ. വി.എസ്. സുനിൽ കുമാർ</u>: ഈ ജീവിതം നായ നക്കിയെന്ന് പറയുന്നതുപോലെ ഭരണം തന്നെ നായ നക്കിയ ഒരു ഭരണം നടന്നുകൊണ്ടിരിക്കുന്ന ഒരു രാജ്യമാണ് ഇത്.

<u>മി. ചെയർമാൻ</u>: ഉടനെ ശരിയാക്കുന്നുണ്ട്. സംഭവിച്ചതല്ലേ? ഉടനെ അത് ശരിയാക്കുന്നുണ്ട്.

<u>ശ്രീ. വി.എസ്. സുനിൽ കുമാർ</u>: ഞാൻ ഭരണത്തിന്റെ കാര്യമാണ് പറഞ്ഞത്. ഭരണംതന്നെ നായ നക്കിയിരിക്കുകയാണ്. ഒന്നും ചെയ്യാൻ സാധിക്കാത്തയവസ്ഥയാണ്. ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. എക്സൈസ് ഡിപ്പാർട്ടുമെന്റിന് മദ്യപാനത്തെക്കുറിച്ചുള്ള കൺസെപ്റ്റ് എന്താണ്; മദ്യപാനം ആരോഗ്യത്തിന് ഹാനികരമെന്ന് എഴുതി വയ്ക്കാത്തതിനുള്ള കാരണമെന്താണ്? മദ്യത്തെ ഇവർ പ്രോത്സാഹിപ്പിക്കുന്നില്ല. ബാറുകളെല്ലാം എക്സ്ക്ലൂസീവായ നിലയിലുള്ള ബോർഡുകൾ വയ്ക്കാൻ പാടില്ല. ഇതിനുകാരണം എന്താണ്? മദ്യപാനികൾ വരാൻ പാടില്ല. അങ്ങനെ ഓരോ കാര്യത്തിലും ഇവർ മദ്യപാനം വരുത്താതിരിക്കാൻ വേണ്ടിയിട്ടാണെന്ന വ്യാജേന, വാസ്തവത്തിൽ അതാണ് നടന്നുകൊണ്ടിരിക്കുന്നത്. മൊത്തത്തിൽ വ്യാജമാണ് മദ്യമേഖല എങ്കിലും ഇതും വ്യാജമായ ഒരു നടിക്കലാണ്. ഇവിടെ ശ്രീ. ജി. സുധാകരൻ സഖാവ് പറഞ്ഞതുപോലെ, ഞങ്ങൾ ഇത് ചെയ്തിരിക്കുന്നു, 18 വയസ്സുകാർ മുതൽ 21 വയസ്സിന് താഴെ

ആരെങ്കിലും മദ്യപിക്കാൻ വന്നാൽ ഞങ്ങൾ മദ്യം കൊടുക്കുകയില്ല. അതു കൊണ്ട് ഇവിടെ മദ്യപാനം നിൽക്കുന്നുണ്ടോ? പ്ലസ് ടു ക്ലാസ്സുകളിൽപ്പോലും മദ്യപാനം നടക്കുന്നതായി അറിയാൻ സാധിച്ചിട്ടുണ്ട്. എം.എൽ.എ. മാർക്കെല്ലാം അറിയാവുന്ന കാര്യമാണ്, കൗൺസിൽ സെന്ററുകളുമായി ബന്ധപ്പെട്ട് പരിശോധിക്കുമ്പോൾ മിക്കവാറും എല്ലാ സ്കൂളുകളിലും പ്ലസ് ടു-വിന് പഠിക്കുന്ന കുട്ടികളടക്കമുള്ള ആളുകൾ മദ്യപാനശീലത്തിലേയ്ക്ക് വന്നുകൊണ്ടിരിക്കുകയാണ്. ഞാൻ നേരത്തെ പറഞ്ഞതുപോലെ 18 വയസ്സിനും 25 വയസ്സിനും ഇടയിലുള്ള കുട്ടികളാണ് ഏറ്റവും കൂടുതൽ ഡീ-അഡിക്ഷൻ സെന്ററുകളിലേയ്ക്ക് വന്നുകൊണ്ടിരിക്കുന്നതെന്ന് പറയുന്നത് ഒരു സത്യമാണ്. 21 വയസ്സാക്കി എന്നുള്ളതുകൊണ്ട് ഒരു കാര്യവുമില്ല. കൊതുക് വരരുതെന്ന് പറഞ്ഞുകൊണ്ട് കൊതുകിനെ നിരോധിക്കുന്നതു പോലെയാണ്. 21 വയസ്സാക്കേണ്ട ഒരു കാര്യവുമില്ല. ആൾക്കഹോളിസമെന്ന് പറയുന്നത് ഒരു രോഗമാണെന്ന് കണ്ടുകൊണ്ട്, മജീഷ്യൻ മുതുകാടിന്റെ പരി പാടി നടത്തിയതുകൊണ്ട് മദ്യപാനം കുറഞ്ഞുവെന്ന് ഞാൻ വിശ്വസിക്കുന്നി ല്ല. മജീഷ്യൻ മുതുകാട് കാശൊന്നും വാങ്ങിയില്ലെങ്കിലും അദ്ദേഹത്തിന്റെ പരിപാടിക്ക് ധാരാളം കാശ് ചെലവായിട്ടുണ്ടാകും. കളക്ടർ ചെയർമാനായി ട്ടുള്ള പരിപാടി. ആ പരിപാടി എന്താണ്? പലപ്പോഴും ശ്രീ. കെ.ബാബുച്ചേ ട്ടൻ അറിഞ്ഞുകൊണ്ട് ചെയ്യുന്നതല്ല. വളരെ ബഹുമാനത്തോടുകൂടി പറ യുന്ന ഒരു കാര്യമാണ്. എക്സൈസ് ഡിപ്പാർട്ടുമെന്റുകാർ ചെയ്യുന്നതെ ന്താണ്? അവർ ഒരു ബാനറൊക്കെ വച്ച്, സിവിൽ ഡ്രസ്സിൽ സ്കൂളിൽ പോയി ക്ലാസ്സ് എടുക്കും. അവർക്ക് കൊടുക്കുന്നത് നിസ്സാരമായ പൈസയാ ണെങ്കിലും അത് കൊടുക്കുന്നു. ഞാൻ അടുത്ത കാലത്ത് എക്സൈസ് ഡിപ്പാർട്ടുമെന്റിനോട് ചോദിച്ചു, ഇതിനെതിരെ പ്രവർത്തിക്കുന്നതിന്

നിങ്ങൾക്ക് വല്ല പൈസയുമുണ്ടോ എന്ന്. സീരിയസ്സായ ഒരു കാര്യത്തിന് വരുമ്പോൾ ഒരു പൈസയും കാണാനില്ല. ഇത്രയും കോടി രൂപ കിട്ടിയിട്ടും മദ്യപാനം നിരുത്സാഹപ്പെടുത്താനാവശ്യമായ ക്രിയാത്മകമായ പരിപാടി എന്ന നിലയിൽ ചേയ്യേണ്ട കാര്യമെന്താണ്? മിനിമം അഞ്ചാം ക്ലാസ് മുതലെ ങ്കിലും മദ്യപാനത്തിനെതിരായ ഒരു ബോധവൽക്കരണ പരിപാടി സിലബ സിന്റെ ഭാഗമാക്കി മാറ്റാൻ കഴിയുമോ? ഇലക്ട്രിസിറ്റിയുടെ ദുരുപയോഗം തടയുന്നതിനുവേണ്ടി കുട്ടികൾക്കിടയിൽ പ്രചരണം നടത്തി. ഞാൻ തന്നെ ലൈറ്റ് ഓൺ ചെയ്തുകഴിഞ്ഞാൽ സ്കൂളിൽ പഠിക്കുന്ന എന്റെ മകൻ വന്ന് ഓഫ് ചെയ്യും. അത് അവനെ പഠിപ്പിച്ചിരിക്കുകയാണ്. അനാവശ്യമായി ലൈറ്റിടാൻ പാടില്ല, അനാവശ്യമായി ഫാൻ ഉപയോഗിക്കാൻ പാടില്ലെന്ന് കുട്ടികളെ സ്കൂളിൽ നിന്ന് ടീച്ചർമാർ പഠിപ്പിക്കുന്നതുകൊണ്ട് കുട്ടികൾ വീട്ടിൽ മുതിർന്നവരെക്കാൾ ശക്തമായി അതിൽ ഇടപെട്ടുകൊണ്ടിരിക്കുകയാ ണ്.

ശ്രീ. സി.പി. മുഹമ്മദ്: സർ, ഇപ്പോൾ വന്ന സോഷ്യൽ സ്റ്റാറ്റസാണ് അപകടകരം. മരിച്ച വീടുകളിൽ മദ്യം, കല്യാണം നടക്കുന്ന വീടുകളിൽ മദ്യം, പൊതുചടങ്ങുകളിൽ മദ്യം. പുകവലി ഇതിനേക്കാൾ ഏറെ അപകടകാ രിയായിരുന്നു. മുഖ്യമന്ത്രിമാരും മന്ത്രിമാരും ഈ സഭയിലെ എം.എൽ.എ. മാരുമടക്കം ധാരാളമായി വലിക്കുന്നവരുണ്ടായിരുന്നു. 2001–ൽ ഇവിടെ വന്ന സമയത്തൊക്കെ ഞാൻ ചെയിൻ സ്മോക്കറായിരുന്നു. ഇപ്പോൾ പുക വലിയെന്ന് പറഞ്ഞാൽ സമൂഹത്തിൽ അപമാനകരമായ ഒരു കാര്യമായി മാറി. ചെറുപ്പക്കാർ പുകവലി പരിപൂർണ്ണമായും ഉപേക്ഷിച്ചു. ബോധവൽക്ക രണം കൊണ്ടും പൊതുസ്ഥലത്ത് പുകവലി പാടില്ലെന്ന് നിയമം മുഖേന നിഷ്കർഷിച്ചതുകൊണ്ടുമാണ് പുകവലി നിർത്താൻ സാധിച്ചത്. അതു

പോലെ മദ്യം ഒരു മോശപ്പെട്ട ഏർപ്പാടാണെന്നും ഇത് മാന്യന്മാർക്ക് ചേർന്നതല്ല എന്നുമുള്ള ഒരു പ്രചരണം വരികയും നിയമം വഴി പൊതുസ്ഥലത്ത് ഇത് നിരോധിക്കുകയുമൊക്കെ ചെയ്താൽ ഇത് കുഴപ്പമില്ല. ഇപ്പോഴത്തെ ആപ്തവാക്യങ്ങൾതന്നെ ഇതാണ്. 'കൂടിയല്ലാ ജനിക്കുന്ന നേരത്തും കൂടിയല്ലാ മരിക്കുന്ന നേരത്തും' എന്നുള്ളത് 'കുടിച്ചിട്ടല്ല ജനിക്കുന്ന നേരത്തും കുടിച്ചിട്ടല്ല മരിക്കുന്ന നേരത്തും മധ്യേ ഇങ്ങനെ മദ്യം ഇങ്ങനെ കാണുന്ന നേരത്ത് കുടിക്കാതിരിക്കുന്നതെങ്ങനെ' എന്ന എഴുത്തച്ഛന്റെ വരികൾക്കുപോലും പാരഡി നിർമ്മിക്കുന്ന........ ശ്രീനാരായണ ഗുരുദേവന്റെ വരികൾക്കുപോലും പാരഡി നിർമ്മിക്കുന്ന ഒരു കാലമാണ് ഇത്. അതിലെ രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്ക് ഈ ബോധവൽക്കരണത്തിൽ നിർണ്ണായകമായ പങ്കുണ്ടെന്ന് അങ്ങ് കരുതുന്നുണ്ടോ?

<u>ശ്രീമതി ഇ.എസ്. ബിജിമോൾ</u>: സർ, അമിത മദ്യത്തിന് അടിമകളായിപ്പോകുന്ന ആളുകളെ റീഹാബിലിറ്റ് ചെയ്യുന്നതിന്റെ ഭാഗമായി റീഹാബിലിറ്റേഷൻ സെന്ററുകൾക്കുവേണ്ടി ബഡ്ജറ്റിൽത്തന്നെ ശ്രീ. കെ.എം. മാണി ഒരു തുക പ്രഖ്യാപിച്ചിരുന്നു. ആ പണം പോലും റീഹാബിലിറ്റേഷൻ സെന്ററുകൾക്ക് സമയബന്ധിതമായി നൽകാൻ സർക്കാരിന് കഴിഞ്ഞിട്ടില്ലെന്ന വിഷയം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. വി.എസ്. സുനിൽ കുമാർ</u>: സർ, തീർച്ചയായും അത് ശരിയാണ്. പുനരധിവാസ കേന്ദ്രങ്ങൾ എന്ന് പറയുന്നിടത്തുതന്നെ അവരുടെ റിസൽറ്റ് പരിശോധിക്കേണ്ടതാണ്. പുനരധിവാസ കേന്ദ്രങ്ങൾ എങ്ങനെ നടക്കുന്നു. അവിടെ മനുഷ്യാവകാശലംഘനം പോലും നടക്കുന്നതായി അറിയുന്നുണ്ട്. മദ്യപാനത്തിനെതിരായിട്ടുള്ള ലോകത്തിലെ തന്നെ ഏറ്റവും വലിയ ഒരു

സംഘടനയായ 'ആൽക്കഹോളിക് അനോണിമസ്' നടത്തിക്കൊണ്ടിരിക്കുന്ന ഒരുപാട് കാമ്പയിൻസുണ്ട്. വളരെ സീരിയസ്സായി അതിനെതിരായി പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്ന നിരവധി ആളുകളുണ്ട്. തൃശ്ശൂർ കേരളവർമ്മ കോളേജിലെ അദ്ധ്യാപകരായിരുന്ന ജോൺ സി. മംഗലം നടത്തുന്ന പുനർജ്ജനി എന്നുപറയുന്ന ഒരു സ്ഥാപനമുണ്ട്. ബാബുച്ചേട്ടന് ഇതിനെക്കുറിച്ച് അറിയാവുന്നതാണ്. ഇപ്പോൾ അദ്ദേഹത്തിന്റെ രണ്ട് പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 'കുടിയന്റെ കുമ്പസാരം' എന്നുപറയുന്നത് ഒരു പുസ്തകം. ഡി.സി. ബുക്ക്സ് വേറെ പുസ്തകവും പ്രസിദ്ധീകരിച്ചിട്ടുണ്ട്. അവരൊക്കെ ഒരുകാലത്ത് വലിയ മദ്യപാനിയായിരുന്ന ആളുകളാണ്. പിന്നീട് മദ്യപാനത്തിനെതിരായി വലിയ കാമ്പയിനിലേയ്ക്ക് വരികയും അത് ഒരു രോഗമാണെന്ന് മനസ്സിലാക്കി അതിനെതിരായ ഒരു വലിയ പ്രസ്ഥാനമായി രൂപപ്പെട്ടിട്ടുമുണ്ട്. പക്ഷേ എക്സൈസ് ഡിപ്പാർട്ടുമെന്റ് ഇതൊന്നും കണ്ടതായി നടിക്കുന്നില്ല. ഞാൻ ബാബുച്ചേട്ടനെ വ്യക്തിപരമായിപറയുന്ന കാര്യമല്ല, എക്സൈസ് ഡിപ്പാർട്ടുമെന്റ് വിദേശ മദ്യത്തിന്റെ ആധിപത്യമുള്ള ഒരു ഡിപ്പാർട്ടുമെന്റാണ്. കള്ള്ഷാപ്പുകൾ അടച്ചുപൂട്ടിക്കഴിഞ്ഞാൽ പിന്നെ അത് തുറപ്പിക്കാൻ സമ്മതിക്കില്ല. ഒരു ബാറിൽ കച്ചവടം കൂടാൻ എന്താണ് മാർഗ്ഗം? വാസ്തവത്തിൽ പലപ്പോഴും എക്സൈസ് ഡിപ്പാർട്ടുമെന്റ് ബാർ മുതലാളിമാരുടെ ഡിപ്പാർട്ടുമെന്റായി മാറിയിട്ടുണ്ട്. എന്റെ ഏറ്റവും അടുത്ത സുഹൃത്തായ ബാബുച്ചേട്ടൻ വന്നതുകൊണ്ടൊന്നും അത് പെട്ടെന്ന് മാറ്റാൻ കഴിയുന്ന കാര്യമല്ല. കാരണം, കേരളത്തിൽ വിദേശമദ്യലോബി അത്രമാത്രം ശക്തമാണ്. ശ്രീ. എ.കെ. ആന്റണിയുടെ കാലം മുതൽ മാറിമാറി...... ഇപ്പോൾ വിദേശമദ്യത്തിന്റെ വലിയ ലോബിയായി മാറിക്കഴിഞ്ഞിരിക്കുക

യാണ്. ഇവിടെ വിദേശ മദ്യത്തിന്റെ കൺസംപ്ഷൻ കുറച്ചുകൊണ്ടുവരിക യല്ല ചെയ്തത്, വിദേശമദ്യത്തിന്റെ കൺസംപ്ഷൻ കൂടുകയാണുണ്ടായത്. ചാരായ നിരോധനം മുതൽ ഇതുവരെയുള്ള കാര്യം എടുത്തുപരിശോധി ച്ചാൽ, 1984 മുതൽ ചാരായം നിരോധിച്ചു.

അതിനുശേഷമുള്ള 54 കോടിയിൽ നിന്നും 10,000 കോടിയിലേക്ക് ഇതിന്റെ കൺസംപ്ഷൻ എത്തിയത് ടാക്സ് വർദ്ധപ്പിച്ചതുകൊണ്ട് മാത്രമല്ല. അതിന്റെ ഉപഭോഗം വർദ്ധപ്പിക്കാൻ ആവശ്യമായ ത്രീസ്റ്റാർ ഹോട്ടൽ ടൂറിസ ത്തിന്റെ ഭാഗമായിട്ട് ആരംഭിച്ചതുകൊണ്ടാണ്. ത്രീ സ്റ്റാർ ഹോട്ടൽ ആരംഭിച്ചിട ത്തൊക്കെ ബാർ ആരംഭിക്കുകയാണ്. അവിടെയെല്ലാം ഇഷ്ടംപോലെ വില കുറഞ്ഞ മദ്യം ഹോട്ടലിന്റെ പിറകിലൂടെ കൊടുത്തുകൊണ്ടിരിക്കുകയാണ്. എല്ലാ സ്ഥലത്തും വിദേശമദ്യത്തിന്റെ കൺസംപ്ഷൻ വർദ്ധിക്കാൻ ആവശ്യ മായ കാര്യമാണിത്. എല്ലാ പഞ്ചായത്തുകളും ത്രീ സ്റ്റാർ ഹോട്ടലുകളാണ്. അവിടെ ചെറുപ്പക്കാർക്ക് പോയി മദ്യപിക്കാൻ എല്ലാ സൗകര്യവും ഒരുക്കി കൊടുക്കുകയാണ്. എന്നിട്ട് 21 വയസ്സുവരെ കൊടുക്കാൻ പാടില്ലെന്ന് പ്ലീനത്തിൽ എഴുതിവച്ചിട്ടുണ്ട്. അവിടെ ബോർഡ് വച്ചിട്ടുണ്ട്. ആ ബോർഡിന് മുന്നിൽ ആരും മദ്യപിക്കാൻ പാടില്ല . ഇത് വളരെ ഹിപ്പോക്രസിയാണ്. ഇത് അവസാനിപ്പിക്കണം. നമ്മുടെ ഗവൺമെന്റ് സീരിയസ്സായി; ഇതിനെ ഒരു വരു മാന സ്രോതസ്സായി കാണാതെ; 'ഇവിടെ മൂത്രമൊഴിക്കരുതെന്ന് പറയുമ്പോൾ അവിടെത്തന്നെ പോയി മൂത്രമൊഴിക്കുന്നു. അപ്പോഴാണ് മൂത്രമൊഴിക്കാൻ തോന്നുക. എന്നു പറഞ്ഞതുപോലെയാണിവിടെ. സത്യത്തിൽ ഇതൊരു വരു മാന സ്രോതസ്സായി കാണാതെ സാമൂഹ്യവിപത്തെന്ന നിലയിൽ ഗവൺമെന്റ് കാണണം. ഒറ്റ കാര്യം ഉറപ്പാണ് കേരളത്തിൽ 10% ടാക്സ് വർദ്ധിപ്പിച്ചാൽ

അതിന്റെ പിറ്റേ ദിവസം 500 രൂപ കൂലി എന്നത് 550 രൂപ കൂലിയാകും. ഞാൻ ഇത് തൊഴിലാളി വിരുദ്ധമായിട്ട് പറയുന്നതല്ല. കാരണം തൊഴിലാളിയെ സംബന്ധിച്ച് അവന് വൈകുന്നേരം മദ്യപിക്കണമെങ്കിൽ; മാണി സാർ വിലകൂട്ടിക്കഴിഞ്ഞാൽ ഉടനെതന്നെ അവൻ നേരെ പിടിക്കുന്നത്; അവന് പിന്നെയാരിൽ നിന്ന് വാങ്ങാനാണ് പറ്റുക; അവന്റെ കൂലി കൂട്ടും. കൂലി വർദ്ധിക്കും. അപ്പോൾ ഇതിന്റെ എല്ലാ ഭാരങ്ങളും താങ്ങുന്നത് സാധാരണക്കാരായ ആൾക്കാരാണ്. ഈ വരുമാനം കൊണ്ടുള്ള സർക്കാരിന്റെ ചലനം അവസാനിപ്പിക്കാൻ കഴിയുമോ; സർക്കാർ അഞ്ചാംക്ലാസ്സു മുതൽതന്നെ കുട്ടികളെ ബോധവൽക്കരിക്കാൻ തയ്യാറുണ്ടോ; അതിനുവേണ്ടി പ്രോജക്ട് ഉണ്ടാക്കാൻ കഴിയുമോ; ഇപ്പോൾ കിട്ടിയിരിക്കുന്ന പണത്തിൽ നിന്നും നിശ്ചിത തുക ചെലവഴിച്ചുകൊണ്ട് നമ്മുടെ സംസ്ഥാനത്ത്/ഇൻഡ്യയിൽതന്നെ ബാധിച്ചിരിക്കുന്ന; മദ്യനിരോധനത്തോട് ഞാൻ യോജിക്കുന്ന ആളല്ല. മദ്യനിരോധനം വെറും അശാസ്ത്രീയമായ കാര്യമാണ്. ബോംബെയിൽ മദ്യം നിരോധിച്ചത് നമുക്കറിയാം ഗുജറാത്തിൽ മദ്യം നിരോധിച്ച സ്ഥലമാണ്. ഏറ്റവും കൂടുതൽ കള്ളമദ്യം വിൽക്കുന്ന സ്ഥലമാണ് ഗുജറാത്ത്. അവിടെപ്പോയാൽ അറിയാൻ പറ്റും. സൗദിഅറേബ്യയിൽ മദ്യം കിട്ടില്ലായെന്നുപറയും സൗദിഅറേബ്യയിൽ പോയിവന്ന ആളുകൾ പറയും അവിടെ ഇഷ്ടംപോലെ മദ്യം കിട്ടും. മദ്യം നിരോധിച്ചതിന്റെ പേരിലൊന്നും ഒരു സ്ഥലത്തും മദ്യം അവസാനിച്ചിട്ടില്ല. ഇടതുപക്ഷത്തിന്റെ കാഴ്ചപ്പാട് മദ്യനിരോധനമല്ല മദ്യവർജ്ജനമാണ്. മഹാത്മാഗാന്ധി മദ്യനിരോധനത്തിന്റെ ആളാണ്. മദ്യവർജ്ജനത്തെക്കുറിച്ചാണ് ഉദയഭാനു കമ്മീഷൻ പറഞ്ഞിരിക്കുന്നത്. മദ്യനിരോധനമല്ല മദ്യവർജ്ജനമാണ് അതിനെ നിരുത്സാഹപ്പെടുത്തലാണ് യഥാർത്ഥത്തിൽ ചെയ്യേണ്ടകാര്യം. കഴിഞ്ഞ കുറെക്കാലങ്ങളായി എവിടെ

യെങ്കിലും നമുക്ക് സ്റ്റോപ്പിട്ടേ മതിയാവൂ.  അതിന് ശ്രീ. കെ. ബാബുചേട്ടന് കഴിയുമോ എന്നാണ് ചോദ്യം.  അങ്ങ് ഈ കാര്യത്തിൽ ഇതിനെ സ്റ്റോപ്പിടാൻ കഴിയുമോ; ഇതിലെ മൈൽഡ് ലിക്വർ ആയിരിക്കുന്ന കള്ളിനെ പ്രോത്സാഹി പ്പിക്കാൻ ക്രിയാത്മകമായി ഒരുപാട് കാര്യം ചെയ്യുന്നുണ്ട്.  അങ്ങനെ ക്രിയാ ത്മകമായി ചെയ്യാൻവേണ്ടി കള്ളുഷാപ്പുകളിൽ വിദേശമദ്യത്തിന് പകരം ശുദ്ധമായ കള്ള് കൊടുക്കാൻ കഴിയുമോ;. അതിനുവേണ്ടി പ്രോജക്ട് ഉണ്ടാ ക്കാൻ കഴിയുമോ;   നിങ്ങൾ കൊണ്ടുവരാൻ സമ്മതിക്കില്ല. കാരണം എക്സൈസ് ഡിപ്പാർട്ട്മെന്റിന് ആദ്യംതന്നെ കൊറിയിടും.   എക്സൈസ് ഡിപ്പാർട്ട്മെന്റിലെ ഒന്നോ രണ്ടോ ആളുകളൊഴിച്ചാൽ മിക്ക ഉദ്യോഗ സ്ഥൻമാരും വിദേശമദ്യത്തിന്റെ ബാർ ഉടമകളുടെ മാസപ്പടി പറ്റുന്നവരാണ്. ആ കാര്യത്തിൽ ഒരു സംശയവും വേണ്ട.  പറ്റാത്തവരുണ്ടാകും;  എല്ലാ വരെയും കാതടച്ച് വെടിവയ്ക്കുകയല്ല. അവർക്ക് താല്പര്യം ഈ മാസപ്പടികി ട്ടുന്ന ആൾക്കാരാണ്. വിദേശമദ്യ മാഫിയയുമായി ബന്ധപ്പെട്ട് ഒരുപാട് സൗകര്യം കിട്ടുന്ന ആൾക്കാരാണ്. ബിവറേജസ് കോർപ്പറേഷൻ, മദ്യത്തിന്റെ ക്വാളിറ്റിയുടെ കാര്യം പരിശോധിക്കാൻ ആരും പറയില്ല. മദ്യത്തിന്റെ ക്വാളിറ്റി യെപ്പറ്റി ആരെങ്കിലും പറയുമോ; മദ്യത്തിന്റെ ക്വാളിറ്റി മെയിന്റെൻ ചെയ്യുന്ന തിന് എന്തെങ്കിലും സംവിധാനമുണ്ടോ;  കൊടുക്കുന്ന പൈസയ്ക്ക് ക്വാളിറ്റി മദ്യം കൊടുക്കുന്നുണ്ടോ; കൊടുക്കില്ല; അങ്ങനെ കൊടുക്കാൻ ആർക്കും താല്പര്യമില്ല.  അക്കാര്യങ്ങളിലൊന്നും ആരും ഇടപെടില്ല. അങ്ങനെപറയാൻ ആരും ധൈര്യപ്പെടില്ല.  അതുകൊണ്ട് എന്താണ് സംഭവിക്കുന്നത്, എന്തും ചെയ്യാൻ കഴിയുന്ന ഒരു മേഖലയായി ഈ ഡിപ്പാർട്ട്മെന്റ് മാറി. അതുകൊണ്ട് എക്സൈസിന്റെ നികുതി കൂട്ടിക്കൊണ്ടിരിക്കുന്നതുകൊണ്ടും ഇടയ്ക്കിടയ്ക്ക്

ഇത്തരത്തിലുള്ള നിയമം കൊണ്ടുവരുന്നതുകൊണ്ടും യാതൊരു കാര്യവുമില്ല. ഞാൻ ചുരുക്കുകയാണ്. ഈ കാര്യത്തിൽ മാറി മാറി വരുന്ന ഗവൺമെന്റ് എക്സൈസ് ഡിപ്പാർട്ട്മെന്റുമായി ബന്ധപ്പെട്ട് കേരളത്തിലെ ചെറുക്കാരെ ഇപ്പോൾ ബാധിച്ചുകൊണ്ടിരിക്കുന്ന വളരെ ഗുരുതരമായ സ്ഥിതി വിശേഷത്തെ സംബന്ധിച്ച്; അതിന്റെ പ്രായപരിധി 18 എന്നുള്ളത് 21 ആക്കിയിട്ട് കാര്യമില്ല. അതിന് ശരിയായ ചികിത്സ ആവശ്യമാണ്. ആ ചികിത്സ എന്നുപറയുന്നത് ബോധപൂർവ്വം നടത്തേണ്ട അതിശക്തമായ ഇടപെടുലുകളും ബോധവൽക്കരണ പരിപാടിയുമാണ്. 'ക്യാച്ച് ദി യംങ്' എന്നുപറയുന്നതുപോലെ സ്കൂൾതലം മുതൽ തന്നെ കുട്ടികളെ പരിശീലിപ്പിച്ച് അതിനൊരു ബോധവൽക്കരണം കൊണ്ടുവന്ന് അടുത്ത തലമുറയെങ്കിലും ഇതിൽ നിന്ന് വിമുക്തമാകുന്ന; ഇത് വർജ്ജിക്കുന്ന; ആൾക്കഹോളിസം ഇതൊരു രോഗമാണെന്ന് തിരിച്ചറിയുന്ന; ഒരു സമൂഹമായി മാറണം. ഇതുമായി ബന്ധപ്പെട്ടുകൊണ്ട് കൗൺസിൽ നടത്തുന്ന ഒരു ഡോക്ടർ എന്നോട് പറഞ്ഞത് ദിവസവും മദ്യം കഴിക്കുന്ന ഒരാൾ, മദ്യപാനം നിർത്താൻ കഴിയാത്തൊരാൾ മദ്യം കുടിക്കുന്നതിനേക്കാൾ കരയുന്നുണ്ടെന്നാണ് പറയുന്നത് കാരണം അവന് നിർത്തണമെന്ന് ആഗ്രഹമുണ്ടെങ്കിലും നിർത്താൻ പറ്റാത്തതായി മാറുന്നു. അതൊരു രോഗമാണ്. അത് നിരുത്സാഹപ്പെടുത്താനുള്ള സംവിധാനമല്ല, അതിനെ ചികിത്സിക്കാനല്ല, അതൊരു രോഗമായി കാണാൻപോലും തയ്യാറാകാത്തൊരു സ്ഥിതിവിശേഷമാണ് സൊസൈറ്റിയിലുള്ളത്. അതുകൊണ്ട് എക്സൈസ് ഡിപ്പാർട്ട്മെന്റ് ഇക്കാര്യത്തെക്കുറിച്ച് വളരെ ഗൗരവമായൊരു പഠനം നടത്തണം. ഗവൺമെന്റ് അതിനെ പ്രോത്സാഹിപ്പിക്കണം. മദ്യപാനം കേരളത്തിന്റെ ഏറ്റവും വലിയ

ശാപമായി മാറിയിരിക്കുന്നുവെന്ന് മാത്രമല്ല, ഈ കാരണത്താൽ ആത്മഹത്യ കൾ പെരുകുകയും ചെയ്യുന്നു. ഇൻഡ്യയിൽ ഉണ്ടാകുന്ന ആത്മഹത്യകളിൽ 7 ശതമാനവും കേരളത്തിലാണ്. അതിന് മുഖ്യമായ കാരണം മദ്യപാനശീല മാണ്. കേരളത്തെ ബാധിച്ചിരിക്കുന്ന വളരെ ഗുരുതരമായിട്ടുള്ള ഒരു പ്രശ്ന മാണ് ഇവിടെ അഡ്രസ്സ് ചെയ്യുന്നത്. അതിന് ഈ ഭേദഗതി കൊണ്ടുവന്നതു കൊണ്ടുമാത്രം സാധിക്കുകയില്ല. ഇതിന്റെ റേറ്റ് എന്നുപറയുന്നത് 10 രൂപ എന്നുള്ളത് 30 രൂപയാക്കി ടാക്സ് വർദ്ധിപ്പിക്കുന്നതും അവർക്കുള്ള ശിക്ഷ കമ്മീഷണർക്ക് 3 ലക്ഷം രൂപ വരെ പിരിക്കാം എന്ന നിലയിലേക്ക് വരുന്നു അതൊക്കെ നല്ല കാര്യം തന്നെയാണ്. പക്ഷെ അതുകൊണ്ട് മാത്രം കാര്യ മില്ല. ഇത് ഗൗരവമായി ഗവൺമെന്റ് കാണുന്നുണ്ടെങ്കിൽ ഇതൊരു വരുമാന സോഴ്സായി കാണാതെ; ഇതിൽ നിന്നും കേരളത്തെ വിമുക്തിയിലേക്ക് കൊണ്ടുവരാൻവേണ്ടി; ഗവൺമെന്റ് ബോധപൂർവ്വമായല്ലാതെ എക്സൈസ് ഡിപ്പാർട്ട്മെന്റിനെ ഒരു പൊൻകുരിശു തോമയാക്കി മാറ്റാൻ ഗവൺമെന്റ് ശ്രമിക്കരുത്. പൊൻകുരിശു തോമയായി എക്സൈസ് ഡിപ്പാർട്ട്മെന്റ് മാറിയിരിക്കുകയാണ്. ഈ പരിപാടി പൊൻകുരിശുതോമയുടെ പരിപാടി യാണ്. പൊൻകുരിശ് കട്ടതിനുശേഷം കർത്താവിന്റെ ശാപം ഏൽക്കാതിരി ക്കാൻ ഒരു പൊട്ട് പൊട്ടിച്ച് അതിനകത്തിടുന്നതുപോലെ ഈ നിയമം പാസ്സാ ക്കിയതുകൊണ്ട് കാര്യമില്ല. ഈ നിയമം കൊണ്ടുമാത്രം പരിഹരിക്കാൻ പറ്റുന്ന ഒരു വിഷയമല്ല ഈ രംഗത്തുള്ളതെന്നു മാത്രം പറഞ്ഞുകൊണ്ട് ഞാൻ അവതരിപ്പിക്കുകയാണ്.

<u>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ):</u> സർ, 2013-ലെ 32-ാം ഓർഡിനൻസിന് പകരമായി കൊണ്ടുവന്ന ഈ ബില്ലിനെ നിരാകരിച്ചുകൊണ്ട്

വി.എസ്. സുനിൽകുമാറിന്റെ പ്രസംഗത്തെ ഞാൻ പിന്താങ്ങുന്നു. 1077–ലാണ് അബ്കാരി മൂല നിയമം കൊണ്ടുവന്നത്. ഏറ്റവും ഒടുവിലത്തെ ഭേദഗതി നിയമമാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. എന്തുകൊണ്ട് കേരളത്തിൽ സമഗ്രമായൊരു അബ്കാരി നിയമം കൊണ്ടുവരാത്തത് എന്തുകൊണ്ടാണ്? 112 വർഷങ്ങൾക്ക് മുൻപ് 1077–ൽ കൊണ്ടുവന്നിട്ടുള്ള ഒരു മൂലനിയമമാണ്. 1189 മലയാളവർഷമാണ്. 112 വർഷങ്ങൾക്ക് മുമ്പ് കൊണ്ടുവന്നിട്ടുള്ള നിയമം അതിനെ ഓരോ കാഘട്ടത്തിലും കുറേശ്ശെ കൂട്ടിച്ചേർക്കുകയും കുറെയൊക്കെ ഒഴിവാക്കുകയുമാണ് ചെയ്തിരിക്കുന്നത്. 112 വർഷത്തെ അനുഭവങ്ങളുടെ വെളിച്ചത്തിൽ സമഗ്രമായിട്ടുള്ള ഒരു അബ്കാരിനിയമം എന്തുകൊണ്ട് നമുക്ക് കൊണ്ടുവന്നുകൂടാ. ഇതാണ് എനിക്ക് ചോദിക്കാനുള്ളത്. ഈ നൂറ്റാണ്ടുകളായി അബ്കാരി നിയമം ഉണ്ടെങ്കിലും മദ്യപാനത്തിൽ വല്ല കുറവും വന്നിട്ടുണ്ടോ. കുറവ് വന്നിട്ടില്ലെന്നുമാത്രമല്ല മദ്യപാനം ഓരോ വർഷം കഴിയുന്തോറും കൂടിവരുന്നുവെന്നാണ് സർക്കാരിന്റെ റിപ്പോർട്ട്. ഇവിയൊരു മദ്യനയമുണ്ടോ? ഈ ഗവൺമെന്റിന് ഒരു മദ്യനയമുണ്ടോ; ഇതിനായി രാമചന്ദ്രൻ എന്നൊരാളെ നിയമിച്ചിട്ടുണ്ടെന്ന് കേൾക്കുന്നു; അദ്ദേഹത്തിന്റെ റിപ്പോർട്ട് കിട്ടിയാൽ നിങ്ങളുടെ ഖജനാവിൽ ഇപ്പോൾ ഉള്ള പണം പോലും ഇല്ലാതാകും. അങ്ങനെയുള്ളൊരു റിപ്പോർട്ടാണ് അദ്ദേഹം സമർപ്പിക്കാൻ പോകുന്നതെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. മദ്യനയം വേണം ഇവിടെ മദ്യനയമില്ലാത്ത ഡിപ്പാർട്ട്മെന്റാണ് ഇപ്പോഴത്തെ എക്സൈസ് ഡിപ്പാർട്ട്മെന്റ്. കപ്പിത്താനില്ലാത്ത കപ്പൽപോലെയാണ് കേരളത്തിലെ ഈ വകുപ്പ്. അതുകൊണ്ട് ഒരു നയം വേണം ഒന്നിനുമൊരു നിശ്ചയവുമില്ല. കവി പാടിയതുപോലെയാണ്

"ഒരു നിശ്ചയവുമില്ലെയൊന്നിനും
വരും ഓരോ ദിശ വന്നപോലെ പോകും"

ഇതാണ് എക്സൈസ് ഡിപ്പാർട്ട്മെന്റിന്റെ ഇപ്പോഴത്തെ സ്ഥിതി. നൂറു കണക്കിന് കോടി രൂപയുടെ വരുമാനമാണ് ഓരോ വർഷവും. അതിപ്പോൾ കുറേശ്ശെ കുറഞ്ഞുവരുന്നു. അത് മേക്കപ്പ് ചെയ്യാൻവേണ്ടിയിട്ടാണ് ഈ ബില്ല് എന്നുള്ള വ്യക്തമായിട്ടുള്ള അഭിപ്രായമാണ് എനിക്കുള്ളത് അതൊക്കെ പിന്നീട് പറയാം. തോന്നിയതുപോലെ നടക്കുകയാണ് എല്ലാം. കേരളത്തിൽ മദ്യം സേവിക്കുന്ന ആളുകളെ രക്ഷിക്കുന്നതിനുവേണ്ടി അതിൽ നിന്നും അവരെ വിമുക്തരാക്കുന്നതിനുവേണ്ടി കള്ളക്കടത്തും മറ്റുകാര്യങ്ങളും തടയുന്നതിനുവേണ്ടി നിയമലംഘനമെല്ലാം തടയുന്നതിനുവേണ്ടിയുള്ള ഒരു എക്സൈസ് ഡിപ്പാർട്ട്മെന്റ് ആ ഡിപ്പാർട്ട്മെന്റിന്റെ സ്ഥിതിയെന്താണ്; അവർ വിചാരിച്ചാൽ ഇത് നന്നാക്കാൻ കഴിയുമോ? എന്റെ അഭിപ്രായത്തിൽ ഞാൻ അവരൊക്കെയായി ബന്ധം വയ്ക്കുന്ന ആളാണ്.

രണ്ടുമാസം കൂടുമ്പോൾ നിയോജകമണ്ഡലാടിസ്ഥാനത്തിൽ ഒരു അഡ്വൈസറി കമ്മിറ്റി കൂടാറുണ്ട്. അപ്പോൾ എന്നോട് പറയും, നിങ്ങൾ വരണം, ഞാൻ പോകും, പഞ്ചായത്ത് പ്രസിഡന്റുമാർ, രാഷ്ട്രീയപാർട്ടി പ്രതിനിധികൾ, സാംസ്കാരിക സംഘടനയിലെ ആളുകൾ എന്നിവരെല്ലാം വരും. ഞാൻ കൃത്യമായും രണ്ടുമാസം കൂടുമ്പോൾ നടത്താറുണ്ട്. എന്തെങ്കിലുമൊരു പരിപാടി അവരോട് പറഞ്ഞാൽ അത് അവർ യേസ് മൂളിക്കേട്ട് പോകുകയെന്നല്ലാതെ നടപ്പിലാക്കുന്ന പരിപാടി അവർക്കില്ല. അത് കുറച്ച് വിഷമമുള്ള കാര്യമാണ്. അത് നടപ്പിലാക്കുകയില്ല. എവിടെനിന്നെങ്കിലും കുറച്ച് കേസ് പിടിച്ച് ആ കേസ്സിന്റെറ എണ്ണം പറഞ്ഞ് ഇത്രയാൾക്ക് പിഴ വിധിച്ചുവെന്നും

പറഞ്ഞിട്ടാണ് റിപ്പോർട്ട് സമർപ്പിക്കുന്നത്. നിങ്ങൾ ആത്മാർത്ഥമായി ഈ കേരളീയ സമൂഹത്തെ, കേരളീയ ജനതയെ ഈ മദ്യവിപത്തിൽനിന്നും വിമുക്തമാക്കാനാണ് ഉദ്ദേശിക്കുന്നതെങ്കിൽ അതിന് പണി വേറെയെടുക്കണം. ഒരു ജനകീയ പ്രസ്ഥാനം ഈ രാജ്യത്ത് ആരംഭിക്കാൻ നിങ്ങൾ തയ്യാറാണോ? നമ്മുടെ കേരളം പല കാര്യങ്ങൾക്കും മാതൃകയാണ്. ഇപ്പോൾ വിദ്യാഭ്യാസ രംഗത്ത് സാക്ഷര കേരളം സുന്ദര കേരളം, ആദ്യം ആ മുദ്രാവാ ക്യംവെച്ച് തുടങ്ങിയ അവസരത്തിൽ പല ആളുകളും നെറ്റിചുളിച്ചില്ലേ, ഇതുണ്ടോ ഇവിടെ നടക്കാൻ പോകുന്നുവെന്ന്. 80–ഉം 90–ഉം വയസ്സുള്ള ആളുകളും അമ്മമാരുമൊക്കെ വരുമോ? അതൊരു മഹാപ്രസ്ഥാനമായി, കേരളീയ സമൂഹം ഒറ്റക്കെട്ടായി, ഒരേ മനസ്സായി, ഒരേ ശരീരംപോലെ പ്രവർത്തിച്ചപ്പോൾ അത് പ്രാവർത്തികമായില്ലേ, നടപ്പിലായില്ലേ. അതുപോലെ ഈ കേരളത്തിലെ മുഴുവൻ ജനങ്ങളെയും കൂട്ടിയോജിപ്പിച്ചുകൊണ്ട് ഈ മദ്യമെന്ന വിപത്തിനെ ഒഴിവാക്കുന്നതിനും മദ്യവിമുക്ത കേരളം സൃഷ്ടിക്കു ന്നതിനുമുള്ള ഒരു മഹത്തതായ പ്രസ്ഥാനം തുടങ്ങാൻ ഈ ഗവൺമെന്റ് തയ്യാറാകുമോ? അങ്ങനെ തയ്യാറായാൽ നല്ല റിസൾട്ടുണ്ടാക്കാൻ കഴിയും. നമ്മുടെ വിദ്യാർത്ഥികളെ വിദ്യാലയങ്ങൾക്കുമുമ്പിലും കോളേജിന്റെ ചുറ്റുവട്ടത്തുമെല്ലാംതന്നെ മയക്കുമരുന്ന്, വീര്യം കൂടിയ ഔഷധങ്ങളെല്ലാം കുത്തിവയ്ക്കാൻ ആവശ്യമായിട്ടുള്ള സംവിധാനങ്ങൾ ഒരുക്കിക്കൊടുക്കുക യാണ്. ഇതെല്ലാം നടക്കുകയാണ്. മദ്യമാഫിയയും മരുന്ന് മാഫിയയുമൊക്കെ നമ്മുടെ സംസ്ഥാനത്ത് വളർന്നുവരികയാണ്. ഇന്നലെ നിങ്ങൾ ടെലിവിഷനിൽ കണ്ടില്ലേ. ആലപ്പുഴ ജില്ലയിൽ മരുന്ന് വിൽക്കുന്ന നാല് ആളുകളെ ഇന്നലെ പിടിച്ചു. അത് ഇന്നലെ രാത്രി ടെലിവിഷനിൽ

കാണാൻ കഴിഞ്ഞു. അങ്ങനെ മയക്കുമരുന്നും ചാരായവുമെല്ലാം വിൽക്കുന്ന ആളുകൾ ഇന്ന് സാർവ്വത്രികമായി വിലസുകയാണ്. അവരെയെല്ലാംതന്നെ നമുക്ക് കൈകാര്യം ചെയ്യണമെന്നുണ്ടെങ്കിൽ വിദ്യാർത്ഥികളും, അത് ഹൈസ്ക്കൂൾ വിദ്യാർത്ഥിയായാലും കോളേജ് വിദ്യാർത്ഥിയായാലും അതു പോലെയുള്ള മറ്റ് വിദ്യാർത്ഥിയായാലും യുവജനങ്ങളും യുവതികളും നമ്മുടെ കേരളത്തിലെ മഹിളാപ്രസ്ഥാനങ്ങളും മറ്റുള്ള പ്രസ്ഥാനങ്ങളും കുടുംബശ്രീയുമെല്ലാം ഒറ്റക്കെട്ടായി ഈ വിപത്തിനെതിരെ രംഗത്തിറങ്ങണം. അവർ ഒരിക്കൽ ഇതെല്ലാം തുടങ്ങിയതാണ്. അതിന് പിൻബലമില്ലായെന്നുള്ള തുകൊണ്ട് അവർ ഒഴിഞ്ഞുപോയതാണ്. അവർ ശക്തമായി പ്രവർത്തിക്കുന്ന സ്ഥലങ്ങളെല്ലാംതന്നെ മദ്യവിമുക്തമാക്കാനും വ്യാജവാറ്റൊക്കെ തടയാനും കഴിഞ്ഞിട്ടുണ്ട്. നമ്മുടെ ഗവൺമെന്റ് ആത്മാർത്ഥമായി ഇത് നടപ്പിലാകണ മെന്ന് ഉദ്ദേശിക്കുന്നുണ്ടെങ്കിൽ ഇവരെയെല്ലാം കേരളീയ സമൂഹവുമായി കൂട്ടിയോജിപ്പിച്ചുകൊണ്ട് ഒരു മഹത്തായ ജനകീയ പ്രസ്ഥാനം ആരംഭിച്ചു കൊണ്ട് മാത്രമേ, അങ്ങനെയുള്ള ബോധവൽക്കരണത്തിലൂടെ മാത്രമേ ഈ വിപത്ത് ഒഴിവാക്കാൻ കഴിയൂ. അല്ലാതെ നിങ്ങൾ നിയമം കൊണ്ടുവന്നതു കൊണ്ട് ഇതൊന്നും നടക്കാൻ പോകുന്നില്ല. എനിക്കൊരു അനുഭവമുണ്ട്. കാസർഗോഡ് കളക്ടറേറ്റിൽ കളക്ടർ ഒരു യോഗം വിളിച്ചുകൂട്ടി. അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർക്ക് കാലുറയ്ക്കുന്നില്ല. നാറിയിട്ട് അടുത്തിരിക്കാൻ വയ്യ. ഇയാളെ ഇരുത്തിക്കൊണ്ട് യോഗം നടത്താൻ കഴിയില്ലെന്ന് ഞാൻ പറഞ്ഞു. അയാളെ ഇറക്കിവിട്ടു. ഇപ്പോഴല്ല കുറേ വർഷംമുമ്പാണ്. ഇതാണ് എക്സൈസ് ഡിപ്പാർട്ടുമെന്റിലെ പല ഉദ്യോഗസ്ഥൻമാരുടെയും പല പോലീ സുകാരുടെയും സ്ഥിതി. പിടിച്ചെടുക്കുന്ന മദ്യം എക്സൈസ് ഓഫീസിൽ സൂക്ഷിക്കാൻ പാടില്ല. പൂച്ചയുടെ മുമ്പിൽ മീൻ കിട്ടിയാൽ പൂച്ച വെറുതെ

വിടുമോ? അതുപോലെ തങ്ങളുടെ ഓഫീസിൽ ഗാലൻ കണക്കിനാണ് പിടിച്ചെടുക്കുന്ന മദ്യമിരിക്കുന്നത്. അതിൽനിന്ന് ആവശ്യത്തിന് കുറേശ്ശെ കുടിക്കും, എന്നിട്ട് അതിൽ പച്ചവെള്ളം ചേർക്കും. ഇതല്ലേ നമ്മുടെ എക്സൈസ് വകുപ്പിൽ നടക്കുന്നത്. അതുകൊണ്ട് എക്സൈസ് പോലീസുകാർക്ക് പിടിച്ചെടുക്കുന്ന മദ്യം കൈകാര്യം ചെയ്യാൻ കഴിയാത്ത രീതിയിൽ സൂക്ഷിക്കാനുള്ള സംവിധാനം വേണം. അവർതന്നെ കുടിയൻമാരായാൽ അവർ പറയുന്നത് ആരെങ്കിലും കേൾക്കുമോ; അവർ പറയുന്നത് ആരെങ്കിലും ശ്രദ്ധിക്കുമോ; എല്ലാം രാജ്യത്തിലെ ജനങ്ങൾ കാണുന്നില്ലേ? അപ്പോൾ അതുകൊണ്ട് ആ സംവിധാനത്തിൽ കാര്യമായിട്ടുള്ള മാറ്റമുണ്ടാക്കാൻ ശ്രദ്ധിക്കണമെന്നാണ് എന്റെ വിനീതമായ അഭിപ്രായം. എക്സൈസ് ഡിപ്പാർട്ടുമെന്റിന്റെ നയം നടപ്പിലാക്കാൻ സിനിമകൾ, മാജിക്കുകൾ എന്നിവയെല്ലാം വഴിപാട് പരിപാടിയാണ്. എക്സൈസ് ഡിപ്പാർട്ടുമെന്റ് കൊടുക്കുന്ന പണം എങ്ങനെയെങ്കിലും ചെലവഴിക്കണം. അതിനുവേണ്ടിയുള്ള വഴിപാട് പ്രവർത്തനങ്ങൾ മാത്രമാണ് എക്സൈസ് ഡിപ്പാർട്ടുമെന്റ് നടത്തുന്നത്. അതുകൊണ്ട് കാര്യക്ഷമമായി ഈ ഡിപ്പാർട്ടുമെന്റിനെ പ്രവർത്തിപ്പിക്കാനാവശ്യമായ ശ്രദ്ധയും അങ്ങയുടെ ഭാഗത്തുനിന്നുണ്ടാകണമെന്നാണ് എനിക്ക് പറയാനുള്ളത്. നമ്മുടെ നാട്ടിൽ നാടൻ ചാരായം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. അതിനൊരു പ്രധാന കാരണം വിദേശമദ്യ ഷാപ്പിലും കള്ളുഷാപ്പിലും ചാർജ്ജ് വർദ്ധിപ്പിക്കുകയാണ്. അത്രയും കാശ് കൊടുത്ത് വാങ്ങിച്ച് ഉപയോഗിക്കാനുള്ള കഴിവില്ല. അതുകൊണ്ട് നാടൻ ചാരായത്തിലേയ്ക്ക് ആളുകൾ മാറുകയാണ്. നമ്മുടെ നാട്ടിലെ നാടൻചാരായത്തിന്റെ പേരുകൾ എന്തെല്ലാമാണ്? കൊട്ടുവടി, മൂലവെട്ടി, നാണംകുണുങ്ങി, കനാൽപതുങ്ങി, അത് കനാലിലാണ് സൂക്ഷിക്കുന്നത്. യേശുക്രിസ്തു, അത് വളരെ വിചിത്രമായിട്ടുള്ള

പേരാണ്. എന്തുകൊണ്ടാണ് യേശുക്രിസ്തുവെന്ന് പേരിട്ടതെന്ന് ഞാൻ ചോദിച്ചു. ഈ പേരിലുള്ള മദ്യം കഴിച്ചാൽ മൂന്നുദിവസം തല പൊങ്ങുകയില്ല. ഒറ്റകിടപ്പാണ്. മൂന്നാമത്തെ ദിവസം തല മെല്ലെ പൊങ്ങും. ക്രിസ്തുദേവന്റെ ഉയിർത്തെഴുന്നേൽപ്പുപോലെ ഈ മദ്യപാനി ഉയിർത്തെഴുന്നേൽക്കുന്നതിന്റെ ഫലമായിട്ടാണ് യേശുക്രിസ്തുവെന്ന് പേര് നൽകിയത്. എട്ടടിവീരൻ, അങ്ങ നെയൊക്കെയുണ്ട്. എന്റെ നാട്ടിൽ ചെമ്പല്ലി എന്ന പേരിലും അറിയുന്നുണ്ട്. ചെമ്പല്ലി എന്നുപറയുന്നത് സുന്ദരമായ ഒരു മത്സ്യമാണ്. അത് പാക്കറ്റിലാക്കി യിട്ട് ചെമ്പല്ലിക്കൂട്ടിലാണ് സൂക്ഷിക്കുന്നത്, പുഴയിലാണ് സൂക്ഷിക്കുന്നത്. അതുകൊണ്ടാണ് അതിന് ചെമ്പല്ലിയെന്ന് പേരുവന്നത്. ആവശ്യക്കാർവന്നാൽ ഈ ചെമ്പല്ലിക്കൂട് മെല്ലെ പുറത്തേയ്ക്കെടുത്ത് അതിൽനിന്നും ഈ പാക്കറ്റു കളെല്ലാം എടുക്കും. ഇങ്ങനെ എന്തെല്ലാം എന്തെല്ലാം പേരാണ് നാട്ടിലുള്ളത്. നിങ്ങൾക്കൊന്നും അറിയാത്ത, ശ്രീ. പി. ശ്രീരാമകൃഷ്ണൻ പറയുന്നതുപോ ലെയുള്ള ഒരുപാട് പേരുകൾ ഇനിയും വേറെയുണ്ട്. ഇങ്ങനെ ഓരോ പ്രദേ ശത്തും ഓരോ പേരുണ്ട്. ഇതൊക്കെയാണ് നമ്മുടെ രാജ്യത്ത് നടക്കുന്ന കള്ളവാറ്റിന്റെയും കള്ളച്ചാരായത്തിന്റെയും കാര്യങ്ങൾ. അതുകൊണ്ട് ഇതെല്ലാം അവസാനിപ്പിക്കാൻ ആവശ്യമായിട്ടുള്ള ശക്തമായ നടപടികളും ബോധവൽക്കരണവും നമ്മുടെ രാജ്യത്ത് നടത്തേണ്ടതായിട്ടുണ്ട്. അതിന് ഗവൺമെന്റ് തയ്യാറാകുന്നതിനുള്ള ഇച്ഛാശക്തി കാണിക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്. അതുപോലെതന്നെ മറ്റ് സ്റ്റേറ്റുകളിൽനിന്നും നമ്മുടെ ബോർഡറുകളിലൂടെ കള്ളച്ചാരായം ഇങ്ങോട്ട് വരികയാണ്. ഗോവ യിൽനിന്നും കർണ്ണാടകത്തിൽനിന്നും തമിഴ്നാട്ടിൽനിന്നും വരുന്നുണ്ട്. നല്ല സുന്ദരമായിട്ടുള്ള വഴികളുണ്ട്. അതിന് ഏജന്റുമാരും എക്സൈസ് ഉദ്യോഗ സ്ഥർമാരുടെ ഒത്താശയുമുണ്ട്. അവരൊന്നും അറിയാതെയല്ല ഇതൊക്കെ

നടക്കുന്നത്. അതുകൊണ്ട് ഇത് തടയാൻ ആവശ്യമായിട്ടുള്ള നടപടികൾ വേണമെന്നാണ് എനിക്ക് പറയുവാനുള്ളത്. നമ്മുടെ രാജ്യത്ത് കള്ളുഷാപ്പുകൾ, നാരായണഗുരുസ്വാമി മദ്യത്തിനെതിരായി ലോകോത്തര സന്ദേശം നൽകിയിട്ടുണ്ട്. കള്ള് ചെത്തരുത്, വിൽക്കരുത്, കുടിക്കരുത്. പക്ഷേ നാരായണീയർ ഇപ്പോൾ എന്താണ് ചെയ്യുന്നത്? പണമുണ്ടാക്കാൻ ഏറ്റവും പറ്റിയ മാർഗം കള്ളുഷാപ്പ് നടത്തലാണെന്ന് ചിന്തിച്ചുകൊണ്ട് അതിനുവേണ്ടിയാണ് ഇപ്പോൾ പരിശ്രമിക്കുന്നത്. നാരാണയഗുരുസ്വാമിയുടെ ഈ മഹത്വചനത്തിനൊന്നും ഇപ്പോൾ ആരും ഒരു വിലയും കൽപ്പിക്കുന്നില്ല. ഇങ്ങനെയുള്ള ഒരുപാട് അപചയങ്ങൾ സാംസ്കാരിക മേഖലയിലും മറ്റ് മേഖലയിലും വരുന്നുണ്ട്. അതെല്ലാം പരിഹരിക്കാനുള്ള നടപടികളും ശക്തമായ ബോധവൽക്കരണ പരിപാടികളും നടത്തണം. ഈ ബില്ലിനെക്കുറിച്ച് പറയുന്ന അവസരത്തിൽ, മദ്യപാനം കുറയ്ക്കാനുള്ള ചില ഭേദഗതികളാണ് ഇതിലുള്ളത്. മുമ്പ് 18 വയസ്സുവരെയുള്ളവർ കുടിക്കാൻ പാടില്ല. ഇപ്പോൾ അത് 21 വയസ്സാക്കിമാറ്റി. ഞാൻ ഭേദഗതിയുടെ വകുപ്പും കാര്യങ്ങളുമൊന്നും പറയുന്നില്ല. എവിടെയെല്ലാം 18 വയസ്സെന്ന് ബില്ലിൽ പറയുന്നുണ്ടോ അതെല്ലാം 21 വയസ്സാക്കിമാറ്റുകയാണ്. 21 വയസ്സുവരെയുള്ള ആളുകളെയെല്ലാം മദ്യവിമുക്തരാക്കാൻ കഴിയുമെന്ന ഉദ്ദേശത്തോടെയായിരിക്കും അങ്ങനെ വച്ചിട്ടുള്ളത്. നല്ല കാര്യമാണ്. അത് നടക്കാൻ പോകുന്ന കാര്യമല്ല. ഇനി അടുത്ത വർഷം ഒരു ഭേദഗതികൂടി കൊണ്ടുവരാം. എന്നിട്ട് 25 വയസ്സാക്കാം. അതിനപ്പുറത്തെ വർഷം 30 വയസ്സാക്കാം. ഇങ്ങനെ കാലാകാലം വയസ് കൂട്ടിക്കൂട്ടി അവസാനം മദ്യപാനികളില്ലാത്ത ഒരു സംസ്ഥാനമായി നമ്മുടെ കേരളത്തെ മാറ്റാം. എത്ര സുന്ദരമായ ആശയം,

എത്ര സുന്ദരമായ കാര്യങ്ങൾ. ഇതെല്ലാം നടക്കുന്ന കാര്യങ്ങളാണോ? ഇതു പോലെയുള്ള ഭേദഗതികൾ കൊണ്ടുവന്നതുകൊണ്ട് ഇതൊന്നും നടക്കാൻ പോകുന്നില്ല.

ഡോ. എൻ. ജയരാജ് : സർ, മലയാളികളുടെ മദ്യപാനശീലത്തെക്കുറിച്ചാണ് അങ്ങ് ഇവിടെ സംസാരിച്ചുകൊണ്ടിരുന്നത്. പക്ഷേ മലയാളികളുടെ ഒട്ടേറെ ശീലങ്ങൾക്ക് മാറ്റം വന്നുകൊണ്ടിരിക്കുന്നുവെന്നുള്ളത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. പണ്ടുതൊട്ടേ മദ്യപാനം മലയാളികളുടെയും ലോകത്തുള്ള എല്ലാ ആളുകളുടെയും ഒരു ഭാഗമാണ്. നമ്മുടെ പുരാണങ്ങളിലൊക്കെ മദ്യപാനത്തെക്കുറിച്ച് പരാമർശങ്ങളുണ്ട്. പക്ഷേ അതിനൊക്കെ അതിന്റേതായ നിയന്ത്രണങ്ങളും, ചിട്ടകളും, ശീലങ്ങളും നമുക്കുണ്ടായിരുന്നു. ആ ശീലങ്ങൾ കൈമോശം വന്നുവെന്നുള്ളതാണ് പ്രധാന കാരണം. മദ്യപാനത്തെക്കുറിച്ചുള്ള ഒരു പഞ്ചശീലം തന്നെ മലയാളിക്കുണ്ട്. അത് കേട്ടിട്ടുണ്ടോയെന്ന് എനിക്കറിയില്ല. "പറയരുത്, പഴമരുത്, പകലരുത്, പലതരുത്, പലരരുത്". അഞ്ച് ശീലങ്ങൾ മദ്യപാനത്തിൽ നമ്മുടെ പഴയതലമുറ സ്വാംശീകരിച്ചിരുന്ന പ്രത്യേകതയാണ്. പഴംകൂട്ടി കഴിക്കരുത്, ഇത് മറ്റാരോടും പറയരുത്, പല ബ്രാന്റുകൾ മിക്സ് ചെയ്ത് കഴിക്കരുത്, പകൽ കഴിക്കരുത്, പലരോടൊപ്പമിരുന്ന് കഴിക്കരുത് എന്നത്. വളരെ കൃത്യമായി ആ കാര്യത്തിൽ പോലുമുണ്ടായിരുന്ന ശീലങ്ങൾ സൂക്ഷിച്ചിരുന്ന ഒരു സമൂഹമാണ് കേരളീയ സമൂഹം. മറ്റെല്ലാ കാര്യത്തിലും എന്നതുപോലെ മദ്യപാനത്തിന്റെ കാര്യത്തിലും ആ ശീലങ്ങൾക്കുണ്ടായ കുറവാണ് ഇന്ന് സംഭവിച്ചിരുന്നത്. ഒരുപക്ഷേ പഴയതലമുറയിലെ ആളുകൾ മദ്യപിച്ചിരുന്നത് ഒരു പ്രായത്തിനുശേഷമായിരുന്നു. ഇന്ന് പുതിയ തലമുറയിൽ പ്ളസ് ടുവിന്

പഠിക്കുന്ന കുട്ടികൾ പോലും മദ്യപിക്കുന്ന ഒരു അവസ്ഥയിലേയ്ക്ക് മാറിപ്പോയത് പൊതുവായിട്ടുള്ള നമ്മുടെ ശീലങ്ങളിലുണ്ടായ മാറ്റമാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അങ്ങ് അതിനോട് യോജിക്കുന്നുവെന്നാണ് ഞാൻ വിശ്വസിക്കുന്നത്.

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : തീർച്ചയായിട്ടും ഞാൻ അതിനോട് യോജിക്കുന്നു. പക്ഷേ ഇത് നമ്മുടെ തലമുറയെ പഠിപ്പിക്കാനുള്ള ബാധ്യത നമുക്കുണ്ട്. ബഹുമാനപ്പെട്ട ഡോക്ടർ, നിങ്ങൾ ഇവിടെ മാത്രം ഇത് പറഞ്ഞാൽ പോരാ. ഈ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് പറഞ്ഞാൽ പോരാ. ഈ ശീലങ്ങൾ നമ്മുടെ യുവതലമുറയെ പഠിപ്പിക്കാൻ ആവശ്യമായിട്ട് നമുക്ക് എന്തെല്ലാം ചെയ്യാൻ കഴിയും എന്നതാണ് പ്രശ്നം. നമ്മുടെ രാജ്യത്തെ യുവജനങ്ങളെ അല്ലെങ്കിൽ സമൂഹത്തെ പഠിപ്പിക്കാനാവശ്യമായിട്ട് ഞാൻ നേരത്തെ പറഞ്ഞ കാര്യങ്ങളോടൊപ്പം ഈ പഞ്ചശീലതത്വങ്ങൾ കൂടി ഒന്ന് പറഞ്ഞാൽ നല്ലതായിരിക്കും. ബഹുമാനപ്പെട്ട ഡോക്ടർ ഇവിടെ നല്ല കാര്യങ്ങളാണ് പറഞ്ഞത്. ഞാൻ പൂർണ്ണമായിട്ടും അതിനോട് യോജിക്കുകയാണ്. 18-ാം വകുപ്പിന്റെ ഭേദഗതിയിൽ ആഡംബര നികുതി 10 രൂപയെന്നുള്ളത് 30 രൂപയാക്കി മാറ്റുകയാണ്. നമ്മുടെ ശോഷിച്ചുകൊണ്ടിരിക്കുന്ന കേരള ഖജനാവിനെ നിറയ്ക്കാനാവശ്യമായ ഒരു പരിപാടിയുടെ ഭാഗമായിട്ടാണ് ഈ ബില്ലെന്നാണ് എന്റെ അഭിപ്രായം. കേരള ഖജനാവ് ശോഷിച്ചുകൊണ്ടിരിക്കുകയാണ്. ഇതിൽ ഒരുപാട് പണത്തെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. പല കാര്യങ്ങൾക്കും വലിയ തോതിലുള്ള പിഴയാണ്. അങ്ങനെ വന്നാൽ വലിയ തോതിൽ കേരള ഖജനാവിലേയ്ക്ക് പണം വരും. അങ്ങനെ കേരള ഖജനാവിന്റെ ശോഷിച്ചുകൊണ്ടിരിക്കുന്ന അവസ്ഥ മാറ്റിയെടുക്കുന്നതിനു

വേണ്ടി മാത്രമേ ഇത് ഉപകരിക്കൂകയുള്ളു. അല്ലാതെ നിങ്ങൾ പത്ത് രൂപ മുപ്പത് രൂപയാക്കിയതുകൊണ്ടൊന്നും ആളുകൾ കുടിക്കാതിരിക്കില്ല. ആളുകൾ വേറെ വഴി നോക്കും. അപ്പോൾ പണമുണ്ടാക്കാനുള്ള ഒരു വഴിയായിട്ടുമാത്രമേ എനിക്ക് ഇതിനെ കാണാൻ കഴിയുന്നുള്ളു. ഇത് കുടിയന്മാരുടെ പോക്കറ്റ് കാലിയാക്കും. അതൊരു കാര്യമാണ്. അതിന്റെ ഫലമായിട്ട് കുടുംബം തകരും. കുടുംബം കഷ്ടത്തിലാകും. ഇങ്ങനെയൊക്കെ മാത്രമേ ഇതിന്റെ ഭാഗമായിട്ട് സംഭവിക്കാൻ പോകുന്നുള്ളു. 67–ാം വകുപ്പിന്റെ 3–ാം ഉപവകുപ്പിൽ കമ്മീഷണർമാർക്ക് കൊടുത്തിരിക്കുന്ന അധികാരത്തെക്കുറിച്ച് വളരെ ഗൗരവമായി ആലോചിക്കണം. ഉദ്യോഗസ്ഥർക്ക് പിഴശിക്ഷ വിധിക്കാനും മറ്റുമുള്ള ഒരുപാട് കാര്യങ്ങൾ ഇതിൽ പറഞ്ഞിട്ടുണ്ട്. അപ്പോൾ ഉദ്യോഗസ്ഥരെ നമ്മൾ അങ്ങനെ വിശ്വസിച്ച് അതെല്ലാം ഏർപ്പാടാക്കിയാൽ ഈ രംഗത്ത് അഴിമതി വളരെ ശക്തമായിട്ട് വരികയും നിലനിൽക്കുകയും ചെയ്യും. അപ്പോൾ അഴിമതി ക്രമവത്കരണത്തിന് പകരമായി ഇവിടെ അഴിമതിവത്കരണമാണ് സംഭവിക്കാൻ പോകുന്നത് എന്നുള്ള സന്ദേഹം കൂടി ഞാൻ ഇവിടെ അവതരിപ്പിക്കുകയാണ്. അതുപോലെ നമ്മുടെ ചെത്തുതൊഴിലാളികൾ. നേരത്തെ ഇവിടെ ശ്രീ. വി. എസ്. സുനിൽ കുമാർ പറഞ്ഞ സിനിമയുടെ കാര്യം. ഇങ്ങനെ 'മദ്യപാനം ആരോഗ്യത്തിന് ഹാനികരം' എന്ന് സിനിമയിൽ ചുവന്നതോ മറ്റേതെങ്കിലുമോ അക്ഷരത്തിൽ എഴുതിക്കാണിച്ചതുകൊണ്ടൊന്നും ആളുകൾ ഇതിൽനിന്നും പിൻമാറാൻ പോകുന്നില്ല. അങ്ങനെയാണെങ്കിൽ ഞാൻ ചോദിക്കട്ടേ, എല്ലാ സിനിമാ തിയേറ്ററുകളിലും എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ ഡോക്കുമെന്ററി പ്രദർശനം നടത്തണം. ഈ മദ്യപാനം മൂലം ഉണ്ടാകാവുന്ന ഭവിഷ്യത്തുകളെക്കുറിച്ച് നല്ല ഡോക്കുമെന്ററി

ഉണ്ടാക്കി എന്തുകൊണ്ട് പ്രദർശിപ്പിച്ചുകൂടാ?. 'മദ്യപാനം ആരോഗ്യത്തിന് ഹാനികരം' എന്ന് പ്രദർശിപ്പിച്ചാൽ ഇത് ആര് ശ്രദ്ധിക്കാനാണ്? അതെല്ലാം എഴുതിക്കാണിക്കാം. പക്ഷേ ഒരു ഗുണവും ഉണ്ടാകാൻ പോകുന്നില്ല. അതു കൊണ്ട് മദ്യം ഉപയോഗിച്ചാൽ ശരീരത്തിനുണ്ടാകുന്ന ദോഷങ്ങൾ, കുടുംബ ത്തിനുണ്ടാകുന്ന വിഷമതകൾ, സാമ്പത്തികമായിട്ടുള്ള തകർച്ച, സാമൂഹിക മായ തകർച്ച തുടങ്ങിയ കാര്യങ്ങളെല്ലാം ഉൾക്കൊള്ളിച്ചുകൊണ്ട് പത്ത് മിനിട്ട് നീണ്ടുനിൽക്കുന്ന മനോഹരവും ഹൃദയസ്പ്രിക്കുമായ ഒരു ഡോക്കുമെന്ററി പ്രദർശിപ്പിക്കുന്നത് നല്ലതായിരിക്കും.

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u> : അങ്ങ് ഇവിടെ ബോധവത്കരണം കൊണ്ട് വലിയ പ്രയോജനം ഉണ്ടാകില്ലെന്നാണ് പറഞ്ഞത്. ഒരുപക്ഷേ മദ്യപാ നത്തെ പോലെതന്നെ കേരളത്തിൽ വളരെ വ്യാപകമായിരുന്നല്ലോ പുകവലി. നമ്മുടെ ഏത് കല്ല്യാണ പന്തലുകളിലും അടിയന്തരം നടക്കുന്നിടത്തുമൊക്കെ പുകവലിക്ക് വലിയ സ്വാധീനമുണ്ടായിരുന്നു. പുകവലിക്കുവാനുള്ള സിഗരറ്റു മായി അതിഥികളെ സ്വീകരിച്ചിരുന്ന കാലഘട്ടമുണ്ടായിരുന്നു. പക്ഷേ ഇന്ന് ബോധവത്കരണത്തിലൂടെ തന്നെ പുകവലി നമുക്ക് പൂർണ്ണമായും ഇല്ലായ്മ ചെയ്യാൻ കഴിയുന്ന ഒരു അവസ്ഥയിലേയ്ക്ക് കാര്യങ്ങൾ എത്തിയിട്ടുണ്ട്. അത് അങ്ങ് മനസ്സിലാക്കിയിട്ടുണ്ടോ?

<u>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ</u>) : ഞാൻ ബോധവത്കരണം വേണമെന്നാണ് പറഞ്ഞത്. ബോധവത്കരണത്തിലൂടെ മാത്രമേ ഇതിന് പരിഹാരം കാണാൻ കഴിയുകയുള്ളു. നിയമം കൊണ്ട് കഴിയില്ല. നിങ്ങൾ ഈ പറഞ്ഞത് ശരിയാണ്. ബീഡി വ്യവസായം തകർന്നു. ബീഡി ആളുകൾ ഉപയോഗിക്കുന്നില്ല. ബോധവത്കരണത്തിന്റെ ഭാഗമായിട്ടാണ് അത്. എന്നാൽ

ഇപ്പോൾ സിഗരറ്റ് വലിക്കുന്നുണ്ട്. അപ്പോൾ അതിനും ബോധവത്കരണം വേണം. അതുകൊണ്ട് ഞാൻ ബോധവത്കരണം വേണ്ടായെന്നല്ല പറഞ്ഞത്. ബോധവത്കരണത്തിലൂടെ മാത്രമേ ഇതെല്ലാം പരിഹരിക്കാൻ വേണ്ടി കഴിയൂ. അതാണ് ഞാൻ പറഞ്ഞത്.

ശ്രീ. എം. ഹംസ : കുഞ്ഞിരാമേട്ടൻ വളരെ ആത്മാർത്ഥമായിട്ടാണ് മദ്യവിമുക്ത കേരളം സൃഷ്ടിക്കുക എന്ന ആഗ്രഹം വച്ച് സംസാരിക്കുന്നത്. പലരും സംസാരം മാത്രമേ നടത്താറുള്ളു. ആത്മാർത്ഥതയുണ്ടാകില്ല. പക്ഷേ കുഞ്ഞിരാമേട്ടൻ സംസാരിക്കുന്നത് വളരെ ആത്മാർത്ഥമായിട്ടാണ്. നേരത്തെ സഖാവ് ജി. സുധാകരൻ പറഞ്ഞ ഒരു നിർദ്ദേശമുണ്ട്. വിദേശ രാജ്യങ്ങളിൽ പലയിടത്തും മദ്യപിക്കുന്നവർ ലൈസൻസ് വാങ്ങണമെന്നത്. അങ്ങനെ ലൈസൻസ് വാങ്ങുമ്പോൾ ലൈസൻസ് അപേക്ഷയിൽ ചോദിക്കുന്നത് മദ്യപിക്കുന്നവന്റെ പേര്, മദ്യപിക്കുന്നവന്റെ അച്ഛന്റെ പേര്, മദ്യപിക്കുന്ന വന്റെ ഭാര്യയുടെ പേര്, മദ്യപിക്കുന്നവന്റെ കുട്ടിയുടെ പേര് തുടങ്ങിയവ യാണ്. ഇത് ഫിൽ ചെയ്യാൻ തന്നെ മാനസികമായ വിഷമമുണ്ടാകും. ഇങ്ങനെ ഒരു അന്തരീക്ഷത്തിലേയ്ക്ക് കേരളത്തെയെത്തിക്കാൻ അങ്ങ് ശ്രമിക്കണം. ബഹുമാനപ്പെട്ട മന്ത്രിയുടെ മുമ്പാകെ അത്തരം ഒരു നിർദ്ദേശം വയ്ക്കാമോ?

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : പരിഗണിക്കാവുന്ന നിർദ്ദേശ മാണത്. ബഹുമാനപ്പെട്ട മന്ത്രി ഇത് ശ്രദ്ധിക്കണമെന്നാണ് പറയാനുള്ളത്.

ശ്രീ. ആർ. രാജേഷ് : പുതിയ തലമുറ മദ്യപാനത്തിലേയ്ക്ക് വല്ലാതെ വഴുതിവീഴുകയാണ്. ഇത് എല്ലാ സ്ഥലത്തുമുണ്ട്. ആലപ്പുഴ ജില്ലയിൽ ഒരു പ്രത്യേക അനുഭവമുണ്ടായി. ഒരു സ്കൂളിൽ പഠിക്കുന്ന മൂന്ന് കുട്ടികളെ സ്കൂളിൽ നിന്നും പുറത്താക്കി. അവരെ തിരിച്ചെടുക്കില്ലെന്ന് സ്കൂൾ അധികൃതർ പറഞ്ഞു. ഒടുവിൽ കോടതിയിൽ പോയിട്ടാണ്

തിരിച്ചെടുക്കാനുള്ള ഒരു ഓർഡർ നേടിയെടുത്തത്. അവരെ തിരിച്ചെടുത്തു. ഇതിനെ സംബന്ധിച്ച് അന്വേഷിക്കാൻ ഹയർ സെക്കൻഡറി ഡയറക്ടറെ ഗവൺമെന്റ് ചുമതലപ്പെടുത്തി. ഹയർ സെക്കൻഡറി ഡയറക്ടർ അന്വേഷിച്ചു. അന്വേഷിച്ചപ്പോൾ കണ്ടെത്തിയത് ഒരു നിസാര പ്രശ്നമാണ്. ക്ലാസ് നടന്നുകൊണ്ടിരിക്കുമ്പോൾ സ്കൂൾ കെട്ടിടത്തിന്റെ മൂന്നാം നില യുടെ മുകളിൽവച്ച് ഈ മൂന്ന് കുട്ടികൾ മദ്യപിച്ചു. ആ മദ്യപിച്ച കുറ്റത്തി നാണ് ഈ മൂന്ന് കുട്ടികളെ പുറത്താക്കിയത്. ഈ മൂന്ന് കുട്ടികൾ പെൺകുട്ടി കളാണെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. പ്ലസ് ടു വിദ്യാർത്ഥികളായ മൂന്ന് കുട്ടികളാണ് ക്ലാസ് നടന്നുകൊണ്ടിരിക്കുമ്പോൾ ക്ലാസ് മുറിയുടെ മുകളിൽവച്ച് മദ്യപിച്ചത്. ഈ കുട്ടികളെയാണ് പുറത്താക്കിയത്. നമ്മുടെ സമൂഹത്തിൽ കോളേജ് ഹോസ്റ്റലിൽ താമസിക്കുന്ന പെൺകുട്ടികളടക്കം ഇപ്പോൾ മദ്യപാനത്തിലേയ്ക്ക് വഴുതിവീണുകൊണ്ടിരിക്കുകയാണ്. ബിവറേ ജസ് കോർപ്പറേഷനിലേയ്ക്ക് പോയി പകൽ സമയത്ത് മദ്യം വാങ്ങുന്ന പെൺകുട്ടികൾ നമ്മുടെ സമൂഹത്തിലുണ്ട്. അങ്ങനെ അപകടകരമായ നില യിലേയ്ക്കാണ് നമ്മുടെ നാട് പോകുന്നത്. പുതിയ തലമുറ ഇതിലേയ്ക്ക് വഴു തിവീഴുമ്പോൾ നല്ല ഒരു ബോധവത്കരണം ഇക്കാര്യത്തിൽ ആവശ്യമാണെ ന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)</u> : ശരിയാണ്. നമ്മുടെ സമൂഹ ത്തിന് വന്നുകൊണ്ടിരിക്കുന്ന അപചയത്തിന്റെ ഒരു നല്ല ഉദാഹരണമാണ് അദ്ദേഹം പറഞ്ഞത്. നമ്മൾ അത് ശ്രദ്ധിക്കേണ്ട കാര്യമാണ്. മറ്റൊന്ന് കള്ളു വ്യവസായത്തിലെ പ്രതിസന്ധിയാണ്. വീര്യം കുറഞ്ഞ മദ്യമാണത്. നമ്മുടെ കേരളീയമായിട്ടുള്ള ഒരു മദ്യമാണല്ലോ കള്ള് എന്നുപറയുന്നത്. അതിനെയല്ലേ നമ്മൾ പ്രോത്സാഹിപ്പിക്കേണ്ടത്? വീര്യം കുറഞ്ഞതാണത്.

അത് ആരോഗ്യത്തിന് ഉത്തമമായിട്ടുള്ള ഒരു പാനീയം കൂടിയാണ്. കുലപ്പാലിനെക്കുറിച്ച് അങ്ങ് കേട്ടിട്ടുണ്ടോ?

മി. ചെയർമാൻ : ബഹുമാനപ്പെട്ട അംഗം, 24 മിനിട്ട് ആകുന്നുണ്ട്. ഞാൻ ഇടപെടുന്നില്ല. അങ്ങയുടെ അവകാശമാണ്.

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : കുലപ്പാലെന്നുപറഞ്ഞാൽ ഒന്നും ചേർക്കാത്ത, ജനിച്ചുവീഴുന്ന കുട്ടികൾക്ക് മുലപ്പാലില്ലെങ്കിൽ കുലപ്പാൽ കൊടുക്കാമെന്നാണ് ആയുർവേദ ശാസ്ത്രം പറയുന്നത്. അത്രയും ഔഷധവീര്യമുള്ളതാണ് ഈ കള്ള് എന്നുപറയുന്നത്. ആ കള്ളിന് നമ്മൾ കുറച്ച് പ്രാധാന്യം കൊടുക്കണം. വിദേശമദ്യത്തെക്കാൾ കുറേക്കൂടി പ്രാധാന്യം കള്ളിന് കൊടുക്കണം. വിദേശമദ്യത്തെ താലോലിച്ച് കള്ളുവ്യവസായത്തെ തകർക്കുന്ന സ്ഥിതിയാണുള്ളത്. അത് ഒന്ന് ഒഴിവാക്കണം. നമ്മുടെ വ്യവസായം വലിയ പ്രതിസന്ധിയിലാണ്. 1,600-ൽ പരം കള്ളുഷാപ്പുകൾ ഇപ്പോൾ അടഞ്ഞുകിടക്കുകയാണ്. 15,000-ൽ പരം തൊഴിലാളികൾക്കാണ് ഇപ്പോൾ ജോലി നഷ്ടപ്പെട്ടിരിക്കുന്നത്. ഇത് അടിയന്തരമായി പരിഹാരം കാണേണ്ട ഒരു പ്രശ്നമാണെന്നാണ് എനിക്ക് പറയാനുള്ളത്. കുറച്ചു സമയം കൂടി വേണം.

കുറച്ച് രാഷ്ട്രീയം പറയാതിരുന്നാൽ മോശമല്ലേ. ഞങ്ങളുടെ പാർട്ടിയും ഇടതുപക്ഷ ജനാധിപത്യമുന്നണിയും നടത്തുന്ന സമരങ്ങളെ നിങ്ങൾ അങ്ങേയറ്റം ആക്ഷേപിച്ച് അപഹസിക്കുകയാണ്. ഞങ്ങളുടെ സമരം പൊളിഞ്ഞുപോകുന്നു, പാതിവഴിക്ക് വച്ച് ഉപേക്ഷിക്കുന്നു, പരിഹസിക്കുകയാണ്.. ഞങ്ങൾക്ക് ഈ സമരങ്ങൾ നടത്തുന്നതും അത് മുന്നോട്ടു

കൊണ്ടുപോകുന്നതും എപ്പോൾ അവസാനിക്കണമെന്നതും സംബന്ധിച്ച് വളരെ വ്യക്തമായ കാഴ്ചപ്പാടുണ്ട്. മാർക്സിസ്റ്റ്-ലെനിനിസ്റ്റ് കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ്. അല്ലാതെ വെറുതെ സമരം നടത്തുകയല്ല. ഇവിടെ നടത്തിയ സമരങ്ങളെല്ലാംതന്നെ വ്യക്തമായ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ് ഞങ്ങൾ നടത്തുകയും അവസാനിപ്പിക്കുകയും ചെയ്തിട്ടുള്ളത്. അതിനെ നിങ്ങൾ പരിഹസിച്ചിട്ട് കാര്യമില്ല. എന്തിനാണ് സമരം നടത്തുന്നത്, ഒരു ആവശ്യം മുന്നോട്ടുവച്ച് സമരം നടത്തിയാൽ ആ ആവശ്യം പൂർണ്ണമായി പരിഹരിക്കപ്പെടും അല്ലെങ്കിൽ നേടിയെടുക്കാൻ കഴിയും എന്നുള്ള മൗഢ്യമൊന്നും ഞങ്ങൾക്കില്ല. ബൂർഷ്വാ ഭൂപ്രഭു ഗവൺമെന്റല്ലേ, നിങ്ങളുടെ താല്പര്യത്തിനുവേണ്ടി നിങ്ങൾ കൊണ്ടുവരുന്ന നയം നിങ്ങൾ ഉപേക്ഷിക്കുമോ; പക്ഷേ, നിങ്ങൾ കൊണ്ടുവരുന്നത് ജനദ്രോഹ നയങ്ങളാണ്, രാജ്യവിരുദ്ധ നയങ്ങളാണ് എന്നത് ജനങ്ങളെ പഠിപ്പിക്കുകയും ബോധവൽക്കരിക്കുകയുമാണ് ഈ സമരങ്ങളുടെ പ്രധാന ഉദ്ദേശം. അതിന്റെ ലക്ഷ്യം ഒരവസരത്തിൽ നേടും. ഞാൻ ഒരു ഉദാഹരണം പറയാം. ഇപ്പോൾ തെരഞ്ഞെടുപ്പ് നടന്ന ഡൽഹിയിലെ അനുഭവമെന്താണ്? പതിനഞ്ച് വർഷക്കാലമല്ലേ നിങ്ങൾ ഭരിച്ചത്. അവിടത്തെ മുഖ്യമന്ത്രി ശ്രീമതി ഷീലാ ദീക്ഷിത് ഇരുപത്തിയഞ്ച് നിലയിലാണ് പൊട്ടിയത്. പതിനഞ്ച് വർഷക്കാലം സംസ്ഥാനം ഭരിച്ച കോൺഗ്രസ്സിന്റെ മുഖ്യമന്ത്രി 25000 വോട്ടിന് തോറ്റു എന്നു കേൾക്കുമ്പോൾ എന്താണ് സംഭവിച്ചതെന്ന് നിങ്ങൾ ആലോചിക്കേണ്ടതല്ലേ? സംഭവിച്ചത് മറ്റൊന്നുമല്ല, അര ലക്ഷത്തോളം വരുന്ന ഓട്ടോറിക്ഷത്തൊഴിലാളികൾ, അതുപോലെ ഉന്തുവണ്ടിത്തൊഴിലാളികളുൾപ്പെടെ മറ്റു പാവപ്പെട്ട തൊഴിലാളികൾ, ഉച്ചയ്ക്ക് പന്ത്രണ്ട് രൂപയ്ക്ക് മൂന്ന് റൊട്ടിയും സബ്ജിയും അവർക്ക് കിട്ടിയിരുന്നു.

ഒറ്റയടിക്ക് അത് 25 രൂപയാക്കി. അവർ സമരം നടത്തി, നിങ്ങളതിനെ തൃണ വൽഗണിച്ചു, കൂട്ടാക്കിയില്ല. ഓട്ടോറിക്ഷാത്തൊഴിലാളികൾ സമരം നടത്തി യാൽ നമുക്കെന്താണ്, നിങ്ങൾ ആ ജനവികാരം മാനിച്ചോ? അവർക്ക് അവ സരം കിട്ടി, ആ അവസരത്തിൽ അവർ നിങ്ങളെ ഇരുപത്തിയഞ്ച് നിലയിൽ പൊട്ടിച്ചു. 38 സീറ്റുണ്ടായിരുന്ന കോൺഗ്രസ്സിന് കേവലം ഒരൊറ്റ സീറ്റ്, നിങ്ങൾ പാഠം പഠിക്കേണ്ടതല്ലേ. എന്നിട്ട് ഞങ്ങളെ പരിഹസിക്കുന്നു അല്ലേ, ഇതാണ് സമരത്തിന്റെ അനുഭവം. അവിടേയ്ക്കാണ് ഞങ്ങൾ എത്തിക്കുന്നത്. ഈ രാജ്യത്തെ, കേരളത്തിലെ ജനതയോട് ഞങ്ങൾ പറയുന്നു, യു.ഡി.എഫ്. ഗവൺമെന്റിന്റെ, കേന്ദ്ര ഗവൺമെന്റിന്റെ തെറ്റായ നയങ്ങൾ അതാണ് വില വർദ്ധനവും മറ്റും കാരണമാകുന്നത്. അതിനെതിരായി, അതുപോലെ ഇവിടെ നടത്തുന്ന അഴിമതികൾക്കെതിരായി, ഇവിടെ സെക്രട്ടേറിയറ്റിൽ നടന്നിട്ടുള്ള മാന്യതയ്ക്ക് നിരക്കാത്ത നടപടികൾ; ഒരു ഭരണാധികാരിക്ക് ഒരിക്കലും അംഗീകരിക്കാൻ കഴിയാത്ത നടപടികൾ; അതിനെതിരായി ജനങ്ങളെ ബോധ വത്ക്കരിക്കാൻ ഞങ്ങൾ നടത്തുന്ന സമരത്തെയാണ് നിങ്ങൾ പരിഹസിക്കു ന്നത്. പക്ഷേ അതിനു റിസൾട്ടുണ്ടാകും. അന്ന് നിങ്ങൾക്ക് മനസ്സിലാകും, ഇപ്പോൾ നിങ്ങൾക്ക് മനസ്സിലാകില്ല. അതാണ് വരാൻ പോകുന്ന തെരഞ്ഞെ ടുപ്പ്. ഞാൻ കൂടുതൽ കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല. ഇവിടെ പലയാളു കളും ഞങ്ങൾ ബി.ജെ.പി.യുമായും ആർ.എസ്.എസ്സുമായും കൂട്ടുചേരുന്നു വെന്ന് പറഞ്ഞു. രാജിവച്ചു വന്നാൽ ആരെയും കൂട്ടും, നിങ്ങളെയും കൂട്ടും. കാസർഗോഡ് ജില്ലയിൽ കോൺഗ്രസ് ഭരിക്കുന്ന പല സഹകരണ സ്ഥാപന ങ്ങളിലും ബി.ജെ.പി.യുമായി കൂട്ടുകൂടിയല്ലേ ഭരിക്കുന്നത്. നിങ്ങൾക്ക് നാണ മുണ്ടോ? എന്നിട്ട് ഞങ്ങളെക്കുറിച്ച് അപഖ്യാതി പറയുന്നു. ബി.ജെ.പി.യും

ലീഗും കോൺഗ്രസും ചേർന്ന് പഞ്ചായത്ത് ഭരണം, ഇങ്ങനെ എവിടെ യെല്ലാമാണ് ഭരിക്കുന്നത്. എന്നിട്ട് ഞങ്ങളെക്കുറിച്ച് ആക്ഷേപം പറയുന്നു, ഞങ്ങളെ അപമാനിക്കുന്നു. ആദ്യം നിങ്ങളുടെ മുഖം വൃത്തിയാക്കാൻ നോക്കണം. എന്നിട്ട് മറ്റുള്ളവരെക്കുറിച്ച് പറയണം. അതുകൊണ്ട് ഇതൊന്നും പറഞ്ഞ് ഞങ്ങളെ ഭീഷണിപ്പെടുത്താൻ നോക്കേണ്ടതില്ല. എന്റെ ജില്ല യിൽതന്നെ മുസ്ലീം ലീഗിൽ നിന്ന് നൂറുക്കണക്കിനാളുകൾ ഞങ്ങളുടെ പാർട്ടി യിലേയ്ക്ക് വന്നിട്ടുണ്ട്, കോൺഗ്രസിൽ നിന്ന് വന്നിട്ടുണ്ട്. ഇപ്പോൾ വീരേന്ദ്ര കുമാറിന്റെ ജനതാദളിൽ നിന്ന് ആയിരക്കണക്കിനാളുകൾ വരുന്നു, പാല ക്കാട് വലിയ സമ്മേളനവും പ്രകടനം നടക്കുന്നു. ഇങ്ങനെ നിങ്ങളുടെ തെറ്റായ നയസമീപനത്തിന്റെ ഭാഗമായി, ജനദ്രോഹ നയത്തിന്റെ ഭാഗമായി ഇടതുപക്ഷ പ്രസ്ഥാനത്തിലേയ്ക്ക് പതിനായിരക്കണക്കിന് ആളുകൾ വന്നു കൊണ്ടിരിക്കുകയാണ്. ഇതെല്ലാം വരുന്ന തെരഞ്ഞെടുപ്പിൽ പ്രതിഫലിക്കാൻ പോകുകയാണ്. കൊലപാതകത്തെക്കുറിച്ച് പറഞ്ഞു, 1948 ഫെബ്രുവരി 11, സേലം ജയിലിൽ അടച്ചിരുന്ന 22 സഖാക്കളെ, ധീരന്മാരായ കർഷക മക്കളെ വെടിവച്ചു കൊന്നവരാണ് നിങ്ങൾ. അത്രയും കശ്മലന്മാരായ ആളു കളാണ് നിങ്ങൾ. എന്നിട്ടാണ് നിങ്ങൾ ഞങ്ങളെക്കുറിച്ച് പറയുന്നത്. അന്ന് വകുപ്പുമന്ത്രി കോഴിപ്പുറത്ത് മാധവമോനോനായിരുന്നു. ജയിലിൽ വച്ച് വെടി വച്ചു കൊല്ലുന്ന ആളുകളെക്കുറിച്ച് എന്ത് പറയാനാണ്? അതല്ലേ കോൺഗ്രസ്. ടി. പി. ചന്ദ്രശേഖരൻ മരിച്ചതിൽ ഞങ്ങൾക്ക് വേദനയുണ്ട്, വിഷമമുണ്ട്. പക്ഷേ ഞങ്ങളുടെ പാർട്ടിയെ ജനങ്ങളുടെ മുമ്പിൽ അപഹസി ക്കുന്നതിനുവേണ്ടി. നിങ്ങൾ സെക്രട്ടേറിയറ്റിനു മുമ്പിൽ ഒരു പാവപ്പെട്ട സ്ത്രീയെ തെറ്റിദ്ധരിപ്പിച്ച് കൊണ്ടുവന്നു. എല്ലാം കോൺഗ്രസാണ്, ഹോട്ടൽ

വാടകയ്ക്ക് എടുത്ത് കൊടുത്തതും തിരക്കഥ മുഴുവൻ തയ്യാറാക്കിയതും കോൺഗ്രസാണ്. പക്ഷേ അതൊന്നും ഈ രാജ്യത്ത് വില പോകില്ല. എത്രയോ കൊലപാതകങ്ങൾ ഈ രാജ്യത്ത് നടന്നു. എന്റെ ജില്ലയിൽ സഖാവ് ഇ. കെ. നായനാർ മത്സരിച്ച തെരഞ്ഞെടുപ്പിൽ, 1987 മാർച്ച് മാസം 23-ാം തീയതി, ഞങ്ങളുടെ, നാട്ടിലെ ജനങ്ങളുടെ പ്രിയപ്പെട്ട 5 സഖാക്കളെ വെട്ടിയും കുത്തിയും ചുട്ടുകരിച്ചു. അവർ ഇരുന്ന ഓഫീസ് മുഴുവൻ അഗ്നി ക്കിരയാക്കി. കെ.പി.സി.സി. മെമ്പർ ടി.വി. ഭരതനാണ് അതിന് നേതൃത്വം കൊടുത്തത്. അദ്ദേഹത്തിന്റെ കാറിലാണ് മണ്ണെണ്ണ കൊണ്ടുപോയത്. എന്നിട്ട് കൊലപാതകികൾ എന്നു പറഞ്ഞ് ഇവിടെ ഞങ്ങളെ അപഹസിക്കുകയാണ്. ഞാൻ കൂടുതൽ അതിലേയ്ക്ക് കടക്കുന്നില്ല. "ഇതിനൊക്കെ പ്രതികാരം ചെയ്യാതടങ്ങുമോ പതിതരെ നിങ്ങൾതൻ പിൻതലമുറക്കാർ" എന്ന് മഹാകവി ചോദിച്ചിട്ടുണ്ട്. ഒരു സംശയവും വേണ്ട, നിങ്ങൾ ചെയ്തിട്ടുള്ള ഈ കൊടും കൈകൾക്ക് നിങ്ങൾ ഉത്തരം പറയേണ്ടതായി വരും. ഇൻഡ്യയിലെ കോൺഗ്രസ്, കേരളത്തിലെ കോൺഗ്രസ് ഇതിന് മറുപടി പറയേണ്ടതായി വരും. അനതിവിദൂരമല്ലാത്ത ഭാവിയിൽതന്നെ അത് ഇവിടെ സംഭവിക്കാൻ പോകുകയാണ് എന്നു പറഞ്ഞുകൊണ്ട് ഇതിനെ പിന്താങ്ങിക്കൊണ്ട് എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. സണ്ണി ജോസഫ്: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2013-ലെ അബ്കാരി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ബഹുമാനപ്പെട്ട അംഗം കെ. കുഞ്ഞിരാമന്റെ വിഷയത്തിലൊതുങ്ങിനിന്നുകൊണ്ടുള്ള പ്രസംഗം ശ്രദ്ധാപൂർവ്വം കേൾക്കുകയായിരുന്നു. അദ്ദേഹം

ആയുർവേദ വൈദ്യൻ കൂടിയാണ്, ആ പ്രാഗല്ഭ്യത്തോടുകൂടിത്തന്നെയാണ് ഈ വിഷയത്തിൽ സംസാരിച്ചത്. അവസാനം അദ്ദേഹം കോൺഗ്രസ് ഡൽഹിയിൽ പതിനഞ്ച് വർഷം ഭരിച്ചിട്ട് ഷീലാ ദീക്ഷിത് ഉൾപ്പെടെ പരാജയപ്പെട്ടു എന്നു പറഞ്ഞപ്പോൾ പശ്ചിമബംഗാളിൽ മുപ്പത് കൊല്ലം തുടർച്ചയായി ഭരിച്ച മാർക്സിസ്റ്റ് പാർട്ടി പരാജയപ്പെട്ടതും അവിടത്തെ പരാജയത്തിന്റെ കാരണം മിഡ്നാപൂരിൽ 9 ഗ്രാമീണരെ വെടിവച്ചുകൊന്നതാണെന്ന് ഇന്നലെ അവിടെത്തെ മുൻ മുഖ്യമന്ത്രിയും പോളിറ്റ് ബ്യൂറോ മെമ്പറുമായ ബുദ്ധദേവ് ഭട്ടാചാര്യ പറഞ്ഞതുകൂടി അദ്ദേഹം ഈ സഭയിൽ പറയുമെന്നാണ് ഞാൻ കരുതിയത്. അദ്ദേഹം വളരെ ബോധപൂർവ്വം അത് മറന്നുകൊണ്ടാണ് രാഷ്ട്രീയത്തിലേയ്ക്ക് വന്നത്. രാഷ്ട്രീയം പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ചീമേനി സംഭവത്തെക്കുറിച്ച് സി.പി.ഐ.(എം) ഒരുപാട് പറയുന്നതാണ്. ചീമേനി സംഭവമെന്താണ്; നായനാർ മത്സരിച്ച തെരഞ്ഞെടുപ്പിൽ കോൺഗ്രസ്സിന്റെ ബൂത്ത് ഏജന്റായിരുന്ന കുഞ്ഞുകൃഷ്ണൻ ബൂത്തിൽ കള്ളവോട്ട് ചലഞ്ച് ചെയ്തു. സ്കൂളിൽ നിന്ന്, ആ ബൂത്തിൽ നിന്ന് പുറത്തിറങ്ങിയ ബൂത്ത് ഏജന്റിനെ ആ സെക്കന്റിൽ മാർക്സിസ്റ്റുകാർ കഷണമാക്കി, കഴുത്തറുത്തുമാറ്റി. അതിന്റെ പ്രകോപനമാണെന്ന് ആർക്കാണ് അറിയാത്തത്. അതൊരു ചരിത്ര യാഥാർത്ഥ്യമാണ്. നിഷേധിക്കാൻ കഴിയില്ല. ഞാൻ ചോദിക്കാൻ ആഗ്രഹിക്കുന്നു, എങ്ങനെയാണ് ജയകൃഷ്ണൻ മാസ്റ്റർ മരിച്ചത്? ബി.ജെ.പി.ക്കാരുമായി ഇപ്പോൾ സി.പി.ഐ.(എം)–ന് യാതൊരു പ്രശ്നവുമില്ലല്ലോ. ശ്രീ. കെ. സുധാകരന്റെ ഗൺമാൻ വെടിവച്ചിട്ടാണ് നാല്പാടി വാസു മരിച്ചത്. എങ്ങനെയാണ് ജയകൃഷ്ണൻ മാസ്റ്റർ മരിച്ചത്? സ്കൂളിൽ കുട്ടികളുടെ മുമ്പിൽ പഠിപ്പിച്ചുകൊണ്ടിരുന്ന അദ്ധ്യാപകനെ വെട്ടിനുറുക്കിയല്ലേ

കൊന്നത്? ജയകൃഷ്ണൻ മാസ്റ്റർ മരിച്ച സംഭവം ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) വളരെ സൗകര്യപൂർവ്വം മറക്കുകയാണ്. ചീമേനിയുടെ കാര്യത്തിന് ആദ്യം മറുപടി പറഞ്ഞു. കോൺഗ്രസ്സിന്റെ ബൂത്ത് ഏജന്റ് ഐ.എൻ.ടി.യു.സി. നേതാവ് കുഞ്ഞുകൃഷ്ണനെ ബൂത്തിൽ നിന്നിറങ്ങുമ്പോൾ വെട്ടികൊലപ്പെടുത്തിയില്ലായിരുന്നുവെങ്കിൽ ചീമേനി സംഭവമുണ്ടാകുമായിരുന്നില്ല. മലബാറിലെ അക്രമ രാഷ്ട്രീയത്തിന്റെ കണക്ക് വേണമെങ്കിലെടുക്കാം.

ഇവിടെ അക്രമരാഷ്ട്രീയത്തെക്കുറിച്ച് പറയുമ്പോൾ ചുക്കില്ലാത്ത കഷായ മില്ല, അതുപോലെ മാർക്സിസ്റ്റ് പാർട്ടിയില്ലാത്ത അക്രമരാഷ്ട്രീയ വുമില്ല എന്നാണ്. ഏതെങ്കിലും ഒരു ഭാഗത്ത് മാർക്സിസ്റ്റ് പാർട്ടിയായിരിക്കും. സി.പി.ഐ–ക്ക് പരിക്ക് പറ്റിയാലും ലീഗിനുപറ്റിയാലും കോൺഗ്രസ്സിനു പറ്റിയാലും ബി.ജെ.പി.–ക്കു പറ്റിയാലും ആർക്ക് പരിക്ക് പറ്റിയാലും പ്രതി സ്ഥാനത്ത് സി.പി.ഐ(എം) ആണ്. അദ്ദേഹം ഇവിടെ രമയുടെ സമരത്തെ ക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. രമയ്ക്ക് ആദ്യം പിന്തുണ പ്രഖ്യാപിച്ചത് കേരളത്തിലെ പ്രതിപക്ഷ നേതാവാണ്. ജീവിച്ചിരിക്കുന്ന ഏറ്റവും പ്രായം ചെന്ന കമ്മ്യൂണിസ്റ്റ് നേതാവാണ്. പോളിറ്റ് ബ്യൂറോയിൽ നിന്ന് ലാവ്‌ലിൻ കേസിന്റെ പേരിൽ മാത്രം ഡി–പ്രൊമോട്ട് ചെയ്യപ്പെട്ട സെന്‍ട്രൽ കമ്മിറ്റി മെമ്പറായ ശ്രീ. വി. എസ്. അച്ചുതാനന്ദൻ തന്നെയാണ് രമയ്ക്ക് ആദ്യം പിന്തുണ പ്രഖ്യാപിച്ചത്. രമയുടെ സമരത്തിൽ ഉന്നയിക്കുന്ന ആവശ്യത്തിന്റെ ന്യായ യുക്തിഭദ്രതയെ ഏറ്റവും ആദ്യം കേരളത്തിലെ പൊതു സമൂഹത്തിന് തുറന്നു കാട്ടി കൊടുത്തത് ശ്രീ. വി. എസ്. അച്ചുതാനന്ദൻ തന്നെയാണ്. തിരുത്താൻ ശ്രമിച്ചിട്ടും താക്കീത് ചെയ്തിട്ടും നിയന്ത്രിച്ചിട്ടും വി.എസ്.

ഇതുവരെ ആ തിരുത്ത് അംഗീകരിച്ചിട്ടില്ല. അതുകൊണ്ട് അത്തരം രാഷ്ട്രീയ വിഷയങ്ങൾ സമയമില്ലാത്ത സമയത്ത് നീട്ടി പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. പ്രകോപിപ്പിച്ചതുകൊണ്ടുമാത്രം ഇത്രയും സംസാരിക്കാൻ ബാധ്യസ്ഥനാണ്. മദ്യപാനത്തിന്റെ ദൂഷ്യഫലങ്ങൾ അറിയാത്തവരാരും കേരളത്തിലില്ല. അതിനെ സംബന്ധിച്ച് പ്രസംഗത്തിലൂടെ ബോദ്ധ്യപ്പെടുത്തേണ്ട ആവശ്യമില്ല. ദൈവത്തിന്റെ സ്വന്തം നാടായ കേരളം മദ്യ ഉപഭോഗത്തിൽ രാജ്യത്തുതന്നെ ഒന്നാം സ്ഥാനത്തു നിൽക്കുകയാണ്. കാലാവസ്ഥ, വിദ്യാഭ്യാസ നിലവാരം, ആരോഗ്യ പരിരക്ഷ ഈ രംഗങ്ങളിലെല്ലാം മുൻപന്തിയിൽ നിൽക്കുന്ന കേരളം, ആളോഹരി മദ്യപാനം ഇൻഡ്യയിൽ രണ്ട് ലിറ്ററാണെങ്കിൽ പെർ കാപ്പിറ്റാ കൺസംപ്ഷൻ കേരളത്തിൽ എട്ടു ലിറ്ററായി, നാഷണൽ ആവറേജിന്റെ നാലിരട്ടിയായി നിൽക്കുകയാണ്. ഇത് വേൾഡ് ഹെൽത്ത് ഓർഗനൈസേഷന്റെ കണക്കാണ്. സാമൂഹ്യ പുരോഗതിയുടെ മറ്റ് അളവുകോൽ വച്ച് നമ്മൾ മുന്നിൽ നിൽക്കുമ്പോഴും ഇത് നമുക്ക് ഏറ്റവും വലിയ സാമൂഹ്യ പ്രശ്നമായി നിൽക്കുകയാണ്. നമുക്കറിയാം ന്യൂ ഇയർ ഡേ, ബെർത്ത് ഡേ, ഓണാഘോഷം, ക്രിസ്തുമസ് തുടങ്ങിയ ചടങ്ങുകൾക്കെല്ലാം മദ്യം വിളമ്പുന്നതിനുവേണ്ടി ചെലവഴിക്കുന്ന സംഖ്യ. കഴിഞ്ഞ മൂന്നു പതിറ്റാണ്ടിലായി, മലപ്പുറത്ത് 26 പേർ അടക്കം 250 പേരാണ് ഇവിടെ വ്യാജമദ്യ ദുരന്തത്തിൽ മരിച്ചത്. കെ.എസ്.ബി.സി.യുടെ (കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷന്റെ ) വരുമാനം 2004–2005–ൽ 2320 കോടി രൂപ ആയിരുന്നത് അഞ്ചു കൊല്ലക്കാലംകൊണ്ട് അത് 5538 ആയി. അഞ്ചുകൊല്ലംകൊണ്ട് ബിവറേജസ് കോർപ്പറേഷന്റെ വരുമാനം ഇരട്ടിയായി വർദ്ധിക്കുകയാണ്. ഓരോ ഫെസ്റ്റിവൽസ് കഴിയുമ്പോഴും എത്ര കോടി രൂപയാണ് മലയാളികൾ മദ്യത്തി

നുവേണ്ടി ചെലവഴിച്ചത് എന്നത് സംബന്ധിച്ച് പത്രത്തിൽ ഒരു കണക്ക് വരും. വസ്ത്രം വാങ്ങിക്കുന്നതിനേക്കാളും മറ്റ് ഭക്ഷ്യ സാധനങ്ങൾ വാങ്ങുന്ന തിനേക്കാളും വലിയ ഒരു സംഖ്യ മദ്യപാനത്തിനുവേണ്ടി ചെലവഴിക്കുന്നു. ബിവറേജസ് കോർപ്പറേഷനിലെ ഔട്ട്ലെറ്റുകളിലെ ക്യൂവിൽ വളരെ ശാന്തരാ യിട്ടാണ് ആളുകൾ നിൽക്കുന്നത്. ഏറ്റവും ശാന്തരായി ക്ഷമാശീലരായി ക്യൂ നിൽക്കുകയാണ്.

<u>ശ്രീ. സാജു പോൾ</u> : സർ, വർദ്ധിച്ചുവരുന്ന മദ്യപാനാസക്തിയെക്കുറിച്ച് പറഞ്ഞതിനോട് നൂറ് ശതമാനം യോജിക്കുകയാണ്. ബിവറേജസ് ഔട്ട്ലെറ്റു കളിലെ ക്യൂവിനെ സംബന്ധിച്ച് പറയുകയാണെങ്കിൽ ലക്ഷക്കണക്കിന് രൂപ വിലയുള്ള സ്വർണ്ണം, ഡയമണ്ട് ആഭരണങ്ങൾ, പതിനായിരങ്ങൾ വിലയുള്ള വസ്ത്രങ്ങൾ തുടങ്ങിയവയിൽ നിന്നും ആവശ്യമുള്ളതുമാത്രം സെലക്ട് ചെയ്ത് വാങ്ങാവുന്നതാണ്. പക്ഷേ, 100 രൂപയുടെ മദ്യം വാങ്ങാൻവേണ്ടി ആളുകളെ ക്യൂവിൽ നിർത്തി കഷ്ടപ്പെടുത്തുന്നത് ശരിയാണോ? ഞാൻ ഈ സഭയിൽ ആവശ്യപ്പെട്ടതനുസരിച്ച് ബഹുമാനപ്പെട്ട മന്ത്രി എറണാകുളം, കോഴിക്കോട്, കൊച്ചി, തിരുവനന്തപുരം തുടങ്ങിയ സ്ഥലങ്ങളിൽ സാധാരണ കടകളിലുള്ള സൗകര്യങ്ങളോടുകൂടിയ (ബാർ കോഡ്) സംവിധാനം ഉപയോ ഗിച്ച് ബിൽ അടിക്കുകയും സാധനം നൽകി പെട്ടെന്ന് പറഞ്ഞുവിടുകയും ചെയ്യുന്നു. ആ രീതിയിൽ ഇവിടെയുള്ള ഔട്ട്ലെറ്റുകൾ മാറ്റേണ്ടതല്ലേ?

<u>ശ്രീ. സണ്ണി ജോസഫ്</u> : സർ, മദ്യത്തിന്റെ ദൂഷ്യവശങ്ങളെക്കുറിച്ച് പ്രസംഗിക്കേണ്ട ആവശ്യമില്ല. മദ്യം ആരോഗ്യവും ശാരീരികവും മാനസിക വുമായ പ്രശ്നങ്ങൾ മാത്രമല്ല സാമ്പത്തികത്തകർച്ചയും കുടുംബകലഹ ങ്ങളും സാമൂഹ്യ പ്രശ്നങ്ങളുമുണ്ടാക്കുന്നു. ലഹരി വിമുക്ത കേന്ദ്രങ്ങൾ

സ്ഥാപിക്കുന്നതിനുള്ള ഒരു പദ്ധതി സംസ്ഥാന ഗവൺമെന്റ് ആരോഗ്യവകുപ്പ് മുഖേന ആലപ്പുഴയിൽ തുടങ്ങിയിട്ടുണ്ട്. അങ്ങനെയുള്ള ഗവൺമെന്റ് പ്രസ്ഥാനങ്ങൾ കൂടാതെ സ്വകാര്യ ഏജൻസികൾ, സാമൂഹ്യ പ്രസ്ഥാനങ്ങൾ, ആദ്ധ്യാത്മിക മത സംഘടനകളെല്ലാം മദ്യവിമുക്ത പ്രവർത്തനങ്ങൾക്കു വേണ്ടിയും മദ്യവർജ്ജനത്തിനുവേണ്ടിയും മദ്യനിരോധനത്തിനുവേണ്ടിയും ആന്റി അഡിക്ഷൻ സെന്റേഴ്സ് തുടങ്ങി പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ഈ സാമൂഹ്യ പശ്ചാത്തലത്തിൽ യുവാക്കൾക്കിടയിൽ വർദ്ധിച്ചുവരുന്ന മദ്യ പാനം ധാരാളം പ്രശ്നങ്ങളുണ്ടാക്കുന്നു. ശ്രീ. ആർ രാജേഷ് പറഞ്ഞ വിഷയം വളരെ വിഷമത്തോടുകൂടിയാണ് കേട്ടത്. മദ്യപിച്ചതുകൊണ്ട് സ്കൂളിൽ നിന്നും രണ്ട് പെൺകുട്ടികളെ സസ്പെന്റ് ചെയ്തു എന്നുള്ള വാർത്ത വിദ്യാർത്ഥിനികളിൽ പോലും മദ്യപാനശീലം വളരുന്നു എന്നതിന്റെ തെളിവാണ്. അദ്ദേഹത്തിന്റെ പ്രസ്താവന വളരെ ഗൗരവത്തോടുകൂടിയാണ് കേട്ടത്. കഴിഞ്ഞ പത്തുവർഷംകൊണ്ട് കൗമാരപ്രായക്കാരുടെ മദ്യപാനം 100 ശതമാനമായി വർദ്ധിച്ചു എന്നാണ് മദ്യപാനത്തെ സംബന്ധിച്ച കണക്കുകൾ സൂചിപ്പിക്കുന്നത്. വിദേശ രാജ്യങ്ങളിൽ ജോലി ചെയ്യുന്ന രക്ഷിതാക്കളുടെ അസാന്നിദ്ധ്യം, ഇഷ്ടം പോലെ കുട്ടികൾക്ക് പണം കൈകാര്യം ചെയ്യാവുന്ന സൗകര്യങ്ങൾ, കുട്ടികളുടെ കൂട്ടുകെട്ട്, പാശ്ചാത്യവത്ക്കരണം, തെറ്റിദ്ധാരണ കൾ മുതലായവയും മദ്യാപാനാസക്തി വർദ്ധിപ്പിക്കുന്നു. മദ്യത്തിന് ഗുണഫ ലങ്ങളുണ്ടെന്ന തെറ്റിദ്ധാരണയുമുണ്ട്. ഒരു പക്ഷേ, കള്ളിന് ഗുണഫലമു ണ്ടാകാം. എന്നാൽ വിദേശമദ്യങ്ങൾക്ക് ഗുണഫലമില്ല എന്നുള്ളതാണ് എല്ലാ വരും അംഗീകരിക്കുന്ന ഒരു യാഥാർത്ഥ്യം. പക്ഷേ, മദ്യപാനം ഉന്മേഷം നൽകും, ബുദ്ധികൂർമ്മതയുണ്ടാക്കും; അൽപ്പം വീഞ്ഞ് ബുദ്ധിയെ വർദ്ധിപ്പി

ക്കുമെന്നുള്ള തെറ്റിദ്ധാരണകൾ സമൂഹത്തിൽ നിലനിൽക്കുന്നുണ്ട്. പഴയ കാലത്തെ സിനിമാ ഗാനമുണ്ട്,

ദു:ഖങ്ങൾക്കെല്ലാം ഞാൻ അവധി കൊടുത്തു

സ്വർഗ്ഗത്തിൽ ഞാനൊരു മുറിയെടുത്തു.

വളരെയധികം മദ്യപിച്ചുകൊണ്ട് ഒരു വ്യക്തി സിനിമയിൽ പാടുന്നു. ദുഖങ്ങൾക്കെല്ലാം ഞാൻ അവധി കൊടുത്തു എന്ന് കേൾക്കുമ്പോൾ ടെൻഷൻ കുറയ്ക്കാനും സ്ട്രെസ് ഇല്ലാതാക്കാനും മദ്യപാനം ഉപകരിക്കും എന്നൊരു ധാരണ ചെറുപ്പക്കാരെ ബാധിച്ചിട്ടുണ്ട്. ഈ സന്ദർഭത്തിലാണ് 'സ്പിരിറ്റ്' എന്ന സിനിമയുടെ കാര്യം പറയേണ്ടത്. മദ്യത്തിന്റെ ദൂഷ്യഫല ങ്ങൾ വളരെയേറെ പൊതു സമൂഹത്തെ പഠിപ്പിക്കാൻ പര്യാപ്തമായ ഒരു സിനിമയാണ് 'സ്പിരിറ്റ്'. ആ സിനിമ സാമാജികരെല്ലാവരും ഒരുമിച്ച് കണ്ടു. ശ്രീ. പി.സി. വിഷ്ണുനാഥ് സഭയിൽ കൊണ്ടുവന്ന ഒരു സബ്മിഷന്റെ അടി സ്ഥാനത്തിൽ വിനോദ നികുതി തന്നെ ഇളവ് ചെയ്തുകൊണ്ട് വളരെ മാതൃ കാപരമായി അത്തരത്തിലുള്ള കാലാവിഷ്ക്കാരങ്ങളുടെ ആവശ്യകത ഈ സഭ തന്നെ അംഗീകരിച്ചകാര്യം വിസ്മരിക്കാൻ പാടില്ല. ഇവിടെ യുവാക്ക ളുടെ മദ്യപാനശീലം തടയുന്നതിന് സർക്കാരിന് എന്ത് സാധിക്കും? സാമൂഹ്യ സംഘടനകൾ പ്രവർത്തിക്കുന്നു. യുവജന വിദ്യാർത്ഥി സംഘടന കൾ പ്രവർത്തിക്കുന്നു. കണ്ണൂർ ജില്ലയിൽ ഒരു വിദ്യാർത്ഥി സംഘടനയ്ക്കു തന്നെ രൂപം നൽകിയിട്ടുണ്ട്. തലശ്ശേരിയിൽ മരണപ്പെട്ട ബഹുമാന്യനായ വള്ളോപ്പിള്ളി ബിഷപ്പ്, ആ ബിഷപ്പിന്റെ നേതൃത്വത്തിലാരംഭിച്ച വിദ്യാർത്ഥി കളിലെ മദ്യപാനശീലം അല്ലെങ്കിൽ ലഹരി ഉപയോഗം തടയുന്നതിനുവേണ്ടി യുള്ള ഒരു സംഘടന ശ്രീ. കെ. സി. ജോസഫിന്റെയും എന്റെയും കോൺസ്റ്റി

റ്റ്യുവൻസിയിൽ പ്രവർത്തിക്കുന്നുണ്ട്. ഇന്ന് പത്രത്തിൽ കാസർഗോഡ് നിന്നുള്ള ഒരു വാർത്ത കണ്ടു. കുട്ടികൾക്ക് പേനയിൽ ഒളിപ്പിച്ച് സിഗരറ്റ് കൊടുക്കുന്നു. അതിനെയൊക്കെ തടയുന്നതിന് ഗവൺമെന്റ് തലത്തിൽ ചെയ്യാൻ സാധിക്കുന്ന സഭാതലത്തിൽ ചെയ്യാൻ സാധിക്കുന്ന നിയമ ഭേദ ഗതിയാണ് ഇവിടെ കൊണ്ടുവന്നിട്ടുള്ളത്. വിദ്യാർത്ഥികൾക്ക് മദ്യപാനം കൊ ണ്ടുണ്ടാകുന്ന ദൂഷ്യങ്ങളായ പഠന കാര്യങ്ങളിലെ പരാജയം എല്ലാവർക്കും അറിയാവുന്ന കാര്യങ്ങളാണ്.

ശ്രീ. എം. എ. വാഹീദ് : സർ, തമിഴ്നാട്ടിൽ കള്ള് വേണം (കൾ വേൺട്രൂ കഴകം) എന്ന് പറഞ്ഞ ഒരു രാഷ്ട്രീയപാർട്ടി 1970–കളിൽ തമിഴ്നാ ട്ടിൽ ഉണ്ടായിരുന്നത് അങ്ങേയ്ക്കറിയാമോ?

ശ്രീ. സണ്ണി ജോസഫ് : സർ, കേരളത്തിലും ആളുകൾ കള്ളിനുവേണ്ടി വാദിച്ചുകൊണ്ടിരിക്കുകയാണ്. അതുതന്നെ വലിയ ഗുണമുള്ള ഏർപ്പാടാ ണെന്ന് കള്ളു കുടിച്ചവരെ കണ്ടിട്ടുള്ള എന്റെ പരിമിതമായ അനുഭവം വച്ച് എനിക്ക് പറയാൻ സാധ്യമല്ല. പഠനകാര്യങ്ങളിലെ പരാജയം കാരണം കുട്ടി കളിൽ പലരും പ്രശ്നക്കാരായി മാറുന്നു. സ്വഭാവത്തിൽ വരുന്ന മാറ്റങ്ങൾ വിദ്യാലയങ്ങളിലും വീടുകളിലും പ്രശ്നക്കാരായി വരുന്നു. റോഡ് അപകട ങ്ങളുടെ കാരണങ്ങൾ അന്വേഷിക്കുമ്പോൾ............

പലരും മദ്യപിച്ച് വാഹനമോടിക്കുന്നത് ഒരു ശീലമാക്കുന്നു. ലൈംഗിക കുറ്റങ്ങൾ, ആത്മഹത്യാ പ്രവണത, മോഷണം, കൊലപാതകങ്ങൾ തുടങ്ങിയ കുറ്റകൃത്യങ്ങൾ പെരുകുന്നതിന്റെയുമെല്ലാം കാരണം മദ്യപാനം തന്നെയാണ്. 21 വയസ്സ് എന്നത് മജോറിറ്റിയുടെ വയസ്സുതന്നെയാണ്. 18 വയസ്സിൽ വോട്ട

വകാശം അംഗീകരിക്കുന്നുവെങ്കിൽപ്പോലും ആൺകുട്ടികളുടെ വിവാഹ പ്രായംപോലും 21 വയസ്സാണ്. ആ നിലയിൽ 21 വയസ്സിൽ താഴെയുള്ള ആളുകൾക്ക് മദ്യം കൊടുക്കാൻ പാടില്ല, ഉപയോഗിക്കാൻ പാടില്ല, അവർ വിൽക്കാൻ പാടില്ല എന്ന് ഭാവി തലമുറയുടെ സാമൂഹ്യനന്മ ലക്ഷ്യം വച്ചു കൊണ്ടാണ് 15 (എ)–യിൽ ബഹുമാന്യനായ മന്ത്രി ഒരു ഭേദഗതി അവതരിപ്പി ച്ചിട്ടുള്ളത്. അതിനെ ഞാൻ പൂർണ്ണമായി സപ്പോർട്ട് ചെയ്യുന്നു. അതുപോലെ തന്നെ മറ്റൊരു കാര്യം സിനിമകളിൽ മദ്യപാന സീനുകൾ പ്രദർശിപ്പിക്കു മ്പോൾ ഒരു വാണിംഗ് കൊടുക്കണം എന്നുള്ളത് നിയമപരമായി സർക്കാ രിന് ചെയ്യാൻ ബാധ്യതയുള്ള ഒരു കാര്യമാണ്. അതിന്റെ വലിപ്പക്രമംകൂടി ഇതിനകത്ത് പറഞ്ഞിട്ടുണ്ട്. സീനിന്റെ 10 ശതമാനമെങ്കിലും വലുപ്പത്തിൽ മദ്യപാനം അപകടകരമാണെന്നുള്ള നിലയിലുള്ള വാണിംഗ് നൽകണമെന്ന് നിഷ്ക്കർഷിച്ചിരിക്കുന്നു. അത് സാധാരണമാണ്. മറ്റൊരുകാര്യം, ഇന്ന് ഞാൻ ഒരു യുവസ്നേഹിതനുമായി സംസാരിച്ചപ്പോൾ, മദ്യപാന സീനുകൾ സിനിമയിൽനിന്നും ഒഴിവാക്കുന്നതിനുതന്നെ ഒരു നിയമഭേദഗതി വരുത്തുന്ന തിൽ എന്താണ് തെറ്റ് എന്ന ഒരഭിപ്രായം പറയുകയുണ്ടായി. അതും ഒരു നിർദ്ദേശമായിട്ട് ഞാൻ അവതരിപ്പിക്കുകയാണ്. ഇവിടെ പല ആളുകളും സാമൂഹ്യനന്മയെ ലക്ഷ്യംവച്ചുകൊണ്ടുള്ള നിർദ്ദേശങ്ങളാണ് മുന്നോട്ടുവച്ചിട്ടു ള്ളത്. സിനിമകളിലും കലാരൂപങ്ങളിലും മദ്യപാനരംഗങ്ങൾ പൂർണ്ണമായും ഒഴിവാക്കുന്നതിനെ സംബന്ധിച്ചുതന്നെ ഗവൺമെന്റ് ആലോചിക്കണം. അതു പോലെതന്നെ ചില ചാർജ്ജുകൾ കൂട്ടിയിട്ടുണ്ട് – ഗ്യാലനേജ് ചാർജ്ജോ കോമ്പൗണ്ടിംഗ് ഫീസോ വർദ്ധിപ്പിച്ചാൽ അത് ബാറുടമകളെയാണ് ബാധി ക്കുന്നത്. പക്ഷെ പ്രതിപക്ഷത്തുനിന്ന് സംസാരിച്ച മെമ്പർമാർ അതിനെ

എതിർത്തു. ചാർജ്ജ് കൂട്ടിയത് സ്വീകാര്യമായിട്ടുള്ള നടപടിയാണ്. ഫൈനും മറ്റുകാര്യങ്ങളും കുറച്ചുകൂടി വർദ്ധിപ്പിക്കാം എന്ന അഭിപ്രായത്തോടാണ് എനിക്ക് യോജിപ്പുള്ളത്. രാഷ്ട്രപിതാവിന്റെ സന്ദേശം നമുക്കറിയാം – സ്വാതന്ത്ര്യ സമരത്തിന്റെ നാളുകളിൽപ്പോലും മദ്യ വർജ്ജനത്തിനുവേണ്ടി രാഷ്ട്രപിതാവ് നിലകൊണ്ടിട്ടുണ്ട്. അതുപോലെതന്നെ ശ്രീനാരായണ ഗുരുവിന്റെ സന്ദേശങ്ങൾ– മദ്യം വിഷമാണ് അത് ഉൽപ്പാദിപ്പിക്കരുത്, വിൽക്കരുത്, കുടിക്കരുത്– ആ സന്ദേശങ്ങളെ ഉൾക്കൊണ്ട ഒരു ഭരണാധികാരി കേരളത്തിലെ ശ്രീ. എ.കെ. ആന്റണിയാണ്. അതിന്റെ ആത്മാർത്ഥതയെ എല്ലാവരും ഉൾക്കൊള്ളുന്നുവെങ്കിൽപ്പോലും അതിനെ തെറ്റായരൂപത്തിൽ വ്യാഖ്യാനിക്കപ്പെട്ടു. ശ്രീ. എ.കെ. ആന്റണിയെപ്പോലെയുള്ള ഒരു ഭരണാധികാരിയെടുത്ത ചാരായ നിരോധനം കേരളത്തെ സംബന്ധിച്ച് ഒരു ചരിത്ര സംഭവമാണ്. കേരളത്തിലെ വീട്ടമ്മമാരും സ്ത്രീകളും അംഗീകരിച്ച ഒരു സംഭവമാണ്. അതുകൊണ്ട് പൂർണ്ണമായും മദ്യപാനം ഇല്ലാതായി എന്നല്ല, പക്ഷെ ചെറുകിടക്കാർ, സാധാരണക്കാർ, ദിവസത്തൊഴിലാളികൾ തുടങ്ങിയ ആളുകൾ അവരുടെ വരുമാനത്തിന്റെ അധികഭാഗവും ചെലവഴിച്ചിരുന്നത് ചാരായ ഷാപ്പുകളിലായിരുന്നുവെങ്കിൽ ഇതിന്റെ ലഭ്യത ഒരു വിഷയംതന്നെയാണ്. തൊട്ടടുത്ത് ഒരു ലിക്വർ ഷാപ്പുണ്ടെങ്കിൽ അവിടെ പോകാനുള്ള ഒരു പ്രേരണയുണ്ടാകും. അതിനെ തടയാൻ ചാരായ നിരോധനംപോലുള്ള ചരിത്ര തീരുമാനങ്ങൾകൊണ്ട് സാധിച്ചിട്ടുണ്ട്. ഇവിടെയും ഈ നിയമം സാമൂഹ്യനന്മയ്ക്ക് സഹായകരമാകും എന്ന വിശ്വാസത്തോടുകൂടി നിയമഭേദഗതിയെ അംഗീകരിച്ചുകൊണ്ട് എന്റെ ഭേദഗതി മൂവ് ചെയ്യുന്നു.

<u>മി. ചെയർമാൻ</u>: ശ്രീ. ബാബു. എം. പാലിശ്ശേരി, അങ്ങേയ്ക്ക് 2 (ബി) ഭേദഗതി അവതരിപ്പിച്ചുകൊണ്ട് സംസാരിക്കാവുന്നതാണ്

<u>ശ്രീ. ബാബു എം. പാലിശ്ശേരി</u>: സർ, സബ്ജകട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2013-ലെ അബ്കാരി (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 (ബി) ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ബില്ലിൽ പറയുന്ന ചില കാര്യങ്ങളെ സംബന്ധിച്ച് വിയോജിപ്പില്ല. മദ്യം കഴിക്കാനുള്ള പ്രായം 18-ൽ നിന്നും 21 വയസ്സാക്കണം, നിയമം തെറ്റിച്ചാലുണ്ടാകുന്ന ശിക്ഷണനടപടികളുടെ ഭാഗമായി ഫൈൻ വർദ്ധിപ്പിക്കുന്ന കാര്യത്തിലൊന്നും വിയോജിപ്പില്ല. പക്ഷെ ഏറ്റവും വലിയ വിയോജിപ്പുള്ളത് പരമാവധി പണം ഗവൺമെന്റിന്റെ ഖജനാവിലേയ്ക്ക് വരുത്തുക എന്നതിനപ്പുറത്ത് ജനങ്ങൾക്കിടയിൽ വ്യാപകമായിക്കൊണ്ടിരിക്കുന്ന മദ്യപാന ആസക്തിയെ ഇല്ലാക്കാൻവേണ്ടിയുള്ള ബോധവത്ക്കരണ പരിപാടികളെക്കുറിച്ചൊന്നും ഗവൺമെന്റ് താത്പര്യപൂർവ്വം പറയുന്നില്ല. മദ്യത്തിന്റെ വില വൻതോതിലുയർത്തിയാൽ ഉപയോഗം കുറയുമെന്നതാണ് ഗവൺമെന്റ് പ്രതീക്ഷ എന്നുതോന്നുന്നു. ഇത് തീരെ ശരിയല്ല. ഇതുകാരണം കുടുംബം തകരുമെന്നതിനപ്പുറത്ത് ഒന്നും സംഭവിക്കുന്നില്ല. ഇവിടെ നേരത്തെ ശ്രീ. വി. എസ്. സുനിൽകുമാർ പറഞ്ഞ അഭിപ്രായത്തോട് ഞാൻ യോജിക്കുന്നു. മദ്യത്തിന്റെ വില 50 രൂപ കൂട്ടിയാൽ, സാധാരണക്കാരോ ഇടത്തരക്കാരോ ഒക്കെത്തന്നെ ആശ്രയിക്കേണ്ട ആളുകളുടെ കൂലിയിൽ വൻതോതിൽ വർദ്ധനവുണ്ടാകുമെന്നത് സ്വാഭാവികമായി സംഭവിക്കുന്ന ഒന്നാണ്. ഇപ്പോൾ

ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ.എം.മാണി ഇവിടെ കൊണ്ടുവന്ന പുതിയ നികുതി നിർദ്ദേശം 95 ശതമാനം മദ്യ ഉപഭോക്താക്കളെ മാത്രമല്ല അത്രയും കുടുംബങ്ങളേയും ബാധിക്കും. 400 രൂപയോ അതിനു മുകളിലോ ഉള്ള ........... അതായത്, ഒരു കെയ്സ് മദ്യത്തിന് 10 ശതമാനം ടാക്സ് ഏർപ്പെടുത്താനാണ് തീരുമാനിച്ചിരിക്കുന്നത്. അങ്ങനെ വരുമ്പോൾ അദ്ദേഹം പ്രതീക്ഷിക്കുന്ന 40 കോടി രൂപയൊന്നുമല്ല കിട്ടാൻ പോകുന്നത്. കേരളത്തിൽ വിറ്റഴിക്കപ്പെടുന്ന മദ്യത്തിന്റെ 95 ശതമാനവും 400 രൂപയ്ക്ക് താഴെയുള്ളതാണ്. ഒരു കെയ്സിൽ 12 കുപ്പിയുണ്ട്. ഒരു കുപ്പിയുടെ ആവറേജ് വില 250 രൂപയാണെങ്കിൽ ഒരു കെയ്സിൽ 3000 രൂപയ്ക്കുള്ള മദ്യമുണ്ട്. അതിന്റെ പത്ത് ശതമാനം എന്നുപറയുമ്പോൾ 300 രൂപയാണ്. ഇപ്പോൾ കേരളത്തിൽ വിറ്റഴിക്കുന്ന കെയ്സുകളുടെ കണക്കുകൾ നോക്കിയാൽ ഏറ്റവും ചുരുങ്ങിയത് 900 കോടി രൂപയെങ്കിലും ഗവൺമെന്റ് ഖജനാവിലേയ്ക്ക് വരും. അങ്ങനെ 900 കോടി രൂപ മദ്യപന്മാരിൽനിന്നും ഗവൺമെന്റ് എടുക്കുമ്പോഴുണ്ടാകുന്ന മറ്റെല്ലാ കാര്യങ്ങളും സമൂഹത്തിൽ സംഭവിക്കും. എല്ലാ തരത്തിലുള്ള ജീവിത സാഹചര്യങ്ങൾ പ്രയാസപ്പെടുകയും കൂലിയും മറ്റ് കാര്യങ്ങളും കൂടുകയും ചെയ്യും. ഇതുകൊണ്ട് എന്തെങ്കിലും ഗുണമുണ്ടാകുമെന്ന് തോന്നുന്നില്ല. ഗവൺമെന്റിലേയ്ക്ക് എത്ര പണം വന്നാലും അതിന്റെ നൂറിരട്ടി ആശുപത്രികളിലൂടെയും ബഹുജനങ്ങളുടെ ആരോഗ്യം നശിക്കുന്നതിലൂടെയും നമുക്ക് തിരിച്ചങ്ങോട്ട് ചെലവാക്കേണ്ടി വരികയാണ്. ഇവിടെ കഴിഞ്ഞദിവസം ഒരു ചോദ്യത്തിനുത്തരമായി മദ്യത്തിന്റെ ഉപയോഗത്തിൽ പ്രതിവർഷ വർദ്ധനവിന്റെ തോത് 22 ശതമാനത്തിൽനിന്നും 8 ശതമാനമായി

കുറഞ്ഞു എന്ന രീതിയിൽ എക്സൈസ് വകുപ്പുമന്ത്രി നിയമസഭയിൽ പറയുന്നത് കേട്ടു. ഇത് കേരളീയ സമൂഹത്തെ നിരീക്ഷിക്കുന്ന ആർക്കും വിശ്വസിക്കാനാവില്ല. ഒരു ബിവറേജസ് കോർപ്പറേഷന്റെ മുമ്പിലെ ക്യൂവിനും ഒരു കുറവും ഉണ്ടായിട്ടില്ല. അത് വർദ്ധിച്ചുവന്നുകൊണ്ടിരിക്കുകയാണ്. മന്ത്രി പറഞ്ഞതുപോലെ കേരളത്തിൽ മദ്യ ഉപഭോഗം 22 ശതമാനമുണ്ടായിരുന്നത് 8 ശതമാനമായി കുറഞ്ഞു എന്നത് ഒരിക്കലും വിശ്വസിക്കാനാവില്ല. നമ്മളെല്ലാം ആഗ്രഹിക്കുന്നത് അതാണ്. പക്ഷെ അതല്ല സംഭവിക്കുന്നത്. മറിച്ച് ഗവൺമെന്റിന് ടാക്സ് കൊടുത്ത് വിൽക്കുന്ന മദ്യത്തിന്റെ അളവ് കുറയുകയും ഗവൺമെന്റിന് ടാക്സ് കൊടുക്കാതെ വിൽക്കുന്ന മദ്യത്തിന്റെ അളവ് കൂടുകയുമാണ് ചെയ്യുന്നത്. സർക്കാരിന്റെ മദ്യ വിൽപ്പനയുടെ കണക്ക് കുറയുന്നത് മദ്യോപഭോഗം കുറയുന്നതുകൊണ്ടല്ല. മറിച്ച് കണക്കിൽപ്പെടാത്ത മദ്യ വിൽപ്പന കൂടുന്നതുകൊണ്ടാണ്. വ്യാജന്മാർ കേരളത്തിൽ അരങ്ങ് തകർക്കുകയാണ്. ആനമയക്കി, നിലംതപ്പി, പുല്ലുപറിയൻ, ഭാര്യാമർദ്ദിനി, മണവാട്ടി, ഷക്കീല, പിന്നൊരു രാഷ്ട്രീയ നേതാവിന്റെ പേരിലുള്ള ഒരു സാധനമുണ്ട്. അതിന്റെ പേര് ഞാൻ പറയുന്നില്ല. കാരണം അത് കഴിച്ചാൽ പിന്നെ ആന കുത്തിയാലും ഇളകില്ലത്രെ, അങ്ങനെ ഒരു നേതാവിന്റെ പേരിലും ഒരു മദ്യമുണ്ട്. ഈ ഐറ്റംസ് മാർക്കറ്റിൽ വിലസുന്നതുകൊണ്ടാണ് ഔദ്യോഗികമായ വിറ്റുവരവിൽ കുറവുണ്ടായത്. ഇതെല്ലാം മാർക്കറ്റിലുണ്ട്. ഇതുമാത്രമല്ല ഞാനിവിടെ ഈ നിയമസഭയിൽ കഴിഞ്ഞ എട്ടുകൊല്ലത്തിനുള്ളിൽ സംസാരിക്കുന്ന പല സന്ദർഭങ്ങളിലും ചൂണ്ടിക്കാണിച്ചിട്ടുണ്ട്, കഴിഞ്ഞ പ്രാവശ്യം ഞാൻ എം.എൽ.എ. ആയിരുന്നപ്പോൾ അതിന്റെ സാമ്പിൾ നിയമസഭയിൽ കൊണ്ടുവന്നതിന് ചെയറിൽനിന്ന് ഒരുപാട് ശകാരം

കേട്ടിട്ടുമുണ്ട്. പക്ഷെ അത് കൊണ്ടുവരാനും പ്രദർശിപ്പിക്കാനും പറയാനു മൊക്കെ കാരണം അരിഷ്ടം എന്ന പേരിൽ കറക്ട് മദ്യം കേരളത്തിൽ വിറ്റ ഴിക്കുന്നുണ്ട്. പെട്ടിക്കടകളിൽ പോലും ഈ സാധനം വിറ്റഴിക്കുന്നുണ്ട്. പല സ്ഥലത്തും എക്സൈസിന് നേരിട്ട് പരാതി കൊടുക്കുകയും ചെയ്തിട്ടുണ്ട്. കൊച്ചുകുഞ്ഞുങ്ങളടക്കം ഈ സാധനം വാങ്ങിക്കഴിക്കുന്ന സ്ഥിതി ഇപ്പോഴുണ്ട്. സെക്കന്റ്സിനെ പ്രോത്സാഹിപ്പിക്കുന്ന ഒരു നയമാണ് ഈ ഗവൺമെന്റിനുള്ളത്. അതുകൊണ്ടാണ് ടാക്സ് കൊടുക്കുന്ന മദ്യത്തിന്റെ അളവിൽ കുറവുവരികയും ബാറുകളിലൊക്കെ സെക്കന്റ്സിന്റെ വിൽപ്പന തകൃതിയായി നടക്കുകയും ചെയ്യുന്നത് ഗവൺമെന്റ് കണ്ടില്ലെന്ന് നടിക്കുന്ന തുകൊണ്ടാണ്. മദ്യക്കുപ്പികളിൽ ഒട്ടിക്കുന്ന ഹോളോഗ്രാം സ്റ്റിക്കറിനെ സംബ ന്ധിച്ച് ഒരു ആക്ഷേപം കഴിഞ്ഞ സഭയിൽ ഞാൻ ഉന്നയിച്ചതാണ്. അന്ന് ഹോളോഗ്രാം ഒട്ടിക്കുന്ന പ്രവൃത്തിയിൽനിന്നും സി-ഡിറ്റിനെ ഒഴിവാക്കുകയി ല്ലെന്ന് വകുപ്പുമന്ത്രി ആണയിട്ട് പറഞ്ഞിരുന്നു. ഇപ്പോൾ കൂടുതൽ മേന്മയേ റിയ ഹോളോഗ്രാം നിർമ്മിച്ചുനൽകുന്നതിന് സ്വകാര്യ കമ്പനികളെ അദ്ദേഹം ക്ഷണിച്ചിരിക്കുകയാണ്. 2005 സെപ്റ്റംബറിലാണ് ഹോളോഗ്രാമിന്റെ പണി സി-ഡിറ്റിനെ ഏൽപ്പിച്ചത്. അന്ന് ഭരിച്ചിരുന്നത് യു.ഡി.എഫ് ആണ്. ആറു വർഷത്തേയ്ക്കായിരുന്നു കരാർ. അത് 2011 സെപ്റ്റംബറിലാണ് അവസാനി ച്ചത്. അപ്പോഴും കേരളം ഭരിച്ചിരുന്നത് യു.ഡി.എഫ്. തന്നെയാണ്. സി-ഡി റ്റിനെ മാറ്റണമെന്ന അഭിപ്രായം ഞങ്ങൾക്കില്ല. പക്ഷെ സി-ഡിറ്റിനെ മാറ്റു ന്നുവെങ്കിൽ എന്തിനാണ് മറ്റ് സ്വകാര്യ കമ്പനികളെ, കർണ്ണാടകയിലും മറ്റു മുള്ള സ്വകാര്യ കമ്പനികളെ അന്വേഷിച്ചുപോകുന്നത്. ബിവറേജസ് കോർപ്പ റേഷന് ചെയ്തുകൂടേ, അതിന് കഴിയുന്ന രീതിയിലുള്ള സംവിധാനങ്ങൾ ആ

കോർപ്പറേഷനുണ്ടല്ലോ. എന്തിനാണ് ഈ സ്വകാര്യ കമ്പനികളെ, പ്രത്യേ കിച്ചും കേരളത്തിലേയ്ക്ക് ഏറ്റവും കൂടുതൽ മദ്യം വരുന്നത് കർണ്ണാടക യിലെ ഡിസ്റ്റിലറികളിൽ നിന്നാണ്. അപ്പോൾ കർണ്ണാടകയിൽ തന്നെയുള്ള ഒരു സ്വകാര്യ കമ്പനിക്ക് ഇത് കൊടുക്കാൻ ശ്രമിക്കുന്നതും അന്വേഷിക്കുന്ന തുമൊക്കെ എന്തിനാണ്; ബിവറേജസ് കോർപ്പറേഷനുതന്നെ ചെയ്യാവുന്ന കാര്യമല്ലേയുള്ളൂ. എന്തായാലും അത്രയും വലിയ സംവിധാനം കെ.എസ്. ബി.സി.-ക്ക് ഉണ്ടായിട്ടും അങ്ങനെ ആലോചിക്കാതെ സ്വകാര്യ കമ്പനി കൾക്ക് കൊടുക്കാൻ ശ്രമിക്കുന്നത് അഴിമതിക്ക് വേണ്ടിയുള്ള ഗൂഢാലോച നയാണെന്നുപറഞ്ഞാൽ അത് തള്ളിക്കളയാൻ പറ്റില്ല. അനധികൃതമായ ലഹരി പദാർത്ഥങ്ങളുടെ നിർമ്മാണം, കടത്ത്, വിപണനം എന്നിവ സംബന്ധിച്ച് ബഹുജനങ്ങളിൽനിന്നും ഇതിനകം എക്സൈസ് വകുപ്പിന് 9120 പരാതികൾ ലഭിച്ചുവെന്നും അതിൽ 2373 എണ്ണത്തിനുമാത്രമേ കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളൂവെന്നും ബഹുമാനപ്പെട്ട മന്ത്രി രേഖാമൂലം നൽകിയ മറുപടിയിൽ പറയുന്നുണ്ട്.

മദ്യ-മയക്കുമരുന്ന് വ്യാപനത്തിനെതിരെയുള്ള ബോധവൽക്കരണ ത്തിൽ സർക്കാരിന്റെ താൽപ്പര്യക്കുറവിനെയാണ് ഇത് കാണിക്കുന്നത്. ആളു കൾ വളരെ റിക്സ് എടുത്തിട്ടായിരിക്കും ഈ കാര്യങ്ങളൊക്കെ വിളിച്ചു പറ യുന്നത്. വിളിച്ചുപറയുന്ന സംവിധാനമുണ്ടാക്കിയതിനെ ഞാൻ അഭിനന്ദിക്കു കയാണ്. പക്ഷെ ആളുകൾ വിളിച്ചുപറഞ്ഞാലും അതിനുമുകളിൽ കേസെടുക്കുന്നില്ലായെന്നാണ് ഈ വലിയ അന്തരം കാണിക്കുന്നത്. ധനകാര്യ കമ്മീഷൻ കേരളത്തിൽ വന്നപ്പോൾ മദ്യസൽക്കാരം നടത്തിയെന്നൊക്കെ

യുള്ള പത്ര വാർത്ത കണ്ടു. ഇതൊക്കെ മദ്യപാനത്തിനെതിരായ ബോധവൽക്കരണത്തെ സഹായിക്കുകയല്ലേ ചെയ്യുന്നത്. ഇപ്പോൾ ന്യൂ ജനറേഷൻ സിനിമകളിലൊക്കെ മദ്യപിക്കുന്നതും പുകവലിക്കുന്നതുമായ രംഗങ്ങൾ വരുമ്പോൾ 'മദ്യപാനം ആരോഗ്യത്തിന് ഹാനികരം' എന്ന പരസ്യം കാണിക്കണമെന്ന് പറയുന്നുണ്ട്. ഇപ്പോൾ ഇറങ്ങിയിട്ടുള്ള ധാരാളം ന്യൂ ജനറേഷൻ സിനിമകൾ– എനിക്ക് ഇത് ന്യൂ ജനറേഷൻ സിനിമയാണെന്നുതന്നെ അഭിപ്രായമില്ല, ഒറ്റ കാരണത്താൽ. ഇതുസംബന്ധിച്ച് പല മെമ്പർമാരും ഇവിടെ സൂചിപ്പിക്കുകയുണ്ടായി. സിഗററ്റ് വലിക്കുന്ന ആളുകൾ ധാരാളം ഉണ്ടായിരുന്ന സമൂഹമായിരുന്നു കേരളം. ബീഡി കമ്പനികളും സിഗററ്റ് കമ്പനികളും ധാരാളമായി ഉണ്ടായിരുന്ന പ്രദേശമാണ് കേരളം. കഴിഞ്ഞ അഞ്ച് പത്ത് വർഷത്തിനുള്ളിൽ, വൻതോതിൽ പുകവലിക്കുന്ന ആളുകൾ പുകവലി നിർത്തി. ഇപ്പോഴത്തെ ചെറുപ്പക്കാരിൽ ഒരു ശതമാനം പോലും പുകവലിക്കുന്നില്ല. എന്നാൽ ന്യൂ ജനറേഷൻ സിനികളിൽ എല്ലാ ചെറുപ്പക്കാരും പുകവലിക്കുന്നതായ രംഗങ്ങളാണ് കാണിക്കുന്നത്. അതുകൊണ്ട് അത് പലപ്പോഴും ന്യൂ ജനറേഷനുമായി ബന്ധമില്ലായെന്ന് പറയുകയാണ്. ന്യൂ ജനറേഷൻ സിനിമയായ 'ഹണി ബീ' –അതിന്റെ പേര് തന്നെ ഒരു മദ്യത്തിന്റെ പേരാണ് ഉപയോഗിച്ചിരിക്കുന്നത്. ആ സിനിമയിൽ തുടക്കം മുതൽ ഒടുക്കം വരെ മദ്യപാനമാണ് കാണിക്കുന്നത്. എല്ലാ സിനിമകളിലും അങ്ങനെയുള്ള രംഗങ്ങൾ വരുമ്പോൾ 'മദ്യപാനം ആരോഗ്യത്തിന് ഹാനികരം' എന്ന പരസ്യം കാണിക്കും. എന്നാൽ ഈ സിനിമയിൽ ഈ പരസ്യവാചകം ഒരു നിമിഷം പോലും ഒഴിവാക്കി കാണിക്കാൻ കഴിയില്ല. അത്തരം സിനിമകൾ...... സിനിമ കണ്ടിട്ട് ആളുകൾ മദ്യപിക്കാൻ പോകുന്നു അല്ലെങ്കിൽ സിനിമകൾ ആണ്

ഇതിന്റെ പ്രചോദനം എന്നൊന്നും പറയുന്നില്ല. പക്ഷെ ബോധവൽക്കരണത്തിനുവേണ്ടി ശ്രമിക്കുക എന്നുപറഞ്ഞാൽ അത് എല്ലാ മേഖലകളിലുമുണ്ടാകണം. സിനിമകളിൽ നായകന്മാർ കാണിക്കുന്നതൊക്കെ ചെയ്യാൻ വേണ്ടിയിട്ടുള്ള ഒരു സ്വാധീനമൊക്കെ സ്വാഭാവികമായും പലരിലും ഉണ്ടാകുന്നതാണ്. മദ്യപിക്കുന്നത് അത്ര വലിയ പ്രശ്നമൊന്നുമല്ല എന്ന തോന്നൽ കൊച്ചുപ്രായത്തിലെ കുട്ടികൾക്ക് വന്നാൽ അത് തീർച്ചയായും അവരെ ബാധിക്കും. അപ്പോൾ ബോധവൽക്കരണം സിനിമയിൽ ഏതെങ്കിലും ഒരു രംഗത്ത് മാത്രം വരുത്തിയതുകൊണ്ട് എന്തെങ്കിലും കാര്യമുണ്ടോ എന്ന കാര്യം സർക്കാർ ആലോചിക്കേണ്ടതാണ്. ഇത്തരം സിനിമകൾ വൻതോതിൽ...... ഒരു കഥയുമായി ബന്ധമില്ലാത്ത രംഗങ്ങളിൽപ്പോലും മദ്യപാനം കാണിക്കുന്ന സിനിമകളെക്കുറിച്ച് ആലോചിക്കേണ്ടതായിട്ടുണ്ട്. ഇപ്പോൾ നിലവിലുള്ള പല ബാറുകളും നിലനിൽക്കുന്നതിന് ജനങ്ങൾ എതിരാണ്. പല സ്ഥലത്തും ജനങ്ങൾ ഇതിന് എതിരാണ്. എനിക്ക് നേരിട്ട് അറിയാവുന്ന കുറേ സ്ഥലങ്ങളുണ്ട്. ഇനിയും 10–150 ഓളം ബാറുകൾ സുപ്രീം കോടതിയുടെ പരാമർശത്തിനായി കാത്തുനിൽക്കുകയാണ്. അതും കൂടി ഇവിടെ വരാൻ പോകുകയാണ്. കള്ളുഷാപ്പുകൾ എല്ലാം പൂട്ടിക്കൊണ്ടിരിക്കുകയാണ്. നേരത്തെ ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) സൂചിപ്പിച്ചതുപോലെ, ആയിരത്തി അറുനൂറ്റി ചില്വാനം ഷാപ്പുകൾ പൂട്ടിക്കിടക്കുന്നതുമൂലം പതിനയ്യായിരത്തോളം തൊഴിലാളികൾക്ക് ജോലി നഷ്ടപ്പെടുകയും ചെയ്തു. പക്ഷെ ബാറുകളുടെ വരവിന് യാതൊരു തടസ്സവുമില്ല. ഈ ഗവൺമെന്റ് അധികാരമേറ്റ സമയത്ത് വളരെ അഭിമാനത്തോടുകൂടി ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രി പറഞ്ഞത്, ഇനി ബിവറേജസ് കോർപ്പറേഷന്റെ ഒറ്റ

ഔട്ട്ലെറ്റും അനുവദിക്കില്ല എന്ന്. ഇത് ഈ ഗവൺമെന്റിന്റെ നയമാണെന്ന് പറഞ്ഞു. അങ്ങനെ പറയുന്ന മന്ത്രിതന്നെയാണ് വാരിക്കോരി ബാറുകൾക്ക് അനുമതി കൊടുക്കുന്നത്. അപ്പോൾ ഈ ഗവൺമെന്റ് ബാറുകളുടെ ഗവൺമെന്റാണ്, ബാറുകാരുടെ ഒരു ഗവൺമെന്റാണ്. കാരണം ബിവറേജസ് കോർപ്പറേഷന്റെ ഔട്ട്ലെറ്റ് വരുന്നത് ബാറുകൾക്കും കള്ളുഷാപ്പുകൾക്കും ദോഷമാണ്. അതുകൊണ്ട് ബാറുകൾക്ക് ദോഷമാകുന്ന എല്ലാംതന്നെ ഇല്ലായ്മ ചെയ്യുന്ന ഒരു നയമാണ് ഈ ഗവൺമെന്റ് എടുക്കുന്നത്. ഇപ്പോൾ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് മദ്യഷാപ്പ് വേണോ വേണ്ടയോ എന്ന് തീരുമാനിക്കാനുള്ള അധികാരം കൊടുക്കുന്നതിനോട് യോജിക്കുകയല്ല. ഞാൻ ഒന്ന് ചോദിക്കട്ടെ, ഏതെങ്കിലും ഒരു പഞ്ചായത്തിൽ നിലനിൽക്കുന്ന ഒരു ബാർ, അത് ഞങ്ങൾക്ക് വേണ്ട എന്ന് ആ പഞ്ചായത്തിലെ ജനപ്രതിനിധികളെല്ലാം കൂടി തീരുമാനിച്ചാൽ അല്ലെങ്കിൽ ഭൂരിപക്ഷം ജനങ്ങളും തീരുമാനിച്ചാൽ ആ ബാറിനെ നടത്തിക്കൊണ്ടുപോകാൻ സാധിക്കുമോ? ആ ബാറിനെ ഇല്ലാതാക്കാൻ ഈ ഗവൺമെന്റ് സഹായിക്കുമോ? ആ ബാറിന്റെ ഉടമസ്ഥൻ കോടതിയിൽ പോയാൽ ഗവൺമെന്റ് ആ പഞ്ചായത്തിന്റെ കൂടെ നിൽക്കുമോ? അങ്ങനെയൊരു അനുഭവം കൊണ്ടുവരാൻ കഴിയില്ല. കാരണം അതൊക്കെ വെറുതെ സർക്കാരിന്റെ ഭാഗത്തുനിന്നുള്ള ഒരു കുരുശെടുത്ത് പഞ്ചായത്തിനകത്ത് വയ്ക്കുകയെന്നല്ലാതെ അതുകൊണ്ട് എന്തെങ്കിലും ഗുണമുണ്ടാകുമെന്ന് എനിക്ക് തോന്നുന്നില്ല. ബിവറേജസ് കോർപ്പറേഷനിൽ കോടികളുടെ ധൂർത്ത് നടക്കുകയാണ്. ബിവറേജസ് കോർപ്പറേഷനിൽ മദ്യക്കുപ്പി പൊതിയാനും സ്റ്റിക്കർ എണ്ണാനും...... എന്തിനാണ് 40,000 വും 45,000 വും രൂപ ശമ്പളം

വാങ്ങുന്ന അദ്ധ്യാപകരും പഞ്ചായത്ത് ജീവനക്കാരും ഹെൽത്ത് സർവ്വീസിലെ ജീവനക്കാരുമൊക്കെ അവിടേയ്ക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ പോകുന്നത്? കേരളത്തിലെ ബിവറേജസ് കോർപ്പറേഷനിൽ കുപ്പി പൊതിയാൻ 5 അദ്ധ്യാപകർ, 22 ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർ, 51 വില്ലേജ് ഉദ്യോഗസ്ഥന്മാർ, 21 പഞ്ചായത്ത് ഉദ്യോഗസ്ഥർ അങ്ങനെ 850 പേർ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ബിവറേജസ് കോർപ്പറേഷനിൽ ജോലി ചെയ്തുവരികയാണ്. അങ്ങനെ മൊത്തം ഒരു കോടി അറുപത്തി നാലു ലക്ഷം രൂപ ഈ ഉദ്യോഗസ്ഥർക്ക് ബിവറേജസ് കോർപ്പറേഷനിൽ നിന്നും ശമ്പളമായി കൊടുക്കുന്നു. അത്രയും രൂപ കൊടുക്കേണ്ട കാര്യമുണ്ടോ? ഇങ്ങനെ ഈ ഉദ്യോഗസ്ഥന്മാരെ അവിടെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ചാൽ ഈ പറയുന്ന ഓഫീസുകളിൽ സർക്കാർ ഉദ്യോഗസ്ഥരുടെ കുറവുണ്ടാകില്ലേ? ഹെൽത്ത് സർവ്വീസിൽ ആൾ കുറവല്ലേ; പഞ്ചായത്ത് ഓഫീസുകളിലും വില്ലേജ് ഓഫീസുകളിലും ഉദ്യോഗസ്ഥർ കുറവല്ലേ. എന്താണ് സർ, വില്ലേജ് ഓഫീസുകളിൽ ഉദ്യോഗസ്ഥർ ഇല്ലാത്തതു കാരണം ഓഫീസ് അടഞ്ഞു കിടക്കുകയാണ്. ആ ഉദ്യോഗസ്ഥരെ ഇങ്ങനെ വിനിയോഗിക്കുന്നത് സ്വജനപക്ഷപാതമല്ലേ; ഇത് ധൂർത്തടിക്കലല്ലേ; ഇത് സംസ്ഥാനത്തിന്റെ ഖജനാവ് കൊള്ളയടിക്കലല്ലേ? മദ്യം കേരളത്തെ വിഴുങ്ങുകയാണ്. മയക്കു മരുന്നുകളുടെ ഏറ്റവും നല്ല വിപണിയായി കേരളം മാറുകയാണ്. നിരോധിക്കപ്പെട്ട പാൻപരാഗ് നാട്ടിൽ വ്യാപകമാണ്. ഇതിനെതിരായി, വളരെ ശക്തമായൊരു നിലപാട് എടുക്കാൻ നമുക്ക് കഴിയണം, നിലവിലുള്ള നിയമങ്ങളെ അതിൽ ഉപയോഗപ്പെടുത്താനും കഴിയണം. പുതിയ നിയമങ്ങൾ ആവശ്യമാണെങ്കിൽ ഈ രീതിയിലുള്ള ഒരു ബോധവത്ക്കരണമാണ് പ്രധാനം.

ഈ ബോധവത്ക്കരണം കൊണ്ട് ഗുണമുണ്ട്. ഗുണമില്ല എന്ന് പറയുന്നത് ശരിയല്ല. നമുക്ക് അത് മാത്രമേ മാർഗ്ഗമുള്ളു. മദ്യം നിരോധിച്ചതുകൊണ്ട് ഒരു കാര്യവുമില്ല. മദ്യം നിരോധിച്ചാൽ കള്ളമദ്യം അരങ്ങ് തകർക്കും. അപ്പോൾ മദ്യവർജ്ജനം തന്നെയാണ് ഏറ്റവും ശരിയായ രീതി. അതിനാവശ്യമായ ബോധവൽക്കരണം ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം. ആത്മാർത്ഥ മായി ഈ ഗവൺമെന്റ് അത് ചെയ്യുന്നില്ല എന്നാണ് എന്റെ അഭിപ്രായം. വളരെ പ്രയാസകരമാണ് ജീവിതം. മലയോര പ്രദേശങ്ങളിൽ താമസിക്കുന്ന ജനങ്ങളെ കസ്തൂരിരംഗൻ റിപ്പോർട്ട് വളരെയധികം ബാധിക്കുന്നു. കടലോര ങ്ങളിൽ താമസിക്കുന്ന ജനങ്ങളെ സി.ആർ.ഇസഡ്. പോലുള്ള നിയമങ്ങൾ അലട്ടുന്നു. ഈ രണ്ടിന്റേയും ഇടയിൽ സമതലങ്ങളിലുള്ള ജീവിതം വിലക്ക യറ്റം കൊണ്ട് പൊറുതിമുട്ടുന്നു. വിലക്കയറ്റം കൊണ്ട് ജനങ്ങളുടെ ജീവിതം ദുസ്സഹമായി തീർന്നിരിക്കുകയാണ്. ഈ കേരളം അഴിമതിയുടെ കൂടാരമായി മാറിയിരിക്കുന്നു. കേരളത്തിൽ മഹാരോഗങ്ങൾ സംഹാരതാണ്ഡവമാടുക യാണ്. ഇല്ലായെന്ന്, പൂർണ്ണമായും പോയിക്കഴിഞ്ഞു എന്ന് വിശ്വസിച്ചത്, കേരളത്തെപ്പോലെയുള്ള ഒരു സംസ്ഥാനത്ത് ഒരിക്കലും ഉണ്ടാകില്ല എന്ന് വിചാരിച്ചിരുന്ന മഹാരോഗങ്ങൾ നൂറു കണക്കിന് വരികയാണ്. എനിക്ക് അറി യാം. നിയമസഭയിലേയ്ക്ക് എം.എൽ.എ. മാർ ഗുരുവായൂർ–ചെന്നൈ ട്രെയി നിൽ വരുമ്പോൾ അതിൽ മുക്കാൽ ഭാഗം വരുന്ന ആളുകളും ക്യാൻസർ ബാധിച്ച രോഗികളാണ്. അവർ ആർ.സി.സി.–യിലേയ്ക്കാണ് വരുന്നത്. അപ്പോൾ കേരളം മഹാരോഗങ്ങൾകൊണ്ട് സംഹാരതാണ്ഡവമാടുകയാണ്. ഓരോ ദിവസവും വരുന്ന വാർത്തകൾ ജീവിക്കാൻ പറ്റാത്ത വിധത്തിലാണ്, പോലീസിനെ ഭയന്ന് ആത്മഹത്യ ചെയ്ത സംഭവങ്ങൾ, കൊള്ളയും കളവു മെല്ലാം ഇപ്പോൾ നാട്ടിൽ നടക്കുകയാണ്. മാലിന്യക്കൂമ്പാരമായി ഈ കേരളം

മാറിയിരിക്കുന്നു. ശ്രീ. മഞ്ഞളാംകുഴി അലി നഗരകാര്യവകുപ്പുമന്ത്രിയായ സമയത്ത് ധാരാളം നടപടികൾ സ്വീകരിക്കുമെന്ന് പറഞ്ഞിരുന്നു. ഒന്നും നട പ്പിലായിട്ടില്ല. മാലിന്യക്കൂമ്പാരങ്ങളൊക്കെ അവിടെത്തന്നെ നിൽക്കുകയാണ്. കേരളം വറചട്ടിയിൽ കിടന്ന് പൊരിയുമ്പോഴും ഈ സർക്കാരിന്, ഭരണപക്ഷ ത്തിന്, ആകെ പറയാനുള്ളത് ടി.പി. വധക്കേസ്സിനെക്കുറിച്ചല്ലാതെ വേറെയൊന്നും പറയാനില്ല. അത് പറഞ്ഞുപറഞ്ഞു നിങ്ങൾ സ്വയം നാറുക എന്നല്ലാതെ വേറെയൊന്നും സംഭവിക്കാൻ പോകുന്നില്ല. അതുസംബന്ധിച്ച് ഒരുപാട് പരാമർശങ്ങൾ വന്നു. ഈ സംഭവം നടന്നത് എന്നാണ്? യു.ഡി. എഫ്.-ന്റെ ഭരണകാലത്താണ്. അന്വേഷണം നടത്തിയത് ആരാണ്; നിങ്ങ ളുടെ പോലീസുകാർ; കുറച്ചുകൂടി വ്യക്തമായി പറഞ്ഞാൽ നിങ്ങളുടെ വിശ്വ സ്തരായ പോലീസുകാർ. പോലീസ് കൊള്ളില്ല എന്നാണ് നിങ്ങളുടെ അഭി പ്രായമെങ്കിൽ, നേരത്തെതന്നെ ആ കേസ് സി.ബി.ഐ.-യെ ഏൽപ്പി ക്കാൻ.......... ഞങ്ങൾക്ക് ആർക്കും വിരോധമുണ്ടായിരുന്നില്ലല്ലോ? ആ കേസ് സി.ബി.ഐ.-യെക്കൊണ്ട് അന്വേഷിപ്പിക്കാമായിരുന്നു. പക്ഷെ സി.ബി.ഐ.-യെ അല്ല ഞങ്ങളുടെ വിശ്വസ്തനായ പോലീസ്...........

മി. സ്പീക്കർ: ശ്രീ. ബാബു എം. പാലിശ്ശേരി, ഈ വിഷയം നേരത്തെ എല്ലാവരും സംസാരിച്ച വിഷയമാണ്. താങ്കൾ ബില്ലിലേയ്ക്ക് വരൂ.

ശ്രീ. ബാബു എം. പാലിശ്ശേരി: ഈ വിഷയം സംസാരിച്ചിട്ടുണ്ട്. ഇതിന്റെ മറുപടി എനിക്ക് പറയേണ്ടതുണ്ട്. ഒരു മെമ്പർ ഈ വിഷയം സംബന്ധിച്ച് പ്രസംഗിച്ചപ്പോൾ ചെയറിലുണ്ടായിരുന്ന ഒരാളും ആ പ്രസംഗത്തെ തടസ്സപ്പെ ടുത്തിയില്ല. വളരെ നന്നായി ആ മെമ്പർ പ്രസംഗിച്ചു. അതുകൊണ്ട് ഈ വിഷയം പറയാതിരിക്കാനാകില്ല.

മി. സ്പീക്കർ: ഞാൻ താങ്കളുടെ പ്രസംഗത്തിനെ തടസ്സപ്പെടുത്തിയതല്ല. അങ്ങ് 15 മിനിട്ട് സമയമെടുത്തു. ഇത് ഭേദഗതിയാണ്.

ശ്രീ. ബാബു എം. പാലിശ്ശേരി: ഞാൻ പ്രസംഗം ചുരുക്കാം. ഞാൻ ഒരു പ്രകോപനത്തിലേയ്ക്കും പോകുന്നില്ല. പക്ഷെ ഒരു വസ്തുത പറഞ്ഞുകൊള്ളണമല്ലോ.

മി. സ്പീക്കർ: അത് പറഞ്ഞോ.

ശ്രീ. ബാബു എം. പാലിശ്ശേരി: നിങ്ങൾക്ക് വേണമെങ്കിൽ സി.ബി.ഐ. അന്വേഷണം നടത്താമായിരുന്നു. നിങ്ങളുടെ വിശ്വസ്തരായ പോലീസ് നിങ്ങൾ ആഗ്രഹിക്കുന്നതുപോലെ, അന്വേഷണം നടത്തി നിങ്ങൾക്ക് ഏറ്റവും എതിർപ്പുള്ള ആളുകളെയൊക്കെ ജയിലിലടച്ചുകൊള്ളും എന്നത് നിങ്ങളുടെ ധാരണയാണ്. നിങ്ങളുടെ പോലീസ് അന്വേഷണം ആരംഭിക്കുമ്പോൾ 76 പ്രതികളുണ്ട്. വിവിധ ഘട്ടങ്ങളിലായി വിവിധ കോടതികളും നിങ്ങളു മൊക്കെയായി 40 പേരെ കുറ്റക്കാരല്ലെന്നുകണ്ട് വിട്ടയച്ചു. ശേഷിക്കുന്ന 36 പേർക്കെതിരെ കേസ് എടുത്തത് നിങ്ങൾ, സാക്ഷികളെ കണ്ടെത്തിയത് നിങ്ങൾ, വക്കീലിനെ നിശ്ചയിച്ചത്, എല്ലാം ചെയ്തത് നിങ്ങളല്ലേ? ഒടുവിൽ വാദപ്രതിവാദങ്ങൾക്കുശേഷം വിധി വന്നു. ആ വിധിയിൽ 24 പേരെ പിന്നെയും വെറുതെവിട്ടു. 12 പേരെ ശിക്ഷിക്കുകയും ചെയ്തു. അതിൽ 9 പേർ വാടക കൊലയാളികളെന്ന് പറയുന്നു. മൂന്ന് പേർ സി.പി.ഐ.(എം) അംഗങ്ങളാണ്. തീർച്ചയായും ആ നിരപരാധികളുടെ വിമോചനത്തിനു വേണ്ടിയുള്ള നടപടികൾ സി.പി.ഐ.(എം)-മായി മുന്നോട്ടുപോകും. അവർ കുറ്റക്കാരല്ലെന്ന അഭിപ്രായം ഞങ്ങൾക്കുണ്ടെങ്കിൽ ഞങ്ങൾ ഉയർന്ന കോടതി യിൽ അത് സ്ഥാപിച്ചെടുത്തുകൊള്ളാം. വിധി വന്നപ്പോൾ വാദിഭാഗം

വക്കീൽ പറഞ്ഞത് എന്താണ്? വമ്പിച്ച വിജയം. ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ, അദ്ദേഹം ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന സമയത്ത് കേസ് വേണ്ടവിധത്തിൽ നടക്കുന്നില്ല, ആ കേസിന്റെ അന്വേഷണവുമായി ബന്ധപ്പെട്ട് ആഭ്യന്തര വകുപ്പുമന്ത്രി ഒഴിയണമെന്നും, ഈ കേസിൽ അദ്ദേഹം ഞങ്ങളെ സഹായിക്കുകയാണെന്ന മട്ടിൽ ശ്രീ. കെ. സുധാകരൻ പറഞ്ഞു. വിധി വന്നപ്പോൾ അദ്ദേഹം പറഞ്ഞതെന്താണ് തൃപ്തൻ, പൂർണ്ണതൃപ്തൻ, എന്താണ് കെ.കെ. രമ പറഞ്ഞത്. തൃപ്ത, പൂർണ്ണതൃപ്ത. ആർക്കും ആക്ഷേപ മുണ്ടായില്ലല്ലോ. നിങ്ങൾതന്നെ നിശ്ചയിച്ചതാണ്. എല്ലാകേസും നിങ്ങളാണ് നടത്തിയത്. ഞങ്ങളൊന്നും ആ കേസിൽ ഇടപെടുന്നില്ലല്ലോ. ഞങ്ങൾക്ക് അതിനുള്ള അവസരമില്ലല്ലോ. അതൊക്കെ കഴിഞ്ഞ്, നിങ്ങൾ ഇന്നലെ ആ കേസ് വിജയകരമായി അന്വേഷിച്ച ഉദ്യോഗസ്ഥന്മാർക്ക് പാരിതോഷികങ്ങൾ കൊടുത്തില്ലേ. അപ്പോൾ നന്നായി അന്വേഷിച്ചു, നന്നായി കാര്യങ്ങൾ നടത്തി യെന്നല്ലേ അതിന്റെ അർത്ഥം.

അതെല്ലാം കഴിഞ്ഞിട്ട് ഇപ്പോൾ ഞങ്ങളുടെ പോലീസ് കേസ് അന്വേഷി ച്ചത് ശരിയായിട്ടല്ല, അതുകൊണ്ട് സി.ബി.ഐ. അന്വേഷിക്കണം എന്നുപറഞ്ഞ് ശ്രീമതി രമയെ കൊണ്ടുവന്ന് നിങ്ങൾ നടത്തുന്ന ഈ പൊ റോട്ട് നാടകം കേരളത്തിൽ ആരാണ് വിശ്വസിക്കുന്നത്. സി.പി.ഐ.(എം)-ന്റെ സംസ്ഥാന ജില്ലാ ഭാരവാഹികളെയൊക്കെ ശിക്ഷിക്കുംവരെ വിവിധ ഏജൻസികളെക്കൊണ്ട് മാറിമാറി അന്വേഷിപ്പിക്കണമെന്നാണോ നിങ്ങൾ ഉദ്ദേ ശിക്കുന്നത്. എടച്ചേരി പോലീസ് സ്റ്റേഷനിൽ പുതിയ പരാതി, അതിന്റെ ഭാഗ മായുള്ള കേസ്, ആ കേസ് സി.ബി.ഐ.യ്ക്ക് കൊടുക്കണം, ഇന്ന് വൈകു

ന്നേരം ശ്രീമതി രമ നിരാഹാര സമരം അവസാനിപ്പിക്കും, ഇന്ന് വൈകുന്നേരം ടിക്കറ്റ് ബുക്ക് ചെയ്തിട്ടുണ്ട്......... ഇങ്ങനെയൊക്കെയാണ് കേട്ടിരുന്നത്. ഇന്ന് വൈകുന്നേരം ആലോചന നടത്തിയപ്പോൾ വേണ്ടത്ര തൃപ്തയായില്ല, സി.ബി.ഐ.–യുടെ ഭാഗത്തുനിന്ന് അനുകൂല നിലപാടുണ്ടാകില്ല എന്നൊക്കെ പറഞ്ഞ് നിരാഹാര സമരം അല്പം നീട്ടിയുണ്ട്. ഇന്ന് കൂടുന്ന ക്യാബിനറ്റിൽ നിങ്ങൾ തീരുമാനമെടുക്കും. ഈ നാടകം കേരളത്തിലെ മുഴുവൻ ജനങ്ങൾക്കും മനസിലാകും. തിരുവനന്തപുരത്ത് നടക്കുന്നത് സമരാഭാസമാണ്. സമരപന്തലിൽ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും എം.എൽ.എ. മാരുമൊക്കെ പോയപ്പോൾ അവിടെ നടന്നതൊക്കെ ടി.വി.–യിൽ കണ്ടില്ലേ. ചിരിയും കളിയും പൊട്ടിച്ചിരിയും അട്ടഹാസവും ലോകത്തിലെ കോടിക്കണക്കിനാളുകൾ കണ്ടില്ലേ. വളരെ സന്തോഷകരമായി ചിരിച്ചുകളിച്ചുകൊണ്ട് സമരകേന്ദ്രത്തിൽ യു.ഡി.എഫ്., ബി.ജെ.പി., എസ്.ഡി.പി.ഐ., എൻ.ഡി.എഫ്., പോപ്പുലർ ഫ്രണ്ട്, അബ്കാരികൾ, ഗുണ്ടകൾ, സാമൂഹ്യവിരുദ്ധർ എല്ലാവരും അഭിവാദ്യം അർപ്പിക്കുന്നു. അഭിവാദ്യമർപ്പിക്കാനുള്ള കൊടികൾ അവിടെ സ്റ്റോക്കുണ്ട്, അതിനുള്ള ആളുകളും അവിടെയുണ്ട്. ആ രീതിയിലുള്ള സമരാഭാസമാണ് അവിടെ നടക്കുന്നത്.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ശ്രീ. വി. എസ്. അച്ചുതാനന്ദൻ ചെയ്തത് മാത്രമേ ഞാനും ചെയ്തിട്ടുള്ളൂ. ശ്രീ. വി. എസ്. അച്ചുതാനന്ദൻ ശ്രീമതി രമയുടെ വീട്ടിൽ പോയി, ഞാൻ സമരപ്പന്തലിൽ പോയി. അത്രയല്ലേയുള്ളൂ, അതിനെ തുല്യമായി കണ്ടാൽ പോരെ.

ശ്രീ. ബാബു എം. പാലിശ്ശേരി: സർ, അങ്ങ് അങ്ങനെ പല സ്ഥലങ്ങളിലും പോകുന്നുണ്ട്. അതിന്റെയൊക്കെ കുഴപ്പം ചിലപ്പോൾ ഉണ്ടാകുന്നുമുണ്ട്. ഞാൻ അതിലേക്കൊന്നും കടക്കുന്നില്ല. എന്റെ വിഷയം .........

മി. സ്പീക്കർ: നോ .... നോ...... അങ്ങനെ ഓരോരുത്തർക്കും വഴങ്ങിയാൽ ശരിയാവില്ല. നിങ്ങൾ നേരത്തെ സമയത്തിന്റെ കാര്യം പറഞ്ഞില്ലേ, ശ്രീ. വി. എസ്. സുനിൽ കുമാർ 27 മിനിട്ടെടുത്തു. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) 29 മിനിട്ടെടുത്തു. ശ്രീ. സണ്ണി ജോസഫിന് ഭേദഗതിയായിരുന്നു, 15 മിനിട്ടേ എടുത്തുള്ളൂ. ഇപ്പോൾ എത്ര മിനിട്ടായി. പ്ലീസ് ..... ഒരു മിനിട്ടുകൊണ്ട് കൺക്ലൂഡ് ചെയ്യൂ. ........

ശ്രീ. ബാബു എം. പാലിശ്ശേരി: സർ, ഞാൻ ........

ശ്രീ. റ്റി. വി. രാജേഷ്: സർ, ഇവിടെ ചില കേസുകളുടെ കാര്യത്തിൽ അമിതമായ താല്പര്യം കാണിക്കുന്നു. എല്ലാ കൊലപാതകവും എതിർക്കപ്പെടേണ്ടതാണ്. ഇവിടെ ഒരു പ്രസംഗത്തിന്റെ പേരിൽ കേരളത്തിലെ ഒരു പ്രമുഖനായ രാഷ്ട്രീയനേതാവിനെതിരെ ഈ ഗവൺമെന്റ് മൂന്ന് കേസെടുത്തു. എന്നാൽ സേവറി ഹോട്ടലിൽ ബോംബെറിഞ്ഞ് നാലുപേരെ കൊലപ്പെടുത്തിയ സംഭവം, മുൻ എം.എൽ.എ. ടി.കെ. ബാലന്റെ മകന്റെ കണ്ണ് നഷ്ടപ്പെടാനിടയായ അക്രമണം, ചൊവ്വ കോ-ഓപ്പറേറ്റീവ് ബാങ്കിൽ നടത്തിയിട്ടുള്ള ഭീകരമായ അക്രമണം തുടങ്ങി നാടിനെ നടുക്കിയ ഭീകരാക്രമണങ്ങളെക്കുറിച്ചും കൊലപാതകത്തെ സംബന്ധിച്ചും കണ്ണൂരിൽ ഡി.സി.സി. ഓഫീസ് സെക്രട്ടറിയായിരുന്ന പ്രശാന്ത് ബാബു ഏഷ്യാനെറ്റിലൂടെ ഞെട്ടിപ്പിക്കുന്ന വെളിപ്പെടുത്തൽ നടത്തി. ഞാൻ അതിൽ സാക്ഷിയാണ്, പങ്കാളിയാണ്. ആ വെളിപ്പെടുത്തലിൽ അദ്ദേഹം കണ്ണൂർ എം.പി.-യുടെ പങ്ക് എടുത്തുപറ

ഞ്ഞിരുന്നു. ഈ സംഭവത്തിന് ഇരയാകപ്പെട്ടവരുടെ ബന്ധുക്കൾ ആഭ്യന്തര വകുപ്പുമന്ത്രിക്ക് പരാതി കൊടുത്തു. എന്നാൽ ഇക്കാര്യത്തിൽ ഇതുവരെ അന്വേഷണം നടത്താൻ ഈ ഗവൺമെന്റ് തയ്യാറാകാത്തത് എന്തുകൊണ്ടാണ്; ഇത് ഈ ഗവൺമെന്റിന്റെ ഇരട്ട നീതിയല്ലേ; ഇരട്ടത്താപ്പല്ലേ? എന്താണ് അങ്ങയുടെ അഭിപ്രായം?

ശ്രീ. ബാബു എം. പാലിശ്ശേരി: സർ, അതിൽ ഒരു സംശയവുമില്ല. ഇവിടെ കുറെ സമരങ്ങൾ നടന്നില്ലേ. സമരപ്പന്തലുകളിൽ നിങ്ങളെല്ലാവരും മൈക്ക് ഉപയോഗിച്ചല്ലേ സംസാരിച്ചത്. നിങ്ങൾക്ക് നിയമം തെറ്റിക്കാം, മന്ത്രിമാർക്കും എം.എൽ.എ. മാർക്കും എന്തും ചെയ്യാം. ബാക്കിയെല്ലാവരുടെ പേരിലും കേസ് എടുക്കും. ഞങ്ങളോരുരുത്തരുടെയും പേരിൽ എത്ര കേസാണുള്ളത്. ഒരു ജാഥയിൽ പങ്കെടുത്തതിന്, ഒരു മുദ്രാവാക്യം വിളിച്ചതിന്, ഒരു കാര്യം ഗവൺമെന്റിനുമുന്നിൽ അവതരിപ്പിച്ചതിന്........ ഇത് ഇരട്ടത്താപ്പല്ലേ, ഇതെന്തു ന്യായമാണ്. ഇന്നത്തെ ദിവസം ഞങ്ങളല്ല രാഷ്ട്രീയം പറയാൻ തുടങ്ങിയത്.

മി. സ്പീക്കർ: നിങ്ങൾ രാഷ്ട്രീയം പറയണ്ടായെന്ന് ഞാൻ പറഞ്ഞില്ല. നിങ്ങൾ ഇഷ്ടംപോലെ പറഞ്ഞോളൂ. പക്ഷേ അതിന് സമയക്ലിപ്തതയുണ്ട്.

ശ്രീ. ബാബു എം. പാലിശ്ശേരി: സർ, അപ്പുറത്തുനിന്ന് തുടങ്ങിയപ്പോഴാണ് ഞങ്ങളും പറയാൻ തുടങ്ങിയത്.

മി. സ്പീക്കർ: ശ്രീ. ബാബു എം. പാലിശ്ശേരി എഴുതാപ്പുറം വായിക്കണ്ട. രാഷ്ട്രീയം പറയണ്ട എന്ന് ചെയർ പറഞ്ഞിട്ടില്ല. പക്ഷേ അതിന് നിയന്ത്രണമുണ്ട്.

ശ്രീ. ബാബു എം. പാലിശ്ശേരി: സർ, അപ്പുറത്തുനിന്ന് പറഞ്ഞുതുടങ്ങിയപ്പോൾ അതിന് മറുപടി പറയാൻ ഞങ്ങൾ ബാധ്യസ്ഥരാണ്. ആ സമരാഭാ

സത്തിൽ മാത്രം ഒതുങ്ങിനിന്ന് നിങ്ങൾക്ക് രക്ഷപ്പെടാമെന്ന് കരുതണ്ട. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) ഇവിടെ സൂചിപ്പിച്ചതുപോലെ ജനങ്ങൾ ഇതൊക്കെ കാണുന്നുണ്ട്. ആ ജനങ്ങളുടെ വിധി നിങ്ങൾക്ക് ഈ പാർലമെന്റ് തെരഞ്ഞെടുപ്പിൽ കിട്ടുമെന്ന കാര്യത്തിൽ സംശയമില്ല. നിങ്ങളെ ജനം തിരിച്ചറിയും. അക്കാര്യത്തിൽ എനിക്ക് യാതൊരു അഭിപ്രായവ്യത്യാസവുമില്ല. ഞാൻ ഈ ബില്ലിനെ എതിർക്കുന്നു.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, ഈ ബില്ലുമായി ബന്ധപ്പെട്ട് വരുന്ന കാര്യങ്ങൾ യഥാർത്ഥത്തിൽ ഇവിടെ ചർച്ച ചെയ്യത്തക്ക വിധത്തിലൊന്നുമില്ല. ഇന്ത്യയിലെ ബഹുഭൂരിപക്ഷം സംസ്ഥാനങ്ങളിലും മദ്യം വാങ്ങുന്നതിനും ഉപയോഗിക്കുന്നതിനുമുള്ള പ്രായപരിധി 18 വയസ്സിൽനിന്ന് 21 വയസ്സായി ഉയർത്തി. മഹാരാഷ്ട്ര, ഹരിയാന, പഞ്ചാബ് എന്നീ മൂന്ന് സംസ്ഥാനങ്ങളിൽ 25 വയസ്സാണ്. ചാണ്ടിഗഡ്, ഗോവ, ഹിമാചൽപ്രദേശ്, പോണ്ടിച്ചേരി, ഉത്തർപ്രദേശ്, സിക്കിം എന്നീ സംസ്ഥാനങ്ങളില്ലൊം 18 വയസ്സാണ്. കേരളത്തിലെ യുവാക്കളിൽ മദ്യപാനശീലം വർദ്ധിച്ചുവരുന്ന സാഹചര്യം കണക്കിലെടുത്താണ് 18 വയസ്സ് എന്നത് 21 വയസ്സായി ഉയർത്തിയത്. ഗ്യാലനേജ് ഫീസ് 30 രൂപയാക്കുന്നു എന്നാണ് ബഹുമാനപ്പെട്ട ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) പറഞ്ഞത്. 30 രൂപയാക്കുന്നില്ല, 30 രൂപവരെയായി ഉയർത്താനുള്ള ഒരു വ്യവസ്ഥ കൊണ്ടുവന്നു. 10 രൂപയിൽനിന്ന് 11.87 ആയാണ് ഉയർത്തുന്നത്. അല്ലാതെ 30 രൂപയായി

ഉയർത്തുന്നില്ല. അതിലൂടെ 1,000 കോടി രൂപ ഗവൺമെന്റ് സമാഹരിക്കാൻ കഴിയുമെന്ന് പറഞ്ഞത് തെറ്റാണ്. 400 കോടി രൂപയുടെ അധികവരുമാന മാണ് പ്രതീക്ഷിക്കുന്നതെന്ന് ധനകാര്യ വകുപ്പുമന്ത്രിതന്നെ പറഞ്ഞിട്ടുണ്ട്. 30 രൂപയാക്കി ഗ്യാലനേജ് ഫീസ് വർദ്ധിപ്പിക്കുന്നില്ല. 11 രൂപ 87 പൈസയാ യാണ് വർദ്ധിപ്പിക്കുന്നത്. അതാണ് ഒരു ഭേദഗതി. മറ്റൊന്ന്, സിനിമയിൽ മദ്യപാന രംഗങ്ങൾ പ്രദർശിപ്പിക്കുന്നത് സംബന്ധിച്ചാണ്. സിനിമകളിൽ മദ്യ പാന രംഗങ്ങൾ പ്രദർശിപ്പിക്കുമ്പോൾ അത് തടയാനുള്ള എന്തെങ്കിലുമൊരു നടപടി സ്വീകരിക്കണ്ടേ. അതിന്റെ ഭാഗമായി ഈ വ്യവസ്ഥ പുതിയതായി കൊണ്ടുവന്നു. സിനിമയിൽ മദ്യപാന രംഗങ്ങൾ പൂർണ്ണമായും നിരോധിക്കണ മെന്ന് ശ്രീ. സണ്ണി ജോസഫ് ഇവിടെ പറയുകയുണ്ടായി. കാരണം അങ്ങനെ ചെയ്താൽ അത് ആവിഷ്ക്കാര സ്വാതന്ത്ര്യത്തിന് നേരെയുള്ള കൈകടത്ത ലാകും എന്നുമാത്രമല്ല ചിലപ്പോൾ ചില വൈകാരിക മുഹൂർത്തങ്ങൾ പകർത്താൻ ഇത് വേണ്ടിവരും. അങ്ങനെ വരുമ്പോൾ ഇതിനൊരു മുന്നറി യിപ്പ് നൽകണം. അതിനുവേണ്ടിയുള്ള ഒരു വ്യവസ്ഥയുണ്ടാകണം. മറ്റൊന്ന്, ബാർ ഹോട്ടലുകളുടെ ഉടമസ്ഥാവകാശത്തിൽ മാറ്റം വരുത്തുമ്പോൾ അത് റഗുലറൈസ് ചെയ്യുന്നതിന് നേരത്തെ 25,000 രൂപ എന്ന ഒരു വ്യവസ്ഥയു ണ്ടായിരുന്നു, അത് മൂന്ന് ലക്ഷം രൂപയായി ഉയർത്തി. ബാർ ഹോട്ടലുകാരെ സഹായിക്കാനല്ല, നേരത്തെ 25,000 രൂപയ്ക്കുണ്ടായിരുന്ന ഒരു പ്രൊവിഷൻ മൂന്ന് ലക്ഷം രൂപയായി ഉയർത്തിക്കൊണ്ട് ബാറുകാരെ സഹായിച്ചെന്നാണ് പറയുന്നതെങ്കിൽ .............. അത്രയും മാറ്റങ്ങളാണ് ഇതിലുള്ളത്. പക്ഷേ അംഗ ങ്ങൾ സംസാരിച്ചപ്പോൾ ധാരാളം കാര്യങ്ങൾ പറഞ്ഞു. ഡിപ്പാർട്ടുമെന്റ്

ചെയ്യാനുദ്ദേശിക്കുന്ന ചില കാര്യങ്ങൾ പറഞ്ഞതിനുശേഷം ഇവിടെ പറഞ്ഞ കാര്യങ്ങൾക്കുള്ള മറുപടി പറയാം. ഈ ഡിപ്പാർട്ടുമെന്റിൽ അഴിമതിയുണ്ടെന്ന കാര്യം ഇവിടെ എല്ലാവരും പറഞ്ഞു. ഈ ഡിപ്പാർട്ടുമെന്റിൽ അഴിമതി എന്ന് തുടങ്ങിയതാണ്. ആദ്യം മുതൽതന്നെ ഈ ഡിപ്പാർട്ടുമെന്റിൽ ചില മാമൂലുകളും ഏർപ്പാടുകളുമൊക്കെ നിലനിൽക്കുന്നുണ്ട്. ഇവിടെ പലരും സംസാരിച്ചപ്പോൾ അവർ ഇത്രയുംകാലം ഈ നാട്ടിലുണ്ടായിരുന്നവരല്ല, പാർട്ടി സമ്മേളനത്തിന് വിയറ്റ്നാമിൽനിന്ന് പ്രതിനിധികൾ വന്നതുപോല സംസാരിക്കുന്നത് ശരിയല്ല. അപ്പുറത്തും ഇപ്പുറത്തും ഇരിക്കുന്നവർ ഈ വകുപ്പ് കൈകാര്യം ചെയ്തിട്ടില്ലേ? അന്ന് എല്ലാ ഗവൺമെന്റുകളുടെയും ശ്രമ ഫലമായിട്ടാണ് മദ്യവിൽപ്പന ഇത്രയും മുന്നോട്ട് പോയത്. അക്കാര്യം ആർക്കും നിഷേധിക്കാൻ സാധിക്കില്ല. പക്ഷേ ഇവിടെ കണ്ട ഒരു പൊതു സ്പിരിറ്റ് മദ്യത്തിന്റെ ഉപയോഗം കുറയ്ക്കണം, ലഹരിവിരുദ്ധ പ്രവർത്തനം ശക്തിപ്പെടുത്തണം എന്നതാണ്. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) സൂചിപ്പിച്ചത് ഞങ്ങൾക്കൊരു നയമില്ലെന്നാണ്. ഞങ്ങൾക്കൊരു നയമുള്ളതു കൊണ്ടാണ് ഈ മാറ്റങ്ങളെല്ലാം കൊണ്ടുവന്നത്.

ബാർ ഹോട്ടലുകൾ ധാരാളം കൊടുക്കുന്നതിനെക്കുറിച്ചും കെ.എസ്. ബി.സി. യെക്കുറിച്ചും സൂചിപ്പിച്ചു. യഥാർത്ഥത്തിൽ ഞാൻ നേരത്തെ പറഞ്ഞ സ്ഥിതി തന്നെയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ 384 ബിവറേജസ് ഔട്ട്ലെറ്റുകൾ ഉണ്ടായിരുന്നു. ഇപ്പോഴും ഒരെണ്ണവും കൂടിയിട്ടില്ല. ഈ ഗവൺമെന്റ് ഒരെണ്ണവും കൂട്ടില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഞങ്ങളുമെല്ലാം വ്യക്തമാക്കിയ കാര്യമാണത്. കൂട്ടിയാലും കൂട്ടിയില്ലെങ്കിലും കുഴപ്പം. ബാർ ഉടമസ്ഥരെ ഉപദ്രവിക്കുന്നതിന് ബിവറേജിന്റെ ഔട്ട്ലെറ്റ്

കേരളം മുഴുവൻ തുടങ്ങണമെന്നാണോ അഭിപ്രായം. ഒരു ഭാഗത്ത് മദ്യ ത്തിന്റെ വ്യാപനം കുറയ്ക്കണമെന്നും ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തണമെന്നുമാണ് പറയുന്നത്. മറുഭാഗത്ത് ബിവറേജസ് ഔട്ട്ലെറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കണമെന്ന് പറയുന്ന നിലപാടിനോട് ഗവൺമെന്റിന് യോജിപ്പില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ ഉണ്ടായിരുന്ന 384 ഔട്ട്ലെറ്റുകളിൽ ഗവൺമെന്റ് ശേഷിക്കുന്ന കാലം ഒരെണ്ണംപോലും കൂട്ടാൻ ഉദ്ദേശിക്കുന്നില്ല. അക്കൂട്ടത്തിൽ ശ്രീ. ജി. സുധാകരൻ സൂചിപ്പിച്ച കാര്യവുമുണ്ട്. ആലപ്പുഴ ജില്ലയിലെ ബിവറേജസ് ഔട്ട്ലെറ്റ് ഒരു കെട്ടിട ത്തിൽനിന്നും മാറിക്കൊടുക്കാൻ ആവശ്യപ്പെട്ടതനുസരിച്ച് പുതിയ സ്ഥലം കണ്ടുപിടിക്കുകയാണ് ചെയ്തത്. ഇന്ന് രാവിലെ അവിടെ സമരം നടക്കുന്ന തായി മനസ്സിലാക്കുകയും ആ സ്ഥലത്ത് ഔട്ട്ലെറ്റ് തുടങ്ങരുതെന്ന് ഞാൻ നിർദ്ദേശം കൊടുക്കുകയും ചെയ്തിട്ടുണ്ട്. ജനങ്ങളെ വെല്ലുവിളിച്ച് ഇത്തരം സ്ഥാപനങ്ങൾ നടത്താൻ ആഗ്രഹിക്കുന്നില്ല. അഴിമതിയെക്കുറിച്ച് പറഞ്ഞു. ഈ ഡിപ്പാർട്ടുമെന്റിൽ കുറച്ച് പ്രശ്നങ്ങൾ ഉണ്ടായിരന്നു. ഇപ്പോഴും അതുണ്ട്. ഇതിന്റെ അഫക്റ്റഡ് പാർട്ടീസ് ആരെങ്കിലും ഒരു തുണ്ട് കടലാസിൽ ഒരു പരാതി എഴുതിത്തന്നിട്ടുണ്ടോ? ഒരാളും ഇതുവരെ തന്നിട്ടില്ല. ഈ രംഗത്തുള്ള മാമൂലുകളും പ്രശ്നങ്ങളും ഒഴിവാക്കാൻവേണ്ടി ചില സുപ്രധാനമായ തീരു മാനങ്ങളെടുത്തിട്ടുണ്ട്. അതിൽ ഒന്ന്, ലൈസൻസ് ഓൺലൈനായി മാറ്റാൻ തീരുമാനിച്ചതാണ്. പേമെന്റ് ഇ-പേമെന്റ് ആക്കാനും തീരുമാനിച്ചു. ലൈസൻസ് എടുക്കുന്നതിനും പുതുക്കുന്നതിനും ബാർ ഹോട്ടൽ, ബിയർ/വൈൻ പാർലറുകളുടെ ഒരാളും കെ.എസ്.ബി.സി. യുടെ ഔട്ട്ലെ റ്റിൽ വരേണ്ട ആവശ്യമില്ല. ഐ.ടി. വകുപ്പുമന്ത്രി മനസ്സിലാക്കേണ്ട കാര്യം

കേരളത്തിൽ ഇതുപോലെ സർട്ടിഫിക്കറ്റുകൾ കൊടുക്കുന്നുണ്ട്. എക്സൈസ് വകുപ്പാണ് ആദ്യമായി സർവ്വീസ് മേഖലയിലേക്ക് അഡോപ്റ്റ് ചെയ്തത്. അതിന്റെ ഉദ്ഘാടനം നാളെ വൈകുന്നേരം നടക്കുകയാണ്. ഡിപ്പാർട്ടുമെന്റിലെ ഇ–പേമെന്റ്, ഇ–ഫയലിംഗ് എന്നിവ ഓൺലൈനായി നടപ്പാക്കുന്നു. ഓഫീസിലേക്ക് വരാതെ കുറച്ച് കാര്യങ്ങൾ അപ്പോൾത്തന്നെ തീരും. അതുപോലുള്ള ചില പരിഷ്ക്കാരങ്ങൾ നടപ്പിലാക്കുകയാണ്. വരുന്ന മൂന്നുവർഷം കൊണ്ട് 24 സർവ്വീസുകൾ ഓൺലൈനിലൂടെ നടപ്പിലാക്കാൻ തിരുമാനിച്ചിട്ടുണ്ട്. അഴിമതി കുറയ്ക്കാനും സുതാര്യതയ്ക്കും വേണ്ടിയാണ് ഇത്തരത്തിലുള്ള നടപടി സ്വീകരിക്കുന്നത്. മറ്റൊരുകാര്യം ഇവിടെ പാഠപുസ്തകങ്ങളിൽ പാഠ്യപദ്ധതിയുടെ ഭാഗമാക്കണമെന്ന് പറഞ്ഞു. അതിന്റെ ഭാഗമായി വിദ്യാഭ്യാസ വകുപ്പിന്റെ സഹായത്തോടെ എസ്.സി.ഇ.ആർ.ടി. തയ്യാറാക്കിയ ‘അതിജീവനം’ എന്ന കൈപുസ്തകം അദ്ധ്യാപകർക്ക് നൽകിയിട്ടുണ്ട്. ലഹരിവിരുദ്ധ പ്രവർത്തനത്തിനും ബോധവത്ക്കരണ പ്രവർത്തനത്തിനും അദ്ധ്യാപകരെ സഹായിക്കാൻ വേണ്ടിയാണ് ഇങ്ങനെ കൊടുത്തിട്ടുള്ളത്. എന്നുമാത്രമല്ല, സിലബസ് പരിഷ്ക്കരിക്കുമ്പോൾ 5, 7, 11 ക്ലാസ്സുകളിലെ ഭാഷാ സയൻസ്, സാമൂഹ്യപാഠം പുസ്തകങ്ങളിൽ മദ്യത്തിനും മയക്കുമരുന്നിനും എതിരെയുള്ള പാഠ്യഭാഗങ്ങൾ ഉൾപ്പെടുത്താൻ ശ്രമിക്കുകയാണ്. ചികിത്സയ്ക്കുവേണ്ടി ഒരു ശതമാനം സെസ്സ് മാറ്റിവയ്ക്കണമെന്ന് ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ), എം.എൽ.എ. യുടെ പ്രസംഗത്തിനിടയിൽ സൂചിപ്പിച്ചു. ആരോഗ്യ വകുപ്പ് നടപ്പാക്കുന്ന ജനറിക് മരുന്നുകളുടെ കാര്യത്തിൽ ഒരു ശതമാനം സെസ്സ് ബിവറേജസ് കോർപ്പറേഷൻ നൽകുന്നുണ്ട്. ഇക്കാര്യത്തിൽ ശ്രദ്ധിക്കുന്നുവെന്ന് മാത്രമല്ല, ബിവറേജസ് കോർപ്പറേഷന്റെ

സാമൂഹ്യ പ്രതിബദ്ധതയുടെ ഭാഗമയി 3.5 കോടി രൂപ ഉടൻ വിതരണം ചെയ്യുന്നതിന് താഴെത്തട്ടിലുള്ള പരിശോധനകളെല്ലാം പൂർത്തിയാക്കി, ഈ മാസം 15-ാം തീയതിക്കകം ഫൈനലൈസ് ചെയ്യണമെന്ന് തീരുമാനിച്ചിരിക്കുകയാണ്. മറ്റൊന്ന്, ബോധവത്ക്കരണ പ്രവർത്തനത്തെക്കുറിച്ച് സൂചിപ്പിച്ചു. ഞാൻ ആരേയും കുറ്റപ്പെടുത്തുകയല്ല. എല്ലാ ഗവൺമെന്റുകളും ഒരുവർഷം പരമാവധി 25 ലക്ഷം രൂപയിൽ ഒതുങ്ങുന്ന ബോധവത്ക്കരണ പ്രവർത്തനമാണ് ഇവിടെ നടത്തിയിട്ടുള്ളത്. നമ്മുടെ കൺസേൺ അത്രയേ ഉണ്ടായിരുന്നുള്ളു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എക്സൈസ് വകുപ്പ് ബോധവത്ക്കരണം എന്നുള്ളത് അജണ്ടയായി തീരുമാനിച്ചു. അതിന്റെ ഭാഗമായി ബോധവത്ക്കരണ പ്രവർത്തനത്തിന്റെ മാത്രം ചുമതലയുള്ള ജോയിന്റ് എക്സൈസ് കമ്മീഷണറുടെ തസ്തിക സൃഷ്ടിച്ചു. പൈസ കൊടുത്ത് കുടുംബശ്രീയെക്കൂടി ബോധവത്ക്കരണ പ്രവർത്തനങ്ങളിൽ പങ്കാളിയാക്കിയിട്ടുണ്ട്. സ്കൂളുകളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിക്കുന്നുണ്ട്. കോളേജുകളിലെ ലഹരി വിരുദ്ധ ക്ലബ്ബുകളുടെ പ്രവർത്തനം ഒരാഴ്ച മുമ്പ് കൊല്ലം ജില്ലയിൽ ഉദ്ഘാടനം ചെയ്തു. എല്ലാ മാധ്യമങ്ങളെ ഉപയോഗിച്ചും നാഷണൽ സർവ്വീസസ് സ്കീമുമായി സഹകരിച്ചും ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. ഇതിന്റെയൊക്കെ ഫലമായി ഒരു മാറ്റവും ഉണ്ടായിട്ടില്ലെന്ന് പറയാൻ സാധിക്കില്ല. ഇവിടെപ്പറഞ്ഞത് വ്യാജമദ്യം പെരുകുന്നതുകൊണ്ടാണെന്നാണ്. ഞാൻ ഒരു കാര്യം പറയാം. എക്സൈസ് ഡിപ്പാർട്ടുമെന്റ് മാത്രം വിചാരിച്ചാൽ നിർത്താൻ കഴിയുന്ന കാര്യമാണോ കേരളത്തിലെ മദ്യപാനശീലം? സമൂഹം ഒട്ടാകെയും ഓരോ കുടുംബത്തിന്റെ അന്തരീക്ഷത്തിലും മാറ്റമുണ്ടാകണം. നിയമം

കൊണ്ടുമാത്രം ഇത് പരിഹരിക്കാൻ സാധിക്കുമെന്ന് കരുതാൻ ഞാൻ അത്രയും മണ്ടനല്ല. പക്ഷേ, നമ്മുടെ സമൂഹത്തിൽ ഇതിനെക്കുറിച്ചൊരു ചർച്ച ഉണ്ടാക്കാനും ചെറിയ ചലനം ഉണ്ടാക്കാനും കഴിയണം. കൂരിരുട്ടിൽ മിന്നാമിനുങ്ങിന്റെ നുറുങ്ങുവെട്ടം പ്രകാശിപ്പിക്കുന്നതുപോലെ ഒരു ചെറിയ പരിശ്രമം ഈ കാലഘട്ടത്തിൽ നടത്തിയിട്ടുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ, 2010–11 സാമ്പത്തിക വർഷം വിൽപ്പനയിൽ 6730 കോടി രൂപയായിരുന്നത് 21 ശതമാനമായിരുന്നു. അളവ് 217.41. വർദ്ധനവിന്റെ ശതമാനം 16 ആയിരുന്നു. സമയക്കുറവുമൂലം എല്ലാ കണക്കുകളും വായിക്കുന്നില്ല. 2011–12–ൽ വിൽപ്പനയുടെ വർദ്ധനവിലുള്ള തോത് 11 ശതമാനമായി കുറഞ്ഞു. അതുകഴിഞ്ഞ് ഒരുശതമാനമായും ഇപ്പോൾ –3 ശതമാനവുമായി. വിൽപ്പനയിൽ 3 ശതമാനം കുറഞ്ഞു. ബിവറേജസ് കോർപ്പറേഷൻ വഴിയുള്ള വിൽപ്പന കുറഞ്ഞതിന്റെ അടിസ്ഥാനത്തിലാണ് ഈ കണക്ക്. എന്നാൽ മദ്യപാനശീലം പൂർണ്ണമായി കുറഞ്ഞുവെന്ന് പറയാൻ നമുക്ക് കഴിയില്ല. കേരളത്തിന്റെ ജീവിത ശൈലിയിൽ അടിഞ്ഞുകൂടിയ കാര്യമാണിത്. ഇവിടെ സൂചിപ്പിച്ചതുപോലെ മരിച്ചാലും ജനിച്ചാലും കുട്ടിക്ക് റാങ്ക് കിട്ടിയാലും കുട്ടി പരീക്ഷയിൽ തോറ്റാലും ബാച്ച്ലേഴ്സ് പാർട്ടി നടക്കുമ്പോഴും മദ്യം വേണമെന്നുള്ളത് കേരളത്തിന്റെ ശീലമായി. എക്സൈസ് വകുപ്പ് മാത്രം തീരുമാനിച്ചാൽ സാധിക്കുന്ന കാര്യമല്ലെങ്കിലും ഗവൺമെന്റ് പരമാവധി അതിന് ശ്രമിക്കുന്നുണ്ട്.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : സർ, ബോധവത്ക്കരണത്തിലൂടെ മദ്യപാനം ചുരുക്കുന്ന കാര്യത്തെക്കുറിച്ചാണ് പറയുന്നത്. എക്സൈസ് വകുപ്പും അതുപോലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ജനപ്രതിനിധികളും

കൂട്ടായി നടത്തിയ ശ്രമത്തിന്റെ ഫലമായി കേരളത്തിൽ ഒരു മദ്യഷാപ്പോ, ബാറോ ഇല്ലാത്ത നിയോജകമണ്ഡലമായി താനൂർ മണ്ഡലം മാറിയത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. ബാബു : സർ, താങ്കൾ പറഞ്ഞപ്പോൾ എന്റെ ശ്രദ്ധയിൽപ്പെട്ടു. കെ.എസ്.ബി.സി. – യിലെ ഡെപ്യൂട്ടേഷനെക്കുറിച്ച് പറഞ്ഞു. ഒരു കാര്യം മനസ്സിലാക്കേണ്ടത്, കെ.എസ്.ബി.സി. നടത്തിക്കൊണ്ടുപോകാൻ 4000 ജീവനക്കാർ വേണം. അവിടെയുള്ളത് 1721 തസ്തികകൾ മാത്രമാണ്. 900 പേരെ മാത്രമാണ് പി.എസ്.സി. നിയമിച്ചിട്ടുളളത്. 1657 പേരും അബ്കാരി ജീവനക്കാരും ഉൾപ്പെടെ 2557 ജീവനക്കാർ മാത്രമാണുള്ളത്. ബാക്കിയുള്ള വർക്ക് എന്തുചെയ്യും. മുൻ ഗവൺമെന്റുകളെല്ലാം ഡെപ്യൂട്ടേഷനിൽ നിയമ ച്ചിട്ടുണ്ട്. ഈ ഗവൺമെന്റും ഡെപ്യൂട്ടേഷനിൽ നിയമിച്ചു. പി.എസ്.സി. യിൽ നിന്നും കുറച്ച് തസ്തികകൾ കിട്ടിയിട്ടുണ്ട്. ഇപ്പോൾ വരുമാനം കൂടുത ലുള്ള 200 പേരെ ഡെപ്യൂട്ടേഷനിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. 25,000 രൂപ യെന്നുള്ള നിയന്ത്രണം കൊണ്ടുവന്നിട്ടുണ്ട്. ഡെപ്യൂട്ടേഷനിൽ വരുന്ന എല്ലാവർക്കും കെ.എസ്.ബി.സി.യിൽനിന്നും വരുമാനം ഉള്ളതു കൊണ്ടാണെന്ന് തെറ്റിദ്ധരിക്കരുത്.

തിരുവനന്തപുരത്ത് കുടുംബമായി താമസിക്കുന്ന ഒരാൾക്ക് സ്ഥലമാറ്റം കിട്ടിയത് കാസർഗോഡ് ജില്ലയിലാണെങ്കിൽ സ്വാഭാവികമായി അയാൾക്ക് ഇവിടെ കുടുംബവുമൊത്ത് ജീവിക്കാനുള്ള ആഗ്രഹംകൊണ്ട് ഡെപ്യൂട്ടേഷൻ ആവശ്യപ്പെടും. അങ്ങനെയുള്ളവർക്ക് നേരത്തെയും ഡെപ്യൂട്ടേഷൻ കൊടുത്തിട്ടുണ്ട്, ഇപ്പോഴും അത് തുടരുന്നുണ്ട്. ഇപ്പോൾ 25,000 രൂപയിൽ

കൂടുതൽ ശമ്പളമുള്ളവർക്ക് ഡെപ്യൂട്ടേഷൻ നൽകില്ലായെന്നൊരു വ്യവസ്ഥ കൊണ്ടു വന്നിട്ടുണ്ട്. കാരണം, ഈ പറഞ്ഞ പ്രശ്നമുള്ളതുകൊണ്ടാണ്, അത് ഗൗരവ്വമുള്ള ഒരു പ്രശ്നംതന്നെയാണ്. പിന്നെ, ശ്രീ. ബാബു എം. പാലിശ്ശേരി ഹോളോഗ്രാമിനെക്കുറിച്ച് പറഞ്ഞു, ഞങ്ങൾ സി–ഡിറ്റിനെ ഒഴിവാക്കി സ്വകാര്യ ഏജൻസിക്ക് കൊടുക്കാൻ പോകുന്നെന്ന് പറഞ്ഞു. ഞാനത് പല പ്രാവശ്യം പറഞ്ഞിട്ടുള്ള ഒരു കാര്യമാണ്, തെറ്റിദ്ധരിക്കരുത്. അവിടെ ഇപ്പോഴും സ്വകാര്യ കമ്പനിതന്നെയാണ് ഈ ജോലി ചെയ്യുന്നത്. ബിവറേജസ് കോർപ്പറേഷനിലെ ഹോളോഗ്രാം പതിക്കാൻ സി–ഡിറ്റിനെ ചുമതലപ്പെടുത്തി. ഞാൻ ചുരുക്കിപ്പറയാം, സി–ഡിറ്റ് ഒരു സ്വകാര്യ കമ്പനിയെ ഏർപ്പാട് ചെയ്തു. അവർക്ക് വാളയാറിൽ വേറെ പ്രശ്നമുണ്ട്, ഞാനൊരു കാര്യം പറയാം സി–ഡിറ്റ് എന്നുപറയുന്നത് ഒരു പ്രിന്റിംഗ് പ്രസ്സാണ്, ഒരു ഏജൻസിയാണ്. അവരാണോ തീരുമാനിക്കുന്നത് ബിവറേജസ് കോർപ്പറേഷന്റെ ലേബൽ എങ്ങനെ വേണമെന്ന്? നമ്മൾ ഒരു പ്രസ്സിൽ ഒരു നോട്ടീസ് അച്ചടിക്കാൻ കൊടുത്താൽ ആ നോട്ടീസിൽ എന്തൊക്കെ വേണമെന്ന് നമ്മളല്ലേ തീരുമാനിക്കുന്നത്; അല്ലാതെ ആ പ്രസ്സിന് തീരുമാനിക്കാൻ സാധിക്കുമോ? ഇപ്പോൾ നിങ്ങൾ പറയുന്നത് അതാണ്, ഞാൻ അത് പറ്റില്ലെന്നാണ് പറയുന്നത്. ഞങ്ങൾ 24 ഹൈ സെക്യൂരിറ്റിയുള്ള, കറൻസി അടിക്കുന്നതുപോലെ, വളരെ കൂടുതൽ വ്യവസ്ഥകളുള്ള ഒരു സംവിധാനം കൊണ്ടുവരാൻ ആലോചിക്കുകയാണ്. അപ്പോഴാണ് പറയുന്നത് ഒരു പ്രസ്സുകാരനുവേണ്ടി... അല്ല, ഞങ്ങൾ ഇതിന്റെ ടെണ്ടർ വിളിച്ച് സുതാര്യമായി സി–ഡിറ്റിനെയുംകൂടി ഉൾപ്പെടുത്തിക്കൊണ്ടാണ് നടത്തുന്നത്. ഞാൻ സമയപരിമിതിമൂലം അതിനെക്കുറിച്ച് പറയുന്നില്ല. എന്തുകൊണ്ട് ഇതിലേക്ക് പോയി

എന്നുചോദിച്ചാൽ, സി. ആന്റ് എ.ജി.യും എക്സൈസിലെ വിജിലൻസ് വിഭാഗവും ആ തട്ടിപ്പ് അവസാനിപ്പിക്കണമെന്ന് ചൂണ്ടിക്കാണിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ എക്സൈസ് കമ്മീഷണറുടെ കൈയൊപ്പോടുകൂടിയ സെക്യൂരിറ്റി ലേബലുകൾ വേണമെന്ന് തീരുമാനിച്ചു. ഇപ്പോൾ കറൻസി അച്ചടിക്കുന്നതുപോലെ. കറൻസി അച്ചടിക്കുന്ന പേപ്പറിൽത്തന്നെ ലേബൽ അടിക്കണമെന്നും തീരുമാനിച്ചു. അതിന്റെ അടിസ്ഥാനത്തിൽ 29–04–2013–ൽ സി–ഡിറ്റിന്റെ ചുമതലയുള്ള ബഹുമാനപ്പെട്ട മന്ത്രി ശ്രീ. കെ. സി. ജോസഫും ഞാനും സി–ഡിറ്റിലെ ഉദ്യോഗസ്ഥന്മാരും, ബിവറേജസ് കോർപ്പറേഷനിലെ ഉദ്യോഗസ്ഥന്മാരും, ടാക്സസ് ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥന്മാരും കൂടി ഒരു യോഗം ചേർന്നു. അതനുസരിച്ച് സി–ഡിറ്റ്, ഹോളോഗ്രാം സെക്യൂരിറ്റി സ്റ്റിക്കർ അച്ചടിക്കുന്നതിന് തീരുമാനിച്ചു. നിങ്ങൾ നേരത്തെപ്പറഞ്ഞത് സി–ഡിറ്റിനെ ഒഴിവാക്കിയെന്നാണ്. സി–ഡിറ്റിനെ ഒഴിവാക്കിയിട്ടില്ല. സി–ഡിറ്റിനെകൊണ്ട് ഇത് അച്ചടിക്കാൻ തീരുമാനിച്ചു. സി–ഡിറ്റിനെ ഒഴിവാക്കണോ; ഒഴിവാക്കാം. സി–ഡിറ്റിനെ ഒഴിവാക്കരുതെന്ന് ധാരാളം ആളുകൾ നിവേദനം നൽകിയിട്ടുണ്ട്. കാരണം, അവിടത്തെ തൊഴിലാളികളുടെ ജോലി നഷ്ടപ്പെടും ഒരുപാട് പേർ അപ്പുറത്തും ഇപ്പുറത്തുമുള്ളവർ നിവേദനം തന്നിട്ടുണ്ട്. അതുകൊണ്ട് സി–ഡിറ്റിനെ ഇഷ്ടമില്ലെങ്കിലും ഇതിൽ ഉൾപ്പെടുത്തി മുന്നോട്ടുപോകാൻ തീരുമാനിച്ചു. ഒരു ഘട്ടത്തിൽ നിങ്ങളെല്ലാം സി–ഡിറ്റിനെ ഒഴിവാക്കുന്നുവെന്നാണ് പറഞ്ഞുകൊണ്ടിരുന്നത്. ഇപ്പോൾപ്പറയുന്നു, സി–ഡിറ്റിനെ ഒഴിവാക്കി എക്സൈസ് വകുപ്പ് നേരിട്ട് ചെയ്യണമെന്ന്. നേരത്തെ ഉണ്ടായിരുന്ന പ്രചരണമെല്ലാം സി–ഡിറ്റിനെ ഒഴിവാക്കുന്നുവെന്നായിരുന്നു. ഇപ്പോൾ സി–ഡിറ്റിനെ ഒഴിവാക്കുന്നില്ല. സി–ഡി

റ്റിനെക്കൂടി ഉൾക്കൊണ്ടുകൊണ്ട് ഈ കാര്യം കുറ്റമറ്റതായി ചെയ്യുകയാണ്. ഇപ്പോൾ ഞങ്ങൾ ആർ.എഫ്.ക്യു (റിക്വസ്റ്റ് ഫോർ ക്വാളിഫിക്കേഷൻ) തയ്യാറാക്കുന്നതിന് എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിൽ ഒരു കമ്മിറ്റി രൂപീകരിച്ചു. ആ കമ്മിറ്റി ഹോളോഗ്രാം സ്റ്റിക്കറിനെ സംബന്ധിച്ച് വിശദമായ വിവരങ്ങൾ ചർച്ച ചെയ്യുകയും ഇതുസംബന്ധിച്ച് ഒരു താൽപ്പര്യപത്രം ക്ഷണിക്കാനും തീരുമാനിച്ചു. അങ്ങനെ ക്ഷണിച്ചപ്പോൾ ഇവിടെ പറഞ്ഞതുപോലെ ഒരു കമ്പനിയല്ല, ഏഴ് സ്ഥാപനങ്ങൾ താൽപ്പര്യപത്രം സമർപ്പിച്ചു. 7 കമ്പനികളുടെയും പ്രസന്റേഷൻ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ അവർ വന്ന് വിദഗ്ദ്ധ സമിതിയുടെ മുമ്പാകെ പ്രസന്റേഷൻ അവതരിപ്പിച്ചു. ഒരു വിദഗ്ദ്ധ കമ്മിറ്റിയെ ഇപ്പോൾ നിയോഗിച്ചിരിക്കുകയാണ്. ഇത് വളരെ സുതാര്യമായി നടക്കുന്ന ഒരു കാര്യമാണ്. ഇത് സുതാര്യമായി നടക്കണമെന്നുള്ള ഒറ്റ താൽപ്പര്യം മാത്രമെ ഇതിനകത്തുള്ളൂ. ഇതിലെ തട്ടിപ്പ് അവസാനിപ്പിക്കണം. സി. ആന്റ് എ.ജി.യും എക്സൈസിലെ വിജിലൻസ് ഉദ്യോഗസ്ഥരും ചൂണ്ടിക്കാണിച്ചതുപോലെ കുറ്റമറ്റരീതിയിൽ നടപ്പാക്കണം. ബാക്കി വിശദമായി പിന്നീട് ചർച്ച ചെയ്യാമെന്നു കരുതിയതാണ്. ഇവിടെ ശ്രീ. വി. എസ്. സുനിൽ കുമാറും മറ്റ് മെമ്പർമാരുമൊക്കെ സംസാരിച്ചപ്പോൾ അവർ പറഞ്ഞ ഒരു കാര്യം, കള്ള് വ്യവസായത്തെ തളർത്തുന്നു, ബാർ ഹോട്ടലുകളെ പ്രോത്സാഹിപ്പിക്കുന്നു എന്നാണ്. ഇവിടെ പൊതുവേ ഉണ്ടായ ഒരു ചർച്ചയാണ് ഞാൻ പറഞ്ഞത്. ഞങ്ങളെ സംബന്ധിച്ചിടത്തോളം നിങ്ങൾ നേരത്തെ പറഞ്ഞതുപോലെയല്ല ഞങ്ങൾക്ക് വ്യക്തമായ നയമുണ്ട്. എന്താണ് നയം; കള്ളുചെത്ത് വ്യവസായത്തെ സംരക്ഷിക്കണം, അതേസമയം വിദേശ മദ്യത്തിന്റെ ലഭ്യത കുറച്ചുകൊണ്ടുവരണം അതിന് ഞങ്ങളൊരു

നയം കൊണ്ടുവന്നു. ആ നയം എന്താണ്; നേരത്തെ ഉണ്ടായിരുന്നതുപോലെ ത്രീ സ്റ്റാർ ഹോട്ടലുകൾക്കും ഫോർ സ്റ്റാർ ഹോട്ടലുകൾക്കും ബാർ ലൈസൻസ് കൊടുക്കില്ല, ഫൈവ് സ്റ്റാർ ഹോട്ടലുകൾക്ക് മാത്രമെ ബാർ ലൈസൻസ് കൊടുക്കുന്നുള്ളൂ. ഹോട്ടലുകൾ തമ്മിൽ 1 കിലോമീറ്റർ ദൂരം കോർപ്പറേഷനിലും 3 കിലോമീറ്റർ ദൂരം മുനിസിപ്പാലിറ്റിയിലും പഞ്ചായത്തിലും വേണമെന്നൊക്കെ ഞങ്ങൾ വ്യവസ്ഥ കൊണ്ടുവന്നു. ഞങ്ങൾ വ്യവസ്ഥ പ്രഖ്യാപിക്കുക മാത്രമല്ല, റൂൾസിൽ ഭേദഗതി കൊണ്ടുവന്നു. റൂൾസിൽ കൊണ്ടുവന്ന ഭേദഗതി എന്റെ കൈയിലുണ്ട്, ഇപ്പോൾ ആവശ്യമാണെങ്കിൽ ഞാൻ മേശപ്പുറത്ത് വയ്ക്കാം. ഇതിൽ കാര്യമില്ല, കാരണം ഇത് എല്ലാപേർക്കും അറിയാവുന്ന കാര്യമാണ്. പക്ഷെ, നിർഭാഗ്യകരമായ ഒരു കാര്യമെന്താണെന്ന് വച്ചാൽ എക്സൈസ് ഡിപ്പാർട്ട്മെന്റിന്റെയും ടാക്സസ് ഡിപ്പാർട്ടുമെന്റിന്റെയും കൗണ്ടർ പെറ്റീഷൻ പോലും ഫയൽ ചെയ്യാൻ സമ്മതിക്കാതെ ബഹുമാനപ്പെട്ട ഹൈക്കോടതിയിലെ ഒരു ബഞ്ച് ഈ റൂൾസിൽ ഭേദഗതി ചെയ്തത് റദ്ദാക്കി. ഞങ്ങൾ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ ഇതിനെതിരെ സ്റ്റേയ്ക്ക് പോയെങ്കിലും സ്റ്റേ കിട്ടിയില്ല. ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ കേസ് നടത്തി, ഇപ്പോൾ കേസ് കേട്ടതിനുശേഷം വിധി പറയാൻവേണ്ടി മാറ്റിവച്ചിരിക്കുകയാണ്. ഉടനെ വിധിയുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. ആ വിധി വന്നാൽ കേരളത്തിൽ ഇനി ഫൈവ് സ്റ്റാർ ഹോട്ടലുകൾക്കുമാത്രമേ ബാർ ലൈസൻസ് കൊടുക്കുകയുള്ളൂ. നേരത്തെ ഫൈവ് സ്റ്റാർ ഹോട്ടലുകൾക്ക് 10 മുറി മതിയായിരുന്നു, ഇപ്പോൾ ഞങ്ങൾ കൊണ്ടുവന്ന വ്യവസ്ഥ 25 മുറി വേണമെന്നാണ്. ഫൈവ് സ്റ്റാർ ഹോട്ടലുകൾക്ക് 25 മുറി വേണമെന്നാണ് ഗവൺമെന്റ് ഇപ്പോൾ കൊണ്ടുവന്ന

ഭേദഗതി. അപ്പോൾ ഞങ്ങൾ വിദേശ മദ്യത്തെ പ്രോത്സാഹിപ്പിക്കുകയാണോ? ഞങ്ങൾ കെ.എസ്.ബി.സി. യുടെ പുതിയ ഔട്ട്ലെറ്റ് തുടങ്ങിയില്ല, ഞങ്ങൾ ത്രീസ്റ്റാർ/ഫോർ സ്റ്റാർ ഹോട്ടലുകളിൽ ബാർ വേണ്ടെന്ന് തീരുമാനിച്ചു, ദൂരപരിധി നിയമം കൊണ്ടുവന്നു, ഹോട്ടലുകളുടെ സമയം 3 മണിക്കൂർ വെട്ടിക്കുറച്ചു. എന്നിട്ടും ഞങ്ങൾ വിദേശമദ്യ ലോബി, ബാറുകളെ പ്രോത്സാഹിപ്പിക്കുന്നുവെന്നാണ് പറയുന്നത്. അപ്പുറത്തിരിക്കുന്ന മെമ്പർമാർ മനസ്സിലാക്കേണ്ട ഒരു കാര്യം കഴിഞ്ഞ 11 മാസത്തിനുള്ളിൽ കേരളത്തിൽ ഒരു ബാർ ഹോട്ടലിന് മാത്രമേ ലൈസൻസ് കൊടുത്തിട്ടുള്ളൂ. കമ്മീഷൻ റിപ്പോർട്ട് വരുന്നതുവരെ ഇനി ബാർ ലൈസൻസ് അനുവദിക്കണ്ടായെന്നാണ് ഞങ്ങൾ മന്ത്രിസഭാ യോഗം കൂടി തീരുമാനിച്ചത്. അപ്പോൾ 11 മാസത്തിനുള ളിൽ ഒരു ബാർ ഹോട്ടൽ അനുവദിച്ചതിന്റെ കാരണംതന്നെ ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതി ഒരു contempt എടുക്കാനുള്ള തീരുമാനമെടുത്തതു കൊണ്ട് മാത്രമാണ്. ഞങ്ങൾക്ക് വിദേശമദ്യ ലോബിയോട് പ്രീണനമില്ലെന്ന് മനസ്സിലായില്ലേ? ഇനി, കള്ള് വ്യവസായത്തിന്റെ കാര്യം ശ്രീ. വി. എസ്. സുനിൽ കുമാറിന് അറിയാമല്ലോ, ശ്രീ. വി. എസ്. സുനിൽ കുമാർ പ്രതിനിധാനം ചെയ്യുന്ന പ്രദേശത്തെ കള്ള് ഷാപ്പുകൾ പ്രവർത്തിപ്പിച്ചത് ഈ ഗവൺമെന്റാണ്; അല്ലേ? അല്ലെന്ന് പറയാൻ പറ്റുമോ? പറഞ്ഞോ, പറയില്ല. ഞാനത് സഭയ്ക്ക് മനസ്സിലാകാൻവേണ്ടിയാണ് പറഞ്ഞത്, അല്ലാതെ തെറ്റിദ്ധരിക്കരുത്. ഞങ്ങളുവന്നപ്പോൾ നമ്മുടെ സംസ്ഥാനത്ത് ഏകദേശം 5215 ഷാപ്പുകളുള്ളതിൽ 914 കള്ളുഷാപ്പുകൾ പ്രവർത്തിച്ചിരുന്നില്ല. ഞങ്ങൾ രണ്ടാമത്തെ വർഷം നോക്കിയപ്പോൾ 645 ഷാപ്പുകളായി അത് കുറഞ്ഞു.

2012–13–ൽ 546 ആയിട്ട് കുറഞ്ഞു. നിങ്ങൾക്കെല്ലാമറിയാം, അല്ലെങ്കിൽ നിങ്ങളുടെ ട്രേഡ് യൂണിയൻ നേതാക്കളോട് ചോദിച്ചാൽ മതി, ഈ രംഗത്തെടുത്ത തീരുമാനങ്ങളെല്ലാം ഈ മേഖലയിലെ തൊഴിലാളി സംഘടനകളുമായി ചർച്ചചെയ്ത് വളരെ യോജിപ്പോടുകൂടി അവരുടെ നിർദ്ദേശങ്ങൾകൂടി ഉൾക്കൊണ്ടാണ് എടുത്തിട്ടുള്ളത്. കഴിഞ്ഞ ആഴ്ചയിൽ അടുത്ത വർഷത്തെ നയം തീരുമാനിക്കാൻ യോഗം ചേർന്നു. അപ്പോൾ കൊടുങ്ങല്ലൂരിൽ റെയ്ഞ്ച് അടിസ്ഥാനത്തിലാക്കണമെന്ന് നിങ്ങളുടെ പ്രതിനിധികൾ ആവശ്യപ്പെട്ടു. ഞങ്ങൾ അത് ഉൾക്കൊണ്ടു. അടുത്ത വർഷത്തെ കള്ളുഷാപ്പുകൾ ലേലം ചെയ്യുന്നതുമായി ബന്ധപ്പെട്ട നയം ഞങ്ങൾ വളരെ പെട്ടെന്നുതന്നെ സംഘടനകൾ പറഞ്ഞ നിർദ്ദേശങ്ങളുൾക്കൊണ്ടുകൊണ്ട് മന്ത്രിസഭാ യോഗത്തിൽ കൊണ്ടുവരികയാണ്.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ചെത്തുവ്യവസായത്തെ തകർത്തുവെന്നൊന്നും ഞാൻ പറയില്ല. പക്ഷേ ഞാൻ അങ്ങയോട് ചോദിക്കുന്ന ഒരു കാര്യം, എക്സൈസ് ഡിപ്പാർട്ടുമെന്റിന്റെ പൊതുവേയുള്ള ഒരു അറ്റിറ്റ്യൂഡ് മന്ത്രി എന്ത് നിലപാടെടുത്താലും ശരി....... കൊടുങ്ങല്ലൂരിന്റെ കാര്യത്തിൽതന്നെ മന്ത്രിയെടുത്ത നിലപാടിന് വ്യത്യസ്തമായ നിലപാടാണ് അവിടത്തെ ഡി.സി. എടുത്തത്. തൃശ്ശൂരിലെ ആ ഡി.സി.യുടെ താല്പര്യം വേറെയായിരുന്നു. അടച്ചുപൂട്ടണമെന്നുതന്നെയായിരുന്നു ആ ഡി.സി.യുടെ താല്പര്യം. അത് ശ്രീ. കെ. ബാബുവിന് മനസ്സിലായിട്ടുണ്ടോ എന്നെനിക്കറിയില്ല.. കള്ളുവ്യവസായവുമായി ബന്ധപ്പെട്ട് അങ്ങേയ്ക്ക് ഇത്രയും താല്പര്യമുണ്ട് എന്നുഞാൻ പറയാൻ കാര്യം ഇതിനെ സംരക്ഷിക്കാൻ വേണ്ടി ഒരു

അപ്പെക്സ് സൊസൈറ്റി രൂപീകരിച്ച് ഒരു പ്രത്യേക സംവിധാനത്തിന്റെ കീഴിൽ കൊണ്ടുവന്നുകൊണ്ട് ഉദയഭാനു കമ്മീഷൻ റിപ്പോർട്ടിൽ പറയുന്ന പ്രകാരം ലഹരി കുറഞ്ഞ ഒരു മദ്യമെന്ന നിലയിൽ കള്ളുവ്യവസായത്തെ സംരക്ഷിക്കാൻ വേണ്ടിയിട്ടുള്ള പ്രത്യേകമായ ഒരു പദ്ധതി തയ്യാറാക്കാൻ അങ്ങയുടെ മനസ്സിലെന്തെങ്കിലും ഐഡിയയുണ്ടോ? ഗവൺമെന്റിന് എന്തെങ്കിലും താല്പര്യമുണ്ടോ?

ശ്രീ. കെ. ബാബു: സർ, ഞാൻ പറഞ്ഞുവന്ന കാര്യം പൂർത്തിയാക്കിയിട്ട് പറയാം. 993 ഷാപ്പുകൾ ഇപ്പോൾ പ്രവർത്തിക്കുന്നില്ല. ആ ഷാപ്പുകളുടെ ലേലം ഈ പത്താം തീയതിക്കുള്ളിൽ നടത്താൻ നോട്ടിഫിക്കേഷൻ ആയിക്കഴിഞ്ഞു. ഇതെല്ലാം നിങ്ങളുടെ സംഘടനകൾ ആവശ്യപ്പെട്ടതനുസരിച്ചിട്ടാണ്. 993 ഷാപ്പുകൾക്ക് നോട്ടിഫിക്കേഷൻ ആയിക്കഴിഞ്ഞു. ബാക്കി ഷാപ്പുകൾ മറ്റ് ചില സാങ്കേതികകാരണങ്ങളും നിയമപരമായ കാരണങ്ങളും കൊണ്ടാണ് തുറന്ന് പ്രവർത്തിപ്പിക്കാൻ കഴിയാത്തത്. ഞങ്ങൾ പഞ്ചായത്തുകൾക്ക് അധികാരം കൊടുത്തു, ഇപ്പോൾ അഴിമതി വികേന്ദ്രീകരണം നടക്കുകയാണ് എന്നൊക്കെ പ്രതിപക്ഷത്ത് ഒരാൾ പറഞ്ഞു. കേരളത്തിലെ സാമൂഹിക സാംസ്കാരിക പ്രവർത്തകരെല്ലാം ആവശ്യപ്പെട്ടതനുസരിച്ചാണ് അധികാരം കൊടുത്തത്. അല്ലാതെ ഞങ്ങൾക്ക് വേറെ യാതൊരു ഉദ്ദേശവുമുണ്ടായിരുന്നില്ല. ആ സ്പിരിറ്റിൽ അവർ അത് ഉൾക്കൊണ്ടില്ല. ഇപ്പോൾ കള്ളുഷാപ്പുകൾ തൊഴിലാളി കമ്മിറ്റികൾ ഏറ്റെടുക്കുമ്പോൾ മുൻകൂർ പണം കെട്ടിവയ്ക്കണ്ട. തൊഴിലാളികളുടെ ഒരുമാസത്തെ വേതനം, മൂന്നുമാസത്തെ ക്ഷേമനിധി തുക ഒക്കെ ഒഴിവാക്കി. ഇപ്പോൾ 500 രൂപയ്ക്കാണ് തൊഴിലാളി

സമിതികൾക്ക് ഷാപ്പ് കൊടുക്കുന്നത്. ഈ ഗവൺമെന്റ് വന്നതിനുശേഷമാണ് വൃഷക്കരം ഒഴിവാക്കി ഉത്തരവിറക്കിയത്.

ശ്രീ. പി. കെ. ഗുരുദാസൻ: സർ, ഒരു കാര്യം എനിക്ക് പറയാനുള്ളത് മദ്യത്തിന്റെ ഉപയോഗം മൈനസ് 3 ശതമാനമായി എന്നു പറയുമ്പോൾ കേരളത്തിൽ മദ്യപാനാസക്തി കുറഞ്ഞുവെന്ന് നിങ്ങൾ വിലയിരുത്തരുത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 16 ശതമാനം 18 ശതമാനം 25 ശതമാനം എന്ന തോതിൽ വർദ്ധിച്ച് ഈ ഗവൺമെന്റ് വന്നതിനുശേഷം വീണ്ടും കുറച്ചുകൂടി വർദ്ധിച്ചു. പിന്നെ വീണ്ടും മൈനസിലേയ്ക്ക് പോയിയെന്നുപറയുന്നത് മദ്യപാനാസക്തി കുറഞ്ഞതുകൊണ്ടാണെന്ന നിഗമനത്തിൽ ഗവൺമെന്റ് എത്തുന്നത് അബദ്ധമാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ലളിതാംബികാ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒരു സമഗ്രമായ നിയമഭേദഗതി കൊണ്ടുവന്നു. അതിന്റെ തുടർച്ചയെന്ന നിലയിൽ നിങ്ങൾ നിയമഭേദഗതി കൊണ്ടുവരുന്നത് സന്തോഷംതന്നെയാണ്. പക്ഷേ അന്ന് സമഗ്രമായ നിയമ ഭേദഗതി 1977–ലെ നിയമത്തിൽ കൊണ്ടുവന്നെന്നുമാത്രമല്ല കുറേയധികം ഭേദഗതികൾ വരുത്തി. ആ പരിഷ്കാരങ്ങളോടൊപ്പംതന്നെ നമ്മൾ വലിയ പ്രചാരണവും നടത്തി. അങ്ങും ആ കമ്മിറ്റിയിലെ അംഗമായിരുന്നു. മജീഷ്യൻ മുതുകാടിന്റെ തെരുവുനാടകമുൾപ്പെടെ നിരവധി കാര്യങ്ങൾ ചെയ്തു. എന്നിട്ടും ഇവിടെ മദ്യപാനം കുറഞ്ഞില്ല. ഇപ്പോൾ മൈനസ് 3 ശതമാനമായി എന്നുള്ളത് മദ്യപാനാസക്തി കുറഞ്ഞതുകൊണ്ടാണ് എന്നുള്ള നിഗമനത്തിൽ എത്തിച്ചേരുന്നത് അബദ്ധമായിരിക്കുമെന്നാണ് എനിക്ക് പറയാനുള്ളത്.

മി. സ്പീക്കർ: ഇതൊരു ഡിമാൻഡ് ചർച്ച പോലെയായല്ലോ.

ശ്രീ. കെ. ബാബു: സർ, അദ്ദേഹം മുൻ മന്ത്രിയാണല്ലോ എന്നുകരുതി വഴങ്ങിയതാണ്. പുതിയ ആളുകൾ ഈ രംഗത്തേയ്ക്ക് കടന്നുവരുന്നത് തടയാനേ സാധിക്കൂ എന്നാണ് ഞാൻ കരുതുന്നത്. ആ ശ്രമമാണ് ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത്. ഏതായാലും ഇവിടെ ശ്രീ. വി. എസ്. സുനിൽ കുമാർ പറഞ്ഞതുപോലെ കള്ളു വ്യവസായത്തെ സംരക്ഷിക്കാൻ വേണ്ടി ഞങ്ങൾ നല്ല നിലപാടാണ് സ്വീകരിച്ചത്. എന്നുമാത്രമല്ല ഈ വർഷം തൊഴിലാളി സംഘടനകളെല്ലാം പറഞ്ഞു മൂന്നു വർഷത്തേയ്ക്ക് കള്ളുഷാപ്പുകൾക്ക് കൊടുക്കണമെന്നും ഒരോ മോഡൽ ഷാപ്പുകൾ വീതം ഈ വ്യവസായം നിലനിറുത്തുന്നതിന്റെ ഭാഗമായി വേണമെന്നും. ഈ രണ്ട് ആവശ്യങ്ങളും ഉൾക്കൊണ്ടുകൊണ്ടുള്ള ഭേദഗതി വരാൻ പോകുകയാണ്. കേരളത്തിലെ കള്ളുവ്യവസായ തൊഴിലാളികളോട് നിങ്ങൾക്ക് ഒരുപാട് ആഭിമുഖ്യമുണ്ടല്ലോ. എന്നിട്ട് പൂട്ടിക്കിടക്കുന്ന ഷാപ്പുകളിലെ ചെത്തുതൊഴിലാളികൾക്കും ബാക്കിതൊഴിലാളികൾക്കും ഓണക്കാലത്ത് ഒരു ചെറിയ സഹായമെങ്കിലും നിങ്ങളുടെ കാലത്ത് കൊടുത്തിട്ടുണ്ടോ? ഈ വർഷം ശ്രീ. ഉമ്മൻ ചാണ്ടി ഗവൺമെന്റ് പുട്ടികിടക്കുന്ന കള്ളുഷാപ്പുകളിലെ തൊഴിലാളികൾക്ക് ഓണക്കാലത്ത് 50 ലക്ഷം രൂപ ഒരു ചെറിയ സഹായം നൽകി. അതുകൊണ്ട് ഞങ്ങൾക്ക് വ്യക്തമായ കാഴ്ചപ്പാടുണ്ട്, നയമുണ്ട്. അതിന്റെ ഭാഗമാണിങ്ങനെ സഹായം നൽകിയത്. ഇവിടെ സംസാരിച്ച പലരും ഭേദഗതികളെക്കുറിച്ചല്ല, ഈ വ്യവസായ രംഗത്തെ പ്രശ്നങ്ങളെക്കുറിച്ചാണ് കൂടുതലും പറഞ്ഞത്. ഇവിടെ പറഞ്ഞ മിക്കവാറും കാര്യങ്ങൾക്ക് ഞാൻ മറുപടി പറയാൻ ശ്രമിച്ചിട്ടുണ്ട്. സമയം വളരെ വൈകിയതുകൊണ്ട് കൂടുതലായി ഒന്നും സംസാരിക്കുന്നില്ല എന്നു പറഞ്ഞുകൊണ്ട് ഞാൻ നിറുത്തുന്നു.

മി. സ്പീക്കർ: ശ്രീ. വി. എസ്. സുനിൽ കുമാർ അങ്ങയുടെ 40-ാം നമ്പർ ഓർഡിനൻസായ 2013-ലെ അബ്കാരി (ഭേദഗതി) ബിൽ നിരാകരിക്കണമെന്ന പ്രമേയം പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. വി. എസ്. സുനിൽ കുമാർ അവതരിപ്പിച്ച 40-ാം നമ്പർ ഓർഡിനൻസായ 2013-ലെ അബ്കാരി (ഭേദഗതി) ബിൽ നിരാകിരിച്ചു.

ശ്രീ. സണ്ണി ജോസഫ് അങ്ങയുടെ 1(എ) (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. സണ്ണി ജോസഫ്: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 1(എ) (ബി) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. ബാബു എം. പാലിശ്ശേരി അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ബാബു എം. പാലിശ്ശേരി: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. ബാബു എം. പാലിശ്ശേരി അവതരിപ്പിച്ച 2(ബി) നമ്പർ ഭേദഗതി നിരാകരിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013-ലെ അബ്കാരി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ...........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പരിഗണനയ്ക്കെടുക്കുന്നു.

**വകുപ്പ് തിരിച്ചുള്ള പരിഗണന**

**2-ാം വകുപ്പ്**

Smt. K. S. Saleekha : Sir, I move the following amendments:

120. In the marginal heading of section 15A of the principal Act proposed to be amended by clause 2(a), for the figure “21” substitute the figure “25”.

121. In section 15A of the principal Act proposed to be amended by clause 2(b), for the figure “21” substitute the figure “25”.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീമതി കെ. എസ്. സലീഖ അവതരിപ്പിച്ച 120, 121 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ............

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**3-ാം വകുപ്പ്**

Smt. K. S. Saleekha : Sir, I move the following amendments:

122. In the marginal heading of section 15B of the principal Act proposed to be amended by clause 3(a), for the figure "21" substitute the figure "25".

123. In section 15B of the principal Act proposed to be amended by clause 3(b), for the words "twenty one" substitute the words "twenty five".

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീമതി കെ. എസ്. സലീഖ അവതരിപ്പിച്ച 122, 123 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ............

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**4-ാം വകുപ്പ്**

Shri Anwar Sadath : Sir, I move the following amendment:

124. In the entry against clause (b) of section 18(4) of the principal Act proposed to be substituted by clause 4, for the letters, figures words and brackets "Rs.30

(Rupees thirty) per bulk litre" substitute the letters, figures, words and brackets "Rs.35 (Rupees thirty five) per bulk litre."

Shri Shafi Parambil : Sir, I move the following amendment:

125. In the entry against clause (b) of section 18(4) of the principal Act proposed to be substituted by clause 4, for the letters figures words and brackets "Rs.30 (Rupees thirty) per bulk litre" substitute the letters, figures, words and brackets "Rs.40 (Rupees forty) per bulk litre."

Shri A. T. George : Sir, I move the following amendment:

127. In the entry against clause (b) of section 18(4) of the principal Act proposed to be substituted by clause 4, for the letters figures words and brackets "Rs.30 (Rupees thirty) per bulk litre" substitute the letters figures words and brackets "Rs.45 (Rupees forty five) per bulk litre."

Shri I. C. Balakrishnan : Sir, I move the following amendment:

128. In the entry against clause (b) of Section 18(4) of the principal Act proposed to be substituted by clause 4, for

the letters, figures, words and brackets “Rs. 30 (Rupees thirty) per bulk litre”, substitute the letters, figures, words and brackets “Rs. 50 (Rupees fifty) per bulk litre.”

Shri K. Muraleedharan : Sir, I move the following amendment:

132. In the entry against clause (b) of section 18(4) of the principal Act proposed to be substituted by clause 4, for the letters, figures, words and brackets “Rs. 30 (Rupees thirty) per bulk litre”, substitute the letters, figures, words and brackets “Rs. 55 (Rupees fifty five) per bulk litre.

Shri Varkala Kahar : Sir, I move the following amendment:

133. In the entry against clause (b) of section 18(4) of the principal Act proposed to be substituted by clause 4, for the letters, figures, words and brackets “Rs. 30 (Rupees thirty) per bulk litre”, substitute the letters, figures, words and brackets “Rs. 60 (Rupees sixty) per bulk litre”.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 124-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഷാഫി പറമ്പിൽ അവതരിപ്പിച്ച 125–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. റ്റി. ജോർജ് അവതരിപ്പിച്ച 127–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ അവതരിപ്പിച്ച 128–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. മുരളീധരൻ അവതരിപ്പിച്ച 132–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. വർക്കല കഹാർ അവതരിപ്പിച്ച 133–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

4–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ............

4–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

4–ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**5–ാം വകുപ്പ്**

Shri Kodiyeri Balakrishnan : Sir, I move the following amendments:

135. In the marginal heading of section 55 I(1) proposed to be inserted in the principal Act by clause 5, after the words “in theatres”, add the words “or on television channels”.

136. In section 55 I(1) proposed to be inserted in the principal Act by clause 5, after the words "in theatres", add the words "or on television channels."

Shri N. Samsudheen : Sir, I move the following amendments:

137. In section 55 I (1) proposed to be inserted in the principal Act by clause 5, insert the words "or in any visual media" after the word "theatres".

154. Section 55 I (2) proposed to be inserted in the principal Act by clause 5, shall be recast as follows;

"(2) Whoever exhibits or causes to exhibit any cinema or programmes having a scene in contravention of the provisions of sub-section (1) in any theatre or visual media shall, on conviction, be punished with simple imprisonment for a term which may extend to six months or with fine, which may extend to one lakh rupees in the case of theatres and ten thousand rupees in the case of visual media or with both."

സർ, സെക്ഷൻ 137–ൽ ഈ ഒരു വാക്ക് ചേർക്കേണ്ടത് അതിന്റെയൊരു പൂർത്തീകരണത്തിന് ആവശ്യമാണ്. ഇതിൽ വെറും തിയേറ്റർ എന്നു മാത്രമേ പറയുന്നുള്ളൂ. "or in any visual media" after the word "theatres". എന്നതാണ് ഭേദഗതി.

Shri K. Suresh Kurup : Sir, I move the following amendment:

139. In section 55 I(2) proposed to be inserted in the principal Act by clause 5, for the words "Whoever exhibits or causes to exhibit", substitute the words "The producer and director of ".

സർ, സെക്ഷൻ 139–ൽ "Whoever exhibits or causes to exhibit............എന്നാണ്. സെൻസർബോർഡ് നോക്കി സർട്ടിഫിക്കറ്റ് കൊടുത്തിട്ടു വരുന്ന സിനിമകളാണ് തിയേറ്ററിൽ വരുന്നത്. തിയേറ്ററിൽ ഇങ്ങനെ ഒരു രംഗമുള്ള സിനിമ കാണിക്കുമ്പോൾ ഇതിനകത്ത് ഇങ്ങനെയൊരു രംഗമുണ്ടോ ഇല്ലയോ എന്നൊന്നും തിയേറ്റർ ഉടമ അറിയേണ്ട കാര്യമില്ല. ഈ സെക്ഷൻ പ്രകാരം തിയേറ്റർ ഉടമയേയും അവിടത്തെ ജോലിക്കാരേയുമൊക്കെ പ്രതിയാക്കാം. അവർക്കെല്ലാമെതിരെ കേസെടുക്കാം. ഡയറക്ടർ ആന്റ് പ്രൊഡ്യൂസർ എന്ന് സ്പെസിഫിക്കായി പറയണം. ഇത് വളരെ വേഗായിട്ടുള്ള ഒരു പ്രൊവിഷനാണ്. "Whoever exhibits or causes to exhibit", Whoever exhibits - നകത്ത് പ്രൊഡ്യൂസറെ വരുത്താം, or causes to exhibit - നകത്ത് തിയേറ്റർ ഉടമ ഉൾപ്പെടെ എല്ലാവരും വരാം. രണ്ടിനകത്തും മാറിയും മറിഞ്ഞും വരുന്നു. ഇത് വളരെ അവ്യക്തമായ ഒരു വകുപ്പാണ്. സിനിമയ്ക്കകത്ത് ഇങ്ങനെയൊരു രംഗമുണ്ടായാൽ അത് എക്സിബിറ്റ് ചെയ്യുന്നത് തിയേറ്റർ ഉടമ എങ്ങനെയാണ് അതിനകത്ത് കുറ്റക്കാരനാകുന്നത്. തിയേറ്ററിലെ ജോലിക്കാരെങ്ങനെയാണ് കുറ്റക്കാരാകുന്നത്. ഇതിപ്പോൾ അവരുടെയെല്ലാം പേരിൽ കേസെടുക്കാം. അതുകൊണ്ട് ഇത് വളരെ സ്പെസിഫിക്കായി പറയണമെന്നുള്ളതാണ് എന്റെ ഭേദഗതി.

Shri V. P. Sajeendran : Sir, I move the following amendment:

140. In section 55 I (2) proposed to be inserted in the principal Act by clause 5, for the words “six months”, substitute the words “seven months.”

Shri Ludy Luiz : Sir, I move the following amendment:

141. In section 55 I(2) proposed to be inserted in the principal Act by clause 5, for the words “six months”, substitute the words “eight months.”

Shri M.A. Vaheed : Sir, I move the following amendment:

145. In section 55 I(2), proposed to be inserted in the principal Act by clause (5), for the words, "six months" substitute the words "one year".

Shri Dominic Presentation : Sir, I move the following amendment:

146. In section 55 I(2), proposed to be inserted in the principal Act by clause (5), for the words, "ten thousand rupees" substitute the words "ten thousand and five hundred rupees".

Shri M.P. Vincent : Sir, I move the following amendment:

147. In section 55 I(2), proposed to be inserted in the principal Act by clause (5), for the words, "ten thousand rupees" substitute the words "eleven thousand rupees".

Shri C.P. Muhammed : Sir, I move the following amendment:

148. In section 55 I(2), proposed to be inserted in the principal Act by clause (5), for the words, "ten thousand rupees" substitute the words "eleven thousand and five hundred rupees".

Smt. K.S. Saleekha : Sir, I move the following amendment:

153. In section 55 I(2), proposed to be inserted in the principal Act by clause (5), for the words, "ten thousand" substitute the words "fifty thousand".

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല. ഭരണഘടന അനുസരിച്ച് ബ്രോഡ്കാസ്റ്റിംഗ് കേന്ദ്ര സർക്കാരിന്റെ പരിധിയിൽപ്പെടുന്നതാണ്. സംസ്ഥാനത്ത് ഈ വിഷയത്തിൽ നിയമനിർമ്മാണം സാധ്യമല്ല. അതുകൊണ്ടുതന്നെ വിഷ്വൽ മീഡിയ, ടെലിവിഷൻ ചാനൽ എന്നിവയെ ഈ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരാൻ സാധിക്കില്ല. നിലവിലെ വകുപ്പിൽത്തന്നെ മദ്യപാനം പ്രദർശിപ്പിക്കുന്ന സീനുകളിലെല്ലാം മുന്നറിയിപ്പ് പ്രദർശിപ്പിക്കണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. ആയതുകൊണ്ടാണ് 138-ാമത് ഭേദഗതി നിർദ്ദേശം പരിഗണിക്കാതിരിക്കുന്നത്. ശ്രീ. കെ. സുരേഷ് കുറുപ്പ് സൂചിപ്പിച്ചതുപോലെ "whoever exhibits or causes to exhibit" എന്നതിൽ പ്രൊഡ്യൂസറും ഡയറക്ടറും സിനിമ പ്രദർശിപ്പിക്കുന്ന എല്ലാവരും ഉൾപ്പെടുന്നുണ്ട്. പ്രൊഡ്യൂസറും

ഡയറക്ടറും അതിലുള്ളതുകൊണ്ട് അവരെ എടുക്കാം. അതുകൊണ്ട് 139-ാം നമ്പർ ഭേദഗതി നിർദ്ദേശം സ്വീകാര്യമല്ല.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ......(മൈക്ക് ഓഫ്)...... എന്റെ ഭേദഗതി തീയേറ്റർ ഉടമയും മറ്റും ഇതിൽ വരരുത് എന്നുള്ളതാണ്.

ശ്രീ. കെ. ബാബു: നിലവിൽ ആറുമാസം തടവും 10000 രൂപ പിഴയുമുണ്ട്. അതിനാൽ 153-ാം നമ്പർ ഭേദഗതിയുടെ ആവശ്യമില്ല.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, പുതിയ സിസ്റ്റം അനുസരിച്ച് തീയേറ്ററിൽ ഡോൾബി സിസ്റ്റമാണ്. സിനിമ പ്രദർശിപ്പിക്കുന്നതിനുള്ള റൈറ്റ് കമ്പനിക്കാർക്കാണ് കൊടുക്കുന്നത്. കമ്പനിക്കാർ ബൈ എയറാണ് സിനിമകൾ തീയേറ്ററിലേക്ക് എത്തിക്കുന്നത്. അതുകൊണ്ട് തീയേറ്ററുകാർക്ക് ഇപ്പോൾ റോളില്ല. അതുകൂടി ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 135, 136 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 137, 154 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, എന്റെ 139-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നു.

(സഭാംഗങ്ങൾ താഴെപ്പറയുംപ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ - 47

49. ശ്രീ. കെ. വി. അബ്ദുൾ ഖാദർ

50. ശ്രീമതി പി. അയിഷാ പോറ്റി
51. ശ്രീ. എ. എം. ആരിഫ്
52. ശ്രീ. എ. എ. അസീസ്
53. ശ്രീ. ബാബു എം. പാലിശ്ശേരി
54. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
55. ശ്രീമതി ഇ. എസ്. ബിജിമോൾ
56. ശ്രീ. എം. ചന്ദ്രൻ
57. ശ്രീ. ഇ. ചന്ദ്രശേഖരൻ
58. ശ്രീ. വി. ചെന്താമരാക്ഷൻ
59. ശ്രീ. കെ. ദാസൻ
60. ശ്രീ. ബി. ഡി. ദേവസ്സി
61. ശ്രീ. സി. ദിവാകരൻ
62. ശ്രീ. ചിറ്റയം ഗോപകുമാർ
63. ശ്രീ. പി. കെ. ഗുരുദാസൻ
64. ശ്രീ. എം. ഹംസ
65. ഡോ. കെ. ടി. ജലീൽ
66. ശ്രീ. ജി. എസ്. ജയലാൽ
67. ശ്രീ. ജോസ് തെറ്റയിൽ
68. ശ്രീ. സി. കൃഷ്ണൻ
69. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
70. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
71. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
72. ശ്രീ. കോവൂർ കുഞ്ഞുമോൻ
73. ശ്രീമതി കെ. കെ. ലതിക
74. ശ്രീ. കെ. കെ. നാരായണൻ
75. ശ്രീ. എ. പ്രദീപ്കുമാർ
76. ശ്രീ. കെ. രാധാകൃഷ്ണൻ
77. ശ്രീ. പി. റ്റി. എ. റഹീം
78. ശ്രീ. ആർ. രാജേഷ്
79. ശ്രീ. റ്റി. വി. രാജേഷ്

80. ശ്രീ. കെ. രാജു
81. ശ്രീ. മുല്ലക്കര രത്നാകരൻ
82. പ്രൊഫ. സി. രവീന്ദ്രനാഥ്
83. ശ്രീ. സി. കെ. സദാശിവൻ
84. ശ്രീ. സാജു പോൾ
85. ശ്രീമതി കെ. എസ്. സലീഖ
86. ശ്രീ. എസ്.  ശർമ്മ
87. ശ്രീ. വി. ശശി
88. ശ്രീ. എ. കെ. ശശീന്ദ്രൻ
89. ശ്രീ. പി. ശ്രീരാമകൃഷ്ണൻ
90. ശ്രീ. ജി. സുധാകരൻ
91. ശ്രീ. വി. എസ്. സുനിൽകുമാർ
92. ശ്രീ. കെ. സുരേഷ് കുറുപ്പ്
93. ശ്രീ. പി. തിലോത്തമൻ
94. ശ്രീ. ഇ. കെ. വിജയൻ
95. ശ്രീ. കെ. വി. വിജയദാസ്

<u>പ്രതികൂലിക്കുന്നവർ </u>– 59

64. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
65. ശ്രീ. പി. കെ. അബ്ദു റബ്ബ്
66. ശ്രീ. പി. ബി. അബ്ദുൾ റസാക്
67. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
68. ശ്രീ. കെ. അച്ചുതൻ
69. ശ്രീ. ടി. എ. അഹ്മദ് കബീർ
70. ശ്രീ. മഞ്ഞളാംകുഴി അലി
71. ശ്രീ. എ. പി. അനിൽകുമാർ
72. ശ്രീ. അനൂപ് ജേക്കബ്
73. ശ്രീ. അൻവർ സാദത്ത്

74. ശ്രീ. കെ. ബാബു

75. ശ്രീ. ഐ. സി. ബാലകൃഷ്ണൻ

76. ശ്രീ. സി. എൻ. ബാലകൃഷ്ണൻ

77. ശ്രീ. പി. കെ. ബഷീർ

78. ശ്രീ. ബെന്നി ബെഹനാൻ

79. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ

80. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്

81. ശ്രീ. എ. റ്റി. ജോർജ്

82. ശ്രീ. പി. സി. ജോർജ്

83. ശ്രീ. ഹൈബി ഈഡൻ

84. ശ്രീമതി പി. കെ. ജയലക്ഷ്മി

85. ഡോ. എൻ. ജയരാജ്

86. ശ്രീ. കെ. സി. ജോസഫ്

87. ശ്രീ. ജോസഫ് വാഴക്കൻ

88. ശ്രീ. വർക്കല കഹാർ

89. ശ്രീ. കെ. എൻ. എ. ഖാദർ

90. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി

91. ശ്രീ. റ്റി. യു. കുരുവിള

92. ശ്രീ. ലൂഡി ലൂയിസ്

93. ശ്രീ. സി. മമ്മൂട്ടി

94. ശ്രീ. കെ. പി. മോഹനൻ

95. ശ്രീ. മോൻസ് ജോസഫ്

96. ശ്രീ. സി. പി. മുഹമ്മദ്

97. ശ്രീ. ആര്യാടൻ മുഹമ്മദ്

98. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

99. ഡോ. എം. കെ. മുനീർ

100. ശ്രീ. കെ. മുരളീധരൻ

101. ശ്രീ. എൻ. എ. നെല്ലിക്കുന്ന്

102. ശ്രീ. ഉമ്മൻ ചാണ്ടി

103. ശ്രീ. റ്റി. എൻ. പ്രതാപൻ

104. ശ്രീ. തിരുവഞ്ചൂർ രാധാ
കൃഷ്ണൻ

105. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ

106. ശ്രീ. രമേശ് ചെന്നിത്തല

107. ശ്രീ. റോഷി അഗസ്റ്റിൻ

108. ശ്രീ. വി. പി. സജീന്ദ്രൻ

109. ശ്രീ. ഷാഫി പറമ്പിൽ

110.ശ്രീ. കെ. എം. ഷാജി

111. ശ്രീ. എൻ. ഷംസുദ്ദീൻ

112.ശ്രീ. ആർ. സെൽവരാജ്

113.ശ്രീ. ഷിബു ബേബി ജോൺ

114.ശ്രീ. സണ്ണി ജോസഫ്

115.ശ്രീ. സി. എഫ്. തോമസ്

116.ശ്രീ. തോമസ് ഉണ്ണിയാടൻ

117.ശ്രീ. പി. ഉബൈദുള്ള

118.ശ്രീ. എം. ഉമ്മർ

119.ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

120. ശ്രീ. എം. എ. വാഹീദ്

121.ശ്രീ. എം. പി. വിൻസെന്റ്

122. ശ്രീ. പി. സി. വിഷ്ണുനാഥ്

അനുകൂലിക്കുന്നവർ: 47

പ്രതികൂലിക്കുന്നവർ: 59

നിഷ്പക്ഷ പാലിക്കുന്നവർ: ആരുമില്ല.

ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 139-ാം നമ്പർ ഭേദഗതി സഭ തള്ളിയിരിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 140–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ലൂഡി ലൂയിസ് അവതരിപ്പിച്ച 141–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച 142–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. എ. വാഹീദ് അവതരിപ്പിച്ച 145–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ അവതരിപ്പിച്ച 146–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. പി. വിൻസെന്റ് അവതരിപ്പിച്ച 147–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സി. പി. മുഹമ്മദ് അവതരിപ്പിച്ച 148–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി അവതരിപ്പിച്ച 150–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. എസ്. സലീഖ അവതരിപ്പിച്ച 153–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ,

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ......

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

Bdmw hIp¸v

Shri Sunny Joseph: Sir, I move the following amendment:

155. In section 67 (2) of the principal Act proposed to be amended by clause 6 (a), for the letters, figures, words and brackets “Rs. 3,00,000 (Rupees three lakhs) ” substitute the letters, figures, words and brackets “Rs. 3,25,000 (Rupees three lakhs and twenty five thousand)”.

Shri T. N. Prathapan : Sir, I move the following amendment:

156. In section 67 (2) of the principal Act proposed to be amended by clause 6 (a), for the letters, figures, words and brackets “Rs. 3,00,000 (Rupees three lakhs) ” substitute the letters, figures, words and brackets “Rs. 3,50,000 (Rupees three lakhs fifty thousand)”.

Shri Therambil Ramakrishnan : Sir, I move the following amendment:

158. In section 67 (2) of the principal Act proposed to be amended by clause 6 (a), for the letters, figures, words and brackets “Rs. 3,00,000 (Rupees three lakhs) ” substitute the letters, figures, words and brackets “Rs. 4,00,000 (Rupees four lakhs)”.

Shri V. Chenthamarakshan : Sir, I move the following amendment:

159. In section 67 (2) of the principal Act proposed to be amended by clause 6 (a), for the letters, figures, words and brackets “Rs. 3,00,000 (Rupees three lakhs) ” substitute the letters, figures, words and brackets “Rs. 5,00,000 (Rupees five lakhs)”.

Shri C. Mammutty : Sir, I move the following amendment:

161. Delete clause 6 (b).

Shri K. Suresh Kurup : Sir, I move the following amendment:

162. In section 67 (3) proposed to be inserted in the principal Act by clause 6 (b), for the word "commissioner" in line 5 substitute the words "secretary excise".

സർ, എന്റെ ഭേദഗതി, എക്സൈസ് കമ്മീഷണർക്ക് ഫൈനടച്ച് റാറ്റിഫൈ ചെയ്യാം എന്നുള്ളത് സെക്രട്ടറി, എക്സൈസ് എന്നാക്കണമെന്നു ള്ളതാണ്. യഥാർത്ഥത്തിൽ ഇതൊരു നിയമ വിരുദ്ധമായ വകുപ്പാണ്. ലൈസൻസ് ട്രാൻസ്ഫർ ചെയ്യരുതെന്നതാണ് ലൈസൻസിന്റെ പ്രിൻസിപ്പിൾ. എന്റെ പേരിലൊരു ലൈസൻസ് കിട്ടിയാൽ എനിക്ക് അത് ട്രാൻസ്ഫർ ചെയ്യാൻ അധികാരമില്ല. ലൈസൻസ് ഇൻഹെറിറ്റബിളാണ്. ഈ ആക്ട് അനുസരിച്ച്, ബാറുപോലെയുള്ള സ്ഥാപനത്തിൽ പാർട്ട്നർഷിപ്പ് ഡീഡും ആളുകളെയും ഉടമസ്ഥരെയുമെല്ലാം യഥേഷ്ടം മാറ്റി എപ്പോഴെങ്കിലും കമ്മീ ഷണറുടെയടുത്ത് ഒരു അപേക്ഷ കൊടുത്ത് ഫൈൻ മേടിച്ച് റാറ്റിഫൈ ചെയ്യാൻ കഴിയും. ഇതിന്റെ ആദ്യത്തെ സെക്ഷൻ എന്നുപറയുന്നത് 25000 രൂപ കൊടുത്ത് അത് മാറ്റാമെന്നതാണ്. ഇപ്പോൾ മൂന്ന് ലക്ഷം രൂപ കൊടു ത്താൽ മതി. അപ്പോൾ ലൈസൻസ് വാങ്ങുന്നവർക്ക് അത് വേണമെങ്കിൽ മറ്റൊരാൾക്ക് കൊടുക്കാനോ പാർട്ട്നർഷിപ്പ് മാറ്റാനോ എല്ലാം നിർബാധം സാധിക്കും, പ്രൊവൈഡഡ് മൂന്ന് ലക്ഷം രൂപ എപ്പോഴെങ്കിലും കമ്മീഷ ണർക്ക് കൊടുത്താൽ മതി. ഇത് ലൈസൻസിന്റെ പ്രിൻസിപ്പിളിന് എതി രാണ്. ഇത്രയും സെൻസിറ്റീവായ ഒരു കാര്യം ഇത്ര ലാഘവത്തോടുകൂടി കൈകാര്യം ചെയ്യരുത്.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല. ശ്രീ. കെ. സുരേഷ് കുറുപ്പ് പറഞ്ഞതുപോലെ ഇവിടെ സെക്ഷൻ 67(2)-ൽ 25000 രൂപയാണ് ഫൈനായി

നിലനിന്നിരുന്നത്. ഈ ഗവണമെന്റ് അത് മൂന്ന് ലക്ഷം രൂപയായി ഉയർത്തി. കുറച്ചുകൂടി കർക്കശമാക്കി.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ......(മൈക്ക് ഓഫ്)...... ആദ്യത്തെ സെക്ഷനടക്കം തെറ്റാണെന്നാണ് പറഞ്ഞത്.

Smt. K. S. Saleekha : Sir, I move the following amendment:

160. In section 67 (2) of the principal Act proposed to be substituted by clause 6 (a), for the letters, figures, words and brackets "Rs. 3,00,000 (Rupees three lakhs) " substitute the letters, figures, words and brackets "Rs. 5,00,000 (Rupees five lakhs)".

മി. സ്പീക്കർ: ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 155-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. റ്റി. എൻ. പ്രതാപൻ അവതരിപ്പിച്ച 156-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ അവതരിപ്പിച്ച 158-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. ചെന്താമരാക്ഷൻ അവതരിപ്പിച്ച 159-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. എസ്. സലീഖ അവതരിപ്പിച്ച 160-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച 161-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 162-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ,

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ......

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

Ggmw hIp¸v

**Smt. K.S. Saleekha : Sir, I move the following amendment:**

163. In column 1 of the Table under section 67A(1) of the principal Act proposed to be amended by clause 7 for the figure“21” substitute the figure“25”.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീമതി കെ. എസ്. സലീഖ അവതരിപ്പിച്ച 163-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ,

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ......

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

F«mw hIp¸v

Shri. K. Babu : Sir, I move the following official amendment.

164. In clause 8(1) for the figure “32” within the bracket, the figure “40” shall be substituted.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 164–ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ,

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ......

ഭേദഗതി ചെയ്ത പ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>**ഒന്നാം വകുപ്പും പീഠികയും പേരും**</u>

Minister for Fisheries, Ports and Excise <u>Shri K. Babu</u>: Sir, I move the following official amendments:

110. In the preamble, for the word “Sixty-fourth”, the word “Sixty-fifth” shall be substituted.

115. In clause 1(1), for the figure “2013”, the figure “2014” shall be substituted.

<u>Smt. P. Aisha Potty</u>: Sir, I move the following amendment:

111. In the preamble, after the word and symbol “Act,” insert the figure and word “1 of”.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, ശ്രീമതി പി. ആയിഷാ പോറ്റി അവതരിപ്പിച്ച ഭേദഗതി സ്വീകാര്യമല്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 110, 115 എന്നീ നമ്പർ ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീമതി പി. അയിഷാ പോറ്റി അവതരിപ്പിച്ച 111–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ,

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ......

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## മൂന്നാം വായന

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, കേരള നിയമസഭാ പാസ്സാക്കുന്ന നിയമങ്ങളുടെ പട്ടികയിലെ 1533–ാമത് നിയമമാണ് ഇത്. അബ്കാരി ആക്ടിൽ കേരള നിയമസഭ വരുത്തുന്ന 9–ാമത് ഭേദഗതിയാണിത്. സംസ്ഥാനത്ത് മദ്യവ്യാപനം തടയുന്നതിന് ഗുണപരമായ മുന്നേറ്റം സൃഷ്ടിക്കുവാൻ ഈ നിയമം ഒരു തുടക്കമാകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. ഈ ബിൽ സഭ ഐകകണ്ഠ്യേന പാസ്സാക്കിത്തരണമെന്ന് എല്ലാ ബഹുമാനപ്പെട്ട അംഗങ്ങളോടും അഭ്യർത്ഥിക്കുന്നു.

2014–ലെ അബ്കാരി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2014–ലെ അബ്കാരി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ,

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ......

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30 ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2014 ഫെബ്രുവരി മാസം 06–ാം തീയതി രാവിലെ 8.30–ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 6.22–ന് പിരിഞ്ഞു.)

* * * * * *